1. വിദ്യാഭ്യാസം

അത്യാഹിത വിഭാഗം
ഒന്നാം പാഠം ഒരു പാട്ടുകഥകുഞ്ഞപ്പ പട്ടാനൂ
മണിക്കുട്ടി പഠിക്കുന്നു മോഹനൻ എം.വി
കോഴിപുരാണം ജിനേഷ് കുമാർ എരമം.
പെറ്റമ്മ (സംഗീതശില്പം)പി. മധുസൂദനൻ
പഠിച്ചുവന്നാൽ എം.എം സചീന്ദ്രൻ
ജയിൽ
നാടകംസത്യപാലൻ എൻ.കെ
താക്കോൽ
പ്രഹ്ലാദൻ
സൂപ്പർമാർക്കറ്റ്നാടകം
വിദ്യാപർവ്വം
മൂശ
ഉൽപ്പന്നം
തത്തമ്മേ പൂച്ച പൂച്ച!
യന്ത്രം
സംഘഗാനം ഒ.ടി ഹരിദാസ്
ജനകീയ വിദ്യാഭ്യാസം (പുള്ളുവൻ പാട്ട്) ഇയ്യങ്കോട് ശ്രീധരൻ
ബലിക്കളത്തിലേക്ക്
അലമാരയിലെ സ്വപ്നങ്ങൾ ഹരിദാസ് കരിവെള്ളൂർ

# അത്യാഹിത വിഭാഗം

നാടകം രചന-കൊടക്കാട് ശ്രീധരൻ

ഒരു സ്കൂൾ കുട്ടിയും രക്ഷിതാവും വാഹനത്തിൽ വന്നിറങ്ങുന്ന രംഗം. ഭാരിച്ച ഒരു കെട്ടിറക്കിവ ക്കാൻ ഡ്രൈവർ അവരെ സഹായിക്കുന്നുണ്ട്. ആ പുസ്തകക്കെട്ട്, രക്ഷിതാവ് കുട്ടിയുടെ തലയിൽ കയറ്റിവക്കുകയും കുട്ടിയെ നടക്കാൻ സഹായിക്കുകയും ചെയ്യുന്നു. ഇത്തരത്തിൽ വേറെയും കുട്ടി കൾ വരുന്ന ദൃശ്യങ്ങൾ. കുട്ടികളും രക്ഷിതാക്കളും ക്ലാസ്സിലേക്ക് കയറുന്നു.ഓരോ ബഞ്ചിലും ഈരണ്ട് കുട്ടികൾ വീതം ഇരിക്കുന്നു. കുട്ടിയുടെ പിന്നിൽ രക്ഷിതാവ് നിൽക്കുന്നു. (ഒന്നോ രണ്ടോ ബഞ്ചിന്റെ ദൃശ്യവൽക്കരണം മതി)

(ബെല്ലടിക്കുന്നു, അധ്യാപകൻ ക്ലാസ്സിലേക്ക് വരുന്നു. കുട്ടികളും രക്ഷിതാക്കളും അഭിവാദ്യം ചെയ്യു ന്നു)

അധ്യ- (യാത്രക്കാർക്ക് വിമാനത്തിനുള്ളിൽ വച്ച് നൽകുന്ന നിർദ്ദേശത്തിന്റെ മാതൃകയിൽ) ക്ലാസ്സ് തുടങ്ങുകയായി. കുട്ടികൾ എല്ലാവരും നിശബ്ദരായി ഇരിക്കണം. ശരീരമിളകരുത്. ബഞ്ചിന്റെ രണ്ട് അറ്റങ്ങളിലേക്ക് മാറിയിരിക്കണം.തമ്മിൽ മുട്ടിയുരുമ്മരുത്.(ശബ്ദം ഉയർത്തിക്കൊണ്ട്) പ്രത്യേക ശ്രദ്ധ ക്ക്, ബെഞ്ചിന്റെ കാലിനോട് ഘടിപ്പിച്ചിട്ടുള്ള ബൽറ്റിൽ നിങ്ങളുടെ ഇരുകാലുകളും കുരുക്കിയിടുക. സ്കൂൾ ബാഗിന്റെ ബൽറ്റും ഡസ്കിന് മുൻവശത്ത് ഘടിപ്പിച്ചിട്ടുള്ള ബൽറ്റും ഉപയോഗിച്ച് ശരീരം ഇള കാതെ ഉറപ്പിച്ച് നിർത്തുക.

(രക്ഷിതാക്കളുടെ ആത്മാർത്ഥമായ സഹകരണത്തോടെ കുട്ടികൾ അതൊക്കെ ചെയ്യുന്നു)

അധ്യ- എല്ലാവരും റെഡിയാണല്ലോ ഇതാ തുടങ്ങുകയായി.

കുട്ടി- (മറ്റൊരു കുട്ടിയെ ചൂണ്ടിക്കാണിച്ചുകൊണ്ട്) സർ ഇവൻ പറയുന്നു പുറമെ കിളി പാടുന്നു വെന്ന്

അധ്യ- കുട്ടികളുടെ പ്രത്യേക ശ്രദ്ധക്ക് ബോക്സിൽ കരുതി വച്ചിരിക്കുന്ന പഞ്ഞി എല്ലാവരും കാതിൽ തിരുകുക. (രക്ഷിതാക്കളുടെ സഹായത്തോടെ കുട്ടികൾ അത് ചെയ്യുന്നു)

കുട്ടി- തൊട്ടടുത്ത വേറൊരു കുട്ടിയെ കാണിച്ചുകൊണ്ട്) സർ, ദേ ഇവൻ എന്നോട് പൂന്തോട്ടത്തിൽ ശലഭം പറക്കുന്നത് നോക്കാൻ പറയുന്നു.

അധ്യ- (സഗൗരവം) ജനലുകൾ അടക്കു. തുറന്നിടുന്നത് അപകടകരമാണ്. (രക്ഷിതാവ് ഓടിച്ചെന്ന് ജനലുകൾ അടക്കുന്നു) കുട്ടികൾ ഇരു കൈകളും കണ്ണുകളുടെ ഇരുവശങ്ങളിലും വച്ച് പുറത്തേ ക്കുള്ള കാഴ്ചകൾ മറയ്ക്കുക. (മജീഷ്യന്റെ മാതിരി ഒരു ഡസ്റ്റർ കുട്ടികളുടെ നേരെ നീട്ടിക്കൊണ്ട്) എല്ലാവരും ഇതിന്റെ നേരെ നോക്കുക (കുട്ടികളുടെ ശ്രദ്ധ അതുവഴി അധ്യാപകന്റെ മുഖത്തേക്ക് ആവാഹിക്കുന്നു) ശരി ക്ലാസ്സ് തുടങ്ങാം. ഇപ്പോഴെന്താ വിഷയം?

കുട്ടി 1- ശാസ്ത്രം

അധ്യ- സൂക്ഷ്മജീവികളെ പറ്റി അല്ലേ?

കുട്ടി1 അത് കഴിഞ്ഞാഴ്ച തീർന്നു സാർ

അധ്യാ- ശരി അടുത്ത പാഠമെടുക്കാം. പുസ്തകം തുറക്കു.

(രക്ഷിതാക്കൾ പുസ്തകം തുറക്കാൻ സഹായിക്കുന്നു.)

ക്ലാസ് ആരംഭിക്കാം. അധ്യായം 5 നമുക്ക് ചുറ്റുമുള്ള സസ്യങ്ങളും ജന്തുക്കളും

(അധ്യാപകൻ ഭാഷാബോധന മാതൃകയിൽ പാഠഭാഗം വായിച്ചുകൊടുക്കുന്നു. ഇടക്കിടെ യാന്ത്രിക മായി ചില ചോദ്യങ്ങൾ ചോദിക്കുന്നു)

നമുക്ക് ചുറ്റും ഒന്ന് നോക്കു. എത്ര തരം സസ്യങ്ങളാണ്. അവയെല്ലാം ഒരേ വലിപ്പത്തിലല്ല. ആല്, മാവ്, പ്ലാവ് തുടങ്ങിയ വൃക്ഷങ്ങൾ, അമര, തുളസിനെല്ല് മുതലായവയും ശ്രദ്ധിക്കു.

എന്തൊക്കെയാണ് ശ്രദ്ധിക്കേണ്ടത്?

(കുട്ടികൾ മിണ്ടാതിരിക്കുന്നത് കണ്ട് അധ്യാപകൻ ഉത്തരം പറയുന്നു. ആല്, മാവ്, പ്ലാവ്....ക്ലാസ്സ് തുട രുന്നു)

ഉയരവും വലിപ്പവും കുറഞ്ഞവയാണ് കുറ്റിച്ചെടികൾ. എന്ത് ചെടി?

(കുട്ടികൾ കൂട്ടമായി കുറ്റി എന്ന് വിളിച്ചുപറയുന്നു)

വലിപ്പം വളരെ കുറഞ്ഞ ചെടികളാണ് ഔഷധികൾ

അധ്യ- (ക്ലാസ്സ് നിർത്തി. പെട്ടെന്ന് ഒരു ചോദ്യം ചോദിക്കുന്നു)

ഔഷധി എന്നാലെന്ത്?

(കുട്ടി 1 നോട് ഒഴികെ മറ്റു പലരോടും ചോദിക്കുന്നു) നെക്സ്റ്റ്.. നെക്സ്റ്റ്

(കുട്ടികൾ ഉത്തരം പറയാതെ നിൽക്കുന്നു)

അധ്യാപകന്റെ മുഖം രോഷം കൊണ്ട് ചുവന്ന് തുടുക്കുന്നു.

(കുട്ടി തൊട്ടടുത്ത കുട്ടിയെ ചൂണ്ടിക്കാണിച്ചുകൊണ്ട്) സർ ഈ സജി പറയുന്നു അവനതിന്റെ ഉത്തരം അറിയാമെന്ന്.
അധ്യാ- വെരി ഗുഡ്. പറയൂ മടിക്കാതെ പറൂയൂ.
കുട്ടി (മടിച്ചുകൊണ്ട്) ആയുർവ്വേദ മരുന്ന് വിൽക്കുന്ന കട
(രോഷാകുലനായ അധ്യാപകൻ സജിയേയും മറ്റുകുട്ടികളെയും തല്ലാൻ നോക്കുമ്പോൾ ബെല്ലടിക്കുന്നു. അധ്യാപകൻ പോകുന്നു)
ഹാവൂ.. എന്ന് പറഞ്ഞ് കുട്ടികൾ ബഹളം വയ്ക്കുന്നു. ബഹളം കേട്ട് മറ്റൊരധ്യാപകൻ ക്ലാസ്സിന് മുമ്പിൽ വന്ന് നോക്കുന്നു.
അധ്യാ 2- എന്താണൊരു ബഹളം നിങ്ങൾക്കിപ്പോൾ ആരാണ്?
കുട്ടി1- കണക്ക് സർ. ഇന്ന് വന്നിട്ടില്ല.
അധ്യ- ക്ലാസ്സിലേക്ക് വരുന്നു. ജനലുകൾ തുറന്നിടുന്നു. കുരുക്കുകൾ അഴിക്കുന്നു. കുട്ടികളെ സൂക്ഷ്മമായി നിരീക്ഷിക്കുന്നു.
സജീ, തനിക്കെന്താ വല്ലാത്തൊരു വിഷമം?
കുട്ടി- സയൻസ് സാർ ഔഷധി എന്നാൽ എന്ത് എന്ന് ചോദിച്ചപ്പോൾ മരുന്നു വിൽക്കുന്ന കടയാണെന്ന് പറഞ്ഞതിന് തല്ല് കിട്ടീട്ടാ (കുട്ടികൾ സജിയെ കളിയാക്കുന്നു)
അധ്യാ2- സജി ഔഷധി എന്നായിരിക്കും ധരിച്ചത് അല്ലേ?
സജി- സങ്കടത്തോടെ തല കുലുക്കുന്നു.
നിങ്ങൾ നമുക്കു ചുറ്റുമുള്ള സസ്യങ്ങളെക്കുറിച്ചാണ് പഠിച്ചുകൊണ്ടിരിക്കുന്നതല്ലേ. നമുക്ക് ക്ലാസ്സിന് പുറത്തുപോയാലോ?
കുട്ടികൾ (ആഹ്ലാദത്തോടെ) പോകാം പോകാം.
(അധ്യാപകനോടൊപ്പം പുറത്തേക്ക് പോകുന്നു)
രക്ഷിതാക്കൾ പകച്ചുനോക്കിക്കൊണ്ട് വരാന്തയിലേക്ക് ഇറങ്ങി നിൽക്കുന്നു.
(അതിൽ രണ്ടു പേർ തമ്മിൽ ചർച്ച.) ഈ മാഷ് മറ്റേ മാഷേ പോലെ അല്ലെന്ന് തോന്നുന്നു.
അധ്യ2-കുട്ടികളോട്. നിങ്ങൾ ഈ പറമ്പിൽ ചുറ്റിനടന്ന് എല്ലാം നിരീക്ഷിച്ച് വേഗം തിരിച്ചുവരണം കേട്ടോ. (കുട്ടികൾ പോകുന്നു, പറമ്പിൽ തെങ്ങ്, മാവ്, കാപ്പി എന്നിവയുടെ ദൃശ്യവൽക്കരണം) കുട്ടികൾ അതിന്റെ ഉയരവും മറ്റും നിരീക്ഷിക്കുന്നു.
അധ്യ- രക്ഷിതാക്കൾ നിൽക്കുന്ന സ്ഥലത്തേക്ക് നീങ്ങുന്നു.
രക്ഷി- സാർ, താങ്കൾ ഔഷധി എന്നോ മറ്റോ പറഞ്ഞല്ലോ. അത് അശ്ലീലമൊന്നുമല്ലല്ലോ.
മറ്റൊരു രക്ഷിതാവ്- എന്റെ മകൾക്ക് വാങ്ങിയ പാഠപുസ്തകത്തിൽ അതിനേക്കാൾ വലിയൊരു അശ്ലീലമുണ്ട്. (മറ്റു രക്ഷിതാക്കൾ ഉദ്വേഗത്തോടെ)
എന്താണത്?
രക്ഷി- ഋഷഭം.
(രക്ഷിതാക്കൾ അത്ഭുതത്തോടെ.) ങ്ഹേ..(ഞെട്ടിത്തെറിച്ച് നിൽക്കുന്നു, അധ്യാപകൻ ഊറിച്ചിരിക്കുന്നു)
(കുട്ടികൾ തിരിച്ചുവരുന്നു)
അധ്യാ- എന്തെല്ലാം കണ്ടു. പറയൂ.
കുട്ടികൾ- തെങ്ങ്, മാവ്, പ്ലാവ്, തുമ്പ, കാപ്പി, റബ്ബർ, മുക്കൂറ്റി, ചെമ്പരത്തി
അധ്യ- കൊള്ളാമല്ലോ ഇത്രയും കണ്ടോ? അവ പല തരം സസ്യങ്ങളാണല്ലേ. നിങ്ങൾക്കവ തരം തിരിക്കാമോ?
ഒരു ഭാഗം കുട്ടികൾ- വലിയ ഉയരമുള്ളവ -തെങ്ങ്, പ്ലാവ്
മറ്റൊരു വിഭാഗം- കാപ്പി, ചെമ്പരുത്തി, പേര, തെച്ചി. (കയ്യിലുള്ള ചെറിയൊരു സസ്യം അധ്യാപകനെ കാണിച്ചുകൊണ്ട്) സാർ അക്കൂട്ടത്തിൽ വലിപ്പം കുറഞ്ഞ ഒന്ന് ഞാൻ കൊണ്ടുവന്നിട്ടുണ്ട്.
അധ്യാ- നന്നായി. ഇത് തുമ്പയല്ലേ. ഇത് ഒരു ഓഷധിയാണ് സജി.
സജിയും മറ്റുള്ളവരും സന്തോഷത്തോടെ തുമ്പയെ നിരീക്ഷിക്കുന്നു.
ഇത് കണ്ട് നിന്ന രക്ഷിതാവ്. ഹോ മൈ ഗോഡ്. ഇതിനാണല്ലോ എന്റെ ചെറുക്കനെ അടിച്ച് ചമ്മന്തിയാക്കിയത്. രക്ഷിതാവ് പശ്ചാത്തപിച്ച് നിൽക്കുന്നു. ദൃശ്യം നിശ്ചലമാകുന്നു.
കാവ്യശില്പം.

**ഒന്നാം പാഠം**

ഒരു പാട്ടുകഥ
കുഞ്ഞപ്പ പട്ടാനൂർ

ആരാണാരാണാരാണമ്മേ
ആരോമലുണ്ണിക്കു പെറ്റമ്മ?
തേനും വയമ്പിലും സ്നേഹം ചുരന്നവൾ
ആരോമലുണ്ണിക്കു പെറ്റമ്മ!
രാരീരം പാട്ടിലും നേരു പകർന്നവൾ
ആരോമലുണ്ണിക്കു പെറ്റമ്മ!
ആരാണാരാണാരാണച്ഛാ
തുഞ്ചൻ പറമ്പിലെഴുത്തച്ഛൻ?
നാവിന്റെ തുഞ്ചിൽ എഴുത്താണികൊണ്ടും
നേരിന്റെ നെഞ്ചിൽ നീലത്തിരി കൊണ്ടും
പാട്ടുകിളിയെ പൊരുത്തം പഠിപ്പിച്ച
പാട്ടുകൾ ക്കച്ഛനെഴുത്തച്ഛൻ!
ആരാണാരാണാരാണമ്മേ
ആലില കണ്ണന്റെ കൂട്ടുകാര്?
കോലക്കുഴൽവിളിപ്പാട്ടുമായി
കാലിമേയ്ക്കുന്നവർ കൂട്ടുകാര്!
കാട്ടിലും നാട്ടിലും നല്ല മക്കൾ
ആലിലക്കണ്ണന്റെ കൂട്ടുകാര്!
ആരാണാരാണാരാണച്ഛാ
മേലേരിക്കോലോത്തെ കോമരങ്ങൾ?

കൊന്നും വെന്നും ചാവേറുകൊണ്ടവർ
ചീവീടുപാട്ടിലും പാടിപ്പതിഞ്ഞവർ
ഓറാണോറാണാരംഭശൂരന്മാർ
മേലേരിക്കോലോത്തെ കോമരങ്ങൾ!

(ഇവിടുന്നങ്ങോട്ട് ചോദ്യങ്ങൾ, ഉത്തരങ്ങൾക്കു കാത്തുനിൽക്കാതെ, പെരുകുന്നു...... താളം മുറുകുന്നു. ചുവടുകൾക്ക് വേഗം കൂടുന്നു.....)

എന്നാണെന്നാണെന്നാണമ്മേ
ഏഴിലം പാലകൾ പൂത്ത നാള്?
ഏതാണേതാണേതാണച്ഛാ
ആയിരം കാന്താരി പൂത്ത കാട്?
എന്നാണെന്നാണെന്നാണമ്മേ
ആയിരം കാവിലെ താലപ്പൊലി?
ഏതാണേതാണേതാണച്ഛാ
നാവേറുനാട്ടിലെ വീട്ടുത്സവം?
ആരാണാരാണാരാണമ്മേ
ചേറിലും ചോപ്പിലും വിത്തെറിഞ്ഞു?
ആരാണാരാണാരാണച്ഛാ
മുത്തായമുത്തെല്ലാം കട്ടെടുത്തു?

(ചോദ്യങ്ങൾ പെരുമഴപോലെ പെയ്തുതിമിർക്കുമ്പോൾ താളമേളക്കൊഴുപ്പിൽ ഒരു ക്ലൈമാക്സ്- പെട്ടെന്ന് പെയ്തൊഴിയും പേമാരിയുടെ പൂർണ്ണവിരാമംപോലെ ഒരു നിശ്ശബ്ദത- ഒരു താളവും ഇവിടെ പൂർത്തിയാവുന്നു.)

നാടകം

## മണിക്കുട്ടി പഠിക്കുന്നു

മോഹനൻ എം.വി

(പടിഞ്ഞിരുന്ന് കാണാപാഠം പഠിക്കുന്ന മണിക്കുട്ടി)

മണിക്കുട്ടി: പേടിസ്വപ്നം കാണാതിരിക്കാൻ അർജ്ജുനപ്പത്ത് ഉരുവിടുന്ന മട്ട്)

പ്രകാശത്തിന്റെ പ്രവേഗം സമം മൂന്ന് ഗുണം പത്ത് ഘാതം എട്ടു മീറ്റർ പ്രതി സെക്കന്റ് .... പ്രകാശത്തിന്റെ പ്രവേഗം സമം..... പ്രകാശത്തിന്റെ പ്രവേഗം..... പ്രവേഗം...... പ്രവേഗം.... പ്രവേഗം....

(പശ്ചാത്തലത്തിൽ കുട്ടികളുടെ കോലാഹലം)
ശബ്ദം- ഒന്ന്: (ഇടതുവശത്തുനിന്നും) നോക്കെടീ ഒരു പൂവ് (മണിക്കുട്ടി തിരിഞ്ഞുനോക്കുന്നു. വീണ്ടും കാണാപ്പാഠം തുടരുന്നു.)
ശബ്ദം- രണ്ട്: (വലതുവശത്തുനിന്നും) നോക്കെടാ ഒരു കിളി. (മണിക്കുട്ടിയുടെ ശ്രദ്ധ അങ്ങോട്ട്. വീണ്ടും കാണാപ്പാഠം തുടരുന്നു.)
ശബ്ദം- മൂന്ന്: (മുന്നിൽ നിന്നും) കണ്ടോ ചക്കരമാങ്ങ. (മണിക്കുട്ടിയുടെ തല താനേ ഉയർന്നുപോകുന്നു. ആ കണ്ണുകൾ വിടരുന്നു. അവൾ ആ മട്ട് വിദൂരതയിൽ നോട്ടം നട്ടിരിക്കുന്നു.)
(പിന്നിൽ കുട്ടികളുടെ കളിപ്പാട്ട് )
അപ്പിനി- ഇപ്പിനി
മുല്ലപ്പൂ
സർക്കാർ-രാജ
പിച്ചിപ്പൂ
(പാടി ചുവടുവച്ചടുക്കുന്ന കുട്ടികൾ. അവർ മണിക്കുട്ടിയെ ചുറ്റി നൃത്തം ചവിട്ടുന്നു.)
കുട്ടി-ഒന്ന്: ഊഞ്ഞാലാടാൻ വാ മണിക്കുട്ടീ.....
മ.കു: ഹായ്...! ഊഞ്ഞാല്....!
കുട്ടി- രണ്ട്: ഞാവൽപ്പഴം തിന്നാൻ വാ മണിക്കുട്ടീ.....
മ.കു: ഹായ്...! ഞാവൽപ്പഴം...!
കുട്ടി- മൂന്ന്: പൂവിറുക്കാൻ വാ മണിക്കുട്ടീ....
മ.കു: ഹായ്... ഹായ്...! പൂങ്കുലകൾ...!
കുട്ടികൾ: (ഒന്നിച്ച്)
ഊഞ്ഞാലാടാം
ഞാവൽപ്പഴം തിന്നാം
പൂവിറുക്കാം മണിക്കുട്ടീ.
(മണിക്കുട്ടി പുസ്തകം വലിച്ചെറിയുന്നു. കുട്ടികളുടെ കൂട്ടത്തിൽ ചേരുന്നു. അവർ കളിക്കുന്നു- കളിപ്പാട്ട്:
തുമ്പീ തുമ്പീ കല്ലെടുക്ക്
തമ്പ്രാൻ വന്നാൽ തലയെടുക്കും
(മറ്റു കുട്ടികൾ പാടുന്നതിനനുസരിച്ച് മണിക്കുട്ടി തുമ്പിയായി നടിച്ചാൽ മതി. ഏറ്റിയാൽ പൊന്താത്ത ഓരോ കല്ലും തറയിൽ നിന്നും ഉയർത്താനുള്ള ശ്രമത്തിൽ മണിക്കുട്ടി കാലിടറി വീഴുന്നു. കല്ല് മണിക്കുട്ടിയുടെ മുകളിൽ വീഴുന്നു. തുടർന്ന് കുട്ടികളുടെയും മണിക്കുട്ടിയുടെയും കൂട്ടച്ചിരി)
പിന്നിൽനിന്നും ഒരു പുരുഷശബ്ദം: മണിക്കുട്ടീ....!
മ.കു ദൂരേയ്ക്ക് നോക്കുന്നു. ഞെട്ടിവിറയ്ക്കുന്നു) അയ്യോ അച്ഛൻ! എനിക്ക് പഠിക്കണം. (പൂർവ്വസ്ഥാനത്ത് ചെന്നിരുന്ന് കാണാപ്പാഠം തുടരുന്നു).
(കുട്ടികൾ തുമ്പീ തുമ്പീ കല്ലെടുക്ക്- കല്ലെടുക്കങ്ങനെ കല്ലെടുക്ക് എന്ന ഈരടി ആവർത്തിക്കുന്നു. വേദിയുടെ ഇരുഭാഗത്തേയ്ക്കായി മാറുന്നു.)
(മണിക്കുട്ടി വായന തുടരുകയാണ്. കുട്ടികൾ വളരെ പതുക്കെ തുടങ്ങി ക്രമത്തിൽ വ്യക്തമായി കേൾക്കാവുന്ന വിധം ഒരു താരാട്ടു പാടുന്നു.)
വാവാവം വാവാവം വാവാവം വാവോ
രാരീരം രാരീരം രാരീരം രാരോ
മണിക്കുട്ടിയുടെ കണ്ണുകൾ മെല്ലെയടയുന്നു. അവൾ പുസ്തകത്തിലേയ്ക്ക് മറിഞ്ഞുവീഴുന്നു.)
പിന്നിൽ നിന്നും ഒരു സ്ത്രീ ശബ്ദം: പുസ്തകം തുറന്നുവെച്ച് ഉറങ്ങ്വാ...അശ്രീകരം! (സങ്കടത്തോടെ) മോളെ, പറഞ്ഞില്ല്യാന്ന് വേണ്ട. ഇക്കുറീം നെനക്ക് ഒന്നാംറാങ്ക് കിട്ടിയില്ലെങ്കിൽ ഈ അമ്മ ആത്മഹത്യ ചെയ്യും.
മ.കു: (ഞെട്ടിയുണരുന്നു.) അയ്യോ! അമ്മ! (പകച്ചു ചുറ്റും നോക്കുന്നു. തത്തമ്മേ പൂച്ച......പൂച്ച... മട്ട് വായന തുടരുന്നു.) പ്രകാശത്തിന്റെ പ്രവേഗം സമം..... പ്രകാശത്തിന്റെ ..... പ്രകാശത്തിന്റെ.... (മുഴുവൻ ഓർക്കാൻ കഴിയാതെ ദേഷ്യത്തിൽ തല മാന്തുന്നു.)
പിന്നിൽ നിന്നും ഒരു പരുക്കൻ പുരുഷശബ്ദം: എന്റെ ട്യൂഷൻ ക്ലാസ്സിൽ എല്ലാവർക്കും നൂറിൽ നൂറും!
മ.കു: (ഞെട്ടി) അയ്യോ! ട്യൂഷൻ....! (വെപ്രാളം)
(തറയിൽ നിന്നു പുസ്തകം വാരിയെടുക്കാനായി മണിക്കുട്ടി കുനിയുന്നു. ഇരുഭാഗത്തുനിന്നും കുട്ടികൾ വന്ന് മണിക്കുട്ടിയെ വലയം ചെയ്തു നിൽക്കുന്നു.)

കുട്ടി-ഒന്ന്: stand! (മറ്റേ കുട്ടികൾ അത് ഏറ്റുപറയുന്നു. മണിക്കുട്ടി യന്ത്രം കണക്കേ എണീക്കുന്നു.)
കുട്ടി-രണ്ട്: ശെ! (മറ്റു കുട്ടികൾ അതേറ്റു പറയുന്നു. മണിക്കുട്ടി അനുസരിക്കുന്നു.)
കുട്ടി- മൂന്ന്: ഇംപോസിഷൻ . 1001 ആവൃത്തി (മറ്റു കുട്ടികൾ അതാവർത്തിക്കുന്നു. മണിക്കുട്ടി വാരിവാരി എഴുതുന്നു. ചുണ്ടുകൾക്കും ചലനം)
കുട്ടി- നാല്: കൈ നീട്ട്! (മറ്റു കുട്ടികൾ ഉം..... കൈനീട്ട് എന്നാവർത്തിക്കുന്നു. കുട്ടികൾ മാറി മാറി മണിക്കുട്ടിയുടെ നീട്ടിയ കൈവെള്ളയിൽ അടിക്കുന്നതായി നടിക്കുന്നു.)
മ.കു: (അടിയേറ്റ് വേദനകൊണ്ട് പുളഞ്ഞുകൊണ്ട്) അടിക്കരുതേ.... ഞാൻ പഠിച്ചോളാം. ഇംപോസിഷൻ വേണ്ട. ....ഞാൻ പഠിച്ചോളാം.
(തുടർന്ന് stand....sit....imposition..... കൈനീട്ട് എന്ന് ഒരു വായ്ത്താരിപോലെ കുട്ടികൾ ചൊല്ലുന്നു. നിർദ്ദേശങ്ങൾക്കനുസരിച്ച് ചലിക്കുന്ന മണിക്കുട്ടി. നിർദ്ദേശങ്ങൾക്കു വേഗതയേറുന്നു. അതിനനുസരിച്ച് മണിക്കുട്ടിയുടെ ചലനങ്ങളും.ഒടുവിൽ മണിക്കുട്ടി തളർന്നു വീഴുന്നു.)
കുട്ടികൾ ഒന്നും രണ്ടും: പാവം മണിക്കുട്ടി
മറ്റു കുട്ടികൾ: നമ്മുടെ പുന്നാരക്കുട്ടി....!!
(തുടർന്ന് കുട്ടികൾ തളർന്നു കിടക്കുന്ന മണിക്കുട്ടിയെ വലയം വെച്ചു പാടുന്നു)
ജികിജികി തക്കം തെയ് തെയ്
ജികിജികി തക്കം തെയ് തെയ്...(2)
(മണിക്കുട്ടി കണ്ണു മിഴിക്കുന്നു)
കുട്ടി-ഒന്ന്: മണിക്കുട്ടീ... കളിക്കാൻ വാ...
മ.കു: (തല പൊക്കുന്നു) അയ്യോ വേണ്ട, എനിക്ക് പഠിക്കാനുണ്ട്
കുട്ടി-രണ്ട്: മണിക്കുട്ടീ.... കളിച്ചു പഠിക്കാൻ വാ..
മ.കു (എണീററിരിക്കുന്നു) അയ്യോ വേണ്ട എനിക്ക് കാണാപാഠം പഠിക്കാനുണ്ട്.
കുട്ടി-മൂന്ന്: മണിക്കുട്ടി കളിച്ചു പഠിച്ചു തിമിർക്കാൻ വാ..
മ.കു (എണീറ്റുകൊണ്ട്) പഠിച്ചു മടുക്ക്വാന്നല്ലാണ്ട് കളിച്ചു പഠിക്ക്യേ... (ഭയം) അയ്യോ ഞാനില്ല
(കുട്ടികൾ മണിക്കുട്ടിയെ മാറി മാറി വലിച്ചടുപ്പിച്ചു കൂട്ടം ചേർക്കാൻ ശ്രമിക്കുന്നു.)
പടിഞ്ഞു മുഷിഞ്ഞു പഠിക്കൊല്ലേ.....
പടുകഴുതച്ചുമടേറ്റോല്ലേ.....
കളിച്ചു തിമർത്തു പഠിക്കാല്ലോ....
പുതുപുതു കാഴ്ചകൾ കാണാലോ
മ.കു: (ചകിതഭാവം) കളിച്ചു തിമർക്ക്വേ....? അയ്യോ ....നിക്കു...പേട്യാ....!
(കുട്ടികൾ മണിക്കുട്ടിയെ വട്ടംചുറ്റി കൊഞ്ചിച്ചു പ്രലോഭിപ്പിക്കുന്നു.
ഒന്നാം മാനത്തെ മാരിവിൽ വേണോ...?
അറിവിന്റെ മാരിവിൽ വാനം വേണോ...?
ഒന്നാം കാട്ടിലെ പൂമരം വേണോ....?
അറിവിന്റെ പൂമരക്കാടുവേണോ...?
മ.കു: (കുട്ടികളെ കൊതിയോടെ നോക്കുന്നു) അതൊക്കെ നിക്കും കിട്ട്വോ...?
കുട്ടികൾ ഒന്നിച്ച്: കിട്ടും, അതെല്ലാം നമ്മൾ കുട്ടികൾക്കുള്ളതാണ്.
മ.കു: (സംശയം)നിങ്ങളൊക്കെ ആരാ....?
കുട്ടി-ഒന്ന്: കുട്ടികൾ ..... നിന്റെ കൂട്ടുകാർ. കണ്ടും, മണത്തും, രുചിച്ചും.....
കുട്ടി-രണ്ട്: സംശയിച്ചും, ചോദ്യങ്ങൾ ചോദിച്ചും.....
കുട്ടി- മൂന്ന്: കളിച്ചും, സ്വപ്നം കണ്ടും....
കുട്ടികൾ ഒന്നിച്ച്: കാര്യം പഠിക്കുന്നവർ!
മ.കു: പഠിക്കുന്നത് കാണാപ്പാഠം പഠിച്ചല്ലേ....?
കുട്ടി 1 :(ഈണത്തിൽ) അത് കാണാപാടത്തെ വിതയാണ്.
കുട്ടി 2:(ഈണത്തിൽ) അത് ഇല്ലാവിത്തിട്ട വിളയാണ്.
കുട്ടികൾ ഒന്നിച്ച്: കൊയ്ത്തിന് ചെല്ലുമ്പോൾ
കതിരും പാടവും ഒന്നുമില്ലാത്തൊരു
വേണ്ടാത്ത വല്ലാത്ത വിളയാണ്.
മ.കു: (കരയും മട്ടിൽ) സൈക്കിൾനേക്കാൾ വേഗംണ്ട് ബസിനും കാറിനൊക്കെ അതിനേക്കാൾ വേഗംണ്ടത്രേ റോക്കറ്റിന് പക്ഷെ ഈ വെളിച്ചത്തിന്റെ വേഗത....... അതൊട്ടും നിക്ക് മനസ്സിലാവണില്ല്യ.
കുട്ടി 1: (ഇത് നിസ്സാരമെന്ന മട്ട്) മണിക്കുട്ടിക്ക് സ്വപ്നം കാണാനറിയോ?

മ.കു: ഹായ്.....സ്വപ്നം!
കുട്ടി 2: എന്നാ മണിക്കുട്ടി കണ്ണടച്ച് സൂര്യനെ സ്വപ്നം കണ്ടോ....
മ.കു: (കണ്ണിറുക്കിയടക്കുന്നു) അതാ ആകാശം..... ഹായ് അതാ സൂര്യൻ...ചെങ്കതിരു ചിതറി പൊൻകതിരുവിതറി ഉദിച്ചുയരുന്ന സൂര്യൻ
കുട്ടി 1: ഇപ്പോ മനസ്സിലായോ നമ്മൾ കുട്ടികൾക്ക് സൂര്യനിലെത്താൻ 1 സെക്കന്റ് പോലും വേണ്ട. 15 കോടി കിലോ മീറ്റർ അകലെ കിടക്കുന്ന സൂര്യന് വെളിച്ചമായി ഇവിടെയെത്താനോ 8 മിനുട്ടുവേണം.
മ.കു.:(തുള്ളിച്ചാടുന്നു) കിട്ടിപ്പോയ് പ്രകാശത്തിന് എന്റെ മനസ്സിനേക്കാൾ വേഗത കുറവ്.
കുട്ടികൾ ഒന്നിച്ച് (ചോദ്യരൂപത്തിൽ മണിക്കുട്ടിയോട്) പ്രകാശത്തിന് വേഗതയെന്ത്?
മ.കു.:(തുള്ളിച്ചാടി) മനസ്സിൻവേഗതയില്ലല്ലോ- എൻ
മനസ്സിൻ വേഗതയില്ലാല്ലോ!
മണിക്കുട്ടിയും കുട്ടികളും: മനസ്സിൻവേഗതയേറുവതെന്നും
കുഞ്ഞുകിടാങ്ങൾക്കാണല്ലോ.
മ.കു.: കാണാപാഠം അതുവേണ്ടേ വേണ്ട.
കുട്ടികൾ ഒന്നിച്ച്: നമുക്കേ കണ്ടും അറിഞ്ഞും സ്വപ്നം കണ്ടും സംശയിച്ചും കളിച്ചും ചിരിച്ചും കൂട്ടായി പഠിക്കാം.
(പാടുന്നു)
അറിവിന്റെ തുമ്പികൾ, ആനന്ദതുമ്പികൾ
ഞങ്ങൾ വരുന്നു.. വരുന്നു...
കുഞ്ഞുമിഴികളിൽ ആയിരം കാഴ്ചകൾ
ഞങ്ങൾ വരുന്നു.. വരുന്നു...
കുഞ്ഞുമനസ്സിലൊരായിരം ചോദ്യങ്ങൾ
ഞങ്ങൾ വരുന്നു.. വരുന്നു...
അറിവിൻ നിറകതിർ പാടങ്ങൾ നേടുവാൻ
ഞങ്ങൾ വരുന്നു.. വരുന്നു...

കാർട്ടൂൺ നാടകം

## കോഴിപുരാണം

ജിനേഷ് കുമാർ എരമം.

അവതരണരീതി- കാർട്ടൂൺ സിനിമകളെ അനുസ്മരിപ്പിക്കും വിധമാകണം ചലനങ്ങൾ സംഭാഷണങ്ങൾ നാടകത്തിലില്ലാത്തവർ പറയുന്നത് നന്ന്. നടന്മാർ കൈകാലുകൾ മുഖം തുടങ്ങിയവയുടെ ചലനങ്ങളാൽ കാർട്ടൂണുകളെ അനുസ്മരിപ്പിക്കണം. വേഗതയാർന്ന ചലനങ്ങൾ വേഗം. ദൃശ്യങ്ങൾ ചടുലമായി മാറിക്കൊണ്ടിരിക്കണം. വലിയ സിറിഞ്ച് വലിയ കുട, സാധാരണയിൽ കവിഞ്ഞ വലിപ്പമുള്ള നോട്ടുകെട്ടുകൾ, കോഴിപ്പൂട, തൂവൽ എന്നിവ വേണം.
ഒരു കോഴിക്കൂട്. അതിനുള്ളിൽ രണ്ട് കുഞ്ഞിക്കോഴികൾ ഇരുന്നുറങ്ങുന്നു. ക്ലോക്കുകളുടെ കട്ടൗട്ടുമായി ഡാഡിയും മമ്മിയും വരുന്നു. ക്ലോക്കിൽ മൂന്ന് മണി.
ഡാഡി- കുഞ്ഞുങ്ങളെ എഴുന്നേൽക്ക്.
മമ്മി-കുഞ്ഞുങ്ങളെ എഴുന്നേറ്റ് വായന തുടങ്ങ്.
(പെട്ടെന്ന് അലാറത്തിന്റെ കാതടപ്പിക്കുന്ന ശബ്ദം കോഴികളുടെ കൂവൽ. സുഖ നിദ്രയിലായിരുന്ന കോഴിക്കുഞ്ഞുങ്ങൾ അസഹ്യത ഭാവിച്ച് ചെവി പൊത്തി പിറുപിറുത്ത് കോഴികളുടെ ശബ്ദമുണ്ടാക്കി എഴുന്നേൽക്കുന്നു.
(ഡാഡിയും മമ്മിയും കോഴികൾ ഉണർന്നുവെന്ന് കണ്ട് അവരുടെ ജോലികൾക്കായി പോകുന്നു. ആ സമയം കുഞ്ഞിക്കോഴികൾ വീണ്ടും ഉറങ്ങുന്നു. ഡാഡിയും മമ്മിയും ചടുലവേഗത്തിൽ തിരിച്ചുവന്ന് അലാറം മുഴക്കി അവരെ ഉണർത്തുന്നു. ഇത് രണ്ടുമൂന്ന് തവണ തുടരുന്നു. പിന്നെ ഡാഡിയും മമ്മിയും കോഴിക്കുഞ്ഞുങ്ങളെ ഓരോ കണ്ണട ധരിപ്പിക്കുന്നു. കയ്യിൽ പുസ്തകം പിടിപ്പിക്കുന്നു. കോഴിക്കുഞ്ഞുങ്ങൾ റ്റ്വിങ്കിൾ റ്റ്വിങ്കിൾ ലിറ്റിൽ സ്റ്റാർ എന്ന രീതിയിൽ കോഴിഭാഷയിൽ വായിക്കുന്നു. ഡാഡിയും മമ്മിയും അത് കണ്ട് ആഹ്ലാദിക്കുന്നു. അത് കഴിഞ്ഞ് അവരെ ടൈ കെട്ടി വസ്ത്രം ധരിപ്പിച്ച് പൗഡർ ഇട്ട് സ്കൂൾ വാനിൽ കയറ്റിവിടുന്ന ദൃശ്യം. തുടർന്ന് ഡാഡിയും മമ്മിയും തിരക്കിട്ട അവരുടെ ജോലികൾക്കായി പോകാനൊരുങ്ങുന്നു.
വൈകീട്ട് കോഴിക്കുഞ്ഞുങ്ങൾ കൊക്കരക്കോ ശബ്ദമുണ്ടാക്കി തിരിച്ചുവരുന്നു. കൈയ്യിൽ സ്ലേറ്റുണ്ട്. ഡാഡിയും മമ്മിയും ഒരു ത്രാസിൽ അവരെ തൂക്കി നോക്കുന്നു. അവർക്ക് തൃപ്തിയില്ല.

ഡാഡി–അയ്യയ്യോ തൂക്കം കുറവ്.
മമ്മി– (കരഞ്ഞ് ഒന്നുകൂടി തൂക്കം നോക്കി) അയ്യയ്യോ ഇന്നലത്തേതിനേക്കാൾ അരക്കിലോ കുറവ്. (നെഞ്ചത്തടിച്ച്) അയ്യോ ഞാനിതെങ്ങനെ സഹിക്കും.
ഡാഡി: അങ്ങേ ഫ്ളാറ്റിലെ കോഴികൾക്ക് തൂക്കം കൂടിയെന്ന് കേട്ടു. ദൈവമേ ഇങ്ങനെ തൂക്കം കുറഞ്ഞാൽ ഞങ്ങൾ ഇതെങ്ങനെ മാർക്കറ്റിൽ വിൽക്കും? കോഴിക്കുഞ്ഞുങ്ങളോട് സ്ലേറ്റ് കാണിക്കാനാവശ്യപ്പെടുന്നു. അതിൽ വലിയ മുട്ട. അതുകണ്ട് ഡാഡിയും മമ്മിയും നെഞ്ചത്തടിച്ച് കരയുന്നു.)
പെട്ടെന്ന് പരസ്യത്തിന്റെ ശബ്ദം അഥവാ ടി.വി.യിൽ പരസ്യത്തിന്റെ ദൃശ്യം)
പരസ്യം: വിഷമിക്കേണ്ട നിങ്ങളുടെ കോഴികളുടെ വളർച്ചയ്ക്ക് ഇൻഡോ–അമേരിക്കൻ കോഴിത്തീറ്റ. അമേരിക്കൻ കോഴികൾക്കും ഇന്ത്യൻ കോഴികൾക്കും ഒരുപോലെ ഫലപ്രദം.
(ഡാഡിയും മമ്മിയും കാർട്ടൂൺ രീതിയിൽ ചലിച്ച് വലിയ ചാക്കുകളിൽ കോഴിത്തീറ്റയുമായി വരുന്നു. കോഴിക്കുഞ്ഞുങ്ങളുടെ വായിൽ കുത്തിത്തീറ്റുന്നു. അവയുടെ തൊണ്ടയിൽ അത് കുടുങ്ങുന്നു. വെള്ളം കൊടുക്കുന്നു. മതി എന്ന് ആംഗ്യം കാണിച്ചിട്ടും രക്ഷയില്ല. (പെട്ടെന്ന് മറ്റൊരു പരസ്യം) നിങ്ങളുടെ കോഴി പഠിക്കാൻ മോശമാണോ? അവർക്ക് ബുദ്ധിമാന്ദ്യമുണ്ടോ? എങ്കിൽ കോഴിഷ്ബ്രഹ്മി ഉപയോഗിക്കുക. കോഴിഷ്ബ്രഹ്മി തൂവലിൽ പുരട്ടിയാൽ അവൻ ഒന്നാമനാകും. കോഴിഷ്ബ്രഹ്മി....
ഡാഡിയും മമ്മിയും വലിയ കുപ്പികളിൽ തൈലം വാങ്ങി പുരട്ടിക്കൊടുക്കുന്നു. കോഴികൾക്ക് ദേഹമാകെ ചൊറിയുന്നു. അവ അസ്വസ്ഥത പ്രകടിപ്പിക്കുന്നു.
അടുത്ത പരസ്യം നിങ്ങളുടെ കോഴികളെ ഡോക്ടറാക്കണോ വാങ്ങുക. കോഴിമിത്രം ഗൈഡ്.
ഗൈഡ് വാങ്ങി താളുകൾ ചീന്തി കോഴികളുടെ വായിൽ കുത്തിത്തീറ്റുന്നു.
ഡാഡി: ഇങ്ങനെ ഇങ്ങനെ
മമ്മി: നിങ്ങളെ തീറ്റിത്തീറ്റി
ഡാഡി: ഞങ്ങൾ വലുതാക്കും
ബലൂൺ പോലെ.... ഊതിയൂതി
(ബലൂൺ ഊതുന്നതായി നടിക്കുന്നു)
(കോഴിക്കുഞ്ഞുങ്ങൾ കരയുന്നു)
ഡാഡി: എന്തിനാടാ കരയുന്നത്?
(കോഴി):കരയുന്നു
മമ്മി: എന്തിനാ കുഞ്ഞേ കരയുന്നത്?
കോഴികൾ: ബലൂൺ പോലെ ഊതിയൂതി പൊന്തിച്ചാൽ ഞങ്ങള് പൊട്ടിപ്പോവൂലെ?
മമ്മി: അയ്യോ (ചിരിച്ച്) വിഡ്ഢികളെ പൊട്ടാതെ നോക്കൂലെ ഞങ്ങള്. പൊട്ടിയാലെ എങ്ങനെയാ വലിയ വിലയ്ക്ക് നിങ്ങളെ വിൽക്കൂ?
സംഘം: പൊട്ടാതെ നോക്കൂലെ ഞങ്ങള്. പൊട്ടിയാലെ വലിയ വിലയ്ക്ക് എങ്ങനെയാ നിങ്ങളെ വിൽക്കുക.
ഡാഡി: അതുകൊണ്ട് ഈ തീറ്റതിന്ന്, ഈ തൈലം പുരട്ടി, ഈ പാഠം വിഴുങ്ങി അധികം പറക്കാതെ അടങ്ങിയൊതുങ്ങി കഴിഞ്ഞോ.
(സംഘം ഈ വരികൾ ആവർത്തിക്കുന്നു.)
(ഈ സമയത്ത് അടുത്ത അലാറം)
ഉടനെ യാന്ത്രികപ്രേരണയാലെന്നോണം കാർട്ടൂൺ ചിത്രങ്ങളെപ്പോലെ വേഗത്തിൽ ചലിക്കുന്നു. കോഴികൾ സ്വയം തീറ്റ തിന്നുന്നു. തൈലം പുരട്ടുന്നു. പരസ്യത്തിന്റെ ആവർത്തനം പശ്ചാത്തലത്തിൽ കേൾക്കാം.
***********
സ്ക്കൂൾ Exam എന്ന ബോർഡു കാണാം. കോഴിക്കുഞ്ഞുങ്ങൾ സ്ലേറ്റുമായി വന്ന് പരീക്ഷയ്ക്കിരിക്കുന്നു. ബെല്ലടിക്കുന്നു. അധ്യാപകൻ ചോദ്യക്കടലാസ് നൽകി പ്രത്യേകരീതിയിൽ അൽപം കുനിഞ്ഞ് കുഞ്ഞുങ്ങളുടെ സ്ലേറ്റിൽ സൂക്ഷിച്ച് നിരീക്ഷിച്ച് നിൽക്കുന്നു. കോഴിക്കുഞ്ഞുങ്ങൾ കഴുത്ത് ചലിപ്പിച്ച് ശബ്ദമുണ്ടാക്കി തങ്ങളുടെ തൊണ്ടയിലുള്ളവ ഓരോന്നായി സ്ലേറ്റിലേക്ക് തുപ്പുന്നു. അധ്യാപകൻ അവ എണ്ണി നോക്കുന്നു. ഒടുവിൽ സ്ലേറ്റുകളിൽ 0 വരച്ച് കൊടുക്കുന്നു. കോഴികൾ സ്ലേറ്റ് തലയിൽ വെച്ച് പൊതുജനങ്ങളെ കാണിച്ച് ഉറക്കെ കൂവി സ്ലേറ്റുമായി വീട്ടിൽ എത്തുന്നു. ഡാഡിയും മമ്മിയും ചൂരൽ കൊണ്ട് അവരെ അടിക്കുന്നു.
ഡാഡി: ഇനി നമ്മളെന്തു ചെയ്യും.
മമ്മി: ഈ മരമോന്തകളെ ഇനി എന്തുചെയ്യും?
(അകലെ നിന്ന് എന്തോ ശബ്ദം കേൾക്കുന്നു. (മെഡി.കോളേജ്) സീറ്റ് എന്നെഴുതി ഒട്ടിച്ച കസേരകളും ചുമന്ന് കുറച്ചു പേർ താളത്തിൽ വരുന്നു. ഒപ്പമുള്ള ചിലർ ഒരുലക്ഷം, രണ്ടുലക്ഷം എന്നിങ്ങനെ ലേലം

വിളിക്കുന്നു. മുന്നിൽ നടക്കുന്ന ഖദർധാരി മന്ത്രി പറയുന്നു പട്ടിണിപ്പാവങ്ങൾക്കും ദരിദ്രർക്കും ഉന്നത പഠനത്തിന് അവസരം. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് മുൻഗണന. സീറ്റ് ഒന്നിന് തുച്ഛമായ വില. (ലേലം വിളി തുടരുന്നു.10ലക്ഷം ഒരുവട്ടം.... 20ലക്ഷം രണ്ടുവട്ടം... ഒരാൾ 11 ലക്ഷമെന്ന് വിളിക്കുന്നു. 20 ലക്ഷം വരെ വിളി ഉയരുന്നു. ഡാഡിയും മമ്മിയും തലയിൽ നോട്ടുകെട്ടുകളുമായി വരുന്നു.) അവർ വിളിക്കുന്നു. 23ലക്ഷം ലേലം ഉറപ്പിക്കുന്നു. 23ലക്ഷം ഒരുവട്ടം, 23ലക്ഷം രണ്ടുവട്ടം, 23ലക്ഷം മൂന്നു വട്ടം. കസേര അവർക്കു നൽകുന്നു. അതിൽ കോഴിക്കുഞ്ഞുങ്ങളെ പിടിച്ചിരുത്തുന്നു. അതിനുമുമ്പ് അവയുടെ തൂക്കം നോക്കുന്നു. അവയെ വെള്ള ഓവർക്കോട്ടും സ്റ്റെതസ്ക്കോപ്പും ധരിപ്പിക്കുന്നു. കോഴികൾ ഉച്ചത്തിൽ കൂവുന്നു.
കോഴി കസേരയിൽ തന്നെ ഇരിക്കുന്നു. രോഗികളുടെ ക്യൂ. രോഗികളോടെല്ലാം ആദ്യം തന്നെ കാശ്-വൻതുക- ഫീസായി വാങ്ങുന്നു. അവരെ പരിശോധിക്കുന്നു. രണ്ടാമത്തെ കോഴിഡോക്ടറുടെ കയ്യിൽ വലിയൊരു സിറിഞ്ചുണ്ട്. ഓരോ രോഗിയേയും അയാൾ കുത്തിവെക്കുന്നു. ഓരോ രോഗിയും താഴെ വീഴുന്നു. മമ്മിയും ഡാഡിയും വരുന്നു. അവരോടും ഫീസ് വാങ്ങി കുത്തിവെക്കുന്നു. കോഴികൾ ഉറക്കെ കൂവുന്നു. ഈ സമയത്ത് മൈക്കൽ ജാക്സന്റെയോ അപ്പാച്ചെ ഇന്ത്യന്റേയോ സംഗീതം പശ്ചാത്തലത്തിൽ നിറയുന്നു.
ഡാഡിയും മമ്മിയും താഴെ വീഴുമ്പോൾ സംഗീതം നിലയ്ക്കുന്നു. വലിയ കൂട കൊണ്ട് കോഴികൾ അവരെ മൂടുന്നു. അപ്പോൾ ഇറച്ചിക്കോഴികൾ വില്പനയ്ക്ക് എന്ന ബോർഡുമായി ഒരാൾ വന്ന് നിശ്ചലം നിൽക്കുന്നു.

## പെറ്റമ്മ (സംഗീതശില്പം)

പി. മധുസൂദനൻ

അമ്മ, തന്റെ കുഞ്ഞിനെ തൊട്ടിലിൽ കിടത്തി ആട്ടിയുറക്കുന്നു. പശ്ചാത്തലത്തിൽ ഗാനം:
ഓമനത്തിങ്കൾക്കിടാവോ-നല്ല
കോമളത്താമരപ്പൂവോ
പൂവിൽനിറഞ്ഞ മധുവോ-പരി
പൂർണ്ണേന്ദു തന്റെ നിലാവോ.....
ഗാനം മാറുന്നു. രണ്ടുപേർ തമ്മിലുള്ള സംഭാഷണം, ചോദ്യോത്തരരൂപത്തിൽ.
ഒന്നാമൻ: കുഞ്ഞുങ്ങൾക്കേറ്റവുമുത്തമമായ ഭക്ഷണമേത്?
രണ്ടാമൻ: മുലപ്പാൽ
ഒന്നാമൻ: കാര്യങ്ങൾ നേരെ മനസ്സിലാക്കാൻ നല്ലതേതു ഭാഷ?....
രണ്ടാമൻ: മാതൃഭാഷ
മറ്റൊരാൾ പ്രവേശിച്ച്:
വിദ്യാഭ്യാസവിചക്ഷണരെല്ലാം ഒരേ സ്വരത്തിൽ പറയുന്നു.
മറ്റുള്ളവർ ചേർന്ന്: എന്ത്?
അഞ്ചാമതൊരാൾ: അധ്യയനമാധ്യമം മാതൃഭാഷ; അതാ-
ണേറ്റവുമുത്തമം എന്നുമെങ്ങും.
നാലാമൻ വീണ്ടും: മലയാളത്തിന്റെ മഹാകവിയായ വള്ളത്തോൾ പാടുന്നു
മറ്റുള്ളവർ : എങ്ങനെ?
മൂന്നോ നാലോ പേർ ഉൾപ്പെട്ട ഒരു സംഘം മറുപടിയായി പാടുന്നു. (ജുബ്ബയും ഷാളും ധരിച്ച് മഹാകവി രംഗത്ത്. കവി പാടുന്നത് മറ്റുള്ളവർ ഏറ്റുപാടുന്ന രീതിയിലുമാകാം.)
മറ്റുള്ള ഭാഷകൾ കേവലം ധാത്രിമാർ
മർത്ത്യന്നു പെറ്റമ്മ തൻ ഭാഷതാൻ
ഒന്നാമൻ: അമ്മിഞ്ഞപ്പാലിനോടൊപ്പം മനസ്സിലേ-
യ്ക്കാദ്യമായെത്തുന്നതേതു ഭാഷ?
രണ്ടാമൻ: അന്തർഗ്ഗതങ്ങൾ വെളിപ്പെടുത്തീടുവാ-
നാരു മിച്ഛിക്കുന്നതേതു ഭാഷ?
മൂന്നാമൻ: മാതൃഭാഷ!....
സംഘം: അതേ മാതൃഭാഷ, മാതൃ-
ഭാഷയേ നമ്മൾക്കു പെറ്റമ്മ!
നാലാമൻ: കാതുകൊടുക്കുക വീണ്ടും മഹാകവി

പാടുന്ന വാക്കുകൾക്കായി നമ്മൾ
(വീണ്ടും കവി പ്രത്യക്ഷപ്പെടുന്നു. കവിയുടെ വരികൾ സംഘം ഏറ്റുപാടുന്നു.)
എത്ര വിദേശ ഭാഷാഭിജ്ഞനാകിലും
മർത്ത്യന്നു തൻഭാഷയൊന്നുകൊണ്ടേ
ശക്തിയുണ്ടായ് വരൂ ശക്തിമത്താകിയ
ഹൃദ്വികാരത്തെ വെളിപ്പെടുത്താൻ! (വള്ളത്തോൾ)
ഒന്നാമൻ: വ്യവസായത്തിൽ, സംസ്ക്കാരത്തിൽ
വളർച്ച നേടിയ രാഷ്ട്രങ്ങൾ
അവരുടെ നേട്ടം പരിശോധിയ്ക്കൂ
ലോകചരിത്രത്താളുകളിൽ
നേട്ടങ്ങളിലേയ്ക്കവരെ നയിക്കാൻ
തായ്മൊഴിയല്ലോ തുണനിന്നു!
രണ്ടാമൻ: മാതൃഭാഷയിലധ്യയനം
അതുവഴിയറിവിൻ സംവഹനം
അതാണെളുപ്പം കാര്യങ്ങൾ
അറിയാൻ പറ്റണമെന്നാകിൽ!
മൂന്നാമൻ: കാര്യങ്ങളിങ്ങനെയാണുപക്ഷേ, ചിലർ-
ക്കിംഗ്ലീഷുമീഡിയമാണുപഥ്യം!
ഇംഗ്ലീഷിൽ മാത്രം പഠിക്കിലേ കുട്ടികൾ
യോഗ്യരായ്ത്തീരൂ എന്നാണു പക്ഷം
ഒരു കുട്ടിയും അമ്മയും കൂടി പ്രവേശിക്കുന്നു. കുട്ടി കൗതുകപൂർവ്വം ചുറ്റും നോക്കുന്നു. അവനെ ആകർഷിച്ച ഒരു കാഴ്ചയെപ്പറ്റി അവൻ അമ്മയോട് അമ്മേ ദേ ഒരു ആന!
അമ്മ, ശാസിക്കുന്ന സ്വരത്തിൽ ആന നല്ല. എലിഫന്റ്. ഇ-എൽ-ഇ-പി-എച്ച്-എ-എൻ-റ്റി, എലിഫന്റ്!
അഞ്ചാമൻ: ഇന്നിവർ കുട്ടികൾ! നമ്മുടെ നാടിൻ
വിധാതാക്കളായ് നാളെ മാറിടേണ്ടോർ!
ആറാമൻ: അവരറിയേണമീ നാടിനെ, നാടിൻ
ജനങ്ങളെ, ഭാഷയെ, സംസ്കൃതിയെ
ഒന്നാമൻ: അതിനുപകരം അവരെ...
രണ്ടാമൻ: അവരെ?
ഒന്നാമൻ: കുപ്പിപ്പാലുകൊടുത്തു വളർത്തി-
ക്കൊള്ളരുതാത്തവരാക്കരുതേ!
മൂന്നാമൻ: മറുനാടൻ മൊഴി മാത്രം നൽകി
മനസ്സില്ലാത്തവരാക്കരുതേ!
ഒരാൾ ഒരു സംശയം ചോദിക്കുന്നു:
അപ്പോൾ ഇംഗ്ലീഷു വേണ്ടെന്നാണോ?
മൂന്നാമൻ: ഇംഗ്ലീഷു വേണ്ടയെന്നാർ പറഞ്ഞു? നമ്മ-
ളെതിരല്ല ഭാഷകൾക്കൊന്നും!
മർത്ത്യന്റെ കൂട്ടായ ഉൽപന്നമാകുന്നു
ഭാഷകൾ- നമ്മൾക്കറിയാം!
ഭാഷകളേതും പഠിച്ചിടാ-മെങ്കിലും
വിസ്മരിക്കൊല്ലയീ സത്യം!
രണ്ടാമൻ: എന്ത്?
മൂന്നാമൻ: മറ്റുള്ള ഭാഷകൾ കേവലം ധാത്രിമാർ
മർത്ത്യന്നു പെറ്റമ്മ തൻഭാഷതാൻ.

## പഠിച്ചുവന്നാൽ

എം.എം സചീന്ദ്രൻ

(പാടത്തുനിന്നും പണികഴിഞ്ഞു വരികയാണ് രാമൻകുട്ടി. ക്ഷീണിച്ചിട്ടുണ്ട്. ഉമ്മറത്തു വന്ന് ഭാര്യ പെണ്ണുക്കയെ നീട്ടിവിളിക്കുന്നു.)
പെണ്ണുക്കേ... പെണ്ണുക്കേ....

രാമൻകുട്ടി: വല്ലാത്ത ക്ഷീണം...(ഭാര്യയോട്) ആ കന്ന് ന് വെള്ളം കാട്ട്യോ...:?
പെണ്ണുക്ക: വെള്ളം കാട്ടീട്ടൊക്ക്...ണ്ട്. അതിനെ ഒന്ന് പൊറത്തേയ്ക്ക് എറക്കണം. എത്ര നേരായി... ങ്ങനെ കെട്ടുംമെരട്ട് കെടക്ക്ണ്.
രാമൻകുട്ടി: നിയ്യൊര് കിണ്ണം കഞ്ഞിവെള്ളം ഇങ്ങെടുത്തോ...
പെണ്ണുക്ക: വറ്റിടണോ?
രാമൻകുട്ടി:ങ്ഹാ..... രണ്ട് വറ്റുമിട്ടോ...പള്ളേക്കാളീറ്റ് വയ്യ...
പെണ്ണുക്ക: ങ്നെ... അവനാന്റെ തടി നോക്കാതെ... പണിയെടുക്കണോ? വയസ്സ് ഇത്ര്യക്കായില്ലെ... ഇനി കൊറച്ച് അടങ്ങീരുന്നൂടെ? (അകത്തേക്ക് പോകുന്നു)
രാമൻകുട്ടി: ങ്ഹും അടങ്ങീരിക്കണം...അവസാനം തെക്കോട്ടെടുക്കുമ്പോൾ....അതുവരെ ങ്ങനെ പണി യെടുത്തോണ്ട് കഴിയണംന്നാഗ്രഹം. കയ്യും കാലും പൊന്തിക്കിട്ടണ കാലത്തോളം ഇങ്ങന്യക്കെ അങ്ങട്ട് പോട്ടേ.(പെണ്ണുക്ക കഞ്ഞിവെള്ളം കൊണ്ടുവരുന്നു. രാമൻകുട്ടി വാങ്ങിക്കുന്നു. കിണ്ണം തിരിച്ചുകൊടു ത്തുകൊണ്ട്)
രാമൻകുട്ടി: നമ്മുടെ ആ... അറമാടില് ഒൻപത് വാഴീംകുടി വെക്കണം കൊറച്ച് പച്ചക്കറിം ണ്ടാക്കണം..... നെല്ല് കഴിഞ്ഞകൊല്ലത്തേക്കാളും ഭേദമാണ്. ചാഴിപെടാതെ കീട്ട്യാ..മതിയായിനി.
പെണ്ണുക്ക: പറമ്പിലെ വാഴക്ക് തോല് വെക്കേണ്ടെ?
രാമൻകുട്ടി: പറഞ്ഞപോലെ അതും...ണ്ട്. ഒരാളീംകൂടി കിട്ടീരുന്നെങ്കിൽ നന്നായിനി.. ഒറ്റക്കങ്ങാട്ട് എത്ത ണല്ല്യാ.
പെണ്ണുക്ക: ഇനീപ്പോ കൃഷ്ണൻകുട്ടീണ്ടല്ലോ സഹായത്തിന്. ഓന്റെ ക്ലാസ്സൊക്കെ കഴിഞ്ഞില്ലേ.
രാമൻകുട്ടി: പറയുംപോലെ ഓനെവിടെ?(അകത്തേക്ക് നോക്കി വിളിക്കുന്നു) മോനേ കൃഷ്ണൻകുട്ടീ.....
പെണ്ണുക്ക: ഓൻ അവിടേല്ല്യാ എന്തോ വായനശാലയിലേക്കോ മറ്റോ പോയതാണ് ഇപ്പം വരും.
(കൃഷ്ണൻകുട്ടി പുറത്തുനിന്നും കടന്നുവരുന്നു)
പെണ്ണുക്ക: ആ ഓനതാ വരുന്നുണ്ട്. പ്പം തന്നെ പറഞ്ഞ് ഏപ്പിച്ചോളീ...
രാമൻകുട്ടി: മോനേ കൃഷ്ണൻകുട്ട്യേ...
കൃഷ്ണൻ: എന്താ..ച്ചാ..
രാമൻകുട്ടി: അപ്പോ നിന്റെ പഠിത്തോക്കെ കഴിഞ്ഞില്ലേ?
കൃഷ്ണൻ: കഴിഞ്ഞച്ചാ...
രാമൻകുട്ടി: എങ്ങനെ ജയിക്കോ?
കൃഷ്ണൻ: ക്ലാസ്സ് കിട്ടൂന്നാ വിചാരിക്കണത്. നന്നായി എഴുതീട്ടുണ്ട്.
രാമൻകുട്ടി: നീ ഇപ്പം എത്രാം ക്ലാസ്സിലാന്നാ പറഞ്ഞത്?
കൃഷ്ണൻ: പ്രീഡിഗ്രി അല്ലേ അച്ചാ കഴിഞ്ഞത്.
രാമൻകുട്ടി: ങ്ഹാ.. അച്ചനീ കുന്തത്തിന്റേ പേരൊന്നും പറയാനറിയൂല്ല.
ആട്ടെ നീയിപ്പം എല്ലാം പഠിച്ചോ?
കൃഷ്ണൻ: അവിടന്നു പഠിപ്പിച്ചുതന്നതെല്ലാം ശരിക്കുപഠിച്ചിട്ടുണ്ടച്ചാ.
രാമൻകുട്ടി: നീപ്പം വന്നത് നന്നായി. എനിക്കൊരു സഹായായല്ലോ പാടത്തെ പണിക്ക് എനിക്ക് ഒറ്റക്കാ വണില്ല്യാ. ഒക്കെ കൂടിചെയ്യാൻ. മുണ്ടകനും വെള്ളപ്പാടനും ഒക്കെ കണ്ടാ തിരിച്ചറിയോ നിനക്ക്. (കൃഷ്ണൻകുട്ടി അന്തിച്ചു നിൽക്കുന്നു)
രാമൻകുട്ടി: കണ്ടം കൊത്താനും വരമ്പ് മാടാനും..ക്കെ പഠിച്ചിട്ടുണ്ടാവൂല്ല്യേ. (താളവട്ടം മുറുകുമ്പോൾ കൃഷ്ണൻകുട്ടിയും രാമൻകുട്ടിയും മറയുന്നു. കോറസ് രംഗത്ത്)
മുണ്ടകൻകണ്ടാലറിയ്യോടാ...
മുണ്ടകൻ കണ്ടാലറിയില്ലാ.
പുഞ്ചക്ക് തേവാനറിയ്യോടാ
പുഞ്ചക്ക് തേവാനറിയില്ലാ.
ഞാറും കളയും തിരിച്ചറിയോ...
ഞാറും കളയും തിരിച്ചറിയീല്ലാ.
മുണ്ടുമുറുക്കിയുടുത്തേ നിന്നേ..
ഇക്കണ്ടകാലാം പഠിപ്പിച്ചു..
എന്തു കുന്തം പഠിച്ചെന്റെ ചെക്കാ...
എന്തേ നിന്നെ പഠിപ്പിച്ചു... (എന്തു കുന്തം)
കണ്ടം കൊത്താനറിയോടാ..
വരമ്പുമാടാനറിയോടാ..

ആറ്റുമണമ്മലെ പാട്ടറിയ്യോ..
വട്ടക്കളിയുടെ ചോടറിയോ..
കുറുന്തോട്ടിത്തല കണ്ടറിയ്യോ...
കഞ്ഞിക്കൂർക്ക മണത്തറിയ്യോ...
നാട്ടുമരുന്നിന്റെ നേരറിയ്യോ..
നാടൻപാട്ടിന്റെ ചൂരറിയോ.. ( എന്തു കുന്തം)
വിദ്യാഭ്യാസം നേടിയവരുടെ പക്ഷത്തുനിന്നും പ്രശ്നം അവതരിപ്പിക്കുന്നു.
ഇക്കണക്കും സയൻസും ചരിത്രവും
ഭൂമിശാസ്ത്രവും മട്ടത്രികോണവും
വിണ്ടുനീരറ്റ പാഠങ്ങളൊക്കെയും
ചുണ്ടിലേറ്റി ചുമന്നുകൊള്ളാം ഞങ്ങൾ
നേരെ നിങ്ങൾ തെളിക്കുന്ന പാതയിൽ
ഏറെ ദൂരം നടന്നുകൊള്ളാം ഞങ്ങൾ
ലക്ഷ്യമേതെന്നു മിടയിലൊരു താങ്ങിന്
സത്രമേതെന്നുമാരാണ് പറയുക.
എത്ര വാതിലിൽ മുട്ടുമ്പോഴുള്ളിലെ
സാക്ഷനീങ്ങുമെന്നാരാണ് പറയുക.
ഒരു പിടി സമ്പന്നരെ മുറി-
വിജ്ഞന്മാരായ് കോട്ടിടുവിക്കാനല്ല
കടലലമാലകൾപോലെ
ഇരമ്പു ചിന്തകൾ മുറിയിലടക്കാനല്ല
ഒരു പിടി വെള്ളക്കോളർ
ജോലിക്കാരുടെ
ശമ്പളമാർഗ്ഗവുമല്ല.
വെറുതെ...വായിക്കാതെ
വരച്ചുമറിക്കും ഉത്തരമല്ല വിദ്യാഭ്യാസം.
താ തെയ്യ..തെയ്യ.. തെയ്യക്കം തക്കോം
തെയ്യ..തെയ്യ...തെയ്യ...തെയ്യക്കം തക്കോം
നാടറിയണം നടപ്പറിയണം
ചോടറിയണം പഠിച്ചുവന്നാൽ
തോടറിയണം പുഴയറിയണം
ചുഴിയറിയണം പഠിച്ചുവന്നാൽ
വിത്തറിയണം വിളയറിയണം
കളയറിയണം പഠിച്ചുവന്നാൽ
മണ്ണറിയണം മലയറിയണം
മഴയറിയണം പഠിച്ചുവന്നാൽ
നേരറിയണം നെറിയറിയണം
തൊഴിലറിയണം പഠിച്ചുവന്നാൽ (താ തെയ്യതെയ്യ)

## ജയിൽ

നാടകം

സത്യപാലൻ എൻ.കെ

ഗാന്ധിസദനം ഇംഗ്ലീഷ് മീഡിയം സ്ക്കൂൾ എന്ന ബാനർ പിടിച്ച കോറസ്. അവർ വന്നു നിരന്നു നിന്നപ്പോൾ.

ജയിലിനെ അനുസ്മരിപ്പിക്കുന്ന സ്ക്കൂൾ ഗേറ്റ്. അതടഞ്ഞു കിടക്കുന്നു. അതിന്റെ ചെറിയ ഗേറ്റ് തുറന്ന് വാച്ചർ രംഗത്ത് വരുന്നു. അകത്തുനിന്ന് ഒരു സ്റ്റൂളോ, ബഞ്ചോ, കസേരയോ കൊണ്ടുവന്ന് ഗേറ്റിനടുത്ത് ഇരിക്കുന്നു. പെട്ടെന്ന് ഒരാളിനെക്കണ്ട് ഭവ്യതയോടെ എഴുന്നേറ്റിട്ട്

വാച്ചർ: അല്ല ഇതാര്:? സാറെന്താ ഇങ്ങോട്ട്? സാധാരണ ഇവിടെനിന്ന് മാനേജർ അങ്ങോട്ടാണല്ലോ വന്നുകാണുന്നത്.

മുൻമന്ത്രി: ഇപ്പോൾ അങ്ങനെ വീട്ടിലേക്കു വരാറില്ല. ഞാൻ ഇപ്പോൾ മുൻമന്ത്രി മാത്രമല്ലേ?

വാച്ചർ അതുനേരാ. ഇപ്പോൾ മാനേജരും എച്ച്.എമ്മും പോകുന്നത് പള്ളിക്കര സാറിന്റെ അടുത്താ. ഭരണസ്വാധീനം ഇപ്പോൾ മൂപ്പർക്കാണല്ലോ. അല്ല, സാർ എച്ച്.എം പറഞ്ഞയച്ചിട്ടു വന്നതാണോ അതോ.... മാനേജരെക്കാണാനോ? രണ്ടുപേരും അവിടെ സംസാരിച്ചുകൊണ്ടിരിക്കുകയാണ്.
മുൻമന്ത്രി: എന്താ ഇവിടെ വല്ല വിശേഷവുമുണ്ടോ?
വാച്ചർ: അല്ല, ഈയിടെ ഏതോ ടീച്ചർമാർ പറയുന്നതുകേട്ടു ഒമ്പതാം ക്ലാസ്സിലെ ചില കുട്ടികൾക്ക് ടി.സി കൊടുത്തു പറഞ്ഞുവിടുന്നൂന്ന്. അതുമായി ബന്ധപ്പെട്ടു വല്ലതുമാണോ സാർ വന്നത് ആവോ?
മുൻമന്ത്രി: അതേ, അതുമായി ബന്ധപ്പെട്ടുതന്നെ.
വാച്ചർ: ഏ, സാറിന്റെ മകൾ രമ്യമോളും അതിൽ ഉൾപ്പെട്ടെന്നോ? സാറിന്റെ മോൾക്കായിരുന്നല്ലോ പല ക്ലാസ്സിലും ഒന്നാം സ്ഥാനം? ഇവിടുന്നു വിടുന്നത് ഡിസ്റ്റിംഗ്ഷൻ കിട്ടില്ലെന്നുറപ്പുള്ള കുട്ടികളെയാണല്ലോ. സാറിന്റെ മോളെങ്ങനെ അതിൽപ്പെട്ടു?
മുൻമന്ത്രി: അതാണെനിക്കും ചോദിക്കാനുള്ളത്! എടോ ടി.സി വാങ്ങിപ്പോകുന്ന കുട്ടികൾക്കു പകരം ചില കുട്ടികളെ ചേർക്കാനുള്ള നീക്കവും നടക്കുന്നെന്നു കേട്ടല്ലോ. താനൊന്നും അറിഞ്ഞില്ലേ?
വാച്ചർ: അയ്യോ... അറിഞ്ഞില്ലേന്നു ചോദിച്ചാൽ... അറിഞ്ഞു. എന്നാൽ അറിഞ്ഞോന്നു ചോദിച്ചാൽ ഒട്ടില്ലതാനും.
മുൻമന്ത്രി: പേടിക്കേണ്ട പറഞ്ഞോളൂ. താൻ പറഞ്ഞതാണെന്ന് ഞാൻ പറയില്ല.
വാച്ചർ: ഒരു വെള്ള അംബാസഡർ സ്റ്റേറ്റ് കാർ ഇവിടെ പലവട്ടം വന്നുപോയി. ഇപ്പോഴത്തെ വകുപ്പുമന്ത്രിയുണ്ടല്ലോ? ഏത്? ആ. അദ്ദേഹത്തിന്റെ മകളേയും അക്കൂട്ടത്തിൽ മറ്റു ചില വി.ഐ.പികളുടെ മക്കളേയും ഇവിടെ ചേർക്കാനുള്ള നീക്കങ്ങൾ നടക്കുന്നുണ്ട്. ഇവിടെയാണെങ്കിൽ സൂചികുത്താനിടവുമില്ല. ഓരോ ബഞ്ചിലും ഏഴും എട്ടും കുട്ടികൾ വീതമാ. ഏതായാലും ഇതുതന്നെ തക്കമെന്നു മാനേജരും വിചാരിച്ചു കാണും. ഒരുവെടിക്ക് രണ്ടല്ല മൂന്നു പക്ഷിയല്ലേ വീണുകിട്ടുന്നത്.
മുൻമന്ത്രി: അതെന്താടോ?
വാച്ചർ: ഡിസ്റ്റിംഗ്ഷനോ കുറഞ്ഞപക്ഷം ക്ലാസ്സോ കിട്ടുകയില്ലെന്ന് ഉറപ്പുള്ള കുട്ടികളെ മുഴുവൻ ഇവിടെ നിന്ന് പറഞ്ഞുവിടുക. പകരം അവ കിട്ടുമെന്നുറപ്പുള്ള മിടുക്കരെ ചേർക്കുക. അതാണ് പദ്ധതി.
മുൻമന്ത്രി: ഓ. അപ്പോൾ എസ്.എസ്.എൽ.സി റിസൾട്ട് വരുമ്പോൾ പത്രത്തിൽ പടം സഹിതം അടിച്ചു വരും. വെണ്ടയ്ക്ക അക്ഷരത്തിൽ നൂറുമേനി വിളയിച്ചവർ എല്ലാം ഫസ്റ്റ് ക്ലാസ്സുകൾ ഏറ്റവുമധികം ഡിസ്റ്റിംഗ്ഷനുള്ള സ്ക്കൂൾ എന്നിങ്ങനെ അല്ലേ?
വാച്ചർ: അതുതന്നെ. മാത്രമല്ല സാർ, മന്ത്രിയുടെയും വി.ഐ.പികളുടെയും കുട്ടികൾ പഠിക്കുന്ന സ്ക്കൂൾ എന്ന നിലയിൽ പേരും പെരുമയും കൂടുമല്ലോ? അപ്പോൾ അഡ്മിഷന്റെ തിരക്കും കൂടും.!
മുൻമന്ത്രി: അപ്പോൾ ഇന്നുവാങ്ങുന്ന ഡൊണേഷന്റെ ഇരട്ടി വാങ്ങുകയും ചെയ്യാം അല്ലേ?
വാച്ചർ: മാത്രമല്ല. ടി.സി കൊടുത്തുവിടുന്ന രക്ഷിതാക്കളുടെ വകതിരിവില്ലാത്ത ആരെങ്കിലും പ്രശ്നമുണ്ടാക്കിയാൽ (അല്ല സാറിന്റെ കാര്യമല്ല) അതൊക്കെ വേണ്ടപോലെ ഒതുക്കിക്കൊള്ളാമെന്ന് മന്ത്രിയും ഉദ്യോഗസ്ഥരും വാക്കുകൊടുത്തിട്ടുണ്ടത്രേ.
മുൻമന്ത്രി: അപ്പോൾ ഞാൻ അറിഞ്ഞതു ശരിതന്നെ! (വെറുപ്പോടെ) ഇവർ സ്ക്കൂൾ എന്ന സേവനം നടത്തുന്നവരല്ല. പേരിനും പെരുമയ്ക്കും പണത്തിനും വേണ്ടി കുട്ടികളുടെ ഭാവി നശിപ്പിക്കുന്നവരാണ്. മനുഷ്യത്വത്തിന്റെ കണിക ഇവർക്കുണ്ടോ?
വാച്ചർ: ഉണ്ടായിരുന്നെങ്കിൽ ഈ സ്ക്കൂൾ ഈ നിലയിലാകുമോ? സാർ ചെയ്ത സേവനങ്ങൾ ഇത്ര വേഗം മറക്കുമോ? സാർ ഒരിക്കൽ ഇവിടെ പ്രസംഗിച്ചില്ലേ, (പ്രസംഗമട്ടിൽ) നല്ല വിദ്യാഭ്യാസം സമൂഹത്തിനു നൽകുന്ന നിസ്വാർത്ഥ സേവകർ എന്നൊക്കെ? ഇപ്പോൾ സേവനത്തിന്റെ തനിനിറം സാറിനു മനസ്സിലായല്ലോ?
മുൻമന്ത്രി: എനിക്കതല്ല, രമ്യമോളോടു ഞാനെന്തു പറയും? അവളെ എവിടെ കൊണ്ടുപോയി ചേർക്കും? അവിടെ അമ്മയുടെ സ്ഥിതി ..... എന്തു സംഭവിക്കുമെന്നറിയില്ല. അതാണ് ഞാൻ രാവിലെതന്നെ ഇങ്ങു പോന്നത്.
വാച്ചർ: അതാ മാനേജരുമായി സംസാരിച്ചിരുന്നവർ മടങ്ങിയെത്തി. ഇനി സാർ പോകണം. ഇത്രകാലവും ഇവിടെ പഠിച്ചിട്ട് (പതുക്കെ) മോളെ ഇപ്പോൾ ടി.സി വാങ്ങിക്കൊണ്ടുപോകുവാൻ മനസ്സില്ലെന്നു സാർ പറയണം.
മുൻമന്ത്രി പോകുന്നു. നേരത്തെ പോയ രണ്ടുപേർ വരുന്നു. തമ്മിൽ കണ്ട് അഭിവാദ്യങ്ങൾ കൈമാറുന്നു)
വാച്ചർ: അല്ല എന്തുപറഞ്ഞു? സീറ്റുറപ്പിച്ചില്ലേ?
ഒന്നാമൻ: ഏയ് കാശെത്ര കൊടുക്കാമെന്നു പറഞ്ഞിട്ടും രണ്ടുവർഷം കഴിഞ്ഞിട്ടു മതി സീറ്റെന്നു പറഞ്ഞിട്ടും മാനേജർ ഉറപ്പു പറഞ്ഞില്ല. അതെന്താ?

രണ്ടാമൻ: അതാണ് ബിസിനസ്സ് തന്ത്രം. താനിന്ന് 15000 കൊടുക്കാമെന്ന് പറഞ്ഞു. അടുത്ത കൊല്ലത്തെ തിരക്കനുസരിച്ച് ഇത് 30000 ആകും. അല്ലെങ്കിൽ ആക്കും. അതിനടുത്ത വർഷമോ? പണം ഓരോ വർഷവും ഇരട്ടിക്കുന്ന വേറേതു ബിസിനസ്സ് ഉണ്ട്. പിന്നെ താങ്കളേക്കാൾ പിടിപാടും കാശുമുള്ള ഒരു രക്ഷിതാവ് വരികയാണെങ്കിൽ അയാളുടെ കുട്ടിയെ ചേർക്കുകയല്ലേ ഇവരുടെ ബിസിനസ്സിനു നല്ലത്. അതാ ഉറപ്പു പറയാത്തത്.
ഒന്നാമൻ: ഓഹോ! അപ്പോൾ വല്ല്യ സ്വാധീനമുള്ള താങ്കൾ എം.എൽ.എയുടെ കത്തുമായി വന്നിട്ടു എന്തേ സീറ്റു തരാഞ്ഞത്.
രണ്ടാമൻ: അതൊരു ഡാവാണ് ഹേ! സീറ്റ് എനിക്കു തരും. അല്ലെങ്കിൽ ഞാൻ വാങ്ങും. അതിനുള്ള വഴി യുണ്ട്.
വാച്ചർ: അതെ. അതാണ് ശരി. കാര്യം കേൾക്കണോ? (ഒന്നാമനെ നോക്കി സാറിങ്ങോട്ട് എറങ്ങിയപ്പം (പതുക്കെ) മാനേജര് ആ എം.എൽ.എയ്ക്ക് ഫോൺ ചെയ്തുകാണും. (മാനേജർ ഫോൺ ചെയ്യുന്ന മട്ടിലും ഇടയ്ക്ക് ഇരുവരോടും സംഭാഷണം ചെയ്യുന്ന മട്ടിലും പറയുന്നു.
ഹലോ എം.എൽ.എ സാറല്ലേ?എന്തൊക്കെയാ സാർ വിശേഷം? ഏ? ഓ സാർ ഒരു റെക്കമെന്റേഷൻ ലെറ്റർ ഇങ്ങോട്ടു കൊടുത്തു വിട്ടിരുന്നല്ലോ? അതെ എൽ.കെ.ജിയിൽ ചേർക്കാൻ (ഫോൺ മൂടിപ്പിടിച്ച് ഇരുവരോടുമായി) കത്തുകൊടുത്ത വിവരം എം.എൽ.എ സമ്മതിച്ചാലുടൻ പറയും. (സങ്കടമഭിനയിച്ച് ഫോൺ ചെയ്യുന്ന മട്ടിൽ) അയ്യോ ഒറ്റ സീറ്റുപോലും ഇനി ബാക്കിയില്ലല്ലോ. അവസാനത്തേത് ഇന്നലെ യാണ് തീർന്നത്. സാർ രണ്ടുദിവസം മുമ്പ് ഒന്നു പറഞ്ഞിരുന്നെങ്കിൽ അതു ഞാൻ നീക്കി വെച്ചേനെ. ഇനി എന്താ ചെയ്ക? (ഫോൺ എടുത്ത് ഇരുവരോടുമായി) നിങ്ങൾക്ക് എം.എൽ.എയുടെ മേൽ നല്ല സ്വാധീനമുണ്ടെങ്കിൽ ഉടൻ എം.എൽ.എ പറയും നിങ്ങൾ വിചാരിച്ചാൽ സീറ്റൊക്കെ ഉണ്ടാവും. അയാൾ ഡൊണേഷൻ ഒട്ടും കുറയാതങ്ങ് തരും. പോരെ? ഒരു സീറ്റു കൊടുത്തേ പറ്റൂ. (ഇരുവരോടുമായി) ഇതു കേൾക്കുമ്പോൾ മാനേജർ സൂത്രത്തിൽ പറയും. സാറിന്റെ കക്ഷിയാണെങ്കിൽ നമുക്ക് ഉപേക്ഷിയ്ക്കാൻ പറ്റില്ലല്ലോ. എങ്ങനെയെങ്കിലും ഒരു സീറ്റ് നോക്കട്ടെ. പിന്നെ നമുക്ക് സാർ ഒരു ചെറിയ സഹായം ചെയ്തു തരണം. നമ്മുടെ സ്ക്കൂളിന്റെ തൊട്ടടുത്ത് ഒരു പറമ്പുണ്ട്. അതുകൂടി കിട്ടിയാലെ ഇത് ഹയർസെ ക്കന്ററിയാക്കാൻ പറ്റൂ. ചോദിക്കുന്ന വില കൊടുക്കാമായിരുന്നു. പക്ഷെ പുള്ളി തരുന്നില്ല. സാറൊന്ന് ഇടപെട്ട് നിർബന്ധിച്ചാൽ തരും. ഇല്ലെങ്കിൽ ഒരു ചെറിയ ഭീഷണി. സർക്കാർ പൊന്നും വിലയ്ക്കെടുത്ത് കെട്ടിടം പണിയുമെന്ന്. അപ്പോൾ തരും.... പിന്നേ സാറിന്റെ കുട്ടിക്കാണിത്തവണ ക്ലാസ്സിൽ ഫസ്റ്റ്റാ ങ്കെന്ന് തോന്നുന്നു. (ഇരുവരോടുമായി) അങ്ങനെ സീറ്റെന്ന ഇരയിട്ടു വലിയ മീനിനെ പിടിക്കുക. അതാണ് സൂത്രം. അതാണ് സ്ക്കൂൾ ബിസിനസ്സ്.
ഒന്നാമൻ: അമ്പട വീരാ!
രണ്ടാമൻ: എടോ താനിവിടുത്തെ വാച്ചറാണ്. ഈ അരമനരഹസ്യമൊന്നും താൻ അങ്ങാടിയിൽ പാട്ടാ ക്കരുത് കേട്ടോ.
വാച്ചർ: എന്റെ സാറേ നമ്മുടെ പള്ളയ്ക്കടിക്കല്ലേ. ഇവിടുന്ന് കിട്ടുന്നതുകൊണ്ട് ജീവിയ്ക്കാൻ പറ്റില്ല സാർ. നിങ്ങളെപ്പോലുള്ളവർ സഹായിക്കുന്നതുകൊണ്ടു കൂടിയാ കഞ്ഞികുടിക്കുന്നത്. സാർ ബുദ്ധിമു ട്ടിക്കരുത്. (പറച്ചിലിന്റെ ഭാഗമായി യാചിക്കുന്ന മട്ടിൽ സ്വാഭാവികമായി കൈനീട്ടി നിൽക്കുന്നു.)
രണ്ടാമൻ: (കൈപിടിച്ച് താഴ്ത്തിയിട്ട്) കുട്ടിയെ ചേർക്കാൻ വരുമ്പോഴാകട്ടേടൊ. തരാം. (ഒന്നാമനോട്) താങ്കൾക്ക് കുട്ടിയെ ഇവിടെ ചേർക്കണമെന്നുണ്ടെങ്കിൽ ആരെക്കൊണ്ടെങ്കിലും വിളിപ്പിക്ക്.
(പലതരം വാഹനങ്ങളുടെ ഹോണും ഇരമ്പലും) പല വാഹനങ്ങളിലായി കുട്ടികൾ വന്നുതുടങ്ങുകയാ ണ്.
വാച്ചർ. സാറന്മാർ ഒന്നിങ്ങോട്ട് നിൽക്കണേ.. ഞാൻ ഈ ഗേറ്റ് മുഴുവനായി തുറന്നോട്ടെ. അല്ല പോകണ്ട ഇവിടെ പഠിക്കുന്ന കുട്ടിസായിപ്പന്മാരുടെ വരവൊന്ന് കണ്ടിട്ട് പോകുന്നത് നല്ലതാ. ഇതാ ഇവിടെ ഇരി ക്കാം.(ഗേറ്റ് വലിച്ചു തുറക്കുന്നു വഴിയുടെ മധ്യത്തിൽ നിന്നും വാഹനങ്ങളെ നിയന്ത്രിക്കുന്ന മട്ടിൽ.
ഓട്ടോറിക്ഷ അങ്ങോട്ട് നീക്കിനിർത്ത്. ജീപ്പ് അപ്പുറത്ത് നിർത്തി കുട്ടികളെ ഇറക്കിയാൽ മതി. സ്കൂട്ടർ അവിടെത്തന്നെ നിർത്തിക്കോളൂ സൈഡാക്കി. കുട്ടികളൊക്കെ കടന്നുപൊയ്ക്കോളൂ. കൂടെ വന്നവരാരും ഉള്ളിലേക്ക് വരണ്ട (വാച്ചർ പുറകോട്ട് നടന്ന് മറയുന്നു.)
(ഒരാൾ സ്കൂട്ടറിൽ വന്നിറങ്ങുന്നു. കുട്ടിയെ ഇറക്കി ടൈ ശരിയാക്കി ഉടുപ്പു ശരിയാക്കി, മുടി ഒതുക്കി പുസ്തകസഞ്ചി വെള്ളപ്പാത്രം ഇവ പുറത്ത് തൂക്കി നിറുത്തുന്നു. എന്നിട്ട് കുട്ടിയുടെ പുറത്ത് തട്ടിയിട്ട്
അച്ഛൻ: മിടുക്കൻ ഇനി നടന്നോ ക്ലാസ്സിലേക്ക്.
ഒന്നാമൻ : (രണ്ടാമനോട്) നല്ല ഉഷാറ് കുട്ടികൾ. പഠിപ്പിക്കുകയാണെങ്കിൽ ഇത്തരം സ്കൂളുകളിൽ തന്നെ പഠിപ്പിക്കണം. (അത് കേട്ട മട്ടിൽ അച്ഛൻ ചീപ്പെടുത്ത് ഗമയിൽ തല ചീകി നിൽക്കുന്നു.)
രണ്ടാമൻ : (ഒന്നാമനോട്) കാശ് മുടക്കിയാലെന്താ ഈ വരവിനുണ്ടല്ലോ അതിന്റേതായ ഒരു ഗമ. (ഇതി

നിടെ കുട്ടിയുടെ തല മുന്നോട്ട് ചരിഞ്ഞ് വരുന്നു. അച്ഛൻ പിടിച്ച് നേരെ നിറുത്തുന്നു. വീണ്ടും വാടുന്നു. (ഉറങ്ങുന്ന മട്ടിൽ)

അച്ഛൻ : ഛെ. എന്താ മോനെ ഇത് നല്ല ഉഷാറ് വേണ്ടേ? മിടുക്കനായിട്ട് പൊയ്ക്കോളു. അച്ചൻ ഓഫീസിൽ പോകാൻ വൈകി. ഇനി ഒരു മണിക്കൂറ് വേണം അവിടെ എത്താൻ. അച്ഛൻ പോട്ടെ.

(സ്കൂട്ടർ സ്റ്റാർട്ട് ചെയ്യുമ്പോൾ)

കുട്ടി : അച്ഛാ. ഇന്നെനിക്ക് തീരെ വയ്യ അച്ഛാ.

അച്ഛൻ : (ഇറങ്ങി വന്നിട്ട് അയ്യോ അങ്ങിനെ പറയല്ലേ. എന്താ മോനെ വിശക്കുന്നോ? അച്ഛൻ വല്ലതും വാങ്ങിത്തരണോ? മോനിന്ന് രാവിലെയൊന്നും കഴിച്ചില്ലേ? (ഓരോ ചോദ്യത്തിനും കുട്ടി ക്ഷീണിച്ച മട്ടിൽ തലയാട്ടുന്നു.)ഇന്ന് ഉച്ചക്ക് കഴിക്കാൻ അമ്മ എന്തൊക്കെയാ തന്നയച്ചിരിക്കുന്നത്.

കുട്ടി :(അവശനായ മട്ടിൽ) ഇന്ന് ബ്രഡ്ഡാ. ഇവിടെ കൈകഴുകാനും പാത്രം കഴുകാനും വെള്ളമില്ലാത്തതുകൊണ്ട് എല്ലാ ക്ലാസ്സുകാരും ഉച്ചക്ക് ബ്രഡോ, ജാമോ ഓംലറ്റോ ഒക്കെ കൊണ്ടുവന്നാൽ മതിയെന്നാണ് മിസ് പറഞ്ഞത്. എനിക്ക് ബ്രഡ് തിന്നുമ്പം ഛർദ്ദിക്കാൻ വരും( ഓക്കാനിക്കുന്നു... നെഞ്ച് തടവുന്നു)

ഒന്നാമൻ : (രണ്ടാമനോട്) ഇങ്ങിനെയൊക്കെയാണോ ഇവിടത്തെ ഏർപ്പാട്.

രണ്ടാമൻ : ഈ കാശുവാങ്ങുന്നതൊക്കെ പിന്നെ എന്തിനാ.

അച്ഛൻ : ങ്ഹേ. നിങ്ങൾക്ക് കൈകഴുകാൻ പോലും വെള്ളമില്ലെന്നോ? ഓരോ ക്ലാസ്സുകാർക്കും വെള്ളത്തിനുള്ള ടാപ്പും പൈപ്പുമിടാനാണെന്ന് പറഞ്ഞല്ലേ ഇക്കൊല്ലമാദ്യം 500 രൂപവച്ച് വാങ്ങിയത്. എന്നിട്ടിപ്പോഴും വെള്ളമില്ലേ? കുട്ടികളുടെ ആരോഗ്യവും സൗകര്യവും അവർക്ക് പ്രശ്നമല്ലല്ലോ.

എന്നാൽ മോന് ഞാനൊരു കാപ്പി... അല്ല ഹോർലികസ് വാങ്ങിത്തരാമായിരുന്നു. പക്ഷെ കട അടുത്തെങ്ങുമില്ലല്ലോ.( വാച്ച് നോക്കി എനിക്കാണെങ്കിൽ ഇന്ന് ഓഫീസർ വരുന്ന ദിവസമാണ്. ഇന്നെങ്കിലും നേരത്തെ എത്തണമെന്ന് കരുതിയതാ. (ദേഷ്യത്തിൽ) നിനക്ക് വെള്ളം വല്ലതും വേണമായിരുന്നെങ്കിൽ രാവിലെ ട്യൂഷൻ മാസ്റ്ററുടെ വീട്ടിൽ വച്ച് പറയാൻ വയ്യായിരുന്നോ? ഞാൻ വാങ്ങിച്ചു തരുമായിരുന്നല്ലോ.

കുട്ടി : രാവിലത്തെ ട്യൂഷൻ കഴിഞ്ഞപ്പോഴാണ് ക്ഷീണം തോന്നിയത്. ഏഴര മണിക്ക് നമ്മൾ പോന്നതല്ലേ. എനിക്കിനി രാവിലത്തെ ട്യൂഷൻ വേണ്ടച്ഛാ.

അച്ഛൻ : അയ്യോ. മോൻ അങ്ങിനെ പറഞ്ഞാലെങ്ങനാ. മോനൊരു ഡോക്ടറോ എഞ്ചിനീയറോ ആകണ്ടെ. പിന്നേ ആ സാറ് അടുത്ത കൊല്ലം മുതൽ തന്നെ ട്യൂഷനോടൊപ്പം കുട്ടികൾക്ക് എൻട്രൻസിനുള്ള കോച്ചിംഗും തുടങ്ങും അപ്പോൾ അവിടത്തെ ട്യൂഷൻ കളയാൻ പറ്റുമോ.

കുട്ടി: എന്നാൽ വൈകീട്ടത്തെ ട്യൂഷൻ വേണ്ടച്ഛാ. എത്ര നാളായി ഞാനൊന്ന് കളിച്ചിട്ട്.

അച്ഛൻ:(പെട്ടെന്ന് ഓർത്തമട്ടിൽ) അയ്യോ ഇന്നെന്താഴ്ചയാ? ഒരു ഡയറി പോക്കറ്റിൽ നിന്നെടുത്തു നോക്കുന്നു. ആ ഇന്ന് വൈകുന്നേരം മോന് കണക്കാണ്. ആ ട്യൂഷൻ വേണ്ടന്ന് വെക്കാനോ?

കുട്ടി: (ദേഷ്യപ്പെട്ട്) എനിക്ക് വയ്യ. ഇങ്ങനെ രാവിലെ ഒരിടത്ത് ട്യൂഷൻ വൈകുന്നേരം വേറൊരിടത്ത്. ഓരോ ട്യൂഷൻ സാറും ഓരോന്ന് പഠിക്കാനും ബുക്ക് നിറയെ എഴുതാനും പറയും. ക്ലാസ്സിലെ ടീച്ചർമാരുടെ വക വേറെ. പിന്നെ കുറേ കോച്ചിംഗും കീച്ചിംഗും ഇമ്പോസിഷനും കോമ്പോസിഷനും എല്ലാം കൂടി എനിക്ക് വയ്യ. (തേങ്ങുന്നു)

അച്ഛൻ: ഇങ്ങനെ പറഞ്ഞ് നിലവിളിക്കാതെ. മോനെന്താ വേണ്ടത്? ഐസ്ക്രീമോ ചോക്ലേറ്റോ ബബിൾഗമോ ഏതായാലും പറഞ്ഞോളു. അച്ഛൻ വൈകുന്നേരം കൊണ്ടുവരാം.

കുട്ടി: ഒന്നും വേണ്ട. അച്ഛൻ 4 മണിക്ക് തന്നെ ഇവിടെ എത്തിയാൽ മതി.

അച്ഛൻ 4 മണിക്കെത്തണമെങ്കിൽ 3 മണിക്കേ ഞാൻ ഓഫീസിൽ നിന്നിറങ്ങേണ്ടേ? ഇന്ന് ഓഫീസറുള്ളതിനാൽ അങ്ങിനെ മുങ്ങാൻ പറ്റില്ല എന്നാലും ഞാനൊരു നാലര നലേമുക്കാൽ മണിയോടെ എത്താം. പോരെ? എന്തിനാ നേരത്തേ വരണമെന്ന് മോൻ പറഞ്ഞത്.

കുട്ടി: എന്നെ ഒന്ന് പാർക്കിലോ മൃഗശാലയിലോ കൊണ്ട് പോണം

അച്ഛൻ: (ഡയറിയെടുത്ത് പരിശോധിച്ചിട്ട്) നാളെ ഒരു പരീക്ഷയില്ലെ? പഠിക്കേണ്ടേ മോന് അല്ലെങ്കിൽ റാങ്ക് പിന്നിലാവില്ലേ?

കുട്ടി: പിന്നിലാവട്ടെ. എനിക്ക് പാർക്കിലോ മൃഗശാലയിലോ ഒന്ന് പോകണം

അച്ഛൻ: (ആലോചിച്ച്) എങ്കിൽ അച്ഛനൊരു കാര്യം ചെയ്യാം. മൃഗങ്ങളുടെയെല്ലാം കളർ ഫോട്ടോയുള്ള ഒരു ബുക്ക് ലൈബ്രറിയിലുണ്ട് അത് ഞാൻ കൊണ്ടുവന്ന് തരാം. അതിന്ന് കണ്ടാൽ മതി. ഇത്തവണ ആ മഞ്ചേഷിനേക്കാൾ മാർക്ക് വാങ്ങി മോൻ മുമ്പിലെത്തണം. അവനേക്കാൾ എന്ത് കുറവാ മോനുള്ളത്.

കുട്ടി: എന്ത് പറഞ്ഞാലും മഞ്ചേഷ് .. കിഞ്ചേഷ്. അച്ഛാ ഞാനൊരു കാര്യം ചോദിക്കട്ടെ?

അച്ഛൻ: ആ ചോദിക്ക്. വേഗം പോകണം എനിക്ക് അല്ലെങ്കിൽ ഇന്ന് അര ലീവ് പോയതുതന്നെ.

കുട്ടി: അച്ഛാ നമ്മുടെ വീടിന്റെ അടുത്തുള്ള ഡോക്ടർമാമൻ അച്ഛന്റെ കൂടെ പഠിച്ചതാണെന്നല്ലേ പറഞ്ഞത്. നേരാണോ?
അച്ഛൻ: നേരാണോന്ന്. ഞങ്ങൾ ഒരേ ബെഞ്ചിൽ അടുത്തടുത്തിരുന്നാണ് പഠിച്ചത്.
കുട്ടി: എന്നിട്ട് അച്ഛനെന്താ ഡോക്ടറാകാഞ്ഞത്? വല്യ വീട് വെയ്ക്കാഞ്ഞത്? അച്ഛന് ഈ പൊട്ട സ്ക്കൂട്ടറുമാത്രം. അച്ഛൻ മണ്ടനായിരുന്നോ അച്ഛാ?
അച്ഛൻ: അതോ അത് എന്തു പറഞ്ഞാലും നിനക്ക് ഒരു തറുതല പറച്ചില്. ഇതിനാണോടാ നിന്നെ ഇത്ര കഷ്ടപ്പെട്ടു നഗരത്തിലെ വല്യ സ്ക്കൂളിൽ കൊണ്ടുവന്നു പഠിപ്പിക്കുന്നത്. ഇത് പറയാൻ നിനക്കൊട്ടും ക്ഷീണമില്ല. പോ. പോടാ ക്ലാസ്സിൽ (ഉന്തി വിടുന്നു. കുട്ടി ഭാരം പേറി ക്ഷീണിതനായിപ്പോകുന്നു.)
ഒന്നാമൻ: ആ കുട്ടി പറയുന്നതിലും കാര്യമുണ്ട്. അവനോന്റെ മിടുക്കല്ലേ മക്കൾക്കുണ്ടാവുക? ഇങ്ങനെയൊക്കെ ബുദ്ധിമുട്ടിച്ച് കുട്ടികളെ ഇത്ര ദൂരെക്കൊണ്ടുവന്നു പഠിപ്പിക്കണോ എന്നാണ് ഞാൻ ആലോചിക്കുന്നത്.
ഒന്നാമൻ: ഞാൻ സീറ്റുറപ്പിക്കാൻ വേണ്ടി കാശ് കൊടുക്കാഞ്ഞതു നന്നായീന്ന് തോന്നുന്നു. പോകാം. (അച്ഛൻ ഒരു നിമിഷം കുട്ടിയെ നോക്കി നിന്നിട്ടു പോകാൻ തുടങ്ങുമ്പോൾ കുട്ടി ഉച്ചത്തിൽ അച്ഛാ നിൽക്ക് എന്ന് നിലവിളിച്ചുകൊണ്ടു വരുന്നു.)
രണ്ടാമൻ: നിൽക്ക്. ആ കുട്ടിക്കെന്തോ പറ്റീന്നു തോന്നുന്നു.
അച്ഛൻ: (പോകാതെ തിരിച്ചു വന്നിട്ട് എന്തുപറ്റി? എന്താ, പറയൂ മോനെ)
കുട്ടി: (നിലവിളിച്ചുകൊണ്ട്) ഇന്നു മുഴുവൻ ക്ലാസ്സിൽ എനിക്ക് രണ്ടു കൈയ്യും പൊക്കി നിൽക്കേണ്ടി വരും. അല്ലെങ്കിൽ നൂറു തവണ ഏത്തംഇടണം. ഫൈനും കൊടുക്കണം. എനിക്കു വയ്യ ഇന്നു ക്ലാസ്സിൽ പോകാൻ.
അച്ഛൻ: എന്തിനാ മോനെ ഫൈൻ? നീയെന്തെങ്കിലും കുഴപ്പം ചെയ്തോ? വല്ല സാധനവും നശിപ്പിച്ചോ?
കുട്ടി: (ഏങ്ങലടിച്ച്) അച്ഛനോട് വർത്തമാനം പറഞ്ഞിട്ട് ഞാൻ അങ്ങോട്ടു തിരിഞ്ഞപ്പോൾ ഞങ്ങളെ പഠിപ്പിക്കുന്ന ടീച്ചർ എന്നെ കണ്ടു. who is that fellow, Dnoop എന്ന് ടീച്ചർ ചോദിച്ചു. ഞാൻ പറഞ്ഞു അതെന്റെ അച്ഛനാണെന്ന്. It is my daddy എന്ന് ഇംഗ്ലീഷിൽ പറയാൻ ഞാൻ ഓർത്തില്ല. ഉടനെ ടീച്ചർ പറയുകയാണ് you will be fined and punished എന്ന്. അതിന്നുള്ള punishment ഇന്നുണ്ടാകും. കഴിഞ്ഞയാഴ്ച ഒരു കുട്ടി മലയാളം പറഞ്ഞതിന് നൂറുതവണ ഏത്തം ഇടീച്ചു. ആകുട്ടി മയങ്ങി വീണു. മൂക്കിൽനിന്ന് ഒത്തിരി ചോര പോയി.ഇന്നെന്നേം അങ്ങനെ ചെയ്യിക്കും. പിന്നെ ഫൈനും കൊടുക്കണം. എനിക്കു വയ്യാ....ഇന്ന്.
അച്ഛൻ: ദൈവമേ, ഇന്നു ഞാനെന്തു ചെയ്യും! കൈയ്യിൽ കാശുമില്ലല്ലോ ഫൈനടയ്ക്കാൻ. ഈശ്വരാ (കുട്ടിയെ ചേർത്തു നിർത്തി വിഷണ്ണനായി സ്റ്റിൽ ആകുന്നു.)
കോറസ് വന്ന് മുമ്പിൽ ഭിത്തിപോലെ നിൽക്കുന്നു.
അനുയോജ്യമായ പശ്ചാത്തലസംഗീതം.
കോറസ്: രക്ഷിതാക്കളേ! നിങ്ങളും കുട്ടികളെ ഇങ്ങനെ പീഡിപ്പിക്കണോ? ബാല്യകാലം ഒന്നേയുള്ളൂ. കുട്ടികൾക്ക് അത് നഷ്ടപ്പെടുത്തരുത്. കുട്ടികളെ കഷ്ടപ്പെടുത്തരുത്.
കോറസിൽ നിന്നൊരാൾ: (മുന്നോട്ടു നീങ്ങിനിന്ന്) ചുറ്റുപാടും കണ്ടും കേട്ടുംകളിച്ചും ചിരിച്ചും ഭയപ്പാടില്ലാതെ ചെറുപ്പത്തിൽ സ്വയം പഠിക്കാൻ കുട്ടികൾക്ക് അവസരം നൽകുക. അപ്പോഴേ അവരുടെ ബുദ്ധി വളരൂ. മനസ്സു തെളിയൂ. നിർബന്ധിച്ചു പഠിപ്പിച്ചതുകൊണ്ട് ഒരു കുട്ടിയും ബുദ്ധിശാലിയാകുകയില്ല.
മറ്റൊരാൾ: (മുന്നോട്ട് നീങ്ങിനിന്ന്)എൽ.കെ.ജി മുതൽ കുട്ടികൾക്കു നൽകുന്ന പഠനഭാരവും സമ്മർദ്ദവും താങ്ങാൻ പിഞ്ചുതലച്ചോറിന് കരുത്തില്ല. അവ തളർന്നു മുരടിക്കാതിരിക്കാൻ എന്തുചെയ്യും? ലോകപ്രസിദ്ധവിദ്യാഭ്യാസ വിദഗ്ധർ പറയുന്നത് കേൾക്കൂ.
(മറിയമോണ്ടിസോറിയുടെ ചിത്രവുമായി ഒരു വനിത വന്നിട്ട്)
വനിത: ഞാൻ മറിയമോണ്ടിസോറി. ശിശുക്കളുടെ പഠനത്തെപ്പറ്റി ഒട്ടേറെ പഠിച്ചു. ചിന്തിച്ചു. അതിൽനിന്നെനിക്കു മനസ്സിലായ കാര്യമിതാണ്. ശിശുക്കൾക്ക് പഠനമെന്നത് രസകരമായ കളികളും പ്രവർത്തനങ്ങളുമാകണം. ആറു വയസ്സിനു മുമ്പ് കുട്ടികളെ അക്ഷരങ്ങളുടെയും അക്കങ്ങളുടെയും ഭാരം പേറിച്ച് പീഡിപ്പിക്കാതിരിക്കണം. അതിനാണ് ഞാൻ കിന്റർഗാർട്ടൻ രീതി വികസിപ്പിച്ചത്.
മറ്റൊരാൾ: പക്ഷെ, ഇന്നു നമ്മുടെ നാട്ടിലോ കിന്റർഗാർട്ടൻ എൽ.കെ.ജി, .യു.കെ.ജി എന്നീ പേരുകളിൽ നടത്തുന്ന സ്ക്കൂളുകളിലേക്ക് കുട്ടികളെ ടൈയിലും ഷൂസിലും കുടുക്കി പുസ്തകക്കെട്ടിന്റെ ഭാരം പേറിച്ച് പിഞ്ചിലേ വീട്ടിൽ നിന്ന് പിഴുതു മാറ്റുന്നു. അവരുടെ കുട്ടിക്കളികൾ എന്നന്നേയ്ക്കുമായി നഷ്ടപ്പെടുന്നു. രക്ഷിതാക്കളുടെ പൊങ്ങച്ചവും അജ്ഞതയും മുതലെടുത്തുകൊണ്ട് പണം കൊയ്യാൻ മുക്കിനു മുക്കിനു റക്കഗ്നൈസ്ഡ് ഇംഗ്ലീഷ് മീഡിയം സ്ക്കൂളുകൾ ചായക്കടകൾ പോലെ ഉയർന്നു വരുന്നു.
മറ്റൊരാൾ: ആധുനിക പ്രായോഗിക വിദ്യാഭ്യാസ ചിന്തകനായ ജോൺ ഡ്യൂയി പറയുന്നത് കേൾക്കൂ.

(മറ്റൊരാൾ ജോൺ ഡ്യൂയിയുടെ ചിത്രമോ വേഷമോ ധരിച്ച്) കുട്ടികളുടെ താൽപര്യം, അഭിരുചി ഇവ കണക്കിലെടുത്ത് അധ്യാപകൻ ഒരു കൂട്ടുകാരനും സഹായിയും വഴികാട്ടിയുമായി കുട്ടിയെ സ്വയം പഠനത്തിലേയ്ക്കു നയിക്കുന്നതാണ് യഥാർത്ഥ വിദ്യാഭ്യാസ പ്രവർത്തനം. അങ്ങനെയുള്ള സ്കൂളിൽ പഠിച്ച കുട്ടികൾ യഥാർത്ഥ പ്രതിഭാശാലികളും മിടുക്കരുമാകുന്നു. വിദ്യാഭ്യാസം മാതൃഭാഷയിലൂടെത്തന്നെ നടത്തണം. ശിക്ഷിച്ചും ശാസിച്ചും പേടിപ്പെടുത്തിയും നടത്താവുന്ന ഒന്നല്ല പഠനം. പശ്ചാത്തലത്തിൽ വള്ളത്തോളിന്റെ കവിത മന്ദ്രമധുരമായി ഉയരുന്നു.

ഏതൊരു ഭാഷയും ഏതൊരു ശാസ്ത്രവും

..........

(പാട്ടിനോടൊപ്പിച്ച് കോറസ് രസകരവും സന്തോഷകരവും പ്രവർത്തനാധിഷ്ഠിതവുമായ പുതിയ അധ്യാപനത്തിന്റെ ഒരു രംഗം സൃഷ്ടിക്കുന്നു. പഠനസംഘം പോകുമ്പോൾ)

ഒന്നാമൻ: എഴുന്നേറ്റ്, ചങ്ങാതീ ഞാനെന്റെ കുട്ടിയെ ഇവിടെ ചേർക്കുന്നില്ല.

രണ്ടാമൻ: നിൽക്ക് ഹേ! ഇതൊരൊറ്റപ്പെട്ട സംഭവമല്ലേ?

ഒന്നാമൻ: ഒറ്റപ്പെട്ടതല്ല. ആണെങ്കിൽത്തന്നെ ആ ഒറ്റപ്പെടുന്നത് നമ്മുടെ കുട്ടി തന്നെയായാലോ?

ഒന്നാമൻ: അവിടെ അതെന്താണ് ഒരു ബഹളം? (വെളിയിലേയ്ക്ക് ഇരുവരും നോക്കുന്നു)

(ഒരു സ്ത്രീ കലിതുള്ളി വരുന്നു. ഒപ്പം ഒരു പെൺകുട്ടിയും)

അമ്മ: ആരാ അങ്ങനെ നിശ്ചയിക്കാൻ. എങ്കിലതെനിക്കൊന്നറിയണമല്ലോ.

പെൺ: നിൽക്കമ്മേ! അമ്മയിപ്പം അങ്ങോട്ടു പോകണ്ട. (പിടിച്ചു വലിക്കുന്നു)

അമ്മ: നീയും വാ. (അന്യോന്യം വലിക്കുന്നു) ഇപ്പോൾത്തന്നെ പോണം ചോദിക്കണം.

വാച്ചർ: (ഓടി വന്നിട്ട്) ഹേ! എന്താണ് ബഹളമുണ്ടാക്കുന്നത്? കുട്ടിയെ വിടൂ. മുതിർന്നവർ കുറച്ചു മാറി നിൽക്കണം. കുട്ടികൾ മാത്രം ഇപ്പോൾ കടന്നുപോയാൽ മതി.

സ്ത്രീ: താനാരാ ഇതു പറയാൻ? ഡി.എസ്.പിയോ അതോ ഡി.പി.ഐയോ? വാടി ഇങ്ങോട്ടു പോകാൻ. (പോകാൻ തുടങ്ങുന്നു)

വാച്ചർ: തടഞ്ഞു നിന്നിട്ട് ! അയ്യോ ഞാനിവിടുത്തെ പാവം വാച്ചറാണേ. എന്റെ കഞ്ഞിയിൽ പാറ്റയിടല്ലേ. ഒന്നു നിൽക്കണേ

സ്ത്രീ: എങ്കിൽ പറ. താനിവളുടെ അച്ഛനെ കണ്ടോ?

വാച്ചർ: ഏതച്ഛനെ?

സ്ത്രീ: ഫ! ഇവൾക്ക് ഒരച്ഛനെയുള്ളെടോ. തനിക്കറിയില്ലെ ഈ കുട്ടിയെ.

വാച്ചർ: യൂണിഫോറം ഇട്ടുവരുമ്പോൾ എല്ലാ കുട്ടികളും ഒന്നുപോലെയാ എനിക്കു തോന്നുക. (സൂക്ഷിച്ചുനോക്കിയിട്ട്) അയ്യോ ഇതാരാ? രമ്യമോളല്ലേ? എന്താ കൊച്ചമ്മേ പ്രശ്നം?എനിക്ക് ആദ്യം മനസ്സിലായില്ല കേട്ടോ! സാറല്ലേ അൽപം മുമ്പിവിടെ വന്നുപോയത്.

സ്ത്രീ: എങ്ങോട്ട്

വാച്ചർ: അങ്ങോട്ട്. (അകത്തേക്കു ചൂണ്ടി) മാനേജരെ കാണാൻ.

സ്ത്രീ: നിന്റച്ഛൻ മാത്രം പോയിട്ട് വലിയ കാര്യമില്ല. ഞാനങ്ങോട്ടു ചെല്ലാം. എനിക്കറിയാം. പറഞ്ഞു കൊടുക്കാൻ. നീ വാമോളേ!

കുട്ടി: അമ്മയിവിടെ അൽപനേരം കൂടി നിൽക്ക്. അച്ഛൻ സംസാരിച്ചിട്ടു വരട്ടെ. (പിടിച്ചു നിർത്തുന്നു)

വാച്ചർ: എന്താ കൊച്ചമ്മേ കാര്യം.

സ്ത്രീ: തന്നോടു പറഞ്ഞിട്ടെന്താ പ്രയോജനം. താനല്ലല്ലോ കുട്ടിയെ ചേർത്തതും കാശുവാങ്ങിയതും ഇത്രകാലം പഠിപ്പിച്ചതും.(നടക്കുന്നു)

വാച്ചർ: അതേയതെ! ഞാനല്ല ടി.സി കൊടുത്തുവിടുമെന്നു പറഞ്ഞതും.

സ്ത്രീ: (തിരിച്ചുവന്ന്) അപ്പോൾ താനും അതറിഞ്ഞു കഴിഞ്ഞു. എടോ എന്റെ മോൾ എത്ര കൊല്ലമായി ഇവിടെ പഠിക്കുന്നതെന്നറിയാമോ?

വാച്ചർ: എൽ.കെ.ജി, യു.കെ.ജി മൂന്നുകൊല്ലം. പിന്നെ 9-ാം ക്ലാസ്സുവരെ. ആകെ 11 കൊല്ലം കഴിഞ്ഞു.

സ്ത്രീ: എടോ ഇക്കാലത്തിനുള്ളിൽ എത്രയെത്ര കാശാ ഇവർ പിടുങ്ങിയതെന്നറിയാമോ? ലക്ഷക്കണക്കിനാ.

വാച്ചർ: ലക്ഷങ്ങൾക്കൊന്നിനും ഇപ്പോൾ വിലയില്ല കൊച്ചമ്മാ. ഓരോ കുട്ടിയുടേയും പക്കൽ നിന്നും അങ്ങനെ വാങ്ങുന്നുണ്ടല്ലോ. നിങ്ങളുടേതു മാത്രമല്ലല്ലോ.

സ്ത്രീ: എല്ലാരുംപോലെയാണോ ഞങ്ങൾ? എടോ ഇവടച്ഛൻ പി.റ്റി.എ പ്രസിഡന്റായതിനുശേഷമാ ഈ സ്ഥാപനം ഇങ്ങനെ വളർന്നത്. ഈ കെട്ടിടങ്ങളും മതിലും ഗേറ്റും ഗ്രൗണ്ടും ഒക്കെ ഉണ്ടാക്കിയത് ഞങ്ങളുടെ കാശുകൊണ്ടാ.പോരാത്തതിന് ഞങ്ങളിറങ്ങി നാട്ടുകാരോടു സംഭാവന പിരിച്ച് പരിപാടി നടത്തിയിട്ടാ പലതും ഇവിടെ നടന്നത്. അന്നൊക്കെ തലേന്നും പിറ്റേന്നും ഇവർ വീട്ടിൽ നിന്നിറങ്ങില്ലായിരു

ന്നു. എൽ.പി യു.പിയാക്കാൻ യു.പി ഹൈസ്ക്കൂളാക്കാൻ. അംഗീകാരം കിട്ടാൻ. ഇവടച്ഛന്റെ ഭരണവും രാഷ്ട്രീയസ്വാധീനവും സഹായവും ഇല്ലായിരുന്നെങ്കിൽ കാണാമായിരുന്നു. എന്നിട്ടും ഒക്കെ മറന്നു നന്ദികെട്ട കൂട്ടം.

വാച്ചർ: നന്ദിയല്ലല്ലോ പണമല്ലേ ഇപ്പോൾ പ്രയോജനമുള്ളത്.

സ്ത്രീ: എനിക്കറിയാം. ഇവിടെ ചെലവാക്കിയ പണത്തിന്റെയും അധ്വാനത്തിന്റെയും പത്തിലൊന്ന് സാധാരണ ഗവ.സ്ക്കൂളിന് ചെലവാക്കി അവിടെ എന്റെ മോളെ പഠിപ്പിച്ചിരുന്നെങ്കിൽ അവൾക്ക് ഡിസ്റ്റിംഗ്ഷൻ ഉറപ്പായിട്ടും കിട്ടുമായിരുന്നെടോ. അവസാനം ഞങ്ങൾക്ക് ഇങ്ങനെ വിഷമിക്കേണ്ടിയും വരില്ലായിരുന്നു. (തൊണ്ട ഇടറുന്നു. മൂക്കു തുടയ്ക്കുന്നു)

വാച്ചർ: സത്യത്തിൽ ഓരോ രക്ഷിതാവും അതാണ് കൊച്ചമ്മേ ചെയ്യേണ്ടത്.അവനവന്റെ നാട്ടിലെ സ്ക്കൂൾ നന്നാക്കുക. അവിടെ കുട്ടികളെ പഠിപ്പിക്കുക. അതിനു പകരം വണ്ടികേറ്റീം... ഭാണ്ഡവും പേറിച്ച് ....കുട്ടികൾക്കൊന്ന് ഉറക്കെച്ചിരിക്കാൻ ഇവിടെ പറ്റുമോ? പേരും പുതുമയും കേട്ട്(ചുറ്റും നോക്കി പതുക്കെ) കുട്ടികളെ ഇവിടെ ചേർത്ത് കുറച്ച് കഴിയുമ്പോഴാ രക്ഷിതാക്കൾക്ക് മനസ്സിലാകുന്നത് പിടിച്ചത് പുലിവാലാണെന്ന്. പിന്നെ വിടാനും വയ്യ തുടർന്ന് പഠിക്കാനും വയ്യാത്ത സ്ഥിതിയാകും.

സ്ത്രീ: പേരും പെരുമയും. കുട്ടികൾ മാർക്കും സമ്മാനവും വാങ്ങുന്നത് നല്ല രക്ഷിതാക്കൾ പുറത്ത് പണം മുടക്കി പടിപ്പിച്ചിട്ടാ– കലാമേളക്കായാലും കളികൾക്കായാലും.

വാച്ചർ: അടികൊള്ളാൻ ചെണ്ട പണം വാങ്ങാൻ മാരാരും

സ്ത്രീ: അങ്ങിനെ അടികൊള്ളാൻ നിന്നുകൊടുക്കാനല്ല ഇപ്പോൾ ഞങ്ങൾ വന്നത്. ടി.സി വാങ്ങണോ വേണ്ടയോ എന്ന് ഞങ്ങളാ തീരുമാനിക്കുന്നത്.

കുട്ടി: അമ്മക്കത് പറയാം. ടി.സി വാങ്ങിപ്പോയില്ലെങ്കിൽ പിന്നെ ഓരോ ടീച്ചർമാരും പിന്നെ ഹെഡ്മിസ്ട്രസും ക്ലാസ്സിൽ വന്ന് എല്ലാ കുട്ടികളുടേയും മുന്നിൽ വച്ച് എന്നെ ചീത്തപറയും. കളിയാക്കും,അടിക്കും. ഒന്നിനും എത്ര എഴുതിയാലും മാർക്കും തരില്ല. അങ്ങിനെ ഇനി എനിക്കിവിടെ പഠിക്കാൻ വയ്യ. ഇവിടം ജയിലിനേക്കാൾ കഷ്ടമാണ്.

സ്ത്രീ: ഒന്ന് മുതൽ ഏഴുവരെ ഏറ്റവും മുന്നിലായ നീ ഇപ്പോളെങ്ങനെയാണ് പെട്ടെന്ന് പിന്നിലാവുന്നത്. നീ മോശം കുട്ടിയാണെങ്കിൽ എന്തുകൊണ്ടിവർ നാലിലോ ഏഴിലോ വച്ച് വിവരം പറഞ്ഞില്ല. അന്ന് വിട്ടുകൂടായിരുന്നോ? രണ്ടു വർഷത്തെ കാശുകൂടി വാങ്ങിച്ചിട്ട് വിടാമെന്ന് വച്ചോ? (വാച്ചറെ നോക്കി) എടോ തനിക്കറിയുമോ ഏത് ടീച്ചറാ ഇവൾക്ക് ക്ലാസ്സുപോലും കിട്ടില്ലെന്ന് കണ്ടുപിടിച്ചത്?

വാച്ചർ : അയ്യോ അക്കാര്യമൊന്നും എനിക്കറിയില്ലേ.. (ഗേറ്റിലേക്ക് നോക്കി). ഭാഗ്യം അതാ രമ്യമോളെ പഠിപ്പിച്ച ഒരു ടീച്ചർ വരുന്നു. അങ്ങോട്ട് ചോദിച്ചാട്ടെ.

സ്ത്രീ: ടീച്ചറെ ഒന്ന് നിൽക്കണെ. ഇവളെ ഓർമയുണ്ടോ ടീച്ചറിന്.

ടീച്ചർ: പിന്നെ രമ്യയെ ഞാൻ മറക്കുമോ. എന്റെ ക്ലാസ്സിലെ മിടുക്കരായ കുട്ടികളിൽ ഒരാളായിരുന്നല്ലോ.

സ്ത്രീ: എന്നാലെ ഇവളാത്രേ സ്കൂളിലെ ഏറ്റവും വലിയ മണ്ടി.

ടീച്ചർ: ആരു പറഞ്ഞു?

സ്ത്രീ: അതാണ് എനിക്കുമറിയേണ്ടത്. ഇവൾ മണ്ടിയായതുകൊണ്ട് ടി.സി. തന്നുവിടാൻ പോകുന്നെന്ന്. (കണ്ഠമിടറി) ഇത്രകാലമിവിടെ പഠിച്ചിട്ട്.... ഇനി ഇവളെ എവിടെ കൊണ്ടുപോയി പഠിപ്പിക്കും. എങ്ങിനെ ഇവൾക്ക് പഠിക്കാൻ കഴിയും? നിങ്ങൾക്കൊന്നും ഗുണം പിടിക്കത്തില്ല. (കണ്ണീരു തുടക്കുന്നു)

ടീച്ചർ: അയ്യോ ചേച്ചി ഇതൊക്കെ ഇനി എന്നോട് പറഞ്ഞിട്ടു കാര്യമില്ല. ഞാനീ സ്കൂളിൽ നിന്ന് വിട്ട് പോവുകയാണ്.

കുട്ടി: (ടീച്ചറിന്റെ കയ്യിൽ പിടിച്ചിട്ട്.)ടീച്ചർ എങ്ങോട്ടാ പോകുന്നത്? ഞങ്ങൾക്ക് ഏറ്റവും ഇഷ്ടപ്പെട്ടത് ടീച്ചറിനെയായിരുന്നു. ടീച്ചർ എന്താ ഇവിടെനിന്നും പോകുന്നത്?

ടീച്ചർ: മോളെ ഒരു നിവൃത്തിയുമില്ലാഞ്ഞിട്ടാ. ഇത്രകാലം 600 രൂപ ശമ്പളത്തിനാണ് ഇവിടെ ജോലി ചെയ്തത്. ദിവസം 20 രൂപ. കൂലി വേല ചെയ്താൽ നിത്യേന 50, 60 രൂപ കിട്ടും. പഠിച്ചുപോയതുകൊണ്ടാ. എനിക്കേതായാലും ഗവ.സ്കൂളിൽ ജോലി കിട്ടി. ഇപ്പോഴത്തേതിന്റെ നാലിരട്ടി ശമ്പളം കിട്ടും. പിന്നെ നിങ്ങളെപ്പോലുള്ള ഒന്നോ രണ്ടോ മിടുക്കർ ചെലപ്പോൾ കണ്ടേക്കും. അവരെ പീഢിപ്പിക്കാതെ പഠിപ്പിക്കാമല്ലോ.

കുട്ടി: ടീച്ചർ പോകുന്ന സ്കൂളിൽ ടീച്ചറെപോലുള്ള പലരും ഉണ്ടാകില്ലേ?

ടീച്ചർ: തീർച്ചയായും.

കുട്ടി: എനിക്കു കൂടി അവിടെയെങ്ങാനും ചേരാൻ കഴിഞ്ഞിരുന്നെങ്കിൽ ഈ ജയിലിൽ നിന്ന് രണ്ടു കൊല്ലമെങ്കിലും...

ടീച്ചർ: വേണ്ട മോളെ ഇത് ഇംഗ്ലീഷ് മീഡിയമല്ലേ. മോളിവിടത്തന്നെ തുടരാൻ നോക്കുക. അതാ മോടച്ഛൻ വരുന്നു ഞാൻ പോകട്ടെ.

അച്ഛൻ വിഷാദിച്ച് കടന്നുവരുന്നു. ആരേയും നോക്കുന്നില്ല. നേരേ പോയി തുടങ്ങുമ്പോൾ
കുട്ടി: അച്ഛാ (അച്ഛൻ തല താഴ്ത്തി നിൽക്കുന്നു) എന്തു പറഞ്ഞു മാഡം.
സ്ത്രീ: എന്തു പറഞ്ഞു അവർ. (ഉത്തരമില്ല) അവരെന്തു പറഞ്ഞെന്ന് ? (ഭർത്താവിനെ പിടിച്ച് കുലുക്കിയിട്ട്) അവരെന്ത് പറഞ്ഞെന്ന്? (ഭാവം മാറി ദേഷ്യത്തിൽ) അവരെന്തു പറഞ്ഞാലും നടക്കാൻ പോകുന്നില്ല. (പരിഹാസത്തിൽ) അവരെന്ത് പറഞ്ഞാലും നടക്കാൻ പോകുന്നില്ല. (ചിരി. പൊട്ടിച്ചിരിയായി മാറുന്നു) അവരെന്ത് പറഞ്ഞാലും നടക്കാൻ പോകുന്നില്ല. ഞാനല്ലെ പറഞ്ഞത്. (ചിരിച്ച് ഭ്രാന്തമായി) ഞാനല്ലേ പറഞ്ഞത്
കുട്ടി: അമ്മേ അമ്മയൊന്ന് മിണ്ടാതിരിക്ക്. (മുറുക്കി പിടിക്കുന്നു) അമ്മ പിടിവിട്ട് ഓടുന്നു.
അച്ഛൻ: ലക്ഷ്മി (അച്ഛൻ പിന്നാലെ ഓടുന്നു. കുട്ടിയും അമ്മേ എന്ന് വിളിച്ച് പിന്നാലെ ഓടുന്നു.)
കോറസ് ജാഥപോലെ വന്ന് മറയായി നിൽക്കുന്നു. (ആദ്യത്തെ ഗേറ്റ് പോലെ) രഘുപതി രാഘവ എന്ന ഗാനത്തിന്റെ ഈണമോ പശ്ചാത്തലമോ ഉയരുന്നു. ഗാന്ധിജിയുടെ ഫോട്ടോയോ വേഷമോ ധരിച്ച ഒരാൾ കടന്നു വരുന്നു.
ഗാന്ധി: (ശബ്ദം) ഓരോ മനുഷ്യശിശുവിലും ഒട്ടേറെ കഴിവുകൾ ഒളിഞ്ഞ് കിടപ്പുണ്ട്. ജന്മസിദ്ധമായ ആ കഴിവുകളെ ഉണർത്തി വികസിപ്പിച്ചാലെ വിദ്യാഭ്യാസമാകു. ജീവിതത്തിൽ ഒട്ടും ആവശ്യമില്ലാത്ത കുറെ വിവരങ്ങൾ കാണാപാഠം കുത്തി നിറക്കാനുള്ള പഴംചാക്കല്ല അവരുടെ മനസ്സ്. ഓരോ കുട്ടിയും മറ്റൊരാളിൽ നിന്ന് വിഭിന്നനാണ്. അവരെ തമ്മിൽ താരതമ്യം ചെയ്യുന്നത് തെറ്റാണ്.
കുട്ടികളുടെ പഠനപുരോഗതി വിലയിരുത്തണ്ടത് ആകെ നേടിയ മാർക്കിന്റെ അടിസ്ഥാനത്തിലല്ല. മറിച്ച് ഓരോരുത്തരും അവരവരുടെ മുൻനേട്ടത്തിൽ നിന്ന് എത്രമാത്രം പുരോഗമിച്ചു എന്ന് നോക്കിയിട്ടാണ്. ഓരോ രക്ഷിതാവും ഓർമ്മിച്ചിരിക്കേണ്ട ഒരു കാര്യം ചോളവിത്തിൽ നിന്നും ഗോതമ്പുണ്ടാക്കാൻ കഴിയില്ലെന്നാണ്. (ഭജനം പൂജനമാരാധനയും എന്ന ട്യൂൺ പശ്ചാത്തലത്തിൽ ടാഗോറിന്റെ വേഷമോ ഫോട്ടോയോ ധരിച്ച ഒരാൾ വരുന്നു.)
കുട്ടികളുടെ അജ്ഞതയെന്ന രോഗം മാറ്റാനുള്ള വേദനാജനകമായ ചികിത്സ നൽകുന്ന ഒരാശുപത്രിയാകരുത് വിദ്യാലയം അവിടെ പ്രകൃതിയിൽ നിന്ന് പഠിക്കാനുള്ള പരിശീലനവും ആത്മപ്രകാശനത്തിനുള്ള അവസരവുമുണ്ടാകണം. അതിലൂടെ വ്യക്തിയെ സംസ്കരിച്ച് വളർത്തുന്നതാകണം വിദ്യാഭ്യാസം.

**താക്കോൽ**
ആറ് പേരടങ്ങുന്ന ഗ്രൂപ്പ് പണിയായുധങ്ങളുമായി വരിയായി വരുന്നു. സ്റ്റേജിന്റെ മദ്ധ്യഭാഗത്ത് എത്തി നിൽക്കുന്നു. (കുഴി തോണ്ടുന്നു)
ഗ്രൂപ്പ്- (പെട്ടി കണ്ടെത്തുന്നതായി നടിച്ച്)
അറിവിൻപെട്ടി, അഗ്നിപ്പെട്ടി, അക്ഷരപ്പെട്ടി-2
(പെട്ടി എടുത്ത് പോകാൻ ഭാവിക്കുന്നു. മേലാളന്മാർ (3 പേർ) ചാടിവീഴുന്നു.
മേലാ 3- എടാ......ടാ.....പെട്ടി താഴെ വെയ്ക്കാൻ
ഗ്രൂപ്പ്- ഇത് ഞങ്ങളുടേതാണ്. ഇത് ഞങ്ങൾ തരില്ല.
മേലാ-1 എടാ ഈ പെട്ടി ദൈവസിദ്ധമാണ്. ഇതിന്റെ യഥാർത്ഥ അവകാശി ഞങ്ങളാണ്.
ഗ്രൂപ്പ്-1 ഇത് ഞങ്ങളുടെ അദ്ധ്വാനത്തിന്റെ ഫലമാണ്.
2- കുറെക്കാലമായി നിങ്ങൾ ഇത് ദൈവത്തിന്റെ പേരും പറഞ്ഞ് ഒളിപ്പിച്ചുവെച്ചു.
3. ഇത് നിറയെ അറിവാണ്.
4. അദ്ധ്വാനത്തിന്റെ ഫലം
ഗ്രൂപ്പ് ഒന്നായി- ഇത് ഞങ്ങൾക്കും കൂടി അവകാശപ്പെട്ടതാണ്.
മേലാ-3 ഇവനൊക്കെ ഇത് എവിടുന്ന് പഠിച്ചു.
എടാ ദൈവകോപമുണ്ടാകും.
രണ്ടുപേർ ഗ്രൂപ്പിൽ നിന്ന് മാറുന്നു.
ഗ്രൂപ്പ്- ആ പാപം ഞങ്ങൾ സഹിച്ചോളാം.
മേലാ1- ഞങ്ങൾക്കവകാശപ്പെട്ട സ്ഥലത്തുനിന്നാണ് നിങ്ങൾ ഇത് കുഴിച്ചെടുത്തത്. അതുകൊണ്ട് തന്നെ ഇത് ഞങ്ങളുടേതാണ്.
മേലാ2-പണിയെടുത്തതിന് കൂലി മേടിച്ചുപോടാ.
കോറസ്- നിങ്ങൾക്കവകാശപ്പെട്ടതെന്തൊക്കെയാണെന്ന് ഞങ്ങൾ ഈ പെട്ടി തുറന്നൊന്നു നോക്കട്ടെ.
തെറ്റിപ്പിരിഞ്ഞവർ-വെറുതെ തർക്കിക്കേണ്ട നമുക്ക് കൂലി വാങ്ങി പോകാം.
ഗ്രൂപ്പ്-നിങ്ങൾ മിണ്ടാതിരിക്ക്. ഇത് നമ്മൾക്കും കൂടി അവകാശപ്പെട്ടതാണ്. (മേലാ2 കൂടമെടുത്ത് ചാടു

ന്നു)
മേലാ2- കൂടം-ഇരുമ്പുകൂടം. ചോദ്യത്തിന്റെ കുരുന്നുടക്കും ഇരുമ്പുകൂടം. സൂക്ഷിച്ചോ ഇത് പലതരമുണ്ട്. മേൽത്തരം ഇടത്തരം കീഴ്ത്തരം. വെയ്ക്കടാ പെട്ടി താഴെ.
കോറസ്-ഇല്ല
മേലാ1-ചാട്ട. വാക്കുകൾകൊണ്ടുള്ള ചാട്ട. വാളായ് തിളങ്ങുന്ന ചാട്ട. നമ്മെ എതിർക്കാൻ പോരുന്നോർക്കൊരു ചാട്ടുളിയാണീ ചാട്ട. വെയ്ക്കടാ പെട്ടി.
ഗ്രൂപ്പ്- ഇല്ല
മേലാളന്മാരുടെ തന്ത്രങ്ങൾ വിലപ്പോവില്ലെന്ന് കണ്ട് അടവുമാറ്റി അനുനയരൂപത്തിൽ)
മേലാ3- വെറുതെ എന്തിനാ നമ്മളിങ്ങിനെ തർക്കിക്കുന്നത്. നമ്മൾ ഒന്നിച്ചു കഴിയേണ്ടവരല്ലേ. നിങ്ങൾക്കു കൂടി വേണ്ടിയല്ലേ ഞങ്ങളിത് കൈകാര്യം ചെയ്യുന്നത്. അല്ലെങ്കിൽ തന്നെ നിങ്ങൾ പണിയെടുക്കുന്നവർക്ക് ഇത് സൂക്ഷിക്കാനും കൈകാര്യം ചെയ്യാനും എവിടെയാ നേരം. നിങ്ങൾക്ക് വേണ്ടത് ഞങ്ങൾ തരാം.
ഗ്രൂപ്പ്- ഉറപ്പ്-
മേലാ- ഉറപ്പ്- ങ്ഹാ പെട്ടിവെയ്ക്ക്
(ഗ്രൂപ്പ് പെട്ടി ഇറക്കി വയ്ക്കുന്നു)
മേലാളന്മാർ ഗ്രൂപ്പിനെ മാറ്റി നിർത്തുന്നു. അതിലൊരാൾ ഗ്രൂപ്പിന്റെ ശ്രദ്ധമാറ്റിയിട്ട് കുശലം ചോദിക്കുമ്പോൾ മറ്റ് രണ്ട് പേർ പെട്ടിയുടെ പൂട്ട് മാറ്റുന്നു.
മേല 1- ഇനി കടലാസ്സുവായിച്ച് ഒപ്പിട്ട് കൂലി വാങ്ങിച്ചോളു.
ഗ്രൂപ്പ്- വായിക്കാനോ. ഞങ്ങൾക്ക് അക്ഷരം അറിയില്ലല്ലോ.
മേലാ1- പഠിപ്പിക്കാം പഠിപ്പിക്കാം. ഇപ്പോൾ കയ്യൊപ്പിട്ട് കാശ് വാങ്ങിക്കോളു.(ഗ്രൂപ്പിൽ നിന്ന് തെറ്റിയ രണ്ടുപേർ കാശ് വാങ്ങി വരുന്നു. ഗ്രൂപ്പിലുള്ള വർക്ക് പങ്കുവെയ്ക്കുന്നു.
മേലാ- നൂറ് രൂപയുടെ വൗച്ചറിലാണ് ഒപ്പിട്ടത്. നമ്മൾ കൊടുത്തതോ പത്തുരൂപ. വിഡ്ഢികൾ ഇവനൊക്കെ അക്ഷരം പഠിച്ചാൽ നമ്മുടെ സ്ഥിതിയെന്താവും.
മേലാ2- പേടിക്കാനൊന്നുമില്ല. 21-ാം നൂറ്റാണ്ടാകുമ്പോഴേയ്ക്കും ലോകത്തേറ്റവും വലിയ നിരക്ഷരക്കൂട്ടം നമ്മുടെ രാജ്യത്തായിരിക്കും.
ഗ്രൂപ്പ്- ഞങ്ങൾക്കവകാശപ്പെട്ടത് കിട്ടിയില്ല.
മേലാ1- അതിന് നിങ്ങൾക്കക്ഷരം അറിയേണ്ടെ?
ഗ്രൂപ്പ്- എനിക്ക് കൂട്ടി വായിക്കാനറിയാം.
മേലാ1- ആഹാ അറിയാമോ? നിനക്ക് പറ്റിയത് ഞങ്ങളുടെ കയ്യിലുണ്ട്. (മനപ്രയാസം വാരിക ഇതിൽ 6 തുടർക്കഥ, 2 പ്രണയകഥ, ഡോക്ടറോട് ചോദിക്കാം, സൗന്ദര്യപ്രശ്നങ്ങൾ, പാചകരംഗം, വാരഫലം എല്ലാമുണ്ട്.)
(ഒരാൾ മനപ്രയാസം സൂക്ഷിച്ച് വായിക്കുന്നു.)
ഗ്രൂപ്പ്- ഇത് പെട്ടിയിലുള്ളതല്ല. ഞങ്ങൾക്കാവശ്യം ഇത്തരം സാധനങ്ങളല്ല.
മേലാ2-അങ്ങിനെയങ്ങ് ക്ഷോഭിച്ചാലോ. നിങ്ങൾക്ക് പറ്റിയ സാധനം ഞങ്ങളുടെ കയ്യിലുണ്ട്. ഇങ്ങോട്ട് നോക്കിക്കേ (ടി.വി. വിഷ്വൽ ചെയ്യുന്നു)
കളിചിരിപെട്ടി, കിലുക്കാംപെട്ടി, കരിനിഴൽപെട്ടി, ചിത്രപ്പെട്ടി ഇത് ചിരിച്ചീടിൽ ജനം ചിരിക്കും. ഇത് കരഞ്ഞീടിൽ ജനം കരയും.
ഗ്രൂപ്പ്- ഞങ്ങൾക്കാവശ്യം ഇതൊന്നുമല്ല. ഈ പെട്ടിയിലുള്ളത് യഥാർത്ഥമായത് നിങ്ങൾ തന്നില്ലെങ്കിൽ ഞങ്ങളത് പിടിച്ചുവാങ്ങും. വരിൻ (പെട്ടിയുടെ അടുത്തേക്ക് പായുന്നു)
ഗ്രൂപ്പ്- ഈ പെട്ടിയുടെ താഴ് മാറ്റിയിരിക്കുന്നുവല്ലോ. ഇതിന്റെ താക്കോലെവിടെ?
മേലാ1-ഹാ.ഹാ.ഹാ. നിങ്ങൾക്കത് തുറക്കാനാവില്ല. അതിന്റെ താക്കോൽ ഇതാ എന്റെ കയ്യിൽ.(ഗ്രൂപ്പ് താക്കോൽ പിടിച്ചുവാങ്ങാനായി മുന്നോട്ടായുന്നു) മേലാളന്മാർ ഗ്രൂപ്പിനെ കെട്ടിവരിയുന്നു.
വിദ്യാധനം സർവ്വധനാൽ പ്രധാനം. മാലിന്യം ചിത്രപ്പെട്ടി നിരക്ഷരർ
മേലാളന്മാർ -നിങ്ങൾക്കത് തുറക്കാനാവില്ല.
ഗ്രൂപ്പ്-(മുന്നോട്ടായുന്നു) അറിവിന്റെ താക്കോൽ.. അറിവിന്റെ താക്കോൽ... അറിവിന്റെ താക്കോൽ.. അറിവിന്റെ താക്കോൽ..

## പ്രഹ്ലാദൻ

രംഗമദ്ധ്യത്തിൽ ഉയർന്ന തലത്തിൽ ഒരു മുത്തച്ഛൻ കഥ പറഞ്ഞു കൊടുക്കുന്ന position- ൽ ഇരിക്കുന്നു. മുത്തച്ഛന്റെ മടിയിൽ ചടഞ്ഞിരുന്ന് കഥ കേൾക്കുന്ന പ്രഹ്ലാദൻ.

മുത്തച്ഛൻ- പണ്ട്... പണ്ട് ഹിരണ്യകശിപുവിന്റെ മകനായി പ്രഹ്ലാദൻ എന്നൊരു രാജകുമാരനുണ്ടായിരുന്നു. സ്വേച്ഛാധിപതിയും ക്രൂരനുമായ ഹിരണ്യൻ പ്രജകളോട് ഹിരണ്യായ നമ:ഹ എന്നേ പ്രാർത്ഥിക്കാവൂ എന്ന് കല്പിച്ചു. എല്ലാവരും അത് അനുസരിക്കുകയും ചെയ്തിരുന്നു. പക്ഷെ പ്രഹ്ളാദൻ മാത്രം......

(അച്ഛനും അധ്യാപകനും കടന്നുവരുന്നു)

അച്ഛൻ- നിനക്കുവേണ്ടത് ഈ പഴങ്കഥകളല്ല. 21-ാം നൂറ്റാണ്ടിന്റെ പടിവാതിക്കലെത്തി നിൽക്കുന്ന ഈ രാജ്യത്തിലെ ഒരുത്തമ പൗരനായിത്തീരുന്നതിന് നീ എന്തൊക്കെ പഠിയ്ക്കണമെന്നും, എങ്ങിനെ വളരണമെന്നും നാം തീരുമാനിക്കും.

അധ്യാപകൻ- എന്താണ് പഠിപ്പിയ്ക്കേണ്ടത്?

തന്നെപ്പോലെ തന്നെ തന്റെ അയൽക്കാരനേയും സ്നേഹിക്കാൻ പഠിപ്പിച്ച ക്രിസ്തുവിനെ കുറിച്ചു പഠിപ്പിക്കട്ടെ.

തളിരിടുകയും പൂവിടുകയും ചെയ്യുന്ന സസ്യങ്ങളുടെ മനസ്സിൽ മുങ്ങിത്തപ്പിയ ജെ.സി ബോസിനെക്കുറിച്ചു പഠിപ്പിക്കട്ടെ.

അച്ഛൻ- പാടില്ല. സ്നേഹിക്കാൻ കഴിവുള്ള ഒരു മനുഷ്യനെയല്ല എനിയ്ക്കാവശ്യം. അഹിംസയല്ല എന്റെ സിദ്ധാന്തം. അവനെ ആറ്റംബോംബും അന്തർവാഹിനികളും ഉണ്ടാക്കാൻ പഠിപ്പിക്കുക.

(മുന്നോട്ടു വന്ന് ജനങ്ങളോട്)

അയൽരാജ്യങ്ങൾ നമ്മെ ആക്രമിക്കാൻ തക്കംപാർത്തിരിക്കുന്നതുകൊണ്ട്. രാജ്യത്തിന്റെ അതിർത്തി നമ്മുടെ പടിവാതിൽക്കലെത്തി നിൽക്കുന്നതുകൊണ്ട് സ്നേഹത്തിന്റെ ഉപയോഗശൂന്യമായ സിദ്ധാന്തങ്ങളല്ല നമുക്കാവശ്യം. ന്യൂക്ലിയർ ബോംബുകളും മറ്റായുധങ്ങളുമാണ്.

അമേരിക്കയിൽ ഒരു കുട്ടി ചന്തയിൽ നിന്നു കിട്ടിയ ഒരു കക്ഷണം പേപ്പറിലെ സൂത്രവാക്യമുപയോഗിച്ച് ആറ്റംബോംബു നിർമ്മിച്ചു. അതുപോലുള്ളവരെയാണ് നമുക്കാവശ്യം.

അധ്യാപകൻ- (തൊപ്പിയും വടിയുമെടുത്തു) മായമില്ല, മന്ത്രമില്ല, ജാലമില്ല സാക്ഷാൽ സത്യമായ വിദ്യാഭ്യാസം. ആർക്കും വരാം, ആർക്കും പഠിക്കാം. കടന്നു വരൂ, കടന്നുവരൂ. ഒന്നുവച്ചാൽ രണ്ട്. രണ്ട് വച്ചാൽ നാല്..... (കുട്ടിയെ സമീപിച്ചു) ഇനി നമുക്ക് ഈ പട്ടിക ഏറ്റുചൊല്ലാം.

ഒന്നും ഒന്നും രണ്ട്
രണ്ടും രണ്ടും മൂന്ന്
മൂന്നും മൂന്നും നാല്

കുട്ടി- സാർ മൂന്നും, മൂന്നും.....ആ.....ആറല്ലേ?

അധ്യാ- ഹും. (സദസ്സിനോട്) ഐൻസ്റ്റീന്റെ സിദ്ധാന്ത പ്രകാരം e=mC2 ആയതുകൊണ്ട് ഇനിതൊട്ട് മൂന്നും, മൂന്നും നാലാണെന്ന് വിദ്യാഭ്യാസമേലാളന്മാർ പ്രസ്താവിച്ചിരിക്കുന്നു.

(വിദ്യാർത്ഥിയോട്) ഇനി സംശയം പാടില്ല. കഥയിൽ ചോദ്യമോ?

ഒന്നും ഒന്നും രണ്ട്
രണ്ടും രണ്ടും മൂന്ന്
മൂന്നും മൂന്നും...

വിദ്യാർത്ഥി- നാല്

വൃദ്ധൻ- വൃക്ഷത്തണലിൽ വിശ്രമിച്ച ന്യൂട്ടന്റെ ശരീരത്തിൽ ഒരു ആപ്പിൾ അടർന്നുവീണു. അതേക്കുറിച്ച് ന്യൂട്ടന്റെ ഉള്ളിലുണ്ടായ ചോദ്യങ്ങൾ മനുഷ്യപുരോഗതിയുടെ പാതയിലെ കാൽവെപ്പുകളായി.

അധ്യാ- ഇനിയൊരു കഥ-

ശ്രീലങ്കയിൽ ജാഫ്നയിൽ
മനുഷ്യസ്നേഹ മഹാപ്രസ്ഥാനം
തമിഴ് പോരാളികൾക്കും സ്നേഹം
സിംഹള സൈനികർക്കും സ്നേഹം
സ്നേഹം മൂത്തവർ തമ്മിൽ തമ്മിൽ
ബോംബെറിഞ്ഞു കളിക്കുന്നു
സ്നേഹത്തിന്റെ കൈത്തിരിയാമീ
ബോംബുകളെ നാം വാഴ്ത്തുന്നു.

മുത്ത- യാഗശാലയിലേക്കു കൊണ്ടുപോയ മുടന്തുന്ന കുഞ്ഞാടിനേയും എടുത്ത് ബിംബിസാരന്റെ കൊട്ടാരത്തിലേക്ക് ബുദ്ധൻ കയറിച്ചെന്നു. സ്നേഹത്തിന്റെ ദീപം......

വിദ്യാ- സാർ സ്നേഹിച്ചാൽ രക്ഷിക്കുകയല്ലേ? കൊല്ലുകയാണോ?

അധ്യാ- സ്നേഹിച്ചാൽ കടിച്ചു കൊല്ലാം എന്നാണ് ആധുനിക സിദ്ധാന്തം.

വിദ്യാ- സാർ അത് വിശ്വസിക്കുന്നുണ്ടോ?

അധ്യാ– വിശ്വാസം രക്ഷിക്കുന്നില്ലല്ലോ?എന്റെ ഗ്രാറ്റുവിറ്റി, ഇൻക്രിമെന്റ്, പ്രോവിഡന്റ് ഫണ്ട, ്സർവ്വീസ്, പ്രൊമോഷൻ ഇതൊക്കെ ശരിയാകണമെങ്കിൽ നിലനില്പിന്റെ പ്രശ്നമല്ലേ?

വിദ്യാ– (നടനായി മുന്നോട്ടു വന്ന് പ്രസ്താവിക്കുന്നു) നിലനില്പിനായി മനുഷ്യൻ കള്ളം പറയാൻ തുടങ്ങിയപ്പോഴാണ് ആദ്യമായി വിദ്യാഭ്യാസത്തിന് മൂല്യത്തകർച്ചയുണ്ടായത്. ഇയാളൊരു ആധുനിക അധ്യാപകനാണ്. ഒരു കൂട്ടം മുതലാളന്മാരുടെ താത്പര്യം സംരക്ഷിക്കുന്നതിനു വേണ്ടി സംസ്കാരം മെനഞ്ഞെടുക്കേണ്ട ഇയാൾ കുരുന്നു ജിജ്ഞാസകളെ കൊലക്കളത്തിലേക്കു നയിക്കുന്നു.

അധ്യാ– യുഗങ്ങൾക്കു മുമ്പ് നിയാണ്ടർത്താൽ മനുഷ്യനിലാണ് ഹോമോസാപ്പിയൻസ് എന്ന ആധുനിക മനുഷ്യൻ ഉത്തരാർദ്ധഗോളത്തിൽ ഭാരതം വടക്ക് ഹിമാലയം തെക്ക് തെക്കേ ആഫ്രിക്കയിൽ കറുത്ത വർഗ്ഗക്കാർക്ക് മാർട്ടിൻ ലൂഥർ കിങ് 2047ൽ ഭാരതത്തിന് സ്വാതന്ത്ര്യം ഫെറിക് ക്ലോറൈഡ് +കോപ്പർ സൾഫേറ്റ് ആധുനികശാസ്ത്രത്തിലെ ലേസർ രശ്മികളും കമ്പ്യൂട്ടറും sIN+ cOS= സംപ്രേക്ഷണം ചെയ്യപ്പെടുന്ന തരംഗങ്ങൾ ടെലിവിഷനിൽ കാണുന്നു.

വിദ്യാ– എന്താണു സർ ടെലിവിഷം.

അധ്യാ– പടം കാണുന്ന പെട്ടിയാണ് ടെലിവിഷൻ.

വിദ്യാ– സർ ഞാൻ അമ്മ മുണ്ടു വെയ്ക്കുന്ന പെട്ടിയെ കണ്ടിട്ടുള്ളൂ. അതിൽ പടം ഇല്ലല്ലോ.

അധ്യാ– എനിക്കു സമരത്തിനു പോകാൻ സമയമായി. ബാക്കി വീട്ടിൽ ട്യൂഷനു വന്നാൽ പഠിപ്പിക്കാം. (രാഷ്ടീയക്കാരൻ പഠിപ്പിക്കുന്നു)

രാഷ്ട്രീ– ഇതേക്കുറിച്ച് ചരിത്രം അറിയാവുന്ന നിങ്ങളോട് ഞാൻ പ്രത്യേകം പറയേണ്ടതില്ലല്ലോ? 1947ൽ ഇവിടെ എന്തു സംഭവിച്ചു. ഇപ്പോഴിവിടെ എന്തു സംഭവിക്കുന്നു. നമ്മുടെ രാജ്യം ഇന്ന് അഭിമുഖീകരിക്കുന്ന പ്രതിസന്ധി ഇതെന്താണെന്ന് ഞാൻ ചോദിക്കുകയാണ്. പഞ്ചാബിലെ ഗോതമ്പു വയലുകളിൽ ചോര ചുവന്നത്, ബൽഗാമിലെ തെരുവുകൾ രക്തം വീണു നിറഞ്ഞത്. ഇതെല്ലാം വെറും വർഗ്ഗീയ കലാപങ്ങളായിരുന്നോ? നാഗലാന്റുവാദവും ഗൂർഖാലാന്റുവാദവും രാജ്യസ്നേഹത്തിന്റെ തെളിവുകളാണെന്ന് ബോധമുള്ള ആർക്കും അറിയാവുന്ന വസ്തുതയാണ്. യഥാർത്ഥത്തിൽ ഇവിടെ പ്രാദേശികവാദമുണ്ടോ? ഭാഷാവാദമുണ്ടോ? ഇതൊക്കെ പുരോഗമനത്തെ എതിർക്കുന്ന ചില കുത്സിതശക്തികളുടെ വെറും രാഷ്ട്രീയപ്രേരിതമായ കപടവാദങ്ങൾ മാത്രമല്ലേ? അവർ പറഞ്ഞേക്കാം ഇവിടെ പട്ടിണി മരണം ഉണ്ടെന്ന്. എന്നാൽ ആഗോള പ്രതിഭാസമായ ആ മരണങ്ങൾ വെറും പോഷകാഹാരക്കുറവുമൂലമാണെന്ന് ആർക്കാണറിഞ്ഞുകൂടാത്തത്. അവർ പറയുന്നു ഇന്ത്യ വിദേശകുത്തകകളുടെ ഒരു വിപണിയാണെന്ന്. അങ്ങനെയാണെങ്കിൽ നാം നമ്മുടെ കശുവണ്ടിയും കയറും ആയുർവേദവും തത്വശാസ്ത്രവും കന്യകകളായ പെൺകിടാങ്ങളേയും ഒക്കെ വിൽക്കുന്ന വിദേശരാഷ്ട്രങ്ങൾ ഇന്ത്യയുടെ വിപണിയാണെന്ന് അവർ പറഞ്ഞാൽ നമുക്കത് നിഷേധിക്കാൻ കഴിയുമോ? ഇന്ത്യയുടെ പ്രതിസന്ധിക്കു കാരണം പട്ടിണിയല്ല, നിരക്ഷരതയല്ല, ആസൂത്രണ പിശകുകളല്ല. ഇതിന്റെയെല്ലാം പിന്നിലുള്ളത് വിദേശ ശക്തികളുടെ കറുത്ത കൈയ്യുകളാണ്. ഇവിടെ തൊഴിലില്ലായ്മയൊരു പ്രശ്നമേയല്ല.

(പത്രപ്രവർത്തകൻ പ്രവേശിക്കുന്നു)

പത്രാ– (വിദ്യാർത്ഥിയോട്) ഇറാൻ, ഇറാക്ക് യുദ്ധത്തെപ്പറ്റി ഒരഭ്യസ്തവിദ്യൻ എന്ന നിലയ്ക്ക് നിങ്ങൾക്ക് ഈ നാട്ടുകാരോട് എന്താണ് പറയാനുള്ളത്.

വിദ്യാ– വെറുമൊരു ആഗോളപ്രതിഭാസമായ വെറും പോഷകാഹാരക്കുറവു മൂലമാണെന്ന് ആർക്കാണ് അറിഞ്ഞുകൂടാത്തത്.

പത്രാ– അതായത് ആധുനിക സാമൂഹ്യ സാമ്പത്തിക സാംസ്ക്കാരിക സാഹചര്യങ്ങളിൽ ഒരു മൂല്യച്യുതിയുടെ ബഹിർഗമനമെന്ന നിലയ്ക്ക് വരും തലമുറകളുടെ ആരോഗ്യകരമായ നിലനില്പിനായുള്ള മഹത് സംരഭമാണിതെന്നാണ് നിങ്ങളുടെ അഭിപ്രായം അല്ലേ? ഒരു ചോദ്യം കൂടി ചോദിക്കട്ടെ. യുദ്ധത്തിന്റെ ഗ്രാസ്റൂട്ട് ലവലിലുള്ള പുരോഗതിക്കു വേണ്ടി ഒരു പാക്കേജ് പദ്ധതിയുടെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന വിവിധ ശക്തികളോട് എന്താണ് നിങ്ങൾക്ക് ആഹ്വാനം ചെയ്യാനുള്ളത്.

വിദ്യാ– വെളിച്ചം ദു:ഖമാണുണ്ണീ തമസ്സല്ലോ സുഖപ്രദം.(പോകുന്നു)

(ശാസ്ത്രജ്ഞൻ/ഗവേഷകൻ പ്രവേശിക്കുന്നു)

ശാസ്ത്ര– ഒരു ശാസ്ത്രജ്ഞൻ എന്ന നിലയ്ക്ക് എനിക്കു പറയാനുള്ളത് ശാസ്ത്രം ജനനന്മയ്ക്ക് എന്നു പറഞ്ഞ് ചില മണ്ടന്മാർ ശാസ്ത്രത്തെ തെരുവിലേയ്ക്കു വലിച്ചിഴയ്ക്കുന്നുണ്ട്. ന്യൂക്ലിയർ ഫിഷനെക്കുറിച്ചും ഇന്റർകോണ്ടിനന്റൽ ബാലിസ്റ്റിക് മിസൈൽസിന്റെ ആന്തരിക സമ്മർദ്ധത്തെപ്പറ്റിയും സൂപ്പർ കണ്ടക്റ്റിവിറ്റിയെക്കുറിച്ചും മൈക്രോചിപ്പിനുള്ള വൈദ്യുത സർക്ക്യൂട്ടിനെക്കുറിച്ചും സാധാരണക്കാർക്ക് അതായത്-Common people ന് എന്തറിയാം. അവരത് എന്തിനാണറിയുന്നത്. ശാസ്ത്രവും അവരും തമ്മിൽ എന്തു ബന്ധം.ശാസ്ത്രം ശാസ്ത്രത്തിനുവേണ്ടി ശാസ്ത്രം ഉണ്ടാക്കുന്നത് ശാസ്ത്രജ്ഞരാണ്. അതിന്റെ

പവിത്രത നശിപ്പിക്കാൻ ഈ..... ഇവന്മാരെ നമ്മൾ അനുവദിക്കുകയില്ല. (പോകുന്നു)
മുത്ത– ശാസ്ത്രം മനുഷ്യനന്മയെ ലക്ഷ്യമാക്കുന്നു. സ്വന്തം അധ്വാനഭാരം ലഘൂകരിക്കാൻ ആദികാലം മുതൽ മനുഷ്യൻ നടത്തുന്ന കൂട്ടായ നിരന്തര ശ്രമത്തിൽ കൂടിയാണ് ശാസ്ത്രം ഉരുത്തിരിഞ്ഞത്. നിലത്ത് നിരങ്ങി നീങ്ങിയ വണ്ടികൾ ഉണ്ടാക്കിയ ബുദ്ധിമുട്ട് ചക്രങ്ങളുടെ നിർമ്മിതിയ്ക്ക് വഴിതെളിഞ്ഞു. അതിൽ നിന്നത്രെ ഇന്നത്തെ ചക്രങ്ങളെല്ലാം ഉരുത്തിരിഞ്ഞത്.
(ഇന്റർവ്യൂ ബോർഡിനു മുമ്പിൽ പകച്ചു നിൽക്കുന്ന വിദ്യാർത്ഥി)
ഇന്റർവ്യൂ– നീ ഇന്ന് എന്തു കഴിച്ചു
വിദ്യാ–
2–ാമൻ– നമ്മുടെ നാടിന്റെ പുരോഗതിയെക്കുറിച്ച് എന്താണഭിപ്രായം?
3–ാമൻ– ഭാരതീപുരം Rly. station-നിൽ അന്നു രാത്രി സംഭവിച്ചതെന്ത്?
വിദ്യാ– യുഗങ്ങൾക്കു മുമ്പ് ആസ്ത്രലോപിത്തേക്കസിലൂടെ ആധുനിക മനുഷ്യൻ ഭാരതം കറുത്ത വർഗ്ഗക്കാർക്ക് മാർട്ടിൻ ലൂഥർ, 2047ൽ ഭാരതത്തിന് ലേസർരശ്മികളും കമ്പ്യൂട്ടറും പഞ്ചാബിന്റെ ഗോതമ്പുവയലുകൾ രക്തം വീണു ചുവന്നത് ശാപങ്ങൾ രാജ്യസ്നേഹത്തിന്റെ തെളിവ് കന്യകകളായ പെൺകുട്ടികളെ വിറ്റഴിക്കുന്ന വിദേശ വിപണി തൊഴിലില്ലായ്മയുടെ പരിഹാരപ്രശ്നമല്ല. ആരോഗ്യകരമായ നിലനില്പിന് മഹത് സംരംഭം തമസ്സല്ലോ സുഖപ്രദം ശാസ്ത്രം ശാസ്ത്രത്തിനു വേണ്ടി. (മുത്തച്ഛനടുത്തേക്ക് വീഴുന്നു)
മുത്ത– പണ്ട് ഗ്രീസ്സിൽ സോക്രട്ടീസ് എന്ന ചിന്തകൻ ജീവിച്ചിരുന്നു. ഗ്രീസിലെ തെരുവുകളിലൂടെ യുവാക്കളെ ചിന്തിക്കാനും ചോദ്യം ചോദിക്കാനും പഠിപ്പിച്ചുകൊണ്ട് അയാൾ നടന്നു.
വിദ്യാ– എന്റെ അധ്യാപകരെന്നെ സിദ്ധാന്തങ്ങളും സമവാക്യങ്ങളും പഠിപ്പിച്ചു.
മുത്ത–(പാട്ട്)
വിദ്യാ– (ഒരു നിർവ്വചനം)
മുത്ത– സ്വന്തം മകനിൽ നിന്നുള്ള എതിർപ്പ് അച്ഛനെ കോപിഷ്ടനാക്കി. നിന്റെ നാരായണനെവിടെ എന്ന് ചോദിച്ചുകൊണ്ട് വാളൂരിയെടുത്ത് ഹിരണ്യനോട് തൂണിലും തുരുമ്പിലും എല്ലാം നാരായണനുണ്ട് എന്നു പ്രഹ്ളാദൻ മറുപടി പറഞ്ഞു. എങ്കിൽ കാണട്ടെയെന്ന് ആക്രോശിച്ചുകൊണ്ട് തൂണിനിട്ട് ഹിരണ്യൻ ആഞ്ഞുവെട്ടിയപ്പോൾ നരസിംഹരൂപത്തിൽ ശക്തി പുറത്തു വന്നു.
വിദ്യാ– ആ ശക്തി എന്റെ ഉള്ളിലുണ്ട്. എന്റെ ചുറ്റിലുള്ളവരിലെല്ലാമുണ്ട്.

## സൂപ്പർമാർക്കറ്റ്

നാടകം

കേരളത്തിന്റെ ഭൂപടത്തിന്റെ മുമ്പിൽ സംഘം
തിരുവാതിര
മാവേലി നാടുവാണീടും കാലം
മാനുഷരെല്ലാരും ഒന്നുപോലെ
ആമോദത്തോടെ വസിക്കും കാലം
ആപത്തങ്ങാർക്കുമൊട്ടില്ലതാനും
കള്ളവുമില്ല ചതിയുമില്ല
എള്ളോളമില്ല പൊളിവചനം
കള്ളപ്പറയും ചെറുനാഴിയും
കള്ളത്തരങ്ങൾ മറ്റൊന്നുമില്ല

അശകൊശലേ പെണ്ണുണ്ടോ
കൊശ കൊശാലം പെണ്ണുണ്ടോ
സാമി രണ്ടിനും പെണ്ണുണ്ടോ
സാമോ സർക്കോ സമതല വീട്ടിലെ
മാപ്പിളയ്ക്കും പെണ്ണുണ്ടോ
കഥകളി
തിരനോട്ടം
വിസിറ്റ് കേരള, ഗോഡ്സ് ഓൺ ലാൻഡ്
അനൗൺസ്മെന്റ് : ഈ നാടകത്തിന്റെ ഇത്രയും ഭാഗത്തിന്റെ
പ്രായോജകർ കേരള ടൂറിസം വകുപ്പ്

തിരുവാതിര കളിച്ച സത്രീകളുടെ പുടവയുടെ പ്രായോജകർ
മൂശേട്ട സിൽക്സ് ആലപ്പുഴ
(മദാമ്മയും ഗൈഡും കടന്നു വരുന്നു)
ഗൈഡ്: മാഡം- ദിസ് ഈസ് കോവളം. ഗിഫ്റ്റ് ഓഫ് ദ ഗോഡ്. ഹവ്വാ ബീച്ച്, സൺബാത് ട്രിവാൻഡ്രം.
തി-രു-വന-ന്ത-പുരം
ഓ തിരുവനന്തപുരം.
മദാമ്മ: വേർ ഈസ്റ്റ് മാർക്കറ്റ്?
ഗൈഡ്: ഷോപ്പിംഗിന് ഇഷ്ടം പോലെ സൗകര്യം. എവിടെയും മാർക്കറ്റ് ഉണ്ട് എന്തും വാങ്ങാം. അച്ഛനേയും അമ്മയേയും പോലും. പപ്പടത്തെയുടെ ഇലപോലും വാങ്ങാൻ കിട്ടും.കേരളം തന്നെ ഒരു സൂപ്പർ മാർക്കറ്റ് ആണ്.
മദാമ്മ: ഓ, യു ആർ വെരി നൈസ് ചാപ് വിത്ത് എ സെൻസ് ഓഫ് ഹ്യൂമർ
(മാർക്കറ്റിലേക്ക്)
(ആരോഗ്യചന്ത-ബോർഡ്)
1. ആദായവില, ആദായവില
മെഡിക്കൽസീറ്റ്, പാര മെഡിക്കൽ കോഴസ്, മെഡിക്കൽ കോളേജ്
2. 3 മെഡിക്കൽ സീറ്റിന് ഒരു നഴ്സിംഗ് സീറ്റ് സൗജന്യം
3. അയൽ സംസ്ഥാനത്തെ ചന്തകളിൽ ഇവിടത്തെ സീറ്റ് ബുക്ക് ചെയ്യാവുന്നതാണ്.
4. മെഡിക്കൽ കോളേജ്, സ്വകാര്യ സഹകരണ അപഹരണ മേഖലകളിൽ ഏത് മേഖലയിലും മെഡിക്കൽ കോളേജ്. മേഡിക്കൽ കോളേജ്.
5. ആദായവില ആദായവില ധർമ്മാശുപത്രി, അധർമ്മാശുപത്രി, പ്രസവം ഒന്നിന് 350 രൂപ. മറുപിള്ള വിദേശത്തേക്ക് കയറ്റുമതി നടത്തിയാൽ പകുതി വിലമാത്രം
മദാമ്മ :വാട്ട് മറുപിള്ള... ഈസ് ഹി എ മിനിസ്റ്റർ ഓഫ് കേരള.?
ഗൈഡ്: നോ മാഡം, നോട്ട് മിനിസ്റ്റർ, അത് വേറെ പിള്ള ഇത് മറുപിള്ള.. പ്ലസന്റ
മദാമ്മ: ഓ പ്ലസന്റ.
6. മരണം ഒന്നിന് 200 രൂപ
7. അപകടമരണം 600 രൂപ
8. പോസ്റ്റ്മാർട്ടം ശവം ഒന്നിന് 600 രൂപ. മാംസം തിരിച്ചുതരുന്നതാണ്.
9. ട്രാൻസഫർ, ഡെപ്യൂട്ടേഷൻ.. ആദായവില, ആദായവില.
ട്രാൻസ്ഫർ- 5ലക്ഷം
നഗരത്തിലേക്ക്-10ലക്ഷം
ഗൾഫ് മേഖലയ്ക്ക്-20ലക്ഷം
ആദായ വില. നിരോധിക്കപ്പെട്ട മരുന്നുകൾ
പകുതി വിലയ്ക്ക്
മദാമ്മ: വെരി നൈസ് ഹെൽത്ത് മാർക്കറ്റ്
ഗൈഡ്: ഒന്നാന്തരം മാർക്കറ്റ്.
ആരോഗ്യചന്ത- രക്തവും മാംസവും വിൽക്കുന്ന ഇറച്ചി മാർക്കറ്റ്.
മാഡം സീ ദ നെക്സ്റ്റ് വൺ എഡ്യുക്കേഷൻ മാർക്കറ്റ്.
വിദ്യാഭ്യാസചന്ത-ബോർഡ്)
1. ആർക്കും വയ്ക്കാം. വെയ്, വെയ്, വെയ് രാജാ വെയ്. ഒന്നുവച്ചാൽ രണ്ട് മുടക്കുമുതൽ പലമടങ്ങുകളായി തിരിച്ചു പിടിക്കാവുന്ന ഒരേയോരു വ്യാപാരം. വിദ്യാഭ്യാസം, ആദായവില.
2. ആദായവില, ആദായവില. ലക്ചർ പോസ്റ്റുകൾ, സ്ക്കൂൾ അധ്യാപകർ, ടി.ടി.സി അധ്യാപകർ, സീൽ ചെയ്ത ടെണ്ടറുകൾ ക്ഷണിക്കുന്നു. മൂന്ന് അധ്യാപകരുടെ ഒഴിവുകൾ. ക്വട്ടേഷനിലെ ഉയർന്ന റേറ്റനുസരിച്ച് ഉടൻ നിയമനം . വിലപേശൽ അനുവദനീയമല്ല.
1. മൊത്തക്കച്ചവടം. സ്ക്കൂളുകൾ സ്വകാര്യ മേഖലയിൽ. അൺഎയ്ഡഡ് കോളേജുകൾ.
2. സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾ, ഇംഗ്ലീഷ് മീഡിയം സ്ക്കൂളുകൾ
3. വിവിധ ജാതിമത ഉപജാതി സംഗങ്ങൾക്ക് മാത്രം.
4. എൽ.കെ.ജി, യു.കെ.ജി സ്ക്കൂൾ, കോളേജ്, മെഡിസിൻ, എഞ്ചിനീയറിംഗ്
കോറസ്: മാർക്ക് കുറഞ്ഞവർക്ക് മുൻഗണന.
റബ്ബർ, കൊഞ്ച്, കഞ്ചാവ്, കള്ളക്കടത്ത് , കശുവണ്ടി മുതലാളിമാരുടെ മക്കൾക്ക് പ്രത്യേക സംവരണം
സ്വന്തം ജാതിക്കാർക്ക് 1% ഡിസ്ക്കൗണ്ട്.

ഗ്രൂപ്പ്: 1,2,3,4, (വൺ, ടൂ, ത്രീ, ഫോർ)
മദാമ്മ: ഹൂ ഈസ് ദാറ്റ്
ഗൈഡ്: ഉൽക്കണ്ഠാകുലകുമാരൻ
കോറസ്: അതെ, മികച്ച സേവനം ഉറപ്പാക്കുന്ന ഈ ചന്തയുടെ ഒരു മാതൃകാ ഉപഭോക്താവാണ് മി. ഉൽക്കണ്ഠാകുലകുമാരൻ.
അദ്ദേഹം തന്റെ അനുഭവങ്ങൾ വിവരിക്കുന്ന ഒരു പ്രദർശനം അരങ്ങേറുന്നു.പ്രവേശനം ഫ്രീ.
കോറസ്: ഉൽക്കണ്ഠാകുലകുമാരൻ, വരേണ്യവിദ്യാഭ്യാസത്തിന്റെ ഒരു മാതൃകാ ഉല്പന്നം. ജനനം കേരളത്തിലെവിടെയുമാകാം.
(കുട്ടി പ്രവേശിക്കുന്നു.)
(കോറസ് തിരിയുന്നു)
(ഉൽക്കണ്ഠാകുലകുമാരൻ രംഗത്ത്.)
ഓമനത്തിങ്കൾ കിടാവോ....
ഉൽക്കണ്ഠാകുലകുമാരൻ. ഉത്രം നക്ഷത്രം. പൂരാടം തിരുനാൾ ആശുപത്രിയിൽ ഒരു സിസേറിയൻ ശസ്ത്രക്രിയയിലൂടെ ഭൂജാതനായി.
ഓമനത്തിങ്കൾ കിടാവോ....
കോറസ്: ഉൽക്കണ്ഠാകുലകുമാരന് വയസ്സ് 3.
അമ്മ: നിങ്ങൾക്ക് വല്ല കുടുംബസ്നേഹവുമുണ്ടോ മനുഷ്യനേ നമ്മുടെ മോൻ ഉൽക്കണ്ഠാകുലകുമാരന് വയസ്സ് എത്രയായീന്നാ വിചാരം? അവന് 3വയസ്സ് കഴിഞ്ഞു. നിങ്ങളെന്തു മുതലാളിയാണ്. വടക്കേലെ ചെത്തുകാരൻ കേശവന്റെ മോനും തെക്കേലെ സരസ്വതി ടീച്ചറുടെ മോൾ എല്ലാരും ചേർന്നൂ എൽ.കെ. ജീല്. നമ്മുടെ കുഞ്ഞിനെ മൂത്തു നരച്ചിട്ടാ പിന്നെ എൽ.കെ.ജീല് ചേർക്കുന്നത്. ഒടുവില് നമ്മൾ ചെല്ലുമ്പോൾ സീറ്റ് എല്ലാം ഫുൾ ആകും.
അച്ഛൻ: നീയൊന്നു മിണ്ടാതിരി. ആരാ ഈ എൽ.കെ.ജിയും യു.കെ.ജിയും നടത്തുന്നതെന്നറിയാമോ? നമ്മുടെ മുതലാളി. അവലൂസ് മുതലാളി. അവൻ പറയുന്ന വിലയങ്ങ് കൊടുത്തേക്കണം സീറ്റിന്. മോനെ ഉൽക്കണ്ഠാകുലകുമാരാ, വാ ഇന്നു തന്നെ പുറപ്പെടാം.
അമ്മ: അതിന് എൻട്രൻസ് ടെസ്റ്റ് ഉണ്ട്. ടെസ്റ്റിന് ഒന്നര വയസ്സു മുതൽ പ്രീ എൽ.കെ.ജി എന്ന മറ്റൊരു കോഴ്സുണ്ട്. പിന്നെ എൽ.കെ.ജി എൻട്രൻസിന് ചോദിക്കുന്ന ചോദ്യത്തിന് പിള്ളേര് മണിമണിയായി ഉത്തരം പറയും.
അച്ഛൻ: അവലൂസ് മുതലാളിക്ക് എന്ത് ടെസ്റ്റ്. പണം വൃത്തിയായി എണ്ണി നോക്കും. എന്താ അവന്റെ സ്കൂളിന്റെ പേര്?
തുഞ്ചത്തെഴുത്തച്ഛൻ മെമ്മോറിയൽ ഇംഗ്ലീഷ് മീഡിയം നഴ്സറി സ്ക്കൂൾ.
അച്ഛൻ: മോനെ, ഉൽക്കണ്ഠാകുലകുമാരാ, അവര് ചോദിക്കുന്ന ചോദ്യത്തിന് തെറ്റാതെ ഉത്തരം പറയണം.
അച്ഛൻ: ആരാ മോനെ നമ്മുടെ പ്രധാനമന്ത്രി.
അമ്മ: ആരാ മോനെ നമ്മുടെ വിദ്യാഭ്യാസമന്ത്രി. (മാറി മാറി ചോദിക്കുന്നു)
നീളം കൂടിയ നദി, വീതി കൂടിയ നദി, ഉയരം കൂടിയ അണക്കെട്ട്, ഉയരം കുറഞ്ഞ അണക്കെട്ട്
(കുട്ടി കരയുന്നു. സ്ക്കൂളിലേയ്ക്ക് പോകുന്നു.)
പ്രിൻസി: ഹലോ, ഹേർട്ടി വെൽക്കം ടു അവർ പ്രെസ്റ്റീജിയസ് ഇൻസ്റ്റിറ്റ്യൂഷൻ ഓഫ് തുഞ്ചത്ത് മെമ്മോറിയൽ ഇംഗ്ലീഷ് മീഡിയം നഴ്സറി സ്ക്കൂൾ. എന്താണ് വന്നത്? കൂടെ കുട്ടി ഉണ്ടല്ലോ.
അച്ഛൻ: ഞാൻ മുതലാളിയുടെ ക്ലോസ് ഫ്രണ്ടാണ്. ഇതെന്റെ മകൻ ഉൽക്കണ്ഠാകുലകുമാരൻ . ഒരു എൽ. കെ.ജി സീറ്റ്.
പ്രിൻസി: ഓ സോറി അയാം വെരി സോറി. യൂ ആർ വെരി ലേറ്റ്.
അച്ഛൻ: സാർ, ലാസ്റ്റ് ഡേറ്റിന് ഇനിയും ഒരാഴ്ചയുണ്ടല്ലോ.
പ്രിൻസി: ലാസ്റ്റ് ഡേറ്റ്, താങ്കൾ എന്താണീ പറയുന്നത്? കുറച്ചുകൂടി മുമ്പേ നോക്കണ്ടേ.
അച്ഛൻ: അതിനവന് 3 വയസ്സല്ലേ ആയുള്ളൂ.
പ്രിൻസി: താങ്കൾ ഈ ലോകത്തല്ലേ. സീ ഇപ്പോൾ കുട്ടികളെ പ്രസവിച്ച് അധികം കഴിയുന്നതിന് മുമ്പ് ആളുകൾ സീറ്റ് റിസർവ്വ് ചെയ്യുന്നുണ്ട്. ഇന്നു തന്നെ നിങ്ങൾ വരുമ്പോൾ കടന്നുപോയ ആൾ ഈ നഗരത്തിലെ പ്രമുഖ ഡോക്ടറാണ്. അദ്ദേഹം റിസർവ്വ് ചെയ്തത് നാലു വർഷത്തിനു ശേഷമുള്ള ഒരു സീറ്റാണ്. അദ്ദേഹത്തിന്റെ ഭാര്യ ഗർഭിണിയാണ് എന്ന് കൺഫേം ചെയ്തിട്ടേ ഉള്ളൂ. അദ്ദേഹം ഇവിടെ അഡ്വാൻസ് തന്നു കഴിഞ്ഞു. ത എന്ന കുട്ടിക്കു വേണ്ടി ആണോ പെണ്ണോ എന്നറിയില്ല. അണ്ടർസ്റ്റാന്റ്.
അച്ഛൻ: മോനെ ഉൽക്കണ്ഠാകുലകുമാരാ, നിന്റെ ഗതികേട്. സാർ എത്രയാണ് മാർക്കറ്റ് റേറ്റ്.

പ്രിൻസി: സെവൻ തൗസന്റ്; പിന്നെ ഇത്ര ലേറ്റായ നിലയ്ക്ക് .....
അച്ഛൻ: ഞാൻ ടെൻ തൗസന്റ് തരാം.
പ്രിൻസി: ഓ.കെ. ഉൽക്കണ്ഠാകുലകുമാരൻ അഡ്മിറ്റഡ്.
കോറസ്: ഓമനത്തിങ്കൾ കിടാവോ
(ഉൽക്കണ്ഠാകുലകുമാരനെ ചൂളയിലിട്ട് അടിച്ച് പതം വരുത്തുന്നു.)
കോറസ്: ബെറ്റി ബോട്ട് സം ബട്ടർ
ബട്ടർ വാസ് ബിറ്റർ....
ഒരാൾ: ഉപഭോക്താക്കൾ പറയുന്നു, തുഞ്ചൻ മെമ്മോറിയൽ ഇംഗ്ലീഷ് മീഡിയം നഴ്സറി, അതിന്റെ ശക്തി ഗുണഭോക്താക്കളാണെന്ന്.
(അച്ഛൻ മകനെ പിടിച്ച് അരികിലേയ്ക്ക് മാറുന്നു.)
(ഇന്റർവ്യൂ)
മുതലാളി എന്തിനാ മകനെ തുഞ്ചൻ മെമ്മോറിയൽ സ്ക്കൂളിൽ ചേർത്തത്?
അച്ഛൻ: ഞാൻ പിന്നെ എവിടെയാ ചേർക്കേണ്ടേ. എന്റത്രയും പണമുള്ള ഒരു മുതലാളി ആരാ ഇവിടെ? കണ്ട ചെമ്മാനും ചെരുപ്പുകുത്തീം വരെ ഇപ്പോൾ ചേർക്കയല്ലേ അവിടെ കാശുകൊടുത്തിട്ട്. ചേർത്തു. ഞാനും ചേർത്തു. എന്റെ മോൻ ഉൽക്കണ്ഠാകുലകുമാരൻ – അവനെ ഞാൻ പടിപടിയായ് സീറ്റിന് ഏറ്റവും കൂടുതൽ റേറ്റുള്ള സ്ക്കൂൾ നോക്കി ചേർക്കും.
സരസ്വതി എന്തിനാ ടീച്ചർ മകളെ തുഞ്ചൻ മെമ്മോറിയൽ സ്ക്കൂളിൽ ചേർത്തത്?
ടീച്ചർ: അന്നാമ്മയുടെ കുറുമ്പ് കുറയ്ക്കാൻ. അവളെ കെട്ടിയോൻ അങ്ങു ദുബായിലാ. അവളും മോളെ ചേർത്തു. അവളുടെ നൊസ്സ് തീർക്കാൻ ഞാനും ചേർത്തു. കാശുണ്ടായിട്ടല്ല. പി.എഫിൽ നിന്ന് ലോണെ ടുത്തിട്ടാ. അമ്മയ്ക്ക് മാരക രോഗം എന്നെഴുതി കള്ളലോൺ എടുത്തിട്ട്. ചേർക്കും ഇനിയും ചേർക്കും വിറ്റു ചുട്ടായാലും.
ഒരാൾ: നോക്കൂ മുകൾത്തട്ടിൽ മാത്രമല്ല കീഴ്ത്തട്ടിൽ നിന്നുപോലും.
എന്താ പേര്?
കേശവൻ: കേശവൻ
എന്താ ജോലി.
ചെത്ത്
മകനെ എന്തിനാണ് തുഞ്ചൻ മെമ്മോറിയലിൽ ചേർത്തത്?
കേശവൻ: എന്റെ ചെറുപ്പത്തിൽ സ്ക്കൂളിൽ പോകാൻ എനിക്കാഗ്രഹം ഉണ്ടായിരുന്നു. അമ്മാവനോട് പറഞ്ഞു. പുളിവടികൊണ്ട് നല്ല അടിയായിരുന്നു മറുപടി. എന്റെ ജീവിതം കൊണ്ട് ഞാനിപ്പോൾ പകരം വീട്ടുന്നു. ഒന്ന് തെളിച്ചു പറയണം.
കേശവൻ: അവരവിടെ എന്താ പഠിപ്പിക്കാൻ പോണത് എന്ന് എനിക്കറിയില്ല. അവൻ കോട്ടും ടൈയും ബൂട്ടുമൊക്കെയിട്ട് വണ്ടിയിൽ കേറി ഡാഡി റ്റാറ്റാ എന്നു പറഞ്ഞു പോകുമ്പോൾ ....ദാ നോക്ക് എനിക്ക് കുളിരാ. അവൻ കുറെ ഇംഗ്ലീഷ് പഠിച്ച് യൂ ബ്ലഡി ഫൂൾ എന്ന് രണ്ട് മുട്ടൻ തെറി എന്റെ മുഖത്തു നോക്കി പറഞ്ഞാ മതി. എനിക്ക് അമ്മാവന്റെ മുഖത്തടിക്കുന്ന സന്തോഷമായിരിക്കും. ഇനിയും ചേർക്കും പണം മുടക്കിത്തന്നെ. പണം ഇല്ലെങ്കിൽ കടം മേടിച്ച് ചേർക്കും.
അച്ഛൻ: മോനെ ഉൽക്കണ്ഠാകുലകുമാരാ, നീ ഈ സർക്കാരു പള്ളിക്കൂടത്തിലെ അലവലാതി പിള്ളേരു മായി കൂട്ടുകൂടരുത്. നീ പത്രം വായിക്കരുത്. പുസ്തകം വായിക്കരുത്. ക്ലാസ്സിലെ പാഠങ്ങൾ മാത്രം വായിച്ചാൽ മതി. നീ പഠിച്ച് പഠിച്ച് മിടുക്കനാകണം.
(സ്ക്കൂളിൽ ബെല്ലടിക്കുന്നു. അധ്യാപകൻ വരുന്നു)(കുട്ടികൾ ഇരിക്കുന്നു)
അധ്യാ: സ്റ്റാൻഡ് അപ്, സിറ്റ് ഡൗൺ
(അറ്റന്റൻസ് എടുക്കുന്നു)
എടാ ദാരിദ്ര്യവാസികളെ നിങ്ങളുടെ തന്തമാർക്ക് കാശ് ഇല്ലാത്തതുകൊണ്ടല്ലേ നിങ്ങൾ എല്ലാം നരക ത്തിൽ പെട്ടത്. ഈ സ്ക്കൂൾ പൂട്ടാൻ സർക്കാർ തീരുമാനിച്ചു. ഈ സ്ക്കൂളുകൾ കൊണ്ട് ലാഭമില്ല. (കുട്ടി വന്നു പറയുന്നു) ആർക്കാ മാഷേ ലാഭം.
അധ്യാ: ആർക്കും ലാഭം ഇല്ല. അതുകൊണ്ട് പൂട്ടും. ലാഭമുള്ള സ്ക്കൂൾ വേറെ തുടങ്ങും.
കുട്ടി 2: മാഷേ, ഞങ്ങൾ എങ്ങോട്ടു പോകും?
അധ്യാ: വേറെ സ്ക്കൂൾ ഉണ്ട്. ലോകബാങ്ക് വക സ്ക്കൂൾ . അവിടെ പഠിക്കാം. പൂട്ടുന്നതിന് മുമ്പു ഒരു കാര്യം പറയാം. നിങ്ങൾ ആരെങ്കിലും വിമാനത്തിൽ കേറിയിട്ടുണ്ടോ? അല്ലെങ്കിൽ ആരെങ്കിലും വിമാ നം കണ്ടിട്ടുണ്ടോ?
കുട്ടി3: ഉണ്ട് സിനിമയിൽ

അധ്യാ: ഛരി, ഇരിയെടാ അവിടെ. പോട്ടെ അല്ലെങ്കിൽ വിമാനം കാണണ്ടാ. നാളെ ഒരു പക്ഷെ വിമാനം ഓടിക്കുന്ന എത്രയെത്ര പൈലറ്റുകൾ നിങ്ങളുടെ കൂട്ടത്തിലുണ്ടാവണം.
കുട്ടി4: എനിക്ക് പൈലറ്റാവണം.
അധ്യാ: ഇരിയെടാ അവിടെ, നിന്നെ ഞാൻ പൈലറ്റാക്കും. ഈ വിമാനം ഇറങ്ങുന്ന സ്ഥലത്തിന് എന്താ പേര്?
കുട്ടികൾ: വിമാനത്താവളം.
അധ്യാ: നിങ്ങളാരും കണ്ടിട്ടില്ലല്ലോ. ഞാനും കണ്ടിട്ടില്ല. ആ വിമാനത്താവളം നമുക്ക് വികസിപ്പിക്കണം. അതിന് നാളെ വരുമ്പോൾ എല്ലാവരും 5 രൂപാ വീതം കൊണ്ടുവരണം.
കുട്ടി: സാറെ എനിക്ക് വീട്ടിൽ നിന്നും തരില്ല.
അധ്യാ: അതൊന്നും പറഞ്ഞാൽ പറ്റില്ല. വിമാനത്താവളം എന്നുപറഞ്ഞാൽ നമുക്ക് വളരെ അത്യാവശ്യമുള്ള സാധനമല്ലേ.
കുട്ടി: എന്താ സാറെ ഇത്ര അത്യാവശ്യം?
അധ്യാ: അത് ശരിയാ, എന്താ ഇത്ര അത്യാവശ്യം.
കുട്ടി: സാറെ, ഇവിടെ മൂത്രപ്പുര ഇല്ല.
അധ്യാ: എടാ മൂത്രം പുരയില് ഒഴിച്ചു കളയാൻ പാടില്ല. അത് ഒന്നാന്തരം ജൈവവളമാണ്. തറയിൽതന്നെ ഒഴിക്കണം. ആദ്യം വിമാനത്താവളം പിന്നെ മൂത്രപ്പുര. ങ്ഹാ, ആരെങ്കിലും ഞാൻ ഇന്നലെ പറഞ്ഞതുപോലെ കുട്ടികളെ കൊണ്ടുവന്നിട്ടുണ്ടോ. ഈ സ്ക്കൂള് പൂട്ടാതിരിക്കാൻ മറ്റ് സ്ക്കൂളിൽ നിന്നും കുട്ടികളെ കൊണ്ടുവരണമെന്ന് ഞാൻ പറഞ്ഞിട്ടില്ലേ.
കുട്ടി: സാർ , ഒണ്ട്, സെന്റ് മൈക്കിൾസ് സ്കൂളിലെ ഉൽക്കണ്ഠാകുലകുമാരൻ. സക്കൂളിൽ പോകുന്നവഴിക്ക് ഇവനെ അങ്ങ് പിടിച്ചു.
അധ്യാ: മോനെ ഉൽക്കണ്ഠാകുലകുമാരാ, നിനക്ക് ഇവിടെ പഠിച്ചാ മതിയോ. നീ വാശി പിടിച്ചാൽ മതി, ബാക്കി കാര്യം ഞാനേറ്റു.
ഉൽ.കു: എ.ബി.സി.ഡി....
യോഗം:-
പ്രിൻസി: അധ്യാപകരേ, വിദ്യാർത്ഥികളേ ഈ വിദ്യാഭ്യാസസ്ഥാപനത്തിൽ നിന്നും ഏറ്റവും ഉയർന്ന മാർക്ക് വാങ്ങിയ വിദ്യാർത്ഥിയെ അനുമോദിക്കുന്നതിനാണ് ഈ യോഗം. ഏറ്റവും ഉയർന്ന മാർക്ക് വാങ്ങിയകുട്ടി ഉൽക്കണ്ഠാകുലകുമാരൻ .
(കുട്ടികൾ കൈയ്യടിക്കുന്നു. ഉൽക്കണ്ഠാകുലകുമാരൻ ബാഡ്ജ് സ്വീകരിക്കുന്നു)
അധ്യാ: ഇനി ഏറ്റവും കൂടുതൽ മാർക്ക് വാങ്ങിയ ഉൽക്കണ്ഠാകുലകുമാരൻ നിങ്ങളോട് സംസാരിക്കുന്നു.
ഉൽ.കു: ഞാൻ എന്റെ അച്ഛന്റെ ഉപദേശം സ്വീകരിച്ചു. പത്രം വായിച്ചില്ല. പുസ്തകം വായിച്ചില്ല. കാറിൽ സഞ്ചരിക്കുമ്പോൾ വശങ്ങളിൽ നോക്കിയില്ല. ഒരു മാതൃകാ വിദ്യാർത്ഥിയായ് അധ്യാപകർ എന്നിലേയ്ക്ക് വിസർജ്ജിച്ചതെല്ലാം ഞാൻ പരീക്ഷാ കടലാസിലേക്ക് പകർന്നു. എന്റെ ഉപദേശം ഇതാണ്. പരീക്ഷയ്ക്ക് ആവശ്യമില്ലാത്ത ഒരു കാര്യവും നാം അറിയണ്ട. ഉദാഹരണത്തിന് തീ തൊട്ടാൽ പൊള്ളും എന്ന് ഞാൻ ഇന്നലെയാണ് അറിഞ്ഞത്. ഇതാ നോക്ക് കൈപൊള്ളിയപ്പോൾ. അതുകൊണ്ട് പാഠപുസ്തകം കരളുക. വാലൻമൂട്ടയുടെ, ചുണ്ടെലിയുടെ ഉത്സാഹത്തോടെ.
(കോറസ് കരളുന്നു)
പ്രിൻസി. ഉൽക്കണ്ഠാകുലകുമാരൻ. നിന്റെ പുതിയ കൂട്ടുകാരെ പരിചയപ്പെടുക.
1. ഞാൻ ഉൽക്കണ്ഠാകുലകുമാരൻ ഏറ്റവും ഉയർന്ന മാർക്ക്
2. എന്റെ പേര് ഉൽക്കണ്ഠാകുലകുമാരൻ
ജീവിതത്തിൽ മുകൾത്തട്ടിലെത്തണം.
3. പണം കുന്നുകൂട്ടാനാണ് ആഗ്രഹം
(കോറസ് ഉൽക്കണ്ഠാകുലകുമാരൻ 3)
വരു നമുക്ക് മത്സരിക്കാം.
ഉൽ.കു.വേണ്ട മത്സരിക്കേണ്ട നാം എല്ലാവരും ഒരേപോലെ ശക്തർ
2. നമുക്ക് മത്സരിക്കാം. അതിജീവിക്കുന്നത് നിലനിൽക്കട്ടെ.
ഉ.കു. വേണ്ട നമുക്ക് മത്സരിക്കേണ്ട. നമ്മുടെ തന്തമാർ മത്സരിക്കട്ടെ. അവരുടെ ബാങ്ക് അക്കൗണ്ടുകൾ തമ്മിൽ മത്സരിക്കട്ടെ.
വിലാപയാത്ര(പൊതു വിദ്യാഭ്യാസം)
കോറസ് തടയുന്നു.

പാടില്ല, പാടില്ല ഇത് ഒരു മൃതദേഹമല്ല. പ്ലാക്കാർഡുകൾ
1. പാവപ്പെട്ടവരുടെ കുട്ടികൾ പഠിക്കുന്ന 870 സ്കൂളുകൾ പൂട്ടുന്നു.
2. 307 സ്വകാര്യവിദ്യാലയങ്ങൾ തുടങ്ങുന്നു.
3. 71 കോളേജുകൾ സ്വകാര്യമേഖലയിൽ
കോറസ്. ഈ അർദ്ധപ്രാണനെ ജീവനോടെ കുഴിച്ചുമൂടാൻ പാടില്ല
കോറസ്1.
പൊതുവിദ്യാഭ്യാസത്തിന്റെ ശവമടക്ക് ഒരു ഭാഗത്ത്
2. വരേണ്യ വിദ്യാഭ്യാസത്തിന്റെ വികൃതമായ ഉൽപന്നങ്ങൾ മറുവശത്ത്
കോറസ്. ഈ ഉൽക്കണ്ഠാകുലകുമാരന്മാർ
(ചന്ത)
ആദായ വില്പന, ആദായവില്പന
1. സ്കൂളുകൾ, കോളേജുകൾ
2. മെഡിക്കൽ കോളേജുകൾ എഞ്ചിനീയറിംഗ് സീറ്റുകൾ
പ്ലക്കാർഡ്
1. ഈ കള്ളച്ചന്തകൾക്ക് തീ കൊളുത്തുക
2. ഈ കരിഞ്ചന്തക്കച്ചവടക്കാരെ കഴുവിലേറ്റുക
3. വിജ്ഞാനം വിറ്റുകൊഴുക്കുന്ന വണിക്കുകളെ ചുട്ടുകൊല്ലുക.
കോറസ്
ഈ കള്ളച്ചന്തകൾക്ക് തീ കൊളുത്തുക.(3 പ്രാവശ്യം)

## വിദ്യാപർവ്വം

(സ്റ്റേജിന്റെ പിൻഭാഗത്ത് നിന്ന് 4 പേർ വീതമുള്ള. 2 ഗ്രൂപ്പ്. ഒരു ഹമ്മിംഗ് പാടി രംഗത്തേക്ക് വന്ന് ക്രോസ് ചെയ്ത് സ്റ്റേജിന്റെ വലത്ത്, ഇടത്ത് ഭാഗത്തായി മുന്നിൽ നിരന്ന് നിന്ന് പാടുന്നു.)

കൊച്ചി രാജാവൊരു കൊമ്പനാനയെ
നൽകീ പണ്ട് മൈസൂർ രാജന്. കൊട്ടാരത്തിലെ ആനപ്പന്തിയിൽ
കൊച്ചിലേ കൊമ്പനോ ചങ്ങലപൂട്ടിലായ്.
മലയാളി കൊമ്പനെ വരുതിയിലാക്കാൻ മലയാളം ഗൊത്തില്ല പുതിയപാപ്പാൻ.

(സ്റ്റേജിന്റെ ഇടത് ഭാഗത്ത് നിൽക്കുന്ന ഗ്രൂപ്പിൽ ഒരാൾ ആനയായും മറ്റ് രണ്ട്പേർ പാപ്പാന്മാരായും മാറുന്നു. ഒരാൾ രംഗത്ത്നിന്ന് പിറകിലേക്ക് മാറുന്നു.)

പാപ്പാൻമാർ : അക്കട ഹോഗാനേ
ഇക്കട ബാഗാനേ
ഇല്ലിബാ ആനേ
അല്ലി ഹോഗാനേ.

(ആനയെ തല്ലുന്നു ആന അനുസരിക്കുന്നില്ല. എതിർ ഭാഗത്തെ ഗ്രൂപ്പ് )

കൊട്ടിലിൽ രാവിലെ എത്തുന്ന പാപ്പന്റെ ചട്ടങ്ങളൊക്കെയും കണഡത്തിൽ.

(കരയുന്ന കുഞ്ഞിനേയും കൊണ്ട് അച്ഛനും അമ്മയും പ്രവേശിക്കുന്നു. സ്റ്റേജിന്റെ പിറകിലായി ഇതേ സമയം മൂന്നുപേർ പുസ്തകങ്ങളുടെ രൂപത്തിൽ Guideകൾ. പിറകോട്ട് തിരിഞ്ഞ് നിൽക്കുന്നു.)

അച്ഛൻ : ടിങ്കിൾ ടിങ്കിൾ ലിറ്റിൽസ്റ്റാർ.
അമ്മ : ഹൗ ഐ വണ്ടർ വാട്ട് യു ആർ.
അച്ഛൻ : മോനേ ടിങ്കു നീ ഡാഡിയ്ക്ക് നാണക്കേട് വരുത്തിവയ്ക്കരുത്. ഇത് പഠിക്കാണ്ട് നീ ക്ലാസ്സിൽ ചെന്നാൽ ഡാഡിയ്ക്കാ ഷെയിം. ടിങ്കിൾ ടിങ്കിൽ ലിറ്റിൽ സ്റ്റാർ.

(കുട്ടി അത് പറയുന്നില്ല അമ്മപോയി ഒരു പുസ്തകം കൊണ്ടുവരുന്നു. തുടർന്ന് അച്ഛനും.)

അമ്മ : പറഞ്ഞ് തരണത് അതേപടി ഉരുവിട്ടാലല്ലേ ബൈഹാർട്ടാകു.
ടിങ്കിൾ ടിങ്കിൾ ലിറ്റിൽ സ്റ്റാർ
ഹൗ ഐ വണ്ടർ വാട്ട് യു ആർ
അപ് എബൗവ് ദ വേൾഡ് സോ ഹൈ,
ലൈക്ക് എ ഡയമണ്ട് ഇൻ ദ സ്കൈ.

(ആവർത്തിക്കുന്നു. പുസ്തകങ്ങൾ കുട്ടിയെ എടുത്ത് നടക്കുന്നു. അച്ഛനും അമ്മയും പിന്നാലേ.)
പുസ്തകങ്ങൾ : ട്വിങ്കിൾ ട്വിങ്കിൾ .......
കുട്ടി : എനിച്ച് കാക്കേ കാക്കേ എന്നുള്ള പാട്ട് പഠിച്ചാമതി.
(സ്റ്റേജിന്റെ ഇടത് ഭാഗത്ത് നിൽക്കുന്ന ഗ്രൂപ്പ് പാട്ട് പാടുന്നു.)
ഗ്രൂപ്പ് :

കാക്കേ കാക്കേ കൂടെവിടെ.
കുട്ടിനകത്തൊരു കുഞ്ഞുണ്ടോ.
കുഞ്ഞിനു തീറ്റക്കെടുക്കാഞ്ഞാൽ
കുഞ്ഞ് കിടന്നു കരഞ്ഞീടും.

(കുട്ടി പാട്ട് പാടുന്ന ഗ്രൂപ്പിനടുത്തേയ്ക്ക് ഓടിപ്പോകുന്നു. അച്ഛനുഅമ്മയും പിന്നോട്ട് വലിക്കുന്നു.)
അച്ഛൻ & അമ്മ : ട്വിങ്കിൾ ട്വിങ്കിൽ ...........സ്കൈ.
ഗ്രൂപ്പ് :

മിന്നും മിന്നും താരകമേ
നിന്നൊളിയെന്തെന്നാരറിവു.
ഭൂവിൽ നിന്നതി ദൂരത്തായ്
വൈരം പോലിമാനത്ത്.

(കുട്ടി ഗ്രൂപ്പിനടുത്തേക്ക് – അവശരായ അച്ഛനും അമ്മയും. ഗൈഡുകൾ പിന്നോട്ട് തിരിഞ്ഞു നിൽക്കുന്നു.)
അച്ഛൻ & അമ്മ : ഓ ഗോഡ് (ഇരിക്കുന്നു.) സ്റ്റിൽ
ഗ്രൂപ്പ് : പതിവായ് തല്ലും കരച്ചിലും കേട്ടു കോട്ടാരുദിനം രാജാവിറങ്ങി വന്നു.
(ആനയും പാപ്പാന്മാരും നിൽക്കുന്ന ഗ്രൂപ്പ് – ആനയെ തല്ലുന്നു. രാജാവ് വരുന്നു – ചെണ്ടമേളം)
രാജാവ് : ഇല്ലിബാ – എന്തായി കാട്ടന്നെ.
പാപ്പാൻ : അടിയൻ വിശേഷ ബുദ്ധി ഒട്ടുല്ല്യ ആന വലിപ്പം ഉറുമ്പിന്റെ ബുദ്ധി ഇക്കട ആനേ. അക്കട ആനേ. (ആന അനുസരിക്കുനില്ല.)
രാജാവ് : വിഡ്ഢീ- ഇതിലും ഭേദം നാലു മലയാളം വാക്ക് നീ പഠിക്കുന്നതല്ലേ – ഇടത്താനേ.. വലത്താനേ (ആന അനുസരിക്കുന്ന)
പാപ്പാൻ : അടിയൻ. ഇടത്താനേ. വലത്താനേ (ആന അതനുസരിക്കുന്നു.)
ഗ്രൂപ്പ് : ആന പുറത്തേറിയവർ
ആംഗലത്തിൽ ചട്ടംചൊല്ലി
കാരക്കോലും വിശീയവർ വാണീടുന്നല്ലോ.
അച്ചുനുമമ്മയും പുസ്തകങ്ങളെ വീണ്ടും കുട്ടിയുടെയടുത്തേക്ക് തള്ളിവിടുന്നു. പുസ്തകങ്ങൾ ചേർന്ന് കുഞ്ഞിനെ തള്ളിയിട്ട് തൂക്കിപ്പിടിക്കുന്നു.
അച്ഛൻ അമ്മ : ട്വിങ്കിൾ........... സ്കൈ. (സ്റ്റിൽ)
നറേഷൻ ഒരാൾ : ആനയ്ക്കും പാപ്പാനുമിടയിൽ കാര്യമറിയാവുന്ന ഒരു മനസ്സുണ്ടായതുപോലെ കുട്ടികളെ അവരുടെ മാതൃഭാഷയിൽ പഠിപ്പിക്കാൻ പറയാൻ ആരാണുള്ളത്?
(കോറസ് ഒറ്റ വരിയായി സ്റ്റേജിന്റെ മുന്നിൽ നിൽക്കുന്നു.)
മറ്റുള്ള ഭാഷകൾ കേവലം ധാത്രിമാർ
മർത്ത്യന്നു പെറ്റമ്മ തൻ ഭാഷ താൻ.
എത്ര വിദേശ ഭാഷാഭിജ്ഞനാകിലും
മർത്ത്യന്നു തൻഭാഷയൊന്നു കൊണ്ടേ
ശക്തിയുണ്ടായ് വരൂ ശക്തിമത്താകിയ
ഹൃദ്വികാരത്തെ വെളിപ്പെടുത്താൻ.

## സീൻ 2

(രംഗത്ത് ഇടതുഭാഗത്തായി ഒരു പ്രൈമറി സ്ക്കൂൾ ഓലമേഞ്ഞത്. 4-6 വിദ്യാർത്ഥികൾ അതിനകത്ത് ഇരിക്കുന്നു.4-— 4 വിദ്യാർത്ഥികളാണ് പിടിച്ചിരിക്കുന്നത്. ടീച്ചർ പാടി പഠിപ്പിക്കുന്നു. ടീച്ചർ അഭിനയിക്കുന്നതനുസരിച്ച് വിദ്യാർത്ഥികളും.)
ടീച്ചർ : കട കട കട കട കാളവണ്ടി
കിണി കിണി കിണി കിണി

സൈക്കിൾ വണ്ടി
പോം പോം, പോം പോം പോം
പോം, പോം പോം പോം
മോട്ടോർ വണ്ടി
ചുക് ചുക് ചുക് ചുക് .... തീവണ്ടി.

(പാട്ട് തീരുമ്പോഴേക്കും എതിർഭാഗത്തുനിന്നും രണ്ട് ദല്ലാളന്മാർ ഒരു രക്ഷിതാവിനെ സ്റ്റേജിലേക്ക് ഉന്തിവിടുന്നു. ദല്ലാളന്മാർ അൺഎയിഡഡ് സ്ക്കൂളകളുടെ പ്രതിനിധിയാണ് ഒപ്പം ഓരോ ബോർഡും കഴുത്തിൽ തൂക്കിയിട്ടുണ്ട്.)

ടീച്ചർ : എന്താ അഡ്മിഷനാവും അല്ലേ.

രക്ഷി : അല്ല. T.C വാങ്ങാനാണ്.

ടീച്ചർ : ഇതെന്താ കഥ. ഈ ആഴ്ചയിൽ 24-ാമത്തെ T.C യാണിത്. എന്തിനാ ഇപ്പോ കുട്ടിയെ കൊണ്ടുപോണത്.

രക്ഷി : ഇവിടെ ഈ ഓലപ്പന്തലുപോലുള്ള തല്ലിപ്പൊളി സ്ക്കൂളിൽ പഠിപ്പിച്ചിട്ട് എന്താ കാര്യം? അപ്പുറത്ത് പുതിയ ഇംഗ്ലീഷ് മീഡിയം അൺഎയിഡഡ് സ്ക്കൂൾ തുടങ്ങുന്നു. അവിടെ ചേർത്താൽ.....

ടീച്ചർ : അവിടെ ചേർത്തതുകൊണ്ടെന്താ. ഇവിടെ വേണ്ടത്ര യോഗ്യതയുള്ള മിടുക്കരായ അദ്ധ്യാപകരുണ്ടല്ലോ.

രക്ഷി : അക്കാര്യമൊന്നും പറയണ്ട ടീച്ചറേ. കൊല്ലം ഒന്നു കഴിഞ്ഞിട്ടും എന്റെ കുട്ടി അക്ഷരമാല പോലും പഠിച്ചിട്ടില്ല. പിന്നെ മലയാളത്തിലല്ലേ നിങ്ങളുടെ പഠിപ്പിക്കൽ. അതുതന്നെ നന്നായി പഠിപ്പിക്കുന്നുണ്ടോ? നാളെ പുറത്തുപോയി ഒരു ജീവിതമാർഗ്ഗം ഉണ്ടാക്കാൻ ഈ എഴുത്തച്ഛനും ചെറുശ്ശേരിയും പഠിച്ചിട്ട് വല്ല കാര്യവുമുണ്ടോ. ഇംഗ്ലീഷ് വേണം. ഇംഗ്ലീഷ്.

ടീച്ചർ : അങ്ങനെയല്ല. മാതൃഭാഷയെങ്കിലും ഉറച്ച ഒരു കുട്ടിയേയ്ക്കു മറ്റുഭാഷ പഠിക്കാനാവു. ഇംഗ്ലീഷ് പഠിക്കേണ്ട എന്നൊന്നും ആരും പറയുന്നില്ല. വെറുതെ കുറ്റം പറഞ്ഞ് നടക്കാതെ രക്ഷിതാക്കൾകൂടി ശ്രദ്ധിച്ചാൽ നമുക്ക് സ്ക്കൂളിന്റെ നിലവാരം മെച്ചപ്പെടുത്താം.

രക്ഷി : എന്നാലും നാടോടുമ്പം നടുവേ എന്നല്ലേ ടീച്ചറേ.

ടീച്ചർ : നാടാകെ ഭ്രാന്ത് പിടിച്ചാലോ. നമ്മുടെ നാട്ടിലെ വലിയ ആളുകളൊക്കെ ഇംഗ്ലീഷ് മീഡിയത്തിലല്ലല്ലോ പഠിച്ചത്.

(ദല്ലാളന്മാർ രംഗത്തേക്ക് വരുന്നു. ഒരാൾ രക്ഷിതാവിന്റെ സമീപത്തും മറ്റൊരാൾ സ്ക്കൂളിനു സമീപത്തേക്കും പോകുന്നു. ദല്ലാളിലൊരാൾ സ്ക്കൂൾ പിടിച്ച് കുലക്കി കൊണ്ട്.)

ദല്ലാൾ : ഈ തറാപറാന്ന് പഠിച്ചിട്ടാപ്പോ കുട്ടികള് വല്ല്യ ആളാവണത്.

(ടീച്ചർ ദേഷ്യത്തോടെ ഓടിവന്ന് ദല്ലാളിനെ തള്ളി മാറ്റുന്നു. എന്നിട്ട് സ്ക്കൂളിനെ തലോടികൊണ്ട്.)

ടീച്ചർ : സ്വന്തക്കാർക്കും ബന്ധുക്കൾക്കും ജാതിക്കും ഉപജാതിക്കും വരെ അൺഎയിഡഡ് സ്ക്കൂളുകൾ. ഈ അക്ഷരക്കച്ചവടക്കാരെക്കൊണ്ട് അടിസ്ഥാന വിദ്യാഭ്യാസം തകർക്കുകയാണിവർ. അവരുടെ കൈയ്യിൽ നിങ്ങളുടെ മകന്റെ ഭാവിയും അറുത്തു തൂക്കിക്കൊടുക്കരുത്.

(സ്റ്റേജിന്റെ പിറകിൽ രക്ഷിതാവിനു സമീപം നിൽക്കുന്ന ദല്ലാളിൽ ഒരാൾ)

ദല്ലാൾ 1 : കേട്ടോ സ്നേഹിതാ നിങ്ങളുടെ കുട്ടിയുടെ ഭാവി സുരക്ഷിതമാണ് എന്റെ ഗാന്ധി മെമ്മോറിയൽ ഇംഗ്ലീഷ് മീഡിയം സ്ക്കൂളിൽ.

ദല്ലാൾ 2 : നമുക്കൊക്കെ നമ്മുടെ കുട്ടിക്കാലത്ത് കിട്ടാത്തത് നമ്മുടെ കുട്ടികൾക്കെങ്കിലും കിട്ടട്ടേ.

(ദല്ലാളന്മാരുടെ വാക്കുകൾ കേട്ട് രക്ഷിതാവ് ഓടിച്ചെന്ന് സ്ക്കൂളിൽ നിന്നും ഒരു കുട്ടിയെ പിടിച്ചുകൊണ്ടു പോകുന്നു - സ്ക്കൂൾ തകർന്ന് വീഴുന്നു. ഒപ്പം ടീച്ചറും.)

ദല്ലാൾ 1 : ടീച്ചറേ. ദേ - കുട്ടികളില്ലാണ്ട് ഈ സ്ക്കൂളൊന്ന് പൂട്ടിക്കിട്ടിയാൽ ഞാനങ്ങ് രക്ഷപ്പെടും.

(എന്നിട്ട് ദല്ലാളന്മാർ, അച്ഛൻ എന്നിവർ കുട്ടിയെ നടുക്ക്നിർത്തി. ആംഗ്യങ്ങളോടെ പാട്ട് പാടുന്നു.)

പഠിക്ക് മോനേ പഠിച്ച് നീയൊരു വലിയവനാകേണം.
കൊതിച്ച് നേടും ഡിഗ്രിയിൽ വിളയും പണമാണ്ത് മാത്രം
പണമില്ലെങ്കിൽ പിണമാണെന്നത് അറിയുക നീ മോനേ
നാടോടുമ്പോൾ നടുവേയോടണമതു നിൻ സിദ്ധാന്തം.

(പാടിക്കൊണ്ട് സ്റ്റിൽ ആകുന്നു. തകർന്ന് കിടക്കുന്ന സ്കൂൾ, വിദ്യാർത്ഥികൾ, ടീച്ചർ എന്നിവർ എഴുന്നേറ്റ് നേരേനിന്ന് നറേഷൻ പറയുന്നു.)

നറേഷൻ : കേരളത്തിലെ നൂറുകണക്കിന് പൊതു വിദ്യാലയങ്ങൾ ആദായകരമല്ലെന്ന പേരിൽ പൂട്ടുന്നു. അതേസമയം മുന്നൂറോളം അൺഎയിഡഡ് സ്കൂളാണ് ഈ വർഷം സർക്കാർ അനുവദിച്ചിരിക്കുന്നത്.

(കോറസ് പിറകിലേക്ക്, എതിർ ഭാഗത്ത് നിന്നും ബെല്ലടികേട്ട് സ്കൂൾ വിദ്യാർഥികൾ പുറത്തേക്ക് – അല്പം കഴിഞ്ഞ് ഒരു അദ്ധ്യാപകൻ വളരെ തിരക്കോടെ പുറത്തേക്ക് തൊട്ടു പിറകിലായി ഹെഡ്മിസ്ട്രസ്സും.)

അദ്ധ്യപകൻ : (ദേഷ്യത്തിൽ) എന്റെ ടീച്ചറേ ഏതു കുട്ടിയ്ക്കാ മര്യാദയ്ക്ക് ബുദ്ധിയുള്ളത്. രക്ഷിതാക്കൾക്ക് ഒരു ചിന്തവേണ്ടേ.

ഹെ. മി. : അതിനല്ലേ പി.ടി.എ. വിളിച്ചിട്ടുള്ളത്. നമുക്കായോഗത്തിൽ പറയാം.

അദ്ധ്യപകൻ : വൈകിട്ട് 4 മണി കഴിഞ്ഞുള്ള ഒരു മീറ്റിംഗിനും എന്നെ കാക്കണ്ട. 2 ലക്ഷമമാനേജർക്ക് കൊടുത്തത്. 22% ഡി.എ. കിട്ടാനുമുണ്ട്. അതൊക്കെ മര്യാദയ്ക്ക് തരട്ടെ എന്നിട്ടാലോചിക്കാം പഠിപ്പിക്കൽ.

(സ്റ്റിൽ. ഒരാൾ വന്ന് നറേറ്റ് ചെയ്യുന്നു)

നറേഷൻ : അർപ്പിതമനസ്ക്കനായ ഗുരുവും ആത്മസമർപ്പണം ചെയ്ത ശിഷ്യനുമെന്നത് മഹാമാതൃകയാണ്. നമ്മുടെ ജീവിതത്തിന്റെ കടമ മറക്കുന്ന ഇന്നത്തെ അദ്ധ്യാപകർ വിദ്യാഭ്യാസത്തെ വെറും ഉപജീവനമാക്കുന്നു.

**സീൻ 3**

(രംഗം ആരംഭിക്കുമ്പോൾ അച്ഛൻ കുട്ടിയുമായി രംഗത്ത്. തൊട്ട്പിറകിൽ ഉയർന്ന പ്രതലത്തിൽ മൂന്ന് പേർ ചൂണ്ടയുമായ് ഇരിക്കുന്നു.)

അച്ഛൻ : നാളെയല്ലേ ഇംഗ്ലീഷ് മീഡിയം സ്കൂളിൽ ഇന്റർവ്യൂ. ടീച്ചറെ കാണുമ്പോ മോനെന്താ പറയാ.

കുട്ടി : നമസ്തെ.

അച്ഛൻ : ഞാൻ പഠിപ്പിച്ചുതന്നതൊക്കെ നീ മറന്നോ? ഗുഡ്മോർണിംഗ്.
കുട്ടി കരയുന്നു.

(പരസ്യം)

രക്ഷിതാക്കളുടെ മാനസിക സംതൃപ്തിക്കായി വിദ്യാർത്ഥികളെ രൂപപ്പെടുത്തുന്ന ഒരേയൊരു സ്ഥാപനം പൂന്താനം മെമ്മോറിയൽ ഇംഗ്ലീഷ് മീഡിയം പബ്ലിക്ക് സ്കൂൾ.

(അച്ഛൻ പരസ്യത്തിനുപിന്നാലെ. ആദ്യകുരുക്ക് അച്ഛനിൽ)

അച്ഛൻ : (ഫീഡിംഗ്) വാനിഷ് ബ്രഹ്മി.

അമ്മ : (കരഞ്ഞുകൊണ്ട് കടന്നുവരുന്നു). ഇന്നത്തേതടക്കം 25 കുട്ടികളാ ടി.സി. വാങ്ങിപ്പോയത്.

അച്ഛൻ : അതിനിപ്പോ നിനക്കെന്താ.

അമ്മ : ഡിവിഷൻ ഫോൾ വന്നാൽ ആദ്യം പോസ്റ്റ് പോകുന്നത് ജൂനിയർമോസ്റ്റായ എന്റെയാണ്.

(2-ാമത്തെ പരസ്യം )

സുരക്ഷിതമായി വിദ്യാർത്ഥികളെ സ്ക്കൂളിലും വീട്ടിലും ഉത്തരവാദിത്വത്തോടെ എത്തിക്കുന്ന മികച്ച സാങ്കേതിക ഗതാഗത സൗകര്യം. (കുട്ടിക്ക് ടൈ കെട്ടിക്കൊടുക്കുന്നു.)

അച്ഛൻ : മോനേ അച്ഛനിന്നലെ പഠിപ്പിച്ചുതന്നത് മറന്നോ. 1. ഹു ഈസ് യുവർ ഫാദർ?
2. ഹു ഈസ് ദ പ്രസിഡന്റ് ഓഫ് അമേരിക്ക?

കുട്ടി : അച്ഛാ എനിക്ക് ഒന്നും മനസ്സിലാകുന്നില്ല. എനിക്ക് അമ്മേടെ സ്ക്കൂൾ മതി.

(മകൻ അമ്മയുടെ അടുത്തേക്ക് പോകുമ്പോൾ അച്ഛൻ തടയുന്നു.)

അമ്മ : കേട്ടില്ലേ ഒരാളെങ്കിലും വന്നുചേർന്നാൽ അത്രേമായല്ലോ. മോനെ അമ്മേടെ സ്ക്കൂളിൽ ചേർക്കാട്ടോ.

അച്ഛൻ : വാടാ ഇവിടെ. എന്റെ മോനെ എവിടെ ചേർക്കണമെന്നും ആരാക്കണമെന്നും ഞാൻ തീരുമാനിക്കും.

(3-ാമത്തെ പരസ്യം)

കുട്ടികളുടെ സ്വഭാവരൂപീകരണത്തിന് അമ്മമാർക്ക് ഒരു മാസത്തെ സൗജന്യ കമ്പ്യൂട്ടർ കോച്ചിംഗ്.

(സ്പൂൺ കുട്ടിയുടെ വായിൽ വച്ചു കൊടുക്കുന്നു.)

അമ്മ : അപ്പൊ എന്റെ ജോലി.

അച്ഛൻ : നിന്റെ ജോലികൊണ്ട് വേണ്ട ഇവിടിപ്പക്കഴിയാൻ. മാസം ഒന്നു കഴിയട്ടെ, ഞാൻ മാഞ്ചിയത്തിൽ ഡെപ്പോസിറ്റ് ചെയ്തതിന്റെ പലിശയിങ്ങോട്ട് വരാൻ തുടങ്ങും. നിന്റെ ജോലിയേക്കാൾ ഇവന്റെ ഭാവിയാണ് എനിക്ക് പ്രധാനം.

അമ്മ : എന്റെ ജോലി.....

(കുരുക്കിൽ കുരുങ്ങിയ അച്ഛനും മകനും പൊങ്ങിപ്പോകുന്നു. അമ്മ സമീപിക്കുന്നു. അച്ഛൻ കാൽകൊണ്ട് തട്ടുന്നു. അമ്മ വീഴുന്നു.

ഉദയരാഗങ്ങളിൽ
പുതിയ ലോകത്തിന്റെ
കതിരുകൾ തേടുന്ന തോഴാ
അതിരുകൾ തീർക്കുമീ
കുടില കാലത്തിന്റെ
പതിരുകൾ ആകുന്നു നമ്മൾ (2)

(പാട്ട് കഴിമ്പോൾ സ്റ്റേജിന്റെ ഒരു ഭാഗത്ത് അച്ഛനുമമ്മയും നിൽക്കുന്നു. പോസ്റ്റ്മാൻ കത്ത് കൊണ്ടുവന്നു കൊടുക്കുന്നു. പോസ്റ്റ്മാൻ പോസ്റ്റ് എന്ന വിളിയോട് കൂടിയാണ് രംഗം മാറുന്നത്.) പോസ്റ്റ്മാൻ കത്തുകൊടുക്കുന്നു. അച്ഛൻ ബോധം കെട്ടു വീഴുന്നു.

അമ്മ : അയ്യോ, ഇതെന്തുപറ്റി.

അച്ഛൻ : നമ്മുടെ മോനെ കോളേജിൽ നിന്നും ഡിസ്മിസ് ചെയ്തു.

അമ്മ : അവൻ എന്തു ചെയ്തിട്ടാ?

അച്ഛൻ : അത് നിന്റെ മോനോട് ചെന്ന് ചോദിക്ക്.

അമ്മ : (ആത്മഗതം). ഓരോ കൊല്ലവും കുട്ടികൾ വളരുമ്പോൾ വിചാരിക്കും നമ്മുടെ മോഹം സാധിക്കാൻ ഇനി അധികം വേണ്ടല്ലോ എന്ന്. പക്ഷേ....

അച്ഛൻ : നമ്മൾ ഒന്ന് മോഹിക്കുന്നു. കുട്ടികൾ വേറെ വഴിക്കു പോകുന്നു.

അമ്മ : ഇനിയിപ്പോ എന്താ ചെയ്ക.

(വണ്ടിയുടെ മുകളിൽ 3 പേർ ഗഞ്ചാവ് 3 പ്രാവശ്യം വലിക്കുന്നു. അമ്മയുടെ കരച്ചിൽ.)

(ബില്ല്യാഡ്സ് കളിക്കുന്ന 3 പേർ.) വണ്ടർഫുൾ

1. നമ്മുടെ തോമസ് സാറിനെ രണ്ടു മൂന്നു ദിവസമായി കാണുന്നില്ലല്ലോ.

2. അതറിഞ്ഞില്ലേ. അങ്ങേരുടെ മോൾ ആ ഓട്ടോണമസ് കോളേജിൽ പഠിക്കുന്ന കുട്ട്യേയ് ഓടിപ്പോയത്രേ. രണ്ടു ദിവസം മുമ്പ് ഗോവയിൽ നിന്ന് പോലീസ് പിടിച്ചു. ഏതോ മലയാളം മൂവിയുടെ ഇൻഫ്ളുവൻസാണത്രേ.

3. പ്രീഡിഗ്രി വരെ നല്ല അടക്കവും ഒതുക്കവും ഉള്ള കൊച്ചായിരുന്നു. നല്ല മാർക്കും സ്ക്കോർ ചെയ്തതാ.

1. ഞാനന്നേ പറഞ്ഞതാ ആ കുട്ടിക്ക് ലിറ്ററേച്ചറിലാ ടെയ്സ്റ്റ് എന്ന് എഞ്ചിനീയറിംഗിന് വിടണ്ടാണ്. സമ്മതിക്കേണ്ടേ! മോളെ എഞ്ചിനീയർ ആക്കിയേ അടങ്ങൂ എന്ന്. ഇപ്പോ എന്തായി.

2. ശ്ശോ മോളെ മാത്ത് ട്യൂഷൻ കഴിഞ്ഞ് ഇംഗ്ലീഷിന് എത്തിക്കേണ്ട സമയമായി. ഐ ഹാവ് ടു ഗോ.

(മുകളിൽ ഗഞ്ചാവു വലിക്കുന്നവർ.)

1. പരീക്ഷയ്ക്കൊപ്പം ഓടിയോടി എന്റെ ശരീരം തളരുന്നു.

2. അപ്പൊ ഇനി പരീക്ഷ നിന്നോടൊപ്പം ഓടട്ടേടാ.

1. അയ്യോ അതാ ഓടിവരുന്നു. ബാക്ക് പേപ്പറുകൾ വാപിളർന്ന് എന്നെ വിഴുങ്ങാൻ വരുന്നു.

2. എടാ പരീക്ഷകൾ നിന്നെത്തേടി ഓടിവരുന്നു.

1. ബാക്ക് പേപ്പറുകൾ എന്നെ കൊല്ലും. പരീക്ഷകളിൽ നിന്നും എനിക്ക് രക്ഷപ്പെടണം.

2&3. നമുക്ക് ഇവനെ രക്ഷപ്പെടുത്താം.

(പതുക്കെ 1-ാന്റെ കഴുത്തിൽ കുരുക്കിട്ട് താഴേക്ക് വിടുന്നു. കുരുക്ക് സ്വയം പിടിച്ചുകൊണ്ട് മുന്നിൽ നിന്ന് പാടുന്നു.)

നെറ്റിയിൽ കാക്കക്കാലുകാച്ചിയും
ചെറുവിരൽ കൊത്തിയുമീറൻ ചുറ്റിയും
സ്വന്തം ചിതാഭസ്മത്താൽ

ത്രപുണ്ഡ്രങ്ങൾ ചാർത്തിയും
നിൻ കെടാത്ത പുത്രശോകത്താൽ
ചുട്ട നാരായം നെറുകയിലാഴ്ത്തിയും
പാതാളത്തിലേക്കു ഞാൻ
പിരിയുമ്പോൾ
നീ തിരിച്ചെടുക്കുകീ വിൽപത്രം
എനിക്കിതിൽ നീക്കി വച്ചൊരീയർത്ഥം
അക്ഷരം ഭിക്ഷാപാത്രം.

നരേഷൻ : കുട്ടി ആരായിത്തീരണമെന്ന് രക്ഷിതാവിന് ആഗ്രഹിക്കാം. പക്ഷെ പതിഞ്ചു വയസ്സു കഴിഞ്ഞേ ഒരു കുട്ടിയുടെ ഭാവി തീരുമാനിക്കാവൂ.

(മുകളിൽ മുഖ്യമന്ത്രി)

മുഖ്യ മ. : വിദ്യാഭ്യാസരംഗത്ത് സ്വകാര്യവ്യക്തികളേയും സമ്മർദ്ദഗ്രൂപ്പുകളേയും പ്രോത്സാഹിപ്പിക്കുക എന്ന ഗവൺമെന്റിന്റെ പ്രഖ്യാപിത ലക്ഷ്യപ്രാപ്തിക്കായി നടത്തുന്ന ഈ വിരുന്നിലേക്ക് ബഹുമാന്യാതിഥികളെ നിങ്ങൾക്ക് സ്വാഗതം.

(ഒരു സ്ത്രീ ട്രേയിൽ 6 ഗ്ലാസ്സുമായി വരുന്നു.) ഗ്ലാസ് എടുത്തുകൊണ്ട്.

സംഘം : ചിയേഴ്സ്

ഒരാൾ : ഫോർ ദ ഹെൽത്ത് ഓഫ് അവർ ഓട്ടോണമസ് ഇൻസ്റ്റിറ്റ്യൂഷൻ.

സംഘം : ചിയേഴ്സ്

(പരസ്പരം ചിയേഴ്സ് പറഞ്ഞ് പൊസിഷൻ മാറുന്നു.)

A : കേട്ടോ സാറേ ഞാനീ അബ്ക്കാരി അങ്ങ് നിർത്തിയാലോ എന്നാലോചിക്ക്യാ. എക്സൈസ് ആപ്പീസിലെ പ്യൂണിനു മാത്രമല്ല തൂണിനും കൊടുക്കണം മാമൂല്.

B : പുതിയ മിനിസ്റ്ററുടെ ഒരു മുടിഞ്ഞ റൈഡും.

C : ബാർ ലൈസൻസിന് കൊടുത്ത എമൗണ്ട് ഭാഗ്യവശാൽ പോളിടെക്നിക്കിന് അഡ്ജസ്റ്റ് ചെയ്തു.

D : ഇൻവെസ്റ്റ്മെന്റിന് പറ്റിയത് ഇപ്പൊ ഇതാ. (കൈയിലെ ഗ്ലാസ് പൊക്കിക്കാണിക്കുന്നു എല്ലാവരും)

E : തടി ബിസിനസ് ഇനി തുടങ്ങണമെങ്കിൽ മാഞ്ചിയവും തേക്കുമൊക്കെ വളർന്നിട്ടു വേണം.

B : ഞാൻ ആനയെ വരെ വിറ്റുകഴിഞ്ഞു.

D : കാട്ടിലെ ഒരു മരമെങ്ങാൻ തൊട്ടാൽ ഈ പരിസ്ഥിതിക്കാര് ഉടനെ തുടങ്ങും കമ്പിയടീം സത്യാഗ്രഹവുമൊക്കെ.

A : ഇതുകൊണ്ട് രക്ഷപ്പെട്ടേക്കും. (ഗ്ലാസ് പൊക്കിക്കാണിക്കുന്നു.)

C : ഫിഫ്റ്റീം ഫിഫ്റ്റീട ഫിഫ്റ്റീം..... മടുത്തു
പി.ഡബ്ല്യു.ഡി.ക്കാർക്ക് കൊടുക്കുന്നതു സഹിക്കാം.

A : പിന്നേം വേണോല്ലോ സർവ്വമണ്ഡലത്തിനും ബ്ലോക്കിനുമൊക്കെ.

F : വേണം വേണം. സർവ്വ ഞാഞ്ഞൂലിനും നീർക്കോലിക്കും.

മുഖ്യ. മ. : ഡിയർ ഫ്രണ്ട്സ്, ലിസൺ പ്ലീസ്. ഇതാ ഈ വിരുന്നിലെ ഏറ്റവും പുതിയ ഇനം.

സ്ത്രീ : സ്വകാര്യമേഖലയിൽ സ്വാശ്രയ മെഡിക്കൽ കോളേജുകൾ അനുവദിക്കാൻ മന്ത്രിസഭാ തീരുമാനം. (ട്രേയിൽ മെഡിക്കൽ കോളേജ്. തിരക്ക് കൂട്ടുന്നതിനിടയിൽ.)

മുഖ്യ.മ. : തിരക്കുണ്ടാക്കരുത്. നയപരമായ ചില കാരണങ്ങളാൽ ഒരേയൊരു സ്വാശ്രയ മെഡിക്കൽ കോളേജു മാത്രമേ അനുവദിക്കുന്നുള്ളൂ. അതുകൊണ്ട് നമുക്കിത് സഹകരണ മേഖലയിൽ ആക്കാം.

ഒരാൾ : കേട്ടില്ലേ എന്തോന്ന് മേഖല. അപഹരണമേഖലയോ.

മുഖ്യ. മ.: മനസ്സിലിരുപ്പ് കണ്ടില്ലേ. അതല്ല. സഹകരണമേഖല. സർക്കാരിന്റെ 200 ഏക്കർ ഭൂമിയുണ്ട്. അത് കൈയിൽ വരണമെങ്കിൽ ഇങ്ങനെ വല്ലതും വേണം. ഒരു ചെറിയ സഹകരണമെങ്കിലും.

A : അപ്പോ തെരഞ്ഞെടുപ്പൊക്കെ വേണ്ടി വരില്ലേ. അതുപറ്റില്ല.

B : നൊ. ഇറ്റീസ് ഇംപോസിബിൾ.

C : അതൊക്കെ ബുദ്ധിമുട്ടാണ്.

D : പറ്റില്ലെന്നേ.

E : അത് അസാധ്യമാണ്.

F : അത് നടക്കില്ലെന്നേ.

മുഖ്യമ.: ശരി, എങ്കിൽ നമുക്ക് ട്രസ്റ്റാക്കാം.

F : ട്രസ്റ്റായാൽ പരമസുഖം. ഭൂമിയും കെട്ടിടവും ഒക്കെക്കൂടി കുറെ കോടി ഇങ്ങുപോരും. അഡ്മിഷൻ, അപ്പോയിന്റ്മെന്റ്. ഓഹോ നമ്മുടെ നല്ല കാലം.

ഗ്രൂപ്പ് : യ. എഗ്രീഡ്.

(സ്വാശ്രയ കോളേജുകൾ പൊളിച്ച് ഓരോരുത്തർക്കായി കൊടുക്കുന്നു. സ്വാശ്രയ കോളേജുകൾ പൊളിച്ച് മാറ്റുമ്പോൾ ട്രേയിൽ നേർത്തേതന്നെ വച്ചിട്ടുള്ള പാവ ഉണ്ടാകും. അതിൽ പൊതു വിദ്യാഭ്യാസം എന്നെഴുതിയിരിക്കണം. അതിനെ ഒരു കമ്പിൽ തൂക്കിയിടുക. എന്നിട്ട് എല്ലാവരും കൂടി ഓഡിയൻസിന്റെ ഇടയിലേക്ക് കടന്നുവരുന്നു. പാവയെ കാണികളുടെ ഇടയിൽ കെട്ടിത്തൂക്കുന്നു. കെട്ടിത്തൂക്കുന്നതിനിടയിൽ - പാട്ട്)

ഇത് ശവഘോഷയാത്ര
ഇനി നമുക്കൊരുക്കാമിതിൻ ചിത
ഇതു നാമൊന്നായ്
അടരാടി നേടിയ
ഇതിഹാസ തുല്ല്യമാം വിജയം.
ആരോരുമറിയാതെയൊരു വിരുന്നിൽ
ആർത്തിയോടാരോ പങ്കിടുന്നു
ഒടുവിലീ മൃതശിഷ്ടമല്ലോ തെരുവിൽ
ഒടുക്കത്തെ വിധികാത്തഴുകുന്നു.
ഇതു ശവഘോഷയാത്ര
ഇനി നമുക്കൊരുക്കാമിതിൻ ചിത.

## പാർട്ട് II

### സീൻ - 1

ഒരു അൺ എയിഡഡ് വിദ്യാലയം റെപ്രസന്റേറ്റീവ് മുകളിൽ കയർ ഏണി മുകളിലേക്ക് വലിക്കുന്നു. ഒരു രക്ഷാകർത്താവ് ഏണിയിൽ പിടിക്കുന്നു.

റെപ്ര : എന്താ?

രക്ഷി. : എന്റെ മോന് ഒരു അഡ്മിഷൻ.

റെപ്ര : ഏത് സ്റ്റാന്റേർഡിൽ.

രക്ഷി. : ഒന്നാം ക്ലാസ്സ്.

റെപ്ര. : യു.കെ.ജി. കഴിഞ്ഞതല്ലേ.

രക്ഷി. : വീട്ടിനടുത്ത് അംഗൻവാടിയിൽ പോയിട്ടുണ്ട്.

റെപ്ര : നോ. നോ. ഇവിടെ ഇംഗ്ലീഷ് മീഡിയമാണ്. വേറെ വല്ല സർക്കാർ സ്ക്കൂളിലും ചേർക്കൂ.

രക്ഷി : സർ ക്ഷമിക്കണം. അടുത്തുള്ള രണ്ടു സ്ക്കൂളും സർക്കാരും മാനേജ്മെന്റും അൺ എക്കണോമിക്ക് എന്നു പറഞ്ഞ് പൂട്ടി. ഇവിടെ മാത്രമേ രക്ഷയുള്ളൂ. ദയവായി.

റെപ്ര. : യു.കെ.ജി. കഴിയാത്തതിനാൽ ഞങ്ങൾക്ക് സ്ട്രെയിൻ കൂടും. എന്നാലും പഠിക്കാനുള്ള അവസരം നിഷേധിക്കരുതല്ലോ. ആട്ടെ, ക്യാപ്പിറ്റേഷൻ ഫീ അടയ്ക്കണം. 10,000 രൂപ. രണ്ടു ഗഡുക്കളായി മതി. 5000 അഡ്മിഷന് അപേക്ഷിക്കുമ്പോൾ ബാക്കി ക്ലാസ്സ് തുടങ്ങുമ്പോൾ.

രക്ഷി. : പതിനായിരമോ? അയ്യോ ഒന്നാം ക്ലാസിൽ ചേർക്കാനും പണം വേണമോ?

(കറങ്ങി വീഴുന്നു.)

ദയവായി കുട്ടിക്ക് വിദ്യ നിഷേധിക്കരുത്.

(ഈയം ഉരുക്കി ചെവിയിൽ ഒഴിക്കുന്ന മൈമിങ്).

ദയവായി കുട്ടികൾക്ക് വിദ്യ നിഷേധിക്കരുത്.

റെപ്ര : നോ. പണമില്ലെങ്കിൽ പ്ലീസ് ഗെറ്റൗട്ട്.

(രക്ഷിതാവ് മറിഞ്ഞു വീഴുന്നു.

നറേഷൻ : ശൂദ്രനു വിദ്യ നിഷേധിച്ച ചാതുർവർണ്യത്തിന്റെ ക്രൂരനീതിയെ നാം തോൽപിച്ചു. എന്നാൽ ഇതാ അവർ പുതിയ വേഷത്തിൽ വന്ന് നമ്മെ തോല്പിക്കുകയാണ്.

### സീൻ - 2

പൊതു വിദ്യാഭ്യാസ സ്ഥാപനം ഹെഡ്മിസ്ട്രസ് വരാന്തയിൽ നിൽക്കുന്നു. ഡോർ തുറന്ന് ഒരധ്യാപിക വരുന്നു.

ഹെ.മി. : എന്താ ടീച്ചർ നേരത്തെ...? ഓ മകനെ വാത്മീകി ഇംഗ്ലീഷ് മീഡിയത്തിൽ നിന്നും കൂട്ടാനായിരിക്കും അല്ലേ?

ടീച്ചർ : മോനെ കൂട്ടാനിത്തിരി വൈകിയാൽ അവിടത്തെ പ്രൻസിപ്പാൾ ചീത്ത പറയും. അവിടെ എന്തൊരു സ്ട്രിക്റ്റാണെന്നോ! (ഹെ.മി. ഡോർ അടയ്ക്കുന്നു.) അകത്തേക്കു പോകുന്നു.

(ബെല്ലടിക്കുന്നു. കുട്ടികൾ സ്ക്കൂളിൽ നിന്നും പുറത്തേക്ക് പോകുന്നു. സ്ക്കൂളിൽ നിന്നും ഒരു മാഷ് ഡോർ തുറന്ന് വരുന്നു. പിന്നാലെ ഹെഡ്മിസ്ട്രസ്.)

ഹെ.മി. : മാഷേ നിൽക്കൂ. ഞാൻ പറയുന്നതൊന്ന് കേൾക്കൂ.

മാഷ് : എൻട്രൻസിന് മൂന്ന് തവണ എഴുതീട്ടും കിട്ടാഞ്ഞിട്ടാ ഞാൻ ഈ വാദ്ധ്യാർ പണിക്ക് വന്നത്. 2 ലക്ഷം കൊടുത്തിട്ടാ ഈ പണിയെങ്കിലും കിട്ടിയത്. അത് മുതലാക്കാൻ വരുന്നൂന്നേയുള്ളു ഇവിടേക്ക്.

ഹെ. മി. : എന്നാലും മാഷേ കുട്ടികളോട് നമുക്കൊരു കടപ്പാടില്ലേ. ഉമിത്തീയിൽ നീറിയ ശിഷ്യന്മാരുടെയും അവരെ പിതൃതുല്ല്യം സ്നേഹിച്ച ഗുരുക്കന്മാരുടേയും കഥകളല്ലേ നമ്മുടെ ഭൂതകാലം നിറയെ?

(ഉമിത്തീയിൽ നീറുന്ന ശിഷ്യനും, ഗുരുവും - മൈമിങ്)

ഗുരുനിന്ദതൻ പാപബോധത്തി
നണയാത്ത വഹ്നിയിൽ
എരിയുന്ന ശിഷ്യൻ.
ഗുരുവോ മനം നൊന്തു പറയുന്നു
അരുതരുത് നീ നീറിയണയരുത് മകനേ
ഗുരോ നിനച്ചു ഭവ ഹത്യ
ഉള്ളിലതിനാൽ ഹതൻ ഞാൻ
ഈ ഊഴിയിലിരിക്കുവോളം.

മാഷ് : ഹും കടപ്പാട്

(ഗുരുവും ശിഷ്യനും മറയുന്നു.)

മാഷ് : എനിക്ക് കടപ്പാട് കടം മേടിച്ച് മാനേജർക്കു കൊടുത്ത കാശിനോടാണ്. പിന്നെ. റിസൾട്ട്.

**സീൻ - 3**

(മുകളിൽ ഇംഗ്ലീഷ് മീഡിയം സ്കൂൾ മാനേജർ. കൈയിൽ തുടലും വടിയും ബോർഡും തുടലിന്നറ്റത്ത് പട്ടിയായി മാഷ്)

ശമ്പള കവർ എറിഞ്ഞുകൊടുക്കുന്നു. മാഷ് കാശ് എണ്ണിനോക്കുന്നു.

മാഷ് : ഇതുപോര, രാവിലെ 9 മണി മുതൽ 5 മണിവരെ തൊണ്ട പൊട്ടിയിട്ടാ വെറുതെയല്ല.

മാനേജർ : അതിനുള്ളതാ തന്നത്.

മാഷ് : എന്ത്. അഞ്ഞൂറ് ഉലുവയോ.

മാനേ. : എന്താ കുറഞ്ഞുപോയി-ല്ലേ.

മാഷ് : എന്നാലേ മോൻ പൊയ്ക്കോ. മലയാളം എം.എ.ക്കാർ പീടികയിൽ സാധനം പൊതിയാൻവരെ പോകുന്നുണ്ട്.

മാഷ് : അവർക്കിതിലും കാശ് കിട്ടുന്നുണ്ട്.

മാനേ. : എന്നാൽ പൊയ്ക്കൊ. ആരാ പിടിച്ചുനിർത്തുന്നത്? (വടിയെടുത്ത് തുടൽ അഴിച്ച് കൈയിൽ പിടിക്കുന്നു. മാഷ് മാനേജരുടെ കാൽക്കൽ വീഴുന്നു.

മാഷ് : നക്കാപ്പിച്ചക്കാശിന് സ്ക്കൂൾ മാനേജർ അച്ഛനെക്കൊണ്ട് പിണ്ടിപ്പണി ചെയ്യിച്ച കഥ കേട്ടിട്ടേയുള്ളു. ആ കാലമൊക്കെ പണ്ടായിരുന്നു.

(പഴയ സ്ക്കൂൾ മാനേജരും ടീച്ചറും കടന്നു വരുന്നു. കൂടെ ഒരു മാഷ്.)

മാനേ : വിദ്യാദാനം മഹാദാനം എന്നാണ് ആപ്തവാക്യം. ധരിച്ചിട്ടുണ്ടോ ടീച്ചർ.

ടീച്ചർ : അതു മനസ്സിലാക്കിയിട്ടാ അധ്യാപികയാവാൻ വന്നത്. അല്ലാതെ മാനേജരുടെ പശുവിനെ തീറ്റാനും വീടുപണിയെടുക്കാനുമല്ല.

മാഷ് : അക്വിറ്റൻസ് ഒപ്പിട്ടു തരുന്ന തുക മുഴുവനും കൃത്യമായി കൈയിൽ കിട്ടണം.

മാനേ. : അധ്യാപകവൃത്തിക്ക് പ്രതിഫലം കണക്കുപറയുക എന്നുവച്ചാൽ മോശാ. നമ്മുടെ പാരമ്പര്യം അതല്ല.

മാഷ് : പാരമ്പര്യംകൊണ്ട് വയർ നിറയുകയില്ലല്ലോ.

മാനേജർ : അതേയ് ഇത്തവണ ഗ്രാന്റ് കിട്ടിയില്ല. അത് കിട്ടുമ്പോൾ എന്താന്നുവച്ചാൽ അങ്ങ് തരും.

മാഷ് : അതു പറ്റില്ല. ശമ്പളം എന്താന്നു വച്ചാൽ അത് കൃത്യമായി കിട്ടുകതന്നെ വേണം.

മാനേ. : അതിനു താൻ എന്റേല് തറവാട്ടിൽ നിന്ന് തന്നിട്ടൊന്നൂല്ലല്ലോ. കിട്ടുമ്പൊത്തരും.

മാഷ് : അതു പറ്റില്ല. ശമ്പളം തന്നില്ലെങ്കിൽ ചോദിക്കാൻ ഞങ്ങൾക്ക് യൂണിയൻ ഉണ്ട്. വരൂ ടീച്ചർ.

(പിന്നിൽ മുദ്രാവാക്യങ്ങൾ. ടീച്ചറും മാഷും പോകുന്നു.)

മാനേ. : യൂണിയൻ കുനിയൻ എന്നൊക്കെ പറയുന്ന, പടിക്കു പുറത്ത്.

പട്ടിയായ മാ. : ആ. ബി.എ. പാസാവാത്ത ഒരുത്തനെ മാഷാക്കി വച്ചട്ടില്ലേ. അവന്റെ പോർഷനും കൂടി ഞാനാണ് എടുത്ത് തീർക്കുന്നത്. അവനു കൊടുക്കുന്നതെങ്കിലും എനിക്കു തരണം.

മാനേ. : അതിനവർ അസ്സലായി പണം മുടക്കിയിട്ടുണ്ട്. നിനക്കൊക്കെ പണം മുടക്കി പുതിയ തൊന്ന് അങ്ങോട്ട് തുടങ്ങരുതോ.

മാഷ് : പണമുണ്ടെങ്കിൽ പിന്നെ ഈ ദാസ്യപ്പണിക്ക് വരുമോ ഞങ്ങൾ?

മാനേ.: അതാ പറഞ്ഞത് തരണതും വാങ്ങി പണിയെടുത്ത് പൊയ്ക്കൊ. ഇതു നടത്താൻ നിന്റെ എം.എയും, പി.എച്ച്.ഡിയും ഒന്നും വേണ്ട. ഈ ബിസിനസ് നിന്നെക്കാൾ നന്നായ് അറിയാം എനിക്ക്.

നറേഷൻ : അധ്യാപകർ മാനേജരുടെ അടിമകളായിരുന്ന ആ പഴയകാലം. അതിനെതിരായ പോരാട്ടവും അതിനറുതി വരുത്തിയ 1957ലെ നിയമവും അതിനെ വിഴുങ്ങിയ കരിംഭൂതങ്ങൾ തോറ്റിട്ടില്ല. അടിമത്തത്തിന്റെ പുതിയ രൂപങ്ങളുമായി അവർ തിരിച്ചു വരികയാണ്.

**സീൻ - 4**

ടീച്ചർ : എല്ലാവരും എഴുതിയെടുക്കുക.

സാരേ ജഹാം സേ അച്ഛാ ഹിന്ദുസ്ഥാൻ ഹമാരാ. സൈലൻസ്. എന്താ പ്രശനം ?

കുട്ടി 1. : ഹിന്ദുസ്ഥാൻ ഹമാരാ എന്ന് പാടാൻ പറ്റില്ല.

കുട്ടി 2. : എന്താ പാടാൻ പറ്റാത്തത് ?

കുട്ടി 3. : ഇത് ഹിന്ദുസ്ഥാനല്ല. അത് പണ്ട്. ഇത് ഇന്ത്യയാണ്.

കുട്ടി 4 : പാടാൻ പറ്റില്ലെങ്കിൽ ഈ നാട്ടിൽ ജീവിക്കാനും പറ്റൂല.

ടീച്ചർ : സൈലൻസ് പ്ലീസ്.

1 : ന്യൂനപക്ഷ വികാരം ആരും വ്രണപ്പെടുത്തരുത്.

2. : എന്തിനാ ഇത്ര വലിയ വ്രണവും കൊണ്ട് നടക്കുന്നത്.

3. : ആർക്കാടാ വ്രണം. ഇതൊരു ന്യൂനപക്ഷ വിദ്യാലയമാണ്.

ടീച്ചർ : നിങ്ങൾ മിണ്ടാതിരിക്കൂ കുട്ടികളെ. എന്താ നിങ്ങൾ തമ്മിൽ തമ്മിൽ കണ്ടാൽ തിരിച്ചറിയാണ്ടായോ. മതവും ജാതിയുമൊക്കെയായി തമ്മിലടിക്കുന്നത് കഷ്ടം ആൻഡമാനിലെ സെല്ലുലാർ ജെയിലിലെ ചുമരിൽ കരിക്കട്ട കൊണ്ട് ദേശീയ കവി ഇക്ബാൽ കുറിച്ചിട്ട സ്വാതന്ത്ര്യ ഗീതമല്ലേ ഇത്? ഇതും പാടി ദേശീയ പതാകയുമെടുത്ത് സ്കൂൾ വിട്ടിറങ്ങിയ തലമുറയുടെ പിൻമുറക്കാരാ നിങ്ങൾ.

അധ്യാ. : ഇന്ന് നമുക്കൊരു പുതിയ ഗീതമാലപിക്കാം. നിങ്ങൾ ഏറ്റു പാടിയാൽ മതി. സാരേ ജഹാം സേ....

(മുകളിൽ പഴയ മാനേജർ.)

മാനേ. : കുട്ടികളെ ജോർജ്ജ് ആറാമന്റെ മംഗള ശ്ലോകം പഠിപ്പിക്കുന്നതിനു പകരം തോന്ന്യാസപ്പാട്ടു പഠിപ്പിക്കും.

"ജോർജ്ജ് ഭൂവനാം, ശാന്തി ഭൂവനാം....".

കുട്ടി : ഇത് നമ്മുടെ നാടിനെപ്പറ്റിയുള്ള പാട്ടാണ്.

മാനേ. : എന്തു കുന്തായാലും ശരി. ഇത് ഈ സ്ക്കൂളിൽ പഠിപ്പിക്കാൻ പറ്റില്ല.

കുട്ടികൾ : ഞങ്ങൾ ഇതേ പഠിക്കൂ. മഹാത്മാഗാന്ധി പറഞ്ഞിട്ടാ പാടുന്നത്.

അധ്യ. : ചുറ്റുപാടും നടക്കുന്നത് കണ്ടില്ലെന്നു നടിക്കാൻ പറ്റില്ല.

മാനേ. : ഷട്ട് അപ്പ്. ബ്രിട്ടീഷ് രാജിന് മംഗളം പഠിപ്പിക്കാത്തവർക്ക് എന്റെ വിദ്യാലയത്തിൽ സ്ഥാനമില്ല. പോകാം.

വിദ്യാർഥി : ഭാരത് മാതാ കീ ജയ്.

ടീച്ചർ : നമ്മുടെ സ്ക്കൂളിന് നാണക്കേടുണ്ടാക്കരുത്.

കുട്ടി 1 : പണ്ട് പലതും പറയുകേം പാടുകേമൊക്കെ ചെയ്തിട്ടുണ്ടാകും.

2. : പണ്ടത്തേതല്ലാതെ ഒന്നും വേണ്ട നമുക്ക്.

3. : ആ അങ്ങനാണെങ്കിലേ ഞങ്ങൾ സ്വന്തം സ്ക്കൂള് വാങ്ങി അങ്ങ് പോകും.

4. : പൊയ്ക്കോ. അങ്ങ് പാക്കിസ്ഥാനിലേക്ക്. അല്ലെങ്കിൽ മുട്ടൻ മുളവടി കൊണ്ട് അടിച്ച് മണ്ട പൊട്ടിക്കും.

1. : അത്രയ്ക്കായോ, മുളവടീം ശൂലോം നിങ്ങളെടുത്താൽ തോക്കും ബോംബും ഞങ്ങൽ കൊണ്ടുവരും.

3. അങ്ങനെ പറഞ്ഞ് വട്ടത്തൊപ്പീം ഇട്ട് ക്ലാസിൽ വന്നാലുണ്ടല്ലോ.

2 : ഓ.... വെട്ടു പോലെ നെറ്റീലൊരു കുങ്കുമപ്പൊട്ടുമിട്ട് നിങ്ങൾ വരുന്നില്ലേ.

ടീച്ചർ : നിങ്ങൾ തമ്മിൽത്തല്ലി തല കീറരുത് എന്റെ കുട്ടികളേ.

നറേ. : അന്ന് ജനമനസ്സിൽ സ്വാതന്ത്യത്തിന്റെ അഗ്നി പടർത്തിയ ദേശീയ ഗീതങ്ങൾ ഇന്ന വിദ്യാലയങ്ങളിൽ വർഗ്ഗീയതയുടെ പോർവിളിക്ക് തീ കൊളുത്തുകയാണ്. ആരാണിതൊക്കെ ചെയ്യിക്കുന്നത്?

**സീൻ – 5**

**വൃദ്ധ സദനം**

ഒരു മകൻ അമ്മയുമായി കടന്നു വരുന്നു.

മകൻ : അമ്മേ, ഈ വൃദ്ധസദനത്തിലെ വാസം വെറും 5 വർഷത്തേക്കു മാത്രം. അതു കഴിഞ്ഞ് ഞാൻ കൊണ്ടുപോകാൻ വരും.

വൃദ്ധ 1 : നീയെവിടെയാ പഠിച്ചത്?

മകൻ : ആദ്യം സെവൻത്ഡേയിൽ. പിന്നെ സെന്റ് മൈക്കിൾസിൽ. പിന്നെ സെന്റ് അലോഷ്യസിൽ.

വൃദ്ധ 2 : ആ അതു തന്നെ. എന്റെ മകനും പഠിച്ചത് അവിടെത്തന്ന്യാ. അവനിപ്പോൾ ഹൂസ്റ്റണിലാ.

മകൻ : ഞാനുമതെ, ഹൂസ്റ്റണിലാ. വൈഫിനവിടാ ജോലി. അവളാണിത് തരപ്പെടുത്തിയത്. അമ്മേ എല്ലാ മാസവും പത്താം തിയ്യതിക്കുമുമ്പ് കിട്ടിയില്ലെങ്കിൽ പോസ്റ്റുമാനോട് ചോദിക്കണം. ഡ്രാഫ്റ്റ് കൃത്യമായെത്തും. അമ്മയെന്താ ഒന്നും പറയാത്തത്. എന്തെങ്കിലും ഒന്നു പറയൂ. അമ്മേ, ഞാൻ പുറപ്പെടുന്നതിനു മുമ്പ്. എല്ലാം സമ്മതിച്ചിട്ട് ഇപ്പോളതെന്ത് വിഡ്ഢിത്തമാ. കുട്ടികൾക്കാന്നെങ്കിൽ അവിടെ ക്രഷെയുണ്ട്, ആയമാരുണ്ട്. എല്ലാമുണ്ട്. അമ്മ ഒട്ടും വിഷമിക്കണ്ട.

വൃദ്ധ 2 : എന്റെ മോൻ പോയത് മൂന്നു വർഷത്തേക്കാണ്. കൊല്ലം എട്ടായി. മുടങ്ങാതെ ഡ്രാഫ്റ്റ് വരും ഇവിടത്തെ മേട്രണ്. ഒരു വരി പോലും – ചത്തോ – ഉണ്ടോ.

വൃദ്ധ 1 : നമ്മളൊക്കെ പഴയ മനുഷ്യരാ മനസ്സിലിപ്പോഴും സ്നേഹം, ദയ, സങ്കടം എല്ലാം കൊണ്ടു നടക്കുന്നവർ. ഇപ്പോഴത്തെ കുട്ടികൾക്ക് അതിനൊക്കെ നേരമുണ്ടോ.

മകൻ : കുറ്റം പറയണ്ട. പണം വാരി വിതറി ഞങ്ങളെയൊക്കെ പഠിപ്പിച്ചില്ലേ. ഇനി നിങ്ങൾക്ക് എണ്ണയും കുഴമ്പും തേപ്പിച്ചുകൊണ്ട് വീട്ടിലിരുന്നാ മതിയോ. ലോകം വെട്ടിപിടിക്കാൻ നിങ്ങളെയൊക്കെ ഉപേക്ഷിക്കണം.അതേ വഴിയുള്ളൂ. ഞാൻ തിരിച്ചുവരും.

വൃദ്ധൻ 1 : നീ തിരിച്ചുവരില്ല. നീയെന്നല്ല, ഞങ്ങളെ ഈ വൃദ്ധമന്ദിരത്തിൽ തള്ളിപ്പോയ മക്കളാരും തിരിച്ചുവരില്ല.

വൃദ്ധൻ 2 : തലച്ചോറും ഹൃദയവും ചേർന്നാലേ മനുഷ്യനാവൂ. ബുദ്ധിയും സ്നേഹവും ചേർന്നാൽ....

വൃദ്ധൻ 1 : ഇവർക്കുള്ളത് തലച്ചോറുമാത്രം.

വൃദ്ധൻ 2 : അതെല്ലാം നമ്മളൊക്കെ പഠിച്ചത്. ഇവർ പഠിക്കുന്ന ഒരു പാടത്തിലുമതില്ല.

മകൻ : മതി പ്രസംഗം. ഈ ചിതലു പിടിച്ച മനുഷ്യരേയും പൊത്തിപ്പിടിച്ച് ജീവിതം കളയാൻ ഞങ്ങൾക്ക് പറ്റില്ല. പുതിയ നാടുകൾ, പുതിയ ഭാഷകൾ, ലോകങ്ങൾ.

(മുകളിൽ മഡോണയുടെ മ്യൂസിക്.)

കെട്ടുപോകാത്ത സ്നേഹപ്രകാശത്തെ.
കെട്ടിനിർത്തിയിട്ടമ്മ വേവുന്നു.
മക്കളേന്താ മടങ്ങിയെത്തുന്നീല,
ഗദ്ഗദങ്ങളാ ചോദ്യം വിഴുങ്ങുന്നു.
എത്രകാലം കഴിഞ്ഞാലുമീചോദ്യങ്ങൾ,
ഉത്തരങ്ങൾ ഒക്കെയുമമ്മതൻ ദു:ഖം,
കെട്ടാത്ത സ്നേഹപാശങ്ങളാൽ കാൽകളിൽ,
കെട്ടുകൾ വീഴുന്നതിവൾ തൻ നിയോഗം.

നരേഷൻ : ഒരു മകനും തിരിച്ചു വരുന്നില്ല. ഗ്രാമത്തെ, അമ്മയെ അച്ഛനെ സ്നേഹത്തിന്റെ വൻകരകളെ എല്ലാമുപേക്ഷിച്ച് അവൻ കുതിക്കുന്നു. സ്വന്തം ലോകം വെട്ടിപ്പിടിക്കാൻ ആർത്തി പിടിച്ച് അവൻ പരക്കം പായുന്നു. പുതിയ വിദ്യാഭ്യാസം അവനെ അതിനു തയ്യാറാക്കുന്നു.

**സീൻ – 6**

(അച്ചനും കുട്ടിയും മാഷും വലതുഭാഗം)

അച്ഛൻ : ഈ മാഷാണോ നിന്നെത്തല്ലിയത്.

കുട്ടി : അല്ല.

അച്ഛൻ : എന്താ മാഷേ നിങ്ങൾക്ക് മര്യാദയ്ക്ക് പഠിപ്പിക്കാൻ കഴിയാത്തതിന് എന്റെ കുട്ടിയോടാണോ രോഷം കാണിക്കുന്നത്.

അധ്യപകൻ : എന്താ കാര്യമെന്നു പറയൂ.

അച്ഛൻ : ഞാനിതുവരെ ഒന്നു കടുത്തുപോലും പറയാതെ പൊന്നുപോലെ വളർത്തിയ ഇവനെ തല്ലാൻ ഏതോ ഒരു വരുത്തൻ മാഷ്ക്ക് എന്താ അധികാരം?

(ഇടതു ഭാഗം ഹെഡ്മിസ്ട്രസും ഒരു മാഷും.)

അധ്യപരൻ : ടീച്ചറേ ഇന്ന് യൂത്ത്ഫെസ്റ്റിവലിന്റെ കമ്മറ്റി കൂടുന്നുണ്ട്. എനിക്കിപ്പോൾത്തന്നെ പോകണം.

ഹെ.മി. : മാഷെ, എന്ത് തിരക്കായാലും പോർഷൻ തീർക്കണം.

അധ്യ: ഹെന്റെ ടീച്ചറേ അതൊന്നും പറ്റുമെന്ന് തോന്നുന്നില്ല. യൂത്ത് ഫെസ്റ്റിവൽ നടക്കുന്നതിനു മുമ്പു തന്നെ ജില്ലാ കബഡി ചാമ്പ്യൻഷിപ്പ് മത്സരത്തിന്റെ പണിയുണ്ട്. കുട്ടികളെ എസ്കർഷനും ഞാൻ തന്നെ വേണ്ടെ കൊണ്ടു പോകാൻ.

(രക്ഷിതാവ് കടന്നു വരുന്നു.)

രക്ഷി : ടീച്ചറേ ഇന്ന് ഇതിനൊരു വഴി പറയണം.

ഹെ.മി. : എന്താ പ്രശ്നം?

രക്ഷി. : അഞ്ചാംക്ലാസ്സിലെ വിദ്യ എന്റെ മോളാണ്. മൂന്നാമത്തെ ടേം ആയി. ഇതു വരെ മലയാളം പഠിപ്പിക്കാൻ തുടങ്ങിയിട്ടില്ലത്രേ.

ഹെ. മി. : മാഷേ, കേട്ടില്ലേ.

മാഷ് : ഞാനെന്തു ചെയ്യണം. എനിക്ക് മരിക്കാൻപോലും നേരമില്ല. പിന്നെങ്ങനെ പാഠം തുടങ്ങും.

രക്ഷി. : ഒരു മാഷേയുള്ളൂ ഈ യൂത്ത് ഫെസ്റ്റിവലും സ്പോർട്ട്സും എസ്കർഷനും എല്ലാംകൂടി നടത്താൻ?

ഹെ.മി. : മാഷെ ഇങ്ങനെ ഉത്തരവാദിത്വം മറക്കാൻ പാടുണ്ടോ?

മാഷ് : ഒരു ചുമതലയും എടുക്കാതെ നടക്കുന്ന സുഖിയന്മാരെ ക്കുറിച്ച് ആർക്കും ഒരു പരാതിയുമില്ല. കണ്ടവന്റെ തെറി മുഴുവൻ കേട്ട് ഈ പെടാപ്പാട് പെടുന്നവനൊക്കെ എന്തെല്ലാം കേക്കണം. രക്ഷിതാവിന്റെ പരാതി. എച്ച്.എം.ന്റെ ശാസന.

ഹെ.മി. : അതല്ല. സകല ചുമതലയും ചാടിവീണ് തലയിലെടുത്തുവെച്ച് ഒന്നാമത്തെ കടമ മറന്നു പോകരുത്.

രക്ഷി. : സാറ് ഇതെല്ലാമെടുത്ത് തലയിൽ വെക്കുന്നില്ലെങ്കിൽ മറ്റാരെങ്കിലും കൂടിവരും അത് പങ്കിട്ടെടുക്കുവാൻ.

ഹെ.മി. : അല്ലെങ്കിൽ മറ്റുള്ളവർ ആ കടമ മറക്കും. മാഷ് പഠിപ്പിക്കണമെന്ന ഒന്നാമത്തെ കടമയും മറക്കും.

(വലതു ഭാഗം : അധ്യപകൻ കുട്ടിയെ പിടിച്ചുകൊണ്ടുവരുന്നു.

അധ്യ : ഏതു മാഷാ മോനെ തല്ലിയത്?

കുട്ടി : ഇംഗ്ലീഷ് മാഷ്.

അധ്യ : എന്തിനാ തല്ലിയത്?

കുട്ടി: കോപ്പി എഴുതാത്തതിന്.

അധ്യ : മോൻ കോപ്പി എഴുതാറില്ലേ?

കുട്ടി : എനിക്ക് കോപ്പി ബുക്കില്ല.

അധ്യ : (രക്ഷിതാവിനോട്) കുട്ടിക്ക് കോപ്പി വാങ്ങിക്കൊടുത്തിട്ടില്ലേ?

രക്ഷി. : അതിന് അവൻ വേണമെന്ന് പറഞ്ഞിട്ടുവേണ്ടേ. എന്താമോനേ കോപ്പി പുസ്തകം വേണമെന്നു പറയാതിരുന്നത്?

അധ്യ:		വേണ്ട. അവനോട് ദേഷ്യപ്പെടേണ്ട.

(ഇടതു ഭാഗം)

മാഷ് :		എങ്കിൽ പിന്നെ ഞാനിതൊക്കെയങ്ങു നിർത്താം. പക്ഷെ അധ്യാപകർക്ക് സാമൂഹ്യബന്ധമില്ല, പാഠ്യേതര പ്രവർത്തനങ്ങളിൽ താൽപര്യമില്ല എന്നൊന്നും ഇനിയാരും പറയണ്ട.

രക്ഷി. :		അതെല്ലാം പ്രധാനം തന്നെ. പക്ഷെ, അവയേക്കാൾ ഉത്തരവാദിത്വം കുട്ടികളോടുണ്ട്.

(വലതു ഭാഗം)

അധ്യ. :		രക്ഷിതാവെന്ന നിലയ്ക്ക് നിങ്ങൾ ഇതന്വേഷിക്കണം. സ്ക്കൂളിലേക്ക് കുട്ടിയെ വിടുന്നതോടെ രക്ഷിതാവിന്റെ ചുമതല തീരുന്നില്ല.

(ഇടതു ഭാഗം)

രക്ഷി :		ഒരല്പം ശ്രദ്ധിച്ചാൽ സാറിന് അധ്യാപനവും മറ്റു പ്രവർത്തനങ്ങളും ഒരുമിച്ച് കൊണ്ടു പോകാൻ കഴിയും.

ഹെ.മി.:		പൊതുവിദ്യാലയങ്ങളുടെ നിലവാരത്തകർച്ചയുടെ പേരും പറഞ്ഞ് ഒരു ഭാഗത്ത് ദിനം പ്രതി കുട്ടികൾ കുറയുന്നു. അധ്യാപകന്റെ തൊഴിൽ നഷ്ടപ്പെടുന്നു. ഇതിന്റെ പേരിലെങ്കിലും സ്വന്തം കടമ മറക്കാതിരുന്നെങ്കിൽ?

(വലതു ഭാഗം)

അധ്യ :		അതു കൊണ്ട് സ്ക്കൂളിന്റെ ദൈനംദിന കാര്യങ്ങൾ കുട്ടിയിൽ നിന്ന് രക്ഷിതാവ് ചോദിച്ചറിയണം. എങ്കിലേ പഠിപ്പിക്കുന്ന ഞങ്ങൾക്ക് ഉത്തരവാദിത്വ ബോധം വർദ്ധിക്കൂ.

(ഇടതു ഭാഗം)

രക്ഷി. :		അധ്യാപകനെന്ന നിലയ്ക്കുള്ള കടപ്പാടും ചുമതലകളും മറക്കരുത്.

(മാഷും രക്ഷിതാവും ഒരുമിക്കുന്നു.)

മാഷ്, രക്ഷി. : നമ്മൾ ഒന്നിച്ചാലേ പൊതുവിദ്യാഭ്യാസത്തെ രക്ഷിക്കാൻ പറ്റൂ.

(കുട്ടികൾ ഓടിവരുന്നു. ആദ്യത്തെ കുട്ടിയെ പിടിച്ച് നടുക്കിരുത്തുന്നു.)

നരേഷൻ :		തന്റെ ഒന്നാമത്തെയും രണ്ടാമത്തേയും മൂന്നാമത്തേയും കടമ പഠിക്കുക എന്നതാണ് എന്ന് വിദ്യാർത്ഥി അറിയണം.

രക്ഷി. :		സ്വപ്നങ്ങളിൽ നിന്ന് ഇനിയും വിരിയാത്ത ഈ രാജ്യത്തിന്റെ ഭാവി തന്റെ ക്ലാസ് മുറിയിൽ രൂപം കൊള്ളുന്നുവെന്ന് അധ്യാപകൻ അറിയണം.

അധ്യ.:		വിദ്യാഭ്യാസമെന്നാൽ പണം വെച്ചു കളിക്കുന്ന പന്തയമല്ലെന്നും ഹൃദയത്തിൽ നന്മകൾ വിരിയേണ്ട ഈ മക്കളിലാണ് തന്റെയും നാടിന്റെയും സുരക്ഷയെന്നും രക്ഷിതാവറിയണം.

അക്ഷരം വെളിച്ചമാണ്
അതഗ്നിയാണ് പൊള്ളലാണ്
അക്ഷരം പടയ്ക്കൊരുങ്ങി.
നിൽപവന്റെ മൂർച്ചയാണ്.
അക്ഷരം ശ്രവിച്ച കാതിലീയമിട്ടടച്ചതും
അക്ഷരം ജപിച്ച ചുണ്ട് തണ്ടു ചേർത്തറുത്തതും
അമ്പുതൊട്ട പെരുവിരൽ
കടയ്ക്കൽ വച്ചറുത്തതും
കൂരിരുട്ടിൽ നമ്മളെത്ര
തലമുറകളിഴഞ്ഞതും.
അക്ഷരം
പോരടിച്ച സന്ധ്യകളിൽ
ചോര വാർന്നു വീണതും
പിന്നെയീ വെളിച്ചമേകി
മുന്നിൽ നാം കുതിച്ചതും
ഒക്കെ വീണ്ടുമോർക്കണം
വിളക്കു കാത്തിരിക്കണം
കാറ്റു വീശിയെത്തുമീയി
രുട്ടു ചീന്തിയെറിയണം.
അക്ഷരം

(നാലു കുട്ടികൾ നേരത്തെ കെട്ടിത്തൂക്കിയ പാവയെ കെട്ടഴിച്ചു കൊണ്ടു വന്ന് താലോലിക്കുന്നു.)

ജനകീയ വിദ്യാഭ്യാസം
പുള്ളുവൻ പാട്ട്
-ഇയ്യങ്കോട് ശ്രീധരൻ

പുള്ളോത്തി-
എന്നുടയ വല്ലഭനേ
എൻ പുമാനേ, പൂമകനേ
നിന്നുടയ പാട്ടു കേൾക്കാൻ
കൊതി തോന്നുന്നു.
നാട്ടുകാർക്ക് വീണമീട്ടി
പാട്ടുപാടി കൊടുക്കുമ്പോൾ
കൂട്ടുകാരിയ്ക്കൊരു പാട്ടു
കേൾക്കുവാൻ പൂതി.
പുള്ളോൻ- (മട്ടുമാറി)
പണ്ടു പണ്ടേ പാട്ടുപാടിത്തെണ്ടിടുന്നോർ നമ്മൾ
കണ്ട കാര്യം നാടുതോറും വീടു തോറും പാടും
സ്വന്തമായി നാട്-നമ്മൾക്കിത്രയും നാളായി
എന്തുകൊണ്ടു നമ്മൾ മരമണ്ടരായെന്നോതാം
(മട്ടുമാറി)
ഈ മഹാരാജ്യം തന്നിൽ
എത്രയോ കാലം മുന്നേ
ഈ മണ്ണിൻ മണമാർന്ന
സംസ്കാരം കിളുർത്തല്ലോ
സിന്ധു നദീ തട-
സംസ്കാരത്തിങ്കലന്നു
ബന്ധുര മായൊരു
ജീവിതം തളിർത്തല്ലോ
മേൽക്കോയ്മ കീഴ്ക്കോയ്മ
വേർതിരിവില്ലാതെ
മേൽക്കു മേലേവരും
മുന്നോട്ടു പോയേല്ലോ.
പേർഷ്യയിൽ നിന്നു മ—
ദ്ധ്യേഷ്യയിൽ നിന്നപ്പോൾ
ആർഷരായ് ഭാവിച്ചു
ആര്യന്മാർ വന്നല്ലോ
കാഴ്ചയിൽ മൊഞ്ചുള്ളോർ
കന്നാലി മേക്കുവോർ
കാട്ടാള വർഗ്ഗമായി
നമ്മളെ ക്കളിയാക്കി
ആദിമ വാസികൾ
നമ്മളെയവരന്ന്
ഭൂത ഗണങ്ങളായ്
ആസുര വർഗ്ഗമാക്കി
എത്ര നൂറ്റാണ്ടുകൾ
പോരാടി നമ്മളും
ശത്രു പക്ഷത്തിന്റെ
ശക്തി ക്ഷയിച്ചുപോയി

വർണ്ണങ്ങൾ വന്നുപോയ്
പിന്നീടു ജാതിയായ്
എണ്ണമേറും നമ്മൾ
നീച ജാതിക്കാരായി
കിളിമൊഴി പോലുള്ള
ചൊല്ലും ലിപികളും
കള കളം തുള്ളുന്ന
പാട്ടും കളികളും
തെളി നീരു പോലുള്ള
ഗ്രാമീണ ജീവിതം
ഒളി മങ്ങി നാടെങ്ങും
നാലു വർണ്ണങ്ങളായി
ഭൂമിയിൽ ദേവനാം
ബ്രാഹ്മണർ ചൊല്ലുന്ന
ദേവനാഗരി മാത്രം
നാടിന്റെ നാവായി

പുള്ളോത്തി— (മട്ടുമാറി)

നാട്ടു ഭാഷ ക്കൂട്ടങ്ങളെ
നാവടച്ചു കെട്ടിയിട്ട
കാട്ടു നീതി കേട്ടു കേട്ട്
കരളലിഞ്ഞു
പിന്നെയെന്തു
സംഭവിച്ചു
ഭാരതത്തിൽ
ഒന്നു നന്നായ് പാടുകെന്റെ
കൂട്ടുകാരാ നീ.

പുള്ളോൻ–

നാടു വെട്ടിപ്പിടിക്കുവാൻ
വന്നുവല്ലോ ഗസനിയും
ഗോറി, ഖിൽ ജി മാരും
പിന്നെ മുകിലന്മാരും
സംസ്കൃതത്തി നൂറ്റം പോയി
ശക്തിയല്ലോ ജയിക്കുന്നു
സർക്കാർ ഭാഷ പേർഷ്യനായി
ഉറുദുവായി
അദ്ധ്വാനത്താൽ പെറ്റ നാടു
തുടുപ്പിച്ച നാട്ടു മക്ക-
ളപ്പോഴേയ്ക്കു മന്ധകാര
പ്പരപ്പിലായി.
അക്ഷരങ്ങൾക്കന്യരായി
വിദ്യസമ്പത്തുള്ളവർക്കായി
വിത്തനാഥൻ സമൂഹത്തിൽ
നായകനായി
ജമിന്ദാരായി ജന്മികളായ്
നാടുവാഴി പ്രഭുക്കളായി
ജനങ്ങളോ പൂഴി മണ്ണിൽ
പുഴുക്കളായി.

പുള്ളോത്തി- (മട്ടുമാറി)

കാലങ്ങളേറെക്കഴിഞ്ഞു പോയിന്ത്യയിൽ
കാലമാടന്മാരാം വെള്ളക്കാർ വന്നെത്തി

ഡച്ചു പരന്ത്രീസും ഫ്രഞ്ചുമിംഗ്ലീഷും
തച്ചു പഠിപ്പിച്ച കാര്യങ്ങൾ ചൊല്ലുനീ
പുള്ളോൻ—
വ്യാപാരി സമൂഹമായിന്ത്യയിൽ വന്നെത്തി
കാപാലികന്മാരാ മീസ്റ്റിന്ത്യ കമ്പനിക്കാർ
നാട്ടരചന്മാരെപ്പാട്ടിലാക്കി, ഒടുവിലീ-
നാടുവാഴാൻ ബ്രിട്ടീഷ് സാമ്രാജ്യം നുഴഞ്ഞെത്തി
(മട്ടുമാറി)
രണ്ടു നൂറ്റാണ്ടോളമിന്ത്യ കൂരിരുട്ടിൽ
പതിച്ചല്ലോ
ദണ്ഡനങ്ങൾ മർദ്ദനങ്ങൾ
തുടർന്നുവല്ലോ,
ഭീഷണിയാൽ ഭരണത്തിൻ ഭാഷമാറി
യാംഗലമായ്
ചൂഷണത്താൽ ജനമാകെ
വലഞ്ഞുവല്ലോ
നാട്ടുഭാഷ ചൊല്ലുവതു നാണക്കേടായ്
കല്പനയായ്
നാടുനീളെ യാംഗലേയം കർശനമാക്കി
മുക്കാലും മുറിയുമായിംഗ്ലിഷും ചൊല്ലായി,
മെക്കാളെ വിദ്യാഭ്യാസം തല കീഴാക്കി
കോട്ടുസൂട്ടും നടപ്പാക്കി
കോപ്പിരാട്ടി വേഷമാക്കി
നാട്ടു മക്കളടിമത്തക്കുരുക്കിലായി
ഉന്നതന്മാർ കുരങ്ങന്മാരെന്ന പോലെ-
സായിപ്പിനെ
മുന്നിൽ നിന്നും പിന്നിൽ നിന്നും
കുമ്പിട്ടു പോന്നു.
പുള്ളോത്തി—
കേട്ടു കേട്ടു മടുത്തുപോയി-
കൂട്ടുകാരാ നിന്റെ പാട്ട്.
നാട്ടുകാരാം നമ്മൾ പിന്നെ
സംഘടിച്ചല്ലൊ.
സ്വാതന്ത്ര്യ സമരത്താ-
ലിന്ത്യ പിന്നെ മോചിതമായി.
ആയതിൽ പ്പിന്നെ വിദ്യാ-
ഭ്യാസമെന്തായി?
പുള്ളോൻ—
വെള്ളക്കാരൊഴിഞ്ഞു പോയെങ്കിലും വിദ്യാഭ്യാസം
ഉള്ളടക്കം മാറിയില്ല പെൺ കൊടിയാളെ
മഴതോർന്നുവെന്നാലും മരം പെയ്യും-കാഴ്ചയല്ലോ
ജനായത്ത വാഴ്ചയിലും നമ്മൾ കാണുന്നു
മനുഷ്യനും മണ്ണുമായി ബന്ധമറ്റ-
വിദ്യാഭ്യാസം.
മയക്കുമരുന്നു പോലെ പടരുന്നല്ലോ!
കൃഷീവലരായ ബഹുഭൂരിപക്ഷം വാഴുമിന്ത്യ
വിഷം ചീറ്റും വിദ്യയാലെ വിളർത്തുവല്ലോ.
കണ്ണടച്ചു നമ്മളിന്നും സായിപ്പിനെ
പൂജിക്കുന്നു.
അന്യമാണു, പെറ്റനാടിൻ

മൊഴികളിലൂടെ ജന-
കോടിനേടട്ടെ
ഭേദചിന്താഗതി നീങ്ങി
ഭാരതീയരൊരേയൊരു
മാതാവിന്റെ മക്കളെന്ന
ബോധമേകട്ടെ
ജനകീയ വിദ്യാഭ്യാസം
ജനകീയ വൽക്കരണം
അതുമാത്രമതു മാത്രം
മോചന മാർഗ്ഗം
രണ്ടു പേരും ചേർന്ന്—
ജനകീയ വിദ്യാഭ്യാസം ജനകീയ വൽക്കരണം
അതുമാത്ര മിനിയുള്ള മോചന മാർഗ്ഗം
രണ്ടും മൂന്നും തട്ടിലിന്ത്യൻ പൗരന്മാരെ
വാർത്തെടുക്കും
തണ്ടുംതപ്പി വിദ്യാഭ്യാസം തുലഞ്ഞുപോട്ടെ.
ജനകീയ വിദ്യാഭ്യാസ പരിപാടിയുണരട്ടെ
ജനായത്തം ജയിക്കു വാനൊരൊറ്റ മാർഗ്ഗം.

## മൂശ

ഒരു വിദ്യാർത്ഥിയെ ആർപ്പുവിളികളോടെ വേദിയിലേയ്ക്കു കൊണ്ടുവരുന്നു. കുട്ടിയ്ക്ക് തീരെ താൽപര്യമില്ല. കുട്ടിയെ കൊണ്ടുവന്ന് മുറിയുടെ (വേദിയുടെ) മദ്ധ്യത്തിൽ കിടക്കുന്ന കസേരയിൽ ഇരുത്തിയിട്ട് കൂടെയുള്ളവർ (കുട്ടിയുടെ അച്ഛൻ, നാല് പാഠ്യവിഷയങ്ങൾ-മലയാളം, ഇംഗ്ലീഷ്, ശാസ്ത്രം, ചരിത്രം-ഇവരെ പ്രതിനിധീകരിച്ച് ഓരോരുത്തർ കൂടാതെ പരീക്ഷ എന്ന കഥാപാത്രവും ഓരോ സ്ഥാന ങ്ങളിൽ നിൽക്കുന്നു. കുട്ടി അലസനായി കസേരയിൽ ഇരിക്കുന്നു. അച്ഛൻ വേദിക്കു പിന്നിലേയ്ക്കു പോകുന്നു.

മലയാളം : സ്റ്റേജിൽ മുൻഭാഗത്തായി വലത്തേ മൂലയിൽ. (വേഷം-കസവിന്റെ മുണ്ട്, രണ്ടാം മുണ്ട്; എഴുത്താണി).

ഇംഗ്ലീഷ് : പുറകിലെ വശത്ത് വലത്തെ മൂലയിൽ. (വേഷം-പാന്റ്, ഷർട്ട്, തൊപ്പി.)

ശാസ്ത്രം: മുന്നിൽ ഇടത് വശത്ത്. (വേഷം-ഒരു ഓവർകോട്ട്).

ചരിത്രം : പിന്നിൽ ഇടതുവശത്ത്. (വേഷം-കണ്ണട).

പരീക്ഷ : കുട്ടിയുടെ കസേരയ്ക്കു പിന്നിൽ. (വേഷം-കറുത്ത പാന്റ്, ഷർട്ട്, പരീക്ഷ എന്ന പ്ലക്കാർഡ്).

അച്ഛൻ : സാധാരണ വേഷം.

കുട്ടി : പാന്റ്, ഷർട്ട്.

മലയാളം : (വേദിയുടെ നടുക്ക് വന്ന്) കവിതകൾ, കഥകളിൽ കനകംവിളയും കേരളഭാഷ മലയാളം. വരിക പഠിക്കുക, വളരുക നിങ്ങൾ...(താളത്തിൽ യഥാസ്ഥാനത്തു പോയി നിൽക്കുന്നു.)

ശാസ്ത്രം : (വേദിയുടെ മധ്യത്തിലേക്കു വന്ന്) മാനവസംസ്കാരത്തിൻ മന്ത്രം, തന്ത്രം, ശാസ്ത്രം... വരിക, പഠിക്കുക, വളരുക നിങ്ങൾ....(താളത്തിൽ സ്വസ്ഥാനത്തേയ്ക്ക്).

ചരിത്രം : ലോകവിമോചന വാർത്താപത്രം ചരിത്രം. വരിക, പഠിക്കുക....വളരുക നിങ്ങൾ....(മാർച്ച് ചെയ്തു പോകുന്നു.)

ഇംഗ്ലീഷ് : I am the language of the world
I am the rular of the world.
I am English, learn English
(Western താളത്തിൽ പോകുന്നു.)

അച്ഛൻ : (പുറകിൽനിന്നും വന്നിട്ട്.) ഡോക്ടർ,
എഞ്ചിനീയർ, പോലീസ് ഓഫീസർ,

കൈക്കൂലി കിട്ടുമൊരുദ്യോഗം വിദ്യാഭ്യാ
സത്തിൻലക്ഷ്യം. സേവപിടിച്ചും, മാർ
ക്കുതിരുത്തിയും പരീക്ഷപാസാവുക
നിങ്ങൾ....ഉദ്യോഗം നേടി, കൈക്കൂലി
വാങ്ങി പണം വാരിക്കൂട്ടുക നിങ്ങൾ.

(ഇരുവശങ്ങളിലുള്ള ആളുകളിൽനിന്നും പണം എണ്ണിവാങ്ങി സന്തോഷവാനായി പോകുന്നു.) (മൈമിംഗ് മാത്രം.)

പരീക്ഷ : ഒരു മൂളലോടെ മുമ്പിലേയ്ക്ക് വന്നിട്ട്) എസ്.എസ്.എൽ.സി., പി.ഡി.സി., B.Sc; M.Sc; P.H.D; I.P.S; I.A.S; F.R.C.S. പരീക്ഷകളിങ്ങനെ പലപല വിധം. വരിക, പഠിക്കുക, കാണാപ്പാഠം....പരീക്ഷ പാസാവുക നിങ്ങൾ. (എന്നിട്ട് പരീക്ഷാപേപ്പർ നോക്കുന്നതായി അഭിനയിക്കുന്നു. 100ൽ 100ഉം ഇട്ടുവയ്ക്കുന്നു. പേപ്പർ പുറകിലേക്ക് കൊണ്ടുപോയി വയ്ക്കുന്നു.) (താളം).

മലയാളം : "ആഴിവീചികളനുവേലം വെൺനുരകളാൽ
തോഴികൾപോലെ തവ ചാരു തൃപ്പദങ്ങളിൽ
തൂവെള്ളിച്ചിലമ്പുകളിടുവിക്കുന്നു തൃപ്തി-
കൈവരാഞ്ഞഴിയ്ക്കുന്നു പിന്നെയും തുടരുന്നു...." (കാംബോജി രാഗത്തിൽ നീട്ടിപ്പാടുന്നു.)

(കുട്ടി പാട്ട് ആസ്വദിച്ച് മലയാളത്തിനടുത്തേയ്ക്ക് മെല്ലെ....മലയാളം കുട്ടിക്കടുക്കലേയ്ക്കും.... കെട്ടിപ്പുണരാൻ തുടങ്ങുമ്പോഴേയ്ക്കും പരീക്ഷ ചാടിവീഴുന്നു. കുട്ടിയുടെ ചെവിയ്ക്ക് പിടിച്ച്....

പരീക്ഷ : എടാ മണ്ടാ ഇതൊന്നും പഠിച്ചാൽ പരീക്ഷ പാസ്സാകില്ല. നോക്ക്....ആഴിവീചി....ആഴിയുടെ വീചി....ഉം....പറയ്....

കുട്ടി : (ഇല്ലെന്നർത്ഥത്തിൽ) ഉം....ഉം....

പരീക്ഷ : (ഗൗരവത്തിൽ) പറയാൻ. ആഴിവീചി....ആഴിയുടെ വീചി. സംബന്ധികാ തൽപ്പുരുഷൻ. ഉം.... പറയ്.

കുട്ടി : ആഴി....വീചി....ആഴിയുടെ....വീചി.... സംബ....സംബന്ധി....

പരീ : ചമ്മന്തി...പച്ചടിയാ....(ഗൗരവത്തിൽ) സംബന്ധികാ തൽപ്പുരുഷൻ.

കുട്ടി : സംബന്ധികാ തൽപ്പുരുഷൻ.

പരീ : O.K. (പോകുന്നു.)
(പശ്ചാത്തലത്തിൽ ഒരു ഗാനം. കേരളം....കേരളം....കുട്ടി ഗാനം ചെവികൂർപ്പിച്ച് കേൾക്കുന്നു.)

ശാസ്ത്രം : കുട്ടി റേഡിയോ ഗാനം കേൾക്കുകയാണല്ലേ?

കുട്ടി : അതേ....യേശുദാസിന്റെ പാട്ട്.

ശാസ്ത്രം : ആ....ഈ പാട്ട് എങ്ങിനെയാണ് ഇവിടെ കേൾക്കുന്നതെന്ന് കുട്ടിക്കറിയേണ്ടേ?

കുട്ടി : അറിയണം....അറിയണം.

ശാസ്ത്രം : അതായത് യേശുദാസ് റേഡിയോ നിലയത്തിലിരുന്ന് പാടുന്നു. അല്ലെങ്കിൽ യേശുദാസ് പാടിയ പാട്ടിന്റെ റെക്കോഡ് വയ്ക്കുന്നു. ഈ ശബ്ദത്തെ മൈക്രോഫോൺ സ്വീകരിച്ച് ശബ്ദതരംഗങ്ങളാക്കി മാറ്റുന്നു. ഈ തരംഗങ്ങൾക്ക് അധികദൂരം സഞ്ചരിക്കാനാവില്ല. അതുകൊണ്ട് ഉയർന്ന ആവൃത്തിയുള്ള വിദ്യുത് കാന്തിക തരംഗങ്ങളുമായി കൂട്ടിക്കലർത്തി പ്രേക്ഷണം ചെയ്യുകയാണ് ചെയ്യുന്നത്.

കുട്ടി : അത്ഭുതകരമായിരിക്കുന്നല്ലോ. തരംഗങ്ങളെ തരംഗങ്ങൾതന്നെ വഹിച്ചുകൊണ്ടുപോകുന്നു.

ശാസ്ത്രം : അതെ. ഉദാഹരണത്തിന് കുട്ടി ഒരിടത്തുനിന്ന് മറ്റൊരിടത്തേക്ക് യാത്ര ചെയ്യുന്നതിന് ബസ്സും കാറുമൊക്കെ ഉപയോഗിക്കുന്നില്ലേ. (ഉടനെ പരീക്ഷ വന്ന് കുട്ടിയുടെ ചെവിയിൽ പിടിക്കുന്നു.) (ശാസ്ത്രം നിരാശയോടെ മടങ്ങുന്നു.)

പരീ : ഇത്തരം മസാലകളൊന്നും പഠിച്ചാൽ പരീക്ഷ പാസ്സാകത്തില്ല. നോക്ക്-താഴ്ന്ന ആവൃത്തിയുള്ള ശബ്ദതരംഗങ്ങളെ ഉയർന്ന ആവൃത്തിയുള്ള വിദ്യുത് കാന്തിക തരംഗങ്ങളുമായി

കൂട്ടിക്കലർത്തി മോഡുലേറ്റ് ചെയ്യുന്നു. (ഒറ്റ ശ്വാസത്തിൽ പറഞ്ഞ് തീർക്കുന്നു. കുട്ടിയുടെ മുഖത്തേയ്ക്ക് ഒരു തള്ളും.)

കുട്ടി : (അമ്പരപ്പോടെ) എനിക്കൊന്നും മനസ്സിലായില്ല.

പരീ : ആ....ഞാൻ പറയുന്നതങ്ങ് കാണാതെ പഠിച്ചാൽ മതി. ഉം....

(കുട്ടി വിഷമത്തോടെ അങ്ങോട്ടും ഇങ്ങോട്ടും നടക്കുന്നു.)

ചരിത്രം : കുട്ടിക്കെന്താ ഒരു മനോവിഷമം. ഈ രാജ്യത്തു നടക്കുന്ന അനീതിയും അക്രമവും കണ്ടിട്ടാണോ? അനീതിയ്ക്കെതിരായ പോരാട്ടമാണ് മാനവരാശിയെ പുരോഗതിയിലേക്ക് നയിച്ചതെന്ന് ചരിത്രം പറയുന്നു. ഉദാഹരണത്തിന് ഫ്രഞ്ചുവിപ്ലവംതന്നെയെടുക്കാം. താനാണ് ദൈവമെന്നഹങ്കരിച്ചിരുന്ന ലൂയി രാജാക്കന്മാർ....

കുട്ടി : ലൂയി രാജാക്കന്മാർ താനാണ് ദൈവമെന്നഹങ്കരിച്ചിരുന്നോ?

(പരീക്ഷ ഇടപെടുന്നു. ചെവിക്കു പിടുത്തം.)

പരീക്ഷ : എടാ മണ്ടാ ഫ്രഞ്ചുവിപ്ലവം അനീതിയ്ക്കും മറ്റും എതിരായിരുന്നൂന്നൊക്കെ എഴുതിയാൽ കിട്ടുന്ന മാർക്ക് വട്ടപ്പൂജ്യമായിരിക്കും. ഫ്രഞ്ചുവിപ്ലവത്തിന്റെ കാരണങ്ങളും ഫലങ്ങളും വിശദീകരിക്കുക. നോക്ക് സാമന്തന്മാർ ഫ്യൂഡലിസ്റ്റുകൾക്ക് അനർഹമായ സ്വാതന്ത്ര്യങ്ങൾ നൽകിയിരുന്നു....

കുട്ടി : അതുതന്നെയല്ലേ ഈ അനീതി എന്നു പറയുന്നത്?

പരീക്ഷ : ഞാൻ പറയുന്നത് കാണാതെ പഠിച്ചാൽ മതി. (പരീക്ഷ പോകുന്നു. കുട്ടി നിരാശനായി മുകളിലേയ്ക്കു നോക്കുന്നു.)

ഇംഗ്ലീഷ് : What are you looking at my boy? You want to play this drama? This drama is about Jeanvaljean. Jeanvaljean is one of the famous charactors of Les miserables, written by Victor Yeugo.

കുട്ടി : Who is Victor Yeugo? (പരീക്ഷ ഇടപെടുന്നു.)

പരീക്ഷ : എടാ....ഇതൊന്നും പരീക്ഷക്ക് ഇതുവരെ ചോദിച്ചിട്ടില്ല. ഇനിയൊട്ട് ചോദിക്കുകയുമില്ല. നോക്ക്....As soon as Jeanvaljean entered the room, Bishop embraised him. ഇത് No sooner than ഉപയോഗിച്ച് എങ്ങനെ പറയാം. No sooner did Jeanvaljean entered the room than the Bishop embraised him.

കുട്ടി : ഇത്തരം വാചകങ്ങൾ ഞാനൊരു പുസ്തകത്തിലും കണ്ടിട്ടില്ലല്ലോ?

പരീക്ഷ : ചോദ്യപേപ്പറിൽ കാണും. ഉത്തരമെഴുതിവച്ചാൽ വക്കുപൊട്ടാത്ത ഒരു മാർക്ക് കിട്ടുകയും ചെയ്യും. (പരീക്ഷ പോകുന്നു. കുട്ടി കാണാപ്പാഠം പഠിക്കാൻ ശ്രമിക്കുന്നു.)

അച്ഛൻ : എങ്ങനെയുണ്ട് എന്റെ മോൻ?

പരീക്ഷ : കൊള്ളാം. എന്റെ പ്രതീക്ഷയ്ക്കൊത്ത് ഇവൻ ഉയരുന്നുണ്ട്. പക്ഷേ അതിനിടയിൽ ചില ശാസ്ത്രജ്ഞന്മാരും കവികളുമൊക്കെ വന്ന് ഇടങ്കോലിടുന്നു.

അച്ഛ : അടിച്ചോടിക്കണമവന്മാരെയൊക്കെ. ഡോക്ടറും എഞ്ചിനീയറുമൊക്കെ ആവാൻ ഇവന്മാരുടെയൊക്കെ കവിതേം ശാസ്ത്രോമൊക്കെ പഠിക്കണോ?

പരീക്ഷ : ഒക്കെ അങ്ങ് കാണാതെ പഠിക്കണം.

അച്ഛൻ : അത്രതന്നെ.

അച്ഛൻ : (കുട്ടിയോട്) എന്റെ മോൻ ഒക്കെയങ്ങ് കാണാതെ പഠിക്കുകയാണല്ലേ?

കുട്ടി : (ദേഷ്യത്തോടെ) ശല്യപ്പെടുത്താതെ ഒന്നു പോകുന്നുണ്ടോ? ഞാനിതൊന്നു കാണാതെ പഠിച്ചോട്ടെ....(പഠിക്കുന്നു.)

അച്ഛൻ : ഓ....പഠിച്ചോ....പഠിച്ചോ....ഡോക്ടറും എഞ്ചിനീയറുമൊക്കെ ആകേണ്ട ആളല്ലേ. പഠിച്ചോ, പഠിച്ചോ.

കുട്ടി : ആ....ഡോക്ടർ....ചികിത്സിക്കാൻ പണമില്ലാതെ എത്രയോ രോഗികളാ വലയുന്നത്. അവരെയൊക്കെ എനിക്ക് ചികിത്സിക്കാമല്ലോ?

അച്ഛ : (ദേഷ്യത്തോടെ) സൗജന്യചികിത്സയ്ക്കാണോടാ മണ്ടാ ഡോക്ടറാവുന്നത്? എടാ ഡോക്ടറായാൽ ഒരുപാട് പണം സമ്പാദിക്കാം. ഉദാഹരണത്തിന് ഡോക്ടറായാൽ നിന്റടുക്കൽ ഒരുദിവസം 100 രോഗികൾ വന്നെന്നിരിയ്ക്കട്ടെ. ഒരാളിൽനിന്നും 10 രൂപവെച്ച് വസൂലാക്കി

യാൽ മാസം എത്രയാ രൂപ....30,000 രൂപ. ഇന്ത്യൻ യൂണിയൻ പ്രസിഡണ്ടിനുണ്ടോ മോനെ ഇത്ര വലിയ ശമ്പളം? (കുട്ടിക്ക് താല്പര്യമില്ലാത്ത മട്ടിൽ ആക്ഷൻ.)

അച്ഛ : അല്ലെങ്കിൽ വേണ്ട എഞ്ചിനീയറായിക്കോ....

കുട്ടി : ആ....പാലവും, അണക്കെട്ടുമൊക്കെ നിർമ്മിക്കുന്ന എഞ്ചിനീയർ. അപ്പോ രാജ്യം നന്നാക്കുന്ന പ്രവർത്തനത്തിൽ എനിക്കും പങ്കെടുക്കാമല്ലോ?

അച്ഛ : എടാ മണ്ടാ....രാജ്യം നന്നാക്കാനാണോടാ എഞ്ചിനീയറാകുന്നത്? എടാ....എഞ്ചിനീയറായാൽ ഒരു പാടു പണം സമ്പാദിക്കാം. ഓരോ കരാറുകഴിയുമ്പോഴും അച്ഛൻ എണ്ണിവാങ്ങുന്നത് മോൻ കാണുന്നില്ലേ? അതുപോലെ മോനും കിട്ടും.

കുട്ടി : (അത്യാഗ്രഹത്തിന്റെ തിരിച്ചറിവിലേയ്ക്ക് വരുന്നു.) അപ്പോ പണം നേടലാണ്....?

അച്ഛ : വിദ്യാഭ്യാസം.

കുട്ടി : പരീക്ഷ പാസ്സാവലാണ്....?

അച്ഛ : വിദ്യാഭ്യാസം. അതുകൊണ്ട് എന്റെ മോൻ ഒക്കെ അങ്ങ് കാണാതെ പഠിച്ചോളൂ....(കുട്ടി കാണാപ്പാഠം പഠനം ഉഷാറാക്കുന്നു.)

മലയാളം : വന്ദിപ്പിൻ മാതാവിനെ....
വന്ദിപ്പിൻ മാതാവിനെ....
വന്ദിപ്പിൻ ഉപാസ്യരായുള്ളോ-
ർക്കു....(നീട്ടിപ്പാടുന്നു....)

കുട്ടി : ഇത്രയ്ക്കു നീട്ടിപ്പാടുകയൊന്നും വേണ്ട. ഡോക്ടറും എഞ്ചിനീയറുമൊക്കെയാകാൻ നിങ്ങടെ കവിതയൊന്നും പഠിക്കണ്ട.

പരീക്ഷ : (സന്തോഷത്തോടെ) ആ....അ: നോക്ക്- (ഒരു വലിയ പുസ്തകമെടുത്ത് ഓരോ വരിയും കാണിച്ചു കൊടുത്ത്-കുട്ടി ഏറ്റുചൊല്ലുന്നു-താളത്തിൽ മലയാളത്തിന്റെ നേർക്കു തിരിഞ്ഞ്, മലയാളത്തിന്റെ കയ്യിലെ എഴുത്താണി ചൂണ്ടിക്കൊണ്ട്.)

കുട്ടി : ആ എഴുത്താണി ഇങ്ങു തരൂ.

മലയാ : കുട്ടിക്കെന്തിനാ എന്റെ എഴുത്താണി?

കുട്ടി : ഒപ്പിടാൻ....പണം വാങ്ങുമ്പോ ഒപ്പിടാൻ.

പരീക്ഷ : ആ....അ: (താളത്തിൽ ചാടിച്ചാടി മലയാളത്തിന്റെ കയ്യിൽനിന്നും എഴുത്താണി വാങ്ങി കുട്ടിക്കു കൊടുക്കുന്നു.)

ശാസ്ത്രം : കപ്പലുകൾ വെള്ളത്തിൽ പൊങ്ങിക്കിടക്കുന്ന തത്വം ആർക്കമെഡിസ് കണ്ടുപിടിച്ചത് കുളിമുറിയിൽ വച്ചായിരുന്നു.

കുട്ടി : ആ തത്വം മാത്രമിങ്ങ് പറഞ്ഞുതന്നാൽ മതി.

പരീക്ഷ : ആ....അ: (പരീക്ഷ കുട്ടിക്ക് കപ്പലിന്റെ രൂപം കൈകൊണ്ട് കാട്ടിക്കൊടുക്കുന്നു. കുട്ടി താളത്തിൽ ശാസ്ത്രത്തിന്റെ നേർക്കു തിരിഞ്ഞ്)

കുട്ടി ; ആ....കോട്ടിങ്ങു തരൂ?

ശാസ്ത്രം : കുട്ടിയ്ക്കെന്റെ കോട്ടു മാത്രം മതി. എന്നെ വേണ്ട അല്ലേ?

പരീക്ഷ : ആ....അ: (കോട്ടു വാങ്ങി കൊടുക്കുന്നു.)

ചരിത്രം : അറിയപ്പെട്ടിടത്തോളം ജനാധിപത്യ ഭരണവ്യവസ്ഥയാണ് ഏറ്റവും നല്ല ഭരണവ്യവസ്ഥയെന്നതിന്റെ കാരണം നാം മനസ്സിലാക്കണം.

കുട്ടി : പരീക്ഷക്കു വരുമോ?

പരീക്ഷ : ഏകാധിപത്യത്തിന്റെ ഗുണങ്ങളോ, ജനാധിപത്യത്തിന്റെ ഗുണങ്ങളോ, ഏതെങ്കിലുമൊന്നു വരും. രണ്ടും കാണാതെ പഠിച്ചോ. നോക്ക് (കുട്ടിയെ വാൾപയറ്റ് പരിശീലിപ്പിച്ച് കറങ്ങിക്കറങ്ങി തോക്കിലേക്ക്. തോക്കുമായി ചരിത്രത്തിന്റെ അടുത്തേയ്ക്ക് മാർച്ച് ചെയ്തെത്തിയിട്ട് ചോദിക്കുന്നു.)

കുട്ടി : ആ കണ്ണടയിങ്ങു തരുമോ?

ചരി : കുട്ടിയ്ക്കെന്തിനാ എന്റെ കണ്ണട?

കുട്ടി : നിങ്ങൾ സത്യം കാണാതിരിയ്ക്കാൻ.

പരീക്ഷ : ആ....അ: (കണ്ണട എടുത്ത് കുട്ടിക്ക് വച്ചുകൊടുക്കുന്നു.)

English : "An Eligy On The Death of A Mad Dog" Written by Oliver Gold Smith.

കുട്ടി : I want only the summury of the poem.

പരീ : Good boy. Come on. (പാശ്ചാത്യ നൃത്തം ചെയ്യുന്നു.) കറങ്ങി കറങ്ങി ഇംഗ്ലീഷിന്റെ നേരെ ചൂണ്ടിക്കൊണ്ട്)

കുട്ടി : I want your hat.

Eng : You want only my hat?

പരീ : Yes.... (തൊപ്പി എടുത്തുകൊടുക്കുന്നു.) (എഴുത്താണി, കോട്ട്, കണ്ണട, തൊപ്പി ഇവ ധരിച്ച കുട്ടിയെ പരീക്ഷ ആകെയൊന്നു നോക്കുന്നു. രണ്ടുപേരും കൈകോർത്തുപിടിച്ച് നൃത്തം ചെയ്യുന്നു. രണ്ടുപേരും കസേരയ്ക്കു ചുറ്റും നൃത്തം ചെയ്ത് കുട്ടി കസേരയുടെ മുകളിൽ കയറി കുതിരയെ തെളിയിക്കുന്നതുപോലെ നിൽക്കുന്നു.)

അച്ഛൻ : (കുട്ടിയെ ആകെയൊന്നു നോക്കി സന്തോഷത്തോടെ പരീക്ഷയോട് ചോദിക്കുന്നു.) എങ്ങിനെയുണ്ട് എന്റെ മോൻ?

പരീ : കൊള്ളാം. സാമൂഹ്യദ്രോഹത്തിന് ഞാൻ സൃഷ്ടിച്ചിട്ടുള്ളവരിൽ ഏറ്റവും വലിയവനാണിവൻ. (അച്ഛന് സന്തോഷം. പരീക്ഷയ്ക്ക് പണമെണ്ണിക്കൊടുക്കുന്നു.)

അച്ഛൻ : താങ്ക്യൂ....താങ്ക്യൂ....(മകന്റെ നേരെ തിരിഞ്ഞ്) എന്റെ മോൻ പഠിച്ച് വല്യ ആളായല്ലേ....?

കുട്ടി : (ദേഷ്യത്തോടെ) Who are you?

അച്ഛൻ : എടാ....ഞാൻ നിന്റെ അച്ഛനാടാ....

കുട്ടി : ഉം....അച്ഛൻ. I want no father. I want money. I want enjoyment. എനിക്ക് പണം വേണം. എനിക്ക് സുഖിക്കണം. (അച്ഛൻ അത്ഭുതത്തോടെ....)

അച്ഛൻ : മോനേ

കുട്ടി : Get away you bloody.

മലയാളം : ഇതല്ല വിദ്യാഭ്യാസം. ഇത് വിദ്യാഭാസമാണ്.

ശാസ്ത്രം : ഇതല്ല വിദ്യാഭ്യാസം. ഇത് വിദ്യാഭാസമാണ്.

ചരിത്രം : ഇതല്ല വിദ്യാഭ്യാസം. ഇത് വിദ്യാഭാസമാണ്.

ഇംഗ്ലീഷ് : ഇതല്ല വിദ്യാഭ്യാസം. ഇത് വിദ്യാഭാസമാണ്.

(എല്ലാവരും ഒരുമിച്ച് കുട്ടിയെ വിരൽചൂണ്ടിക്കൊണ്ട്)

"ഇതല്ല വിദ്യാഭ്യാസം. ഇത് വിദ്യാഭാസമാണ്."

## ഉൽപ്പന്നം

(ആറു പേർ കയ്യിൽ വടിയുമായി വരുന്നു. ചെണ്ടയുടെ താളത്തിനൊത്ത് അടിവെച്ചാണു വരുന്നത്. അഞ്ചുപേർ വേദിയുടെ മധ്യത്തിൽ വടികൾ അറ്റം തമ്മിൽ മുട്ടിച്ച് ഒരു തത്തക്കൂടു നിർമ്മിക്കുന്നു. ഒരാൾ കൂടിനരികെ നിൽക്കുന്നു. ഒരു മെക്കാനിക്കിനെപോലെ. സൂത്രധാരൻ പ്രവേശിക്കുന്നു.)

സൂത്ര : ഇതൊരു കാപ്സ്യൂൾ പ്ലേയാണ്. ഒരു ഗുളികാ നാടകം. ഈ നാടകത്തിന്റെ രംഗഭൂമി ഇന്ത്യയാണ്. നാടകത്തിന്റെ പേര് 'ഉൽപ്പന്നം' അതായത് ചരക്ക് (കൂടു കാണിച്ച്) ഇതൊരു വലിയ യന്ത്രമാണ്. പഴയ യന്ത്രമായതിനാൽ ഇതിന്റെ നട്ടുംബോൾട്ടുമൊക്കെ തുരുമ്പിച്ചിട്ടുണ്ട്. (മെക്കാനിക്കിനെ ചൂണ്ടി) ഇദ്ദേഹമാണ് ഈ യന്ത്രത്തിന്റെ ഓപ്പറേറ്റർ. ഇദ്ദേഹവും ഈ യന്ത്രത്തിന്റെ ഒരു ഭാഗം തന്നെയാണ്. (യന്ത്രത്തെ ചൂണ്ടി) ഈ യന്ത്രമാണ് ഈ നാടകത്തിലെ നായകൻ. അല്ല വില്ലൻ. അല്ല നായകനും വില്ലനുമൊക്കെ ഈ യന്ത്രംതന്നെയാണ്. ഓ. ഒരു കാര്യം മറന്നു. ഇത് വിദേശനിർമ്മിതമാണ്. ഇതിന്റെ നിർമ്മാതാവ് ഇപ്പോഴില്ല. മരിച്ചുപോയി. അദ്ദേഹത്തിന്റെ പേര് മെക്കോളെ. (കോറസ്സ് 3 തവണ മെക്കോളെ എന്ന് ആവർത്തിച്ചു പറയുന്നു.) ലോഡ് മെക്കോളെ. മെക്കോളെ പ്രഭു. കുട്ടികളാണ് ഈ യന്ത്രത്തിലെ അസംസ്കൃത വസ്തു

ക്കൾ (കുട്ടികൾ തീവണ്ടിയുടെ രൂപത്തിൽ കൂക്കിവിളിച്ചുവന്ന് ഫ്രീസ് ആവുന്നു.) നല്ല ചുറു ചുറുക്കുള്ള കുട്ടികൾ. ഇവരെ ഓരോരുത്തരെയായി ഈ യന്ത്രത്തിനുള്ളിലേക്കു തള്ളിവിടും. വർഷങ്ങൾക്കുശേഷം ഇവർ ഉൽപ്പന്നങ്ങളായി പുറത്തുവരും. ഒരു കാര്യം. ഇത് ഒരു ദുരന്തനാടകമാണ്. അത് നാടകത്തിന്റെ അവസാനം. നാടകം തുടങ്ങുന്നു. ഉൽപ്പന്നം (സൂത്രധാരൻ പോകുന്നു. സ്കൂൾ ബെല്ലിന്റെ ശബ്ദം. കുട്ടികൾ തുള്ളിച്ചാടി കളിക്കുന്നു. വീണ്ടും ബെൽ. കുട്ടികൾ നിശ്ചലരാവുന്നു. മെക്കാനിക്ക് അധ്യാപകനാവുന്നു. ഒരു കുട്ടിയെ പിടിച്ച് യന്ത്രത്തിനുള്ളിലേക്ക് തള്ളിവിടുന്നു. യന്ത്രം ഓൺ ചെയ്യുന്നതുപോലെ കാണിച്ച് 'ക' എന്നു പറയുന്നു. യന്ത്രം കഖഗഘങ്ങ....മുഴുവൻ താളത്തിൽ ഉച്ചത്തിൽ പറയുകയും വട്ടത്തിൽ കറങ്ങുകയും ചെയ്യുന്നു. അതു തീരുമ്പോൾ കുട്ടി പുറത്തേക്ക് തെറിച്ചു ചാടുന്നു. വികലാംഗനാണ്. Still ആവുന്നു. മറ്റൊരു കുട്ടിയെ ഇതുപോലെ യന്ത്രത്തിനുള്ളിൽ ഇടുന്നു. 'A' എന്നു പറയുന്നു. കോറസ്സ് A മുതൽ Z വരെ താളത്തിൽ പറഞ്ഞ് കറങ്ങുന്നു. കുട്ടി വികലാംഗനായി തെറിച്ചു ചാടുന്നു. മൂന്നാമത്തെ കുട്ടിയെ യന്ത്രത്തിൽ ഇടുന്നു ഏക് എന്ന് പറയുന്നു. കോറസ് ഏക് മുതൽ ദസ് വരെ പറഞ്ഞ് യന്ത്രത്തിലിട്ടു കറക്കുന്നു. ആ കുട്ടിയും പുറത്തുചാടുന്നു. മൂന്നു കുട്ടികളും വേദിയിൽ മുടന്തിനടക്കുന്നു. Still ആവുന്നു (സൂത്രധാരൻ വരുന്നു ഓരോ കുട്ടികളേയും പരിശോധിക്കുന്നു. ഒരു കുട്ടിയുടെ കൈ ഉപയോഗശൂന്യമാണ്. ഒരു കുട്ടിയുടെ കാല് നിലത്തുറക്കുന്നില്ല. ഒരു കുട്ടിയുടെ തല മുകളിലേക്കു മാത്രം നോക്കുന്ന മട്ടിൽ.)

സൂത്ര : ഈ നാടകത്തിലെ നായകനും വില്ലനുമായ കഥാപാത്രത്തെ നിങ്ങൾക്കു മനസ്സിലായിട്ടുണ്ടാവും. ഇതാണ് ഇന്ത്യൻ വിദ്യാഭ്യാസം.

# തത്തമ്മേ പൂച്ച പൂച്ച!

അനൗൺസ്മെന്റ്:-

നമ്മുടെ വിദ്യാഭ്യാസരംഗം കുത്തഴിഞ്ഞു കിടക്കുകയാണെന്ന് പരക്കെ പരാതിയുണ്ട്. അത് നേരെയാക്കാൻ പല പരിശ്രമങ്ങളും നടന്നിട്ടുണ്ട്. പക്ഷെ പ്രശ്നങ്ങൾ വീണ്ടും അവശേഷിക്കുന്നു. ഒരുവശത്ത് കാലിച്ചന്തയ്ക്ക് സമാനമായ വിദ്യാഭ്യാസരംഗത്തെ ചേരികൾ—ചോർന്നൊലിക്കുന്ന കെട്ടിടം, വിശന്നുവലയുന്ന കുട്ടികൾ, അസംതൃപ്തരായ അധ്യാപകർ, അപര്യാപ്തമായ പഠനസാമഗ്രികൾ. മറുവശത്തോ വിദ്യാഭ്യാസരംഗത്തെ മണിമേടകൾ എന്ന് വിശേഷിപ്പിക്കാവുന്ന ഇംഗ്ലീഷ് മീഡിയം പബ്ലിക് സ്കൂൾ വിദ്യാഭ്യാസം. സമൂഹത്തിൽ നിന്ന് ഒറ്റപ്പെട്ട സാമൂഹ്യദ്രോഹികളായ ഒറ്റയാൻമാരെ വാർത്തെടുക്കുവാൻ ഉള്ളവയാണത്. ഈ രണ്ട് വിദ്യാഭ്യാസരീതിക്കും അതിന്റേതായ കുറവുകളുണ്ട്. ഇതിന് പരിഹാരം കാണണമെങ്കിൽ ജനങ്ങൾ ഇതേപ്പറ്റി ചിന്തിക്കേണ്ടിയിരിക്കുന്നു. അവരെ ചിന്തിപ്പിക്കാൻ പ്രേരിപ്പിക്കുന്ന ഒരു ലഘുനാടകമാണിത്.

## സീൻ ഒന്ന്

[അനൗൺസ്മെന്റ് തീരുമ്പോൾ 8 പേരടങ്ങുന്ന കോറസ് രംഗത്ത് "V" ആകൃതിയിൽ നിൽക്കുന്നു. ഒരേ വേഷം; ഒരേ വലുപ്പമുള്ള നീണ്ട വടികൾ കിഴുക്കാംതൂക്കായി നടുവിൽ പിടിച്ചിരിക്കുന്നു.]

ഒന്നാംസംഘം : പഠിക്കുന്നതെന്തിന്?

രണ്ടാംസസംഘം: (ഒരടി മുന്നോട്ടുവെച്ച്) ജയിക്കാൻ!

[ഒന്നാം ടീമിലേയും രണ്ടാം ടീമിലേയും അകത്തേ അറ്റത്തുള്ള ഈരണ്ടുപേർ വടി നീട്ടിപ്പിടിച്ച് അടി വെച്ച് മുന്നോട്ട് നടന്നുകൊണ്ട്]

ഒന്നാംസംഘം : പഠിക്കുകയേ വേണ്ട.

[രണ്ടാം സംഘത്തിലെ തുല്യസ്ഥാനത്തുള്ള രണ്ടുപേരും നിരയോട് ചേർന്നുകൊണ്ട്]

രണ്ടാംസംഘം : വേണ്ട, വേണ്ട, വേണ്ട.

കോ. 8 പേരും : പഠിക്കുകയേവേണ്ട. . . ജയിക്കണം.
എന്നിട്ടുറപ്പിക്കണം വലിയ ശമ്പളം.
നാലക്ക ശമ്പളം. . . അതുമതി.
ഇതല്ലേ നാട്ടു നടപ്പ് . . . . അല്ലേ മാളോരെ,
അല്ലേ മാളോരെ, അല്ലേ മാളോരെ,

['അല്ലേ മാളോരെ' എന്നു പറഞ്ഞുകൊണ്ട് ഈരണ്ടു പേർ വീതം നാലുമൂലയിലേക്കും പോകുന്നു. പെട്ടെന്ന് സ്കൂളിൽ ഒന്നാംമണിയടിക്കുന്ന ശബ്ദം. കോറസ് കുട്ടികളായി മാറുന്നു. പലതരം ശബ്ദമുണ്ടാക്കുന്നു. കളികളിലേർപ്പെടുന്നു. "ഇന്ന് സാറില്ല", "നമുക്ക് കളിക്കാം" തുടങ്ങിയ ശബ്ദങ്ങൾ. ഇതിനിടയിൽ അധ്യാപകൻ കടന്നുവരുന്നു. കയ്യിൽ വടി, ക്ഷീണിച്ച മുഖം, മുഷിഞ്ഞ മുണ്ടും ജുബ്ബയും വേഷം.]

കുട്ടികൾ : (ഉറക്കെ) ന. . . .മ. . ..സ്തേ. . .

അധ്യാപകൻ : സിറ്റ്ഡൗൺ, (കുട്ടികൾ ഇരിക്കുന്നതിന്റെ തിക്കും തിരക്കും. ഒരു കുട്ടിമാത്രം നിൽക്കുന്നു.)

അധ്യാ : നീയെന്താടാ ഇരിക്കാത്തെ.

കുട്ടി : ഇരിക്കാൻ ബഞ്ചില്ലാ സാർ.

അധ്യാ : എടാ; എനിക്കിരിക്കാൻ ഒരു സ്റ്റൂളുപോലുമില്ല. അപ്പഴാ നിനക്ക് ബഞ്ച്. ഇരിയെടാ അവിടങ്ങാനും.

മറ്റൊരുകുട്ടി : സാർ ചോരുന്നു!

അധ്യാ : എടാ, സർക്കാര് പള്ളിക്കൂടമാ ചോരും. നീയങ്ങോട്ട് നീങ്ങിയിരി. അല്ലേൽ ആ ഉപ്പുമാവിന്റെ പാത്രം എടുത്തുവയ്ക്ക്. ആരും ശബ്ദിക്കരുത്. ഹാജർ വിളിക്കാൻ പോകുന്നു.

[അധ്യാപകൻ ഹാജർ വിളിക്കുന്നു. കുട്ടികൾ പലതരത്തിൽ പ്രതികരിക്കുന്നു. അവസാനം റാണീ എന്നു വിളിക്കുമ്പോൾ കൂട്ടത്തിൽ വികൃതിയായ കുട്ടി ശബ്ദം മാറ്റി ഹാജർ പറയുന്നു. അധ്യാപകൻ അവനെ എഴുന്നേൽപ്പിക്കുകയും ഏത്തമിടുവിക്കുകയും ചെയ്യുന്നു.]

അധ്യാ : ഓൾ സ്റ്റാൻഡ്, റൈറ്റേൺ, ഫ്രണ്ട്, ലെഫ്ടേൺ, സിറ്റ്. (കുട്ടികൾ അലക്ഷ്യമായി തിരിയുന്നു) ങ്ഹാ ഇനിയും നമുക്ക് പഠിക്കാം. എല്ലാവരും പുസ്തകമെടുക്കിൻ.

കുട്ടി : പുസ്തകമില്ല സാർ.

അധ്യാ : പുസ്തകമില്ലാത്തവർ എഴുന്നേൽക്കിൻ.
[മൂന്ന് കുട്ടികൾ എഴുന്നേൽക്കുന്നു.]

അധ്യാ : (ഒരു കുട്ടിയോട്) നീയെന്താടാ പുസ്തകം കൊണ്ടുവരാത്തത്?

കുട്ടി : മറന്നുപോയി സാർ!

അധ്യാ : നാളെ മറക്കാതെ കൊണ്ടുവരണം ഇരിക്കവിടെ. (രണ്ടാമത്തെ കുട്ടിയോട്) നീയെന്താ കൊണ്ടുവരാത്തത്?

കുട്ടി : ഗ്രാന്റ് കിട്ടാത്തതുകൊണ്ട് പുസ്തകം വാങ്ങിയില്ല സാർ.

അധ്യാ : നിന്റെ ഗ്രാന്റിനുള്ള കടലാസ് ഞാൻ എഴുതിക്കൊടുത്തിട്ടുണ്ട്. അത് കിട്ടുമ്പോൾ വാങ്ങണണം. ഇരിക്ക്. (മൂന്നാമത്തെ കുട്ടിയോട്) നീയോടാ?

കുട്ടി : ഈ കൊല്ലത്തെ പുസ്തകം വന്നിട്ടില്ലാ സാർ.

അധ്യാ : ഈ കൊല്ലത്തെ പുസ്തകം അടുത്തകൊല്ലം വരും. അപ്പൊ വാങ്ങണം. ഉം. . .ഇരിക്ക്. എല്ലാവരും പുസ്തകം പരസ്പരം കാണിച്ചുകൊടുക്ക്.
[ഒരു കുട്ടി കടന്നുവരുന്നു.]

കുട്ടി : സാർ ക്ലാസിൽ കയറിക്കോട്ടെ.

അധ്യാ : നീയെന്താടാ താമസിച്ചത്?

കുട്ടി : അച്ഛനും അമ്മയ്ക്കും പാടത്ത് കഞ്ഞി കൊണ്ടുപോയതാ.

അധ്യാ : നിന്റെ ചേച്ചിയില്ലേടാ അവിടെ?

കുട്ടി : ചേച്ചിക്ക് ഷിഫ്റ്റാ സാർ.

അധ്യാ : ശരി, പോയിരിക്ക്. പുസ്തകം ഉണ്ടോ?

കുട്ടി : ഉണ്ട് സാർ.

അധ്യാ : എല്ലാവരും പുസ്തകമെടുത്ത് വായിക്ക്. ത . . . റ. . . തറ. (കുട്ടികൾ വികൃതമായി ഉച്ചരിക്കുന്നു.)

അധ്യാ : സൈലൻസ്. (ഒരു കുട്ടിയെ എഴുന്നേൽപിക്കുന്നു) 'ത. . . റ. . . തറ' എന്നു പറയടാ.

കുട്ടി : ത. . . . റ . . . . താറാ. . .

അധ്യാ : (അസ്വസ്ഥനായി മറ്റൊരു കുട്ടിയോട്) നീ പറയടാ. 'ത . . . . റ. . . . തറ'

മറ്റേ കുട്ടി : ത . . . .റ. . . താറാ. . .

അധ്യാ : (താമസിച്ചുവന്ന മിടുക്കനായ കുട്ടിയോട്) കുട്ടി പറയൂ.

നല്ലകുട്ടി : ത . . . . റ. . . . . തറ. (പെട്ടെന്ന് ഇരിക്കുന്നു)

[അധ്യാപകൻ മറ്റിരുവരെക്കൊണ്ട് പറയിപ്പിക്കാൻ ശ്രമിച്ച് പരാജയപ്പെടുന്നു.]

അധ്യാ : നീയൊക്കെ എന്തിനാടാ ഇങ്ങോട്ട് വരുന്നത്? നിനക്കൊക്കെ കന്നുകാലിയെ മേയ്ക്കാൻ പൊയ്ക്കൂടേടാ? നീയൊന്നും നന്നാവാൻ പോണില്ല. ഇരിക്കവിടെ.

[കുട്ടികൾ കരഞ്ഞുകൊണ്ടിരിക്കുന്നു.]

അധ്യാ : ഇനിയും നമുക്ക് എഴുതിപ്പഠിക്കാം. എല്ലാവരും സ്ലേറ്റും പെൻസിലുമെടുക്ക്.

കുട്ടി : സ്ലേറ്റില്ലാ സാർ.

അധ്യാ : ഇല്ലെങ്കിൽ നിലത്തെഴുതിനെടാ! ത. . . . റ. . .. . തറ.

[കുട്ടികൾ വികൃതമായി ഉച്ചരിച്ചുകൊണ്ട് നിലത്തെഴുതുന്നതായി ഭാവിക്കുന്നു.]

ഒരു കുട്ടി : ഈ തറാന്നുവെച്ചാൽ .. . . . തറാന്നുവെച്ചാൽ . . . (പരുങ്ങുന്നു) എടാ ഈ കല്ലുകൊണ്ടിങ്ങനെ കെട്ടിപ്പൊക്കിയ . . . എടാ ആ പുസ്തകത്തിലതിന്റെ പടം ഉണ്ട്. നോക്ക്.

മറ്റെ കുട്ടി : സാർ! നമ്മളൊക്കെ ഇരിക്കുന്നത് തറയിലല്ലേ?

അധ്യാ : (പരുങ്ങുന്നു) എടാ ഇത് നെലം. അത് തറ. ഏടാ പഠിപ്പിക്കുന്നതങ്ങോട്ട് പഠിച്ചാൽ മതി. (കുട്ടികൾ ബഹളമുണ്ടാക്കുന്നു).

അധ്യാ : സൈലൻസ്! എല്ലാവരും നൂറ് പ്രാവശ്യം എഴുത്.

[ഒരു കുട്ടിയെ ചോക്കെടുക്കാൻ വിടുന്നു. കുട്ടികൾ വികൃതമായി ഉച്ചരിച്ചുകൊണ്ട് എഴുത്ത് തുടരുന്നു. അധ്യാപകൻ ഉറങ്ങുന്നത് കണ്ട്, കുട്ടികൾ എഴുത്തുനിർത്തി കളികൾ ആരംഭിക്കുന്നു.]

അധ്യാ : (ഉറക്കത്തിൽ സ്വപ്നത്തിലെന്നോണം) എടാ ഗോപാലാ ഈ മാസത്തെ ശമ്പളം പിടുത്തമൊക്കെ കഴിഞ്ഞ് കിട്ടിയപ്പൊ നിന്റെ കാശുതരാൻ തികഞ്ഞില്ല. അടുത്ത മാസത്തെ ശമ്പളം കിട്ടുമ്പൊ തരാം. നീയിപ്പൊ പോ . . . .

[ഈ സമയം കുട്ടികൾ നിശബ്ദരായി അധ്യാപകനു ചുറ്റും നിന്ന് ശ്രദ്ധിക്കുന്നു.]

ഒരു കുട്ടി : സാറ് സ്വപ്നം കാണുവാടാ! (എല്ലാവരും ചേർന്ന് "സാറേ" എന്ന് ഉറക്കെ വിളിക്കുന്നു. അധ്യാപകൻ ഞെട്ടിയെഴുന്നേൽക്കുന്നു. വടിയെടുത്ത് കുട്ടികളെ യഥാസ്ഥാനത്തിരുത്തുന്നു.)

അധ്യാ : എത്ര പ്രാവശ്യം എഴുതിയടാ?

കുട്ടി : അമ്പത് പ്രാവശ്യം എഴുതി സാർ.

അധ്യാ : നൂറ് പ്രാവശ്യം കൂടെഴുതടാ.

[പൂർവസ്ഥാനത്ത് ഇരിക്കുന്നു. കുട്ടികൾ ബഹളമുണ്ടാക്കി എഴുതുന്നു. അപ്പോൾ സ്കൂൾ വിടുന്നതിനുള്ള ബല്ല് കേൾക്കുന്നു. കുട്ടികൾ ഉപ്പുമാവേ എന്ന് വിളിച്ചുകൊണ്ട് പിരിഞ്ഞു പോകുന്നു. മിടുക്കനായ കുട്ടിമാത്രം അവശേഷിക്കുന്നു.]

അധ്യാ : നീയെന്താടാ പോകാത്തത്?

കുട്ടി : ഒരു സംശയം ഉണ്ട് സാർ!

അധ്യാ : (അശ്രദ്ധനായി) സംശയമോ കേൾക്കട്ടെ!

കുട്ടി : സാർ ഈ സൂര്യനുണ്ടല്ലോ?

അധ്യാ : സൂര്യനൊണ്ടെടാ.

കുട്ടി : ഈ സൂര്യൻ രാവിലെ ഉദിക്കുമ്പം വലുതായിരിക്കുമ്പം ചൂട് കുറവും ഉച്ചയ്ക്ക് ചെറുതായിരിക്കുമ്പം ചൂട് കൂടിയുമിരിക്കുന്നു. അതെന്താ സാർ?

[ഈ സമയം അധ്യാപകൻ പൊടി വലിക്കുന്നു.]

അധ്യാ : ങേ . . . . ങേ. . . . സൂര്യൻ സൂര്യൻ . . .

[കുട്ടി ചോദ്യം ആവർത്തിക്കുന്നു.]

അധ്യാ : (ആലോചിക്കുന്നതായി ഭാവിച്ച്) ആഹാ. . . . അങ്ങനെയൊണ്ടോ (ക്രുദ്ധനായി കുട്ടിയെ അടിക്കാൻ ഓങ്ങിക്കൊണ്ട്) എടാ . . . . ആരാ ഇതു പറഞ്ഞുതന്നത്? ഞാൻ പഠിപ്പിച്ചിട്ടുണ്ടോടാ? സിലബസ്സിലില്ലാത്ത ഒരു കാര്യവും നീ പഠിക്കണ്ടാടോ! (കുട്ടിയെ അടിക്കുന്നു, കുട്ടി കരഞ്ഞുകൊണ്ടു പോകുന്നു.)

അധ്യാ : അവനല്ല്യോ ഇപ്പം പഠിച്ച് വല്യ കളക്ടറാകാൻ പോകുന്നത്. (ആത്മഗതം). സൂര്യനെ

ന്താണന്നു ചോദിച്ചാൽ എനിക്കും കൂടി അറിയില്ല.
[പോകുന്നു]

## സീൻ രണ്ട്

[കോറസ് നാലുപേർ സ്റ്റേജിന്റെ പിന്നിൽ നിരന്നുനിൽക്കുന്നു. വടികൾ വശത്തായി ചേർത്തുപിടിച്ചിട്ടുണ്ട്.]

കോറസ് മൂന്നാമൻ : (മുന്നോട്ടു കടന്നുവന്ന്) മണ്ണിൻ മടിയിൽ ജനിച്ചും — (വടി നിലത്തൂന്നി മുട്ടുകാലിൽ ഇരിക്കുന്നു.)

കോറസ് രണ്ടാമൻ : (അതേപടി) പിന്നെക്കണ്ണീരുപ്പുകുടിച്ചും
[രണ്ടുപേരും ഒരേ നിലയിൽ ഉയർന്ന് വടികൾമുകളിലേക്കുയർത്തിക്കൊണ്ട്]
കുപ്പയിൽ നിന്നു കുരുത്ത കരുത്തിൽ
കുഞ്ഞിക്കൂമ്പുകൾ കരിയുന്നോ?
[പറഞ്ഞു തീരുന്നതിനോടൊപ്പം വടികൾ വേഗത്തിൽ തലകീഴായി തൂക്കിയിടുന്നു. അതോടൊപ്പം തലയും ഒരു വശത്തേക്ക് ചരിയ്ക്കുന്നു.]
[കോറസ് ഒന്നും നാലും വടികൾ വലതുകയ്യിൽപ്പിടിച്ച് ചൂണ്ടിക്കൊണ്ട് ഒരേപോലെ മുന്നോട്ടു മാർച്ചുചെയ്ത്. . . .  മറ്റ് ഇരുവരോട് ചേർന്നുകൊണ്ട്]
കൊമ്പു കുളമ്പൊടു വാലുകിളിർക്കാൻ
കുന്നിൻമേലൊരു ശാല
'[കുന്നിൻമേലൊരു ശാല' എന്നു പറയുമ്പോൾ വടികൾ മുകളിലേക്കുയർത്തുന്നു. കോറസ് രണ്ടും മൂന്നും യഥാക്രമം കോറസ് ഒന്നിനെയും നാലിനെയും ചുറ്റിക്കൊണ്ട]'
ഒറ്റാനകളെ മെരുക്കിയിണക്കി-
യൊരുക്കാൻ വിദ്യാശാല.
[കോറസ് ഒന്നും നാലും]
കണ്ണും കയ്യും കരളും  നീക്കി-
പൊയ്ക്കാലിൻമേൽ ലെഫ്റ്റ് - റൈറ്റ്

["പൊയ്ക്കാലിൻ മേൽ" എന്നുതുടങ്ങുമ്പോൾ വലതുകൈനീട്ടി വടിയുടെ മദ്ധ്യത്തിൽ പിടിക്കുകയും തുടർന്ന് നാലുപേരും "ലെഫ്റ്റ് റൈറ്റ് - ലെഫ്റ്റ് റൈറ്റ്" എന്നു പറഞ്ഞ് ചവുട്ടിത്തിരിഞ്ഞ് പിന്നിലേക്ക് മാർച്ചുചെയ്ത്, വടികൾ ഒരുവശത്ത് ചേർത്തു പിടിച്ചുകൊണ്ട് ഈ രണ്ടുപേർ വാതിൽപ്പാളികളായി സങ്കൽപ്പിച്ചുകൊണ്ട് ചേർന്നു നിൽക്കുന്നു.]

[ഇംഗ്ലീഷ് മീഡിയം സ്കൂളിലെ അദ്ധ്യാപകൻ ഒരു കസേരയുമായി നഴ്സറിറൈം മൂളിക്കൊണ്ട് വാതിൽപ്പാളികൾ തുറന്ന് കയറിവരുന്നു. കസേര രംഗമദ്ധ്യത്തിൽ സ്ഥാപിച്ച ശേഷം വാതിൽ അടച്ചുവന്ന് കസേരയിൽ ഇരിക്കുന്നു. പേപ്പറുകൾ നോക്കുകയും ഒപ്പിടുകയും ചെയ്യുന്നു. അപ്പോൾ രക്ഷാകർത്താവ് വേദിക്കുപിന്നിൽ "ജനിച്ചനാൾ തൊട്ടെൻ മകൻ ഇംഗ്ലീഷു പഠിക്കണം - അതിനായ് ഭാര്യതൻ പേറ് ഇംഗ്ലണ്ടിൽത്തന്നെയാക്കി ഞാൻ" എന്ന് ഉറക്കെ പറഞ്ഞുകൊണ്ട് വാതിൽക്കൽ പ്രത്യക്ഷപ്പെടുന്നു.]

രക്ഷാ : മേ ഐ കമിൻ സാർ

അധ്യാ : യേസ് - ബൈ ഓൾ മീൻസ്

രക്ഷാ : (വാതിൽ തുറന്ന് കടന്നുവന്നുകൊണ്ട്)
ജനിച്ചനാൾ തൊട്ടെൻ മകൻ ഇംഗ്ലീഷു പഠിക്കണം
അതിനായ് ഭാര്യതൻ പേറ് അങ്ങിംഗ്ലണ്ടിൽ തന്നെയാക്കിഞാൻ  യൂ നോ . . . . ഇംഗ്ലണ്ട്.

അധ്യാ : ഹോ. . . ഇംഗ്ലണ്ട്, ഗ്രേറ്റ് ബ്രിട്ടൻ, ദി ക്യൂൻസ് ലാന്റ്, എന്നിട്ട്?

രക്ഷ : മുലപ്പാലുപോലും കൊടുത്തില്ല കുഞ്ഞിന്.

അധ്യാ : അതെന്തേ കൊടുക്കാത്തത്?

രക്ഷ : കൊടുക്കരുത്; കുടിക്കരുത്. മലയാളം പഠിക്കരുത്. മലയാളം പഠിച്ചുപഠിച്ച് എന്റെ മകനൊരു മലനാടനാകരുത്.

രക്ഷ : മിൽക് പൗഡർ മെയ്ഡ് ഇൻ ഇംഗ്ലണ്ട് . . .  കലക്കി . . .. .  കൊടുത്തു.

അധ്യാ : സംഭവം ഗ്രാന്റായിരിക്കുന്നു. പിന്നെ, വന്ന കാര്യം പറഞ്ഞില്ലല്ലോ?

രക്ഷ : സാറെ, ഇംഗ്ലണ്ടിൽ നിന്നും ഇങ്ങ് പോന്നെങ്കിലും കുട്ടിയുടെ വിദ്യാഭ്യാസം മുടങ്ങരുതല്ലോ.

അധ്യാ : ഓ മുടങ്ങരുത്.. . . ..

രക്ഷ : പിന്നെ . . . . ഈ മഹത്തായ സ്ഥാപനം ഇവിടുള്ളപ്പോൾ അതൊരു ബുദ്ധിമുട്ടല്ലല്ലോ. ഈ നാട്ടിലെ എല്ലാ ഒന്നാംക്ലാസ് പൗരൻമാരെയും വാർത്തെടുത്തത് ഈ സ്ഥാപനമല്ലേ!

അധ്യാ : (സംതൃപ്തിയോടെ) കറക്റ്റ് . . . വെരി കറക്റ്റ്. യൂ സീ. . . . ഈ നാട്ടിലെ എല്ലാ ഒന്നാം ക്ലാസ് പൗരൻമാരെയും. ഐ മീൻ റ്റുഡേ ഡോക്ടേഴ്സ്, എഞ്ചിനിയേഴ്സ്, കോൺട്രാക്ടേഴ്സ്, കളക്ടേഴ്സ് എല്ലാവരും എന്റെയീ സ്ഥാപനത്തിൽനിന്ന് പുറത്തു പോയവരാണ്, താങ്ക് യൂ ഫോർ യുവർ കോംപ്ലിമെന്റ്സ്.

രക്ഷ : സാർ, എന്റെമോൻ ജനിച്ചുവീണപ്പം തന്നെ ചിരിച്ചതും കരഞ്ഞതും ഇംഗ്ലീഷിൽ തന്നെയായിരുന്നു.

അധ്യാ : മനസ്സിലായില്ല.

രക്ഷ : ബിലീവമീ, പെറ്റു വീണപ്പം അവൻ കരഞ്ഞത് "ഏ" എന്നായിരുന്നു.

അധ്യാ : (മനസ്സിലാക്കിയ മട്ടിൽ) ഓ. . . . "ഏ" എന്ന്.

രക്ഷ : സാർ കുട്ടികളുടെ അഡ്മിഷൻ കാര്യം ഓർത്തപ്പോൾ കുട്ടികളേ വേണ്ടന്നുവച്ച ദമ്പതികളാണ് ഞങ്ങൾ.

അധ്യാ : വാട്ട്! കുട്ടികൾ വേണ്ടന്നോ!

രക്ഷ : പിന്നെ കുട്ടികൾ വേണമെന്നു തോന്നിയപ്പോ ഇതും അങ്ങു തീരുമാനിച്ചു.

അധ്യാ : ഏത്?

രക്ഷ : അവനെ . . . ഇവിടെ ചേർത്ത് . . . . പഠിപ്പിക്കണമെന്ന്.

അധ്യാ : നിങ്ങൾ അഡ്മിഷന്റെ കാര്യമാണോ പറഞ്ഞുവരുന്നത്. . . . ഇംപോസിബിൾ . . . . . സാധ്യമല്ല.

രക്ഷ : (പരിഭ്രമിച്ച്) സാർ. . . . അങ്ങനെ പറയരുത്.

അധ്യാ : ഇവിടെ അഡ്മിഷൻ എല്ലാം ക്ലോസ്സു ചെയ്തിരിക്കുന്നു. അടുത്ത വർഷം വരൂ.

രക്ഷ : സാർ . . . ദയവായി ഒരു സീറ്റ് എങ്ങനെയെങ്കിലും ഒന്ന് അഡ്ജസ്റ്റു ചെയ്തുതരണം.

അധ്യാ : സാധ്യമല്ല.

രക്ഷ : സാർ അങ്ങനെ പറയരുത്. . . ഞാൻ എന്തുവേണമെങ്കിലും ചെയ്യാം.

അധ്യാ : ഹേ മിസ്റ്റർ, എന്റെയീ സ്ഥാപനത്തിൽ അഡ്മിഷൻ കിട്ടുക അത്ര എളുപ്പമുള്ള കാര്യമല്ല. നോക്കൂ. . . . ഇവിടെ ഞങ്ങൾക്കൊരു നഴ്സറി സെക്ഷനുണ്ട്. അതിൽ കുട്ടികളെ അഡ്മിറ്റു ചെയ്യുന്നതിനു മുൻപുതന്നെ ഞങ്ങൾ ഒരു എഴുത്തു പരീക്ഷ നടത്താറുണ്ട്, കൊച്ചു കുഞ്ഞുങ്ങൾക്കായ്. അതിൽ പാസാകുന്നവരെ ഇന്റർവ്യൂവിനു വിളിക്കും. ഇതിൽ രണ്ടിലും പാസ്സാകുന്ന കുട്ടികളുടെ രക്ഷകർത്താക്കളാരെങ്കിലും ഒരു ചെറിയ തുക ഈ സ്ഥാപനത്തിനു സംഭാവനയായിത്തരുമെങ്കിൽ അങ്ങനെയുള്ളവരുടെ കുട്ടികളെ മാത്രമെ ഞങ്ങൾ ഇവിടെ അഡ്മിറ്റ് ചെയ്യാറുള്ളു. നിങ്ങളെ കണ്ടിട്ട് അതിന് കഴിയുമെന്ന് തോന്നുന്നില്ല. പൊയ്ക്കൊള്ളു.

രക്ഷ : സാർ . . . . അങ്ങനെ പറയരുത്. ഇതെന്റെ ഏറ്റവും വലിയ ആഗ്രഹമാണു സാർ.

അധ്യാ : ഹേ, മിസ്റ്റർ, നിങ്ങൾക്ക് കാര്യം പറഞ്ഞാൽ മനസ്സിലാവില്ല. കഴിഞ്ഞ ദിവസം ആ എസ്റ്റേറ്റുടമ തോമസ് മുതലാളി ഇവിടെ വന്നിരുന്നു. അദ്ദേഹത്തിന്റെ മകനൊരഡ്മിഷനുവേണ്ടി . . . . . ഞാൻ കൊടുത്തില്ല. . . . പിന്നെ. . . . അദ്ദേഹം ഒരു പതിനയ്യായിരം രൂപ . . . ഫിഫ് റ്റീൻ തൗസണ്ട് റുപ്പീസ് ഈ സ്ഥാപനത്തിന് സംഭാവനയായി തരാമെന്നു പറഞ്ഞതിനു ശേഷം മാത്രമാണ് ഞാൻ ഒരു സീറ്റു കൊടുത്തത്.

രക്ഷ : എത്രയാണ് സാർ . . . പതിനയ്യായിരം രൂപയല്ലേ. ഞാൻ ഇരുപതിനായിരം രൂപ തരാം സാർ. . . .

അധ്യാ : (അദ്ഭുതത്തോടെ) എത്രയാണ്?

രക്ഷ : ഇരുപതിനായിരം, ടൈന്റി തൗസണ്ട്.

അധ്യാ : (സന്തോഷവാനായി) എപ്പോഴാണ് കുട്ടിയെ കൊണ്ടുവരുന്നത്?

രക്ഷ : നാളെത്തന്നെ കൊണ്ടുവരാം സാർ.

അധ്യാ : നാളെ എയർളി മോർണിങ്ങിൽത്തന്നെ വരൂ. നിങ്ങളെപ്പോലുള്ളവർക്കു വേണ്ടിയല്ലെ ഞാനീ സ്ഥാപനം നടത്തുന്നത്.

രക്ഷ : സാർ . .. . എനിയ്ക്കവനെ ഡോക്ടറാക്കണം. അവൻ ഡോക്ടറായിവന്ന് ഏതെങ്കിലും വൻനഗരത്തിലുള്ള ആശുപത്രിയിൽ പ്രാക്ടീസുചെയ്യണം. ഗ്രാമപ്രദേശമായാലും മതി. പക്ഷെ നിറയെ ഗൾഫുകാരുണ്ടാകണം.

അധ്യാ : ഇപ്പോൾ ഏത്. പട്ടിക്കാട്ടിൽചെന്നാലും ഗൾഫ് പീപ്പിൾ ധാരാളമുണ്ടല്ലോ . . . . ശരി.. . . . . നമുക്കവനെ ഡോക്ടറാക്കാം . . . . നാളെത്തന്നെ കൊണ്ടുവരൂ.

രക്ഷ : അപ്പോൾ ഞാൻ ഇറങ്ങട്ടെ.

അധ്യാ : ഓ. . കെ. . (രക്ഷാകർത്താവിനെ പിന്നിൽനിന്നു വിളിച്ച്) പിന്നെ . . . മിസ്റ്റർ . . . ഡൊനേഷന്റെ കാര്യം . . . .

രക്ഷ : ഇല്ല സാർ . . . മറക്കില്ല . . . (പോകുന്നു.)

[അധ്യാപകൻ കസേരയിൽ ഇരുന്ന് ചില പേപ്പറുകൾ നോക്കി ഒപ്പിട്ടശേഷം സന്തോഷവാനായി കസേരയുമെടുത്തു നഴ്സറി റൈം മൂളിക്കൊണ്ട് വാതിൽ കടന്ന് അടച്ചശേഷം പോകുന്നു. കോറസിനോടൊപ്പം ഒരാൾകൂടി ചേരുന്നു. അഞ്ചുപേരും ചുവടുവെച്ച് വട്ടത്തിൽ നടന്ന് വടികളുടെ അഗ്രം ചേർത്തുവെച്ച് ഒരു തത്തമ്മക്കൂടായി രൂപം പ്രാപിക്കുന്നു. അധ്യാപകൻ നഴ്സറി റൈം മൂളിക്കൊണ്ട് കടന്നുവരുന്നു. രക്ഷാകർത്താവ് ഭയചകിതനായ കുട്ടിയെ സാന്ത്വനപ്പെടുത്തിക്കൊണ്ട് വേദിയിൽ എത്തുന്നു.

രക്ഷ : മോനേ. . . നോക്ക് . . . ഇതാണ് സ്കൂൾ. . . . ഭയപ്പെടേണ്ട അതാ പ്രിൻസിപ്പാൾ നിൽക്കുന്നു. ഗുഡ്മോണിങ്ങ് സാർ. . . ഇതാണെന്റെ മകൻ.

അധ്യാ : (സന്തോഷവാനായി) മകനെ കൊണ്ടുവരൂ. . . . ഓ. . . .വെരി സ്മാർട്ടുബോയ്. . . ഹൗ ബ്യൂട്ടിഫുൾ, എത്രനല്ല കുട്ടി. . .. ബ്ലുഐസ് . . . റോസിചിൻ. . . കേൾളി ഹെയർ. . . .. ഹൊ . . . വെരി നൈസ്! എന്താ മോന്റെ പേര്?

രക്ഷ : (ഭയന്ന് മടിച്ചുനിൽക്കുന്ന കുട്ടിയോട്) പേര് പറയൂ മോനെ.

[കുട്ടി മടിച്ച് മടിച്ച് പേരു പറയുന്നു]

അധ്യാ : വാട്ട് എ പ്രറ്റി നയിം !

[ഈ സമയം രക്ഷാകർത്താവ് രൂപ എണ്ണി അധ്യാപകനെ ഏൽപ്പിക്കുന്നു. അധ്യാപകൻ സന്തോഷവാനായി അത് വാങ്ങി പോക്കറ്റിൽ നിക്ഷേപിക്കാൻ ഒരുങ്ങുമ്പോൾ]

രക്ഷ : സാർ....പ്ലീസ്....കൗണ്ടിറ്റ്....എണ്ണിനോക്കണം

[അധ്യാപകൻ എണ്ണിനോക്കുന്നു. സ്തബ്ധനാകുന്നു. വീണ്ടും എണ്ണുന്നു.]

അധ്യാ : ഹേ.....മിസ്റ്റർ....ഇത് ടെന്റിവൺ തൗസണ്ടുല്ലോ....ആയിരം രൂപകൂടുതൽ.

[രക്ഷാകർത്താവ് എടുത്തുകൊള്ളാൻ ആംഗ്യം കാട്ടുന്നു.]

അധ്യാ : (മതിമറന്ന്) നിങ്ങളാണ് യഥാർഥ രാജ്യസ്നേഹി. (കുട്ടിയോട്) വരൂ....നമുക്ക് പഠിക്കണ്ടെ. ഡോക്ടറാവണ്ടേ.....എൻജിനീയറാവണ്ടെ....അതോ കളക്ടറായ മതിയോ.....എന്തായാലും പഠിക്കണം. വരൂ.....

[കുട്ടി കരയാൻ ഭാവിക്കുന്നു. അധ്യാപകൻ കുട്ടിയെ തത്തമ്മക്കൂടു തുറന്ന് അതിനുള്ളിലേക്ക് തള്ളുന്നു. കുട്ടി അതിൽ നിന്നും രക്ഷപ്പെടാൻ ശ്രമിക്കുന്നു.]

അധ്യാ : നമുക്ക് പഠിച്ചു തുടങ്ങാം. മോൻ പേടിക്കണ്ട പറയൂ...ഏ...[കുട്ടി പറയുന്നില്ല. അധ്യാപകൻ ശ്രമം തുടരുന്നു. രക്ഷാകർത്താവ് അസ്വസ്ഥനാകുന്നു. അധ്യാപകന് പരിഭ്രമം. അധ്യാപകൻ ഉറച്ചശബ്ദത്തിൽ 3-ാം പ്രാവശ്യം 'ഏ....' എന്നു പറയുമ്പോൾ കുട്ടി ഭയപ്പെട്ട് ഏറ്റു പറഞ്ഞു പോകുന്നു.]

അധ്യാ : (സന്തോഷവാനായി) കുട്ടി 'ഏ' എന്നു പഠിച്ചു.

[സന്തോഷഭരിതനായ രക്ഷാകർത്താവ് രൂപയെണ്ണി അധ്യാപകന് നൽകുന്നു. അധ്യാപകൻ 'ബി' 'സി' എന്ന് കുട്ടിയെക്കൊണ്ട് ഏറ്റുപറയിക്കുന്നു. തുടർന്ന് 'ഇസഡ്' വരെ കോറസ് മുഴങ്ങുന്ന ശബ്ദത്തിൽ ചൊല്ലുന്നു. ഭയചകിതനായ കുട്ടി കൂടുപൊളിച്ച് പുറത്തു കടക്കുന്നു. രക്ഷാകർത്താവ് സാന്ത്വനപ്പെടുത്താൻ ശ്രമിക്കുന്നു. പരാജയപ്പെടുമ്പോൾ അടിയ്ക്കുകയും കരയുന്ന കുട്ടിയെ അധ്യാപകന്റയരുകിലേക്ക് തള്ളിക്കൊടുക്കുകയും ചെയ്യുന്നു. അധ്യാപകൻ കുട്ടിയെ വീണ്ടും തത്തമ്മക്കൂട്ടിലേക്ക് തള്ളുന്നു. ]

അധ്യാ : (രക്ഷാകർത്താവിനോട്) ഹേ......മിസ്റ്റർ......ഞാനൊന്നു ചോദിക്കട്ടെ....ഒരു ചെടി നട്ടഉടൻ തന്നെ അതിന് വളരുവാൻ ആവശ്യമുള്ള വളവും ജലവും ഒന്നിച്ചുനൽകിയാൽ എന്തു സംഭവിക്കും.

രക്ഷ : അത് പെട്ടെന്ന് തഴച്ചുവളർന്ന് ഫലങ്ങളുണ്ടാവും.

[അധ്യാപകന്റെ അട്ടഹാസം മുഴങ്ങുന്നതോടൊപ്പം, ഇംഗ്ലീഷ് അക്ഷരമാലകൾ പതിച്ച

കറുത്തമേലങ്കി അണിഞ്ഞ ഒരു ഭീകരരൂപം അലറികൊണ്ട് വേദിയിലേക്ക് ചാടുന്നു. രണ്ടു പേരും തത്തമ്മക്കൂടിന് ചുറ്റും ഭീകരനൃത്തം ചവുട്ടുന്നു. കോറസ് ഭീകര ശബ്ദം പുറപ്പെടുവിക്കുന്നു. കുട്ടി വരിണ്ട് കൂട് പൊളിച്ച് ഓടി രക്ഷപ്പെടുന്നു. പിന്നാലെ കറുത്ത രൂപവും രക്ഷാകർത്താവും ഓടുന്നു. അധ്യാപകൻ "ക്യാച്ച് ഹിം" എന്ന് വിളിച്ചു പറയുന്നു. കോറസ് പിന്നോക്കം മാറി നിരയായി നിൽക്കുന്നതിനിടയിൽ അധ്യാപകൻ കടന്നുപോകുന്നു. കോറസ് കൈനീട്ട് വടി കുത്തനെ, നടുവിൽ പിടിച്ച് നിൽക്കുന്നു. അനുക്രമം മുൻപോട്ടു ചുവടുകൾ വച്ചു കൊണ്ട്.]

കോറസ് 1 : ഒട്ടും തലച്ചോറിലെത്തേണ്ടയെങ്കിലും
ഒക്കുന്നതത്രയും കുത്തിച്ചെലുത്തണം.

കോറസ് 5 : പാസ്സാകുമെല്ലാ പരീക്ഷയും കൃത്യമായ്
മാസാന്ത്യമൊപ്പിട്ടുവാങ്ങിടും ശമ്പളം

കോറസ് 3 : നിശ്ചയമെല്ലാ പരീക്ഷയിലും റാങ്ക്
നിശ്ചയം നാലക്കശമ്പളവും

കോറസ് 2 : തപ്പിത്തടയും സമൂഹത്തെ മുന്നോട്ടൊ-
രൽപം നയിക്കുവാനൊക്കില്ലിവർക്കൊന്നും

കോറസ് 4 : തങ്ങൾക്കുവേണ്ടിയെന്താകും
നാടിനുവേണ്ടിയെന്താകുവാനാകും
ഇല്ലയീകുഞ്ഞുങ്ങൾ തത്തമ്മകൾ
പൂച്ച കൊന്നുതിന്നാൻ വരു-
ന്നേരത്തുമന്നവർകേണിടും
തത്തമ്മേ പൂച്ച പൂച്ച !
തത്തമ്മേ പൂച്ച പൂച്ച !
തത്തമ്മേ പൂച്ച പൂച്ച !
..........................................................
..............................................................

[കോറസ് പിൻ തിരിഞ്ഞ് നിരയായി നടന്ന് വേദിയുടെ പിന്നിൽ നിൽക്കുന്നു. വടികൾ ചേർത്തു വച്ച് രണ്ടു കയ്യുകൊണ്ട് ഉയർത്തിപ്പിടിച്ച് ഒരു കോട്ട പോലെ നിൽക്കുന്നു. അധ്യാപകൻ വേദിയിലേക്ക് പ്രവേശിക്കുന്നു. "ബ്രിങ്ങ് ഹിം" എന്ന് വിളിച്ചു പറയുമ്പോൾ കുട്ടിയയെ വലിച്ചിഴച്ചു കൊണ്ട് കറുത്തരൂപവും പിന്നിൽ നിന്ന് തള്ളികൊണ്ട് രക്ഷാകർത്താവും കടന്നുവരുന്നു. കറുത്തരൂപം ഇരു കയ്യുകളും വശങ്ങളിലേക്ക് നീട്ടി കോട്ടയുടെ മധ്യത്തിൽ ചേർന്നു നിൽക്കുന്നു. അധ്യാപകൻ കരയുന്ന കുട്ടിയെ കറുത്ത രൂപത്തോട് ഒരു കുരിശിലെന്നവണ്ണം ചേർത്തു നിർത്തുന്നു. കൈവെള്ളയിലും, നെഞ്ചത്തും രക്ഷാകർത്താവ് എടുത്തുകൊടുക്കുന്ന ആണി അടിച്ചുകയറ്റുന്നു. അവസാനം നെറ്റിക്ക് അടിക്കുമ്പോൾ കുട്ടി "അമ്മ" എന്നു കരയുന്നു. രക്ഷാകർത്താവ് അതുകേട്ട് അസ്വസ്ഥനാകുന്നു. അധ്യാപകനെ കുറ്റപ്പെടുത്തുന്നു. അധ്യാപകൻ വിഷണ്ണനായി കുട്ടിയെ സമീപിച്ച്.]

അധ്യാ : മോനേ.....നോക്കൂ....അമ്മയെന്നല്ല....മമ്മീന്നു പറയൂ.

കുട്ടി : അമ്മേ.....(കരയുന്നു)

രക്ഷ : വാട്ട് നോൺസെൻസ്.

[അധ്യാപകൻ പലവുരും ശ്രമിച്ച് കുട്ടിയെക്കൊണ്ട് 'മമ്മി' എന്നു പറയിപ്പിക്കുന്നു.]

അധ്യാ : നൗ ലെറ്റ് അസ്സ്റ്റാർട്ട്. വായ് തുറക്കൂ.....

[രക്ഷാകർത്താവ് കുട്ടിയുടെ വായ് തുറപ്പിയ്ക്കുന്നു. തുടർന്ന് അധ്യാപകനും കോറസും 'ഏ' 'ബി' 'സി' 'ഡി' എന്നുപറയുന്നതോടൊപ്പം അധ്യാപകൻ ഓരോ പ്രാവശ്യവും ഷവൽ കൊണ്ട് കോരിക്കൊടുക്കുന്നതായി നടിക്കുന്നു. രക്ഷാകർത്താവ് കുട്ടിയുടെ നെഞ്ച് തിരുമ്മുന്നു. കുട്ടി പ്രയാസപ്പെട്ട് വിഴുങ്ങുന്നു. ഈ പ്രവർത്തനങ്ങൾ വേഗത പ്രാപിക്കുന്നതോടൊപ്പം കുട്ടി തളർന്ന് വീണു പോകുന്നു. കോട്ടയായി നിന്ന കോറസിനിടയിലൂടെ കറുത്തരൂപം കടന്നുപോകുന്നു. കോറസ് കുട്ടിയെ വലയം ചെയ്ത് തത്തമ്മക്കൂടായി നിൽക്കുന്നു. അധ്യാപകൻ 'ഏ' 'ബി' 'സി' 'ഡി'.....എന്നു പറയുന്നതോടൊപ്പം ബൊമ്മയിൽ കാറ്റൂതി നിറയ്ക്കുമ്പോഴെന്ന പോലെ കുട്ടി നിവർന്ന് പ്രസന്നഭാവത്തിൽ

നിൽക്കുന്നു. ]

അധ്യാ : കമോൺ, സ്റ്റാർട്ട്.....(നഴ്സറി റൈംപാടുന്നു അതോടൊപ്പം കുട്ടി ചുവടുകൾ വച്ച് നൃത്തം ചെയ്യുന്നു. രക്ഷാകർത്താവ് സംതൃപ്തനായി നോക്കി നിൽക്കുന്നു.)

ഗുസ്സി ഗുസ്സി ഗാൻഡർ
വെയർ ഷാൽ ഐ വാൺഡർ
അപ്സ്റ്റയേഴ്സ് ആൻഡ് ഡൗൺസ്റ്റയേഴ്സ്
ഇൻ മൈ ലേഡീസ് ചേംബർ
ദേയർ ഐ മെറ്റ് ആനോൾഡ്മാൻ
ഹു വുഡ് നോട്ട് സെ ഹിസ് പ്രെയേഴ്സ്
സൊ ഐ പുൾഡ് ഹിം ബൈഹിസ് ലെഫ്റ്റ് ലഗ്
ആന്റ് ത്രോ ഹിം ഡൗൺ ദ സ്റ്റെയേഴ്സ്
ഗുസ്സി ഗുസ്സി ഗാൻഡർ

അധ്യാ : ഹൗ.....ഫൈൻ ?

രക്ഷാ : വെരി ഫൈൻ

[കോറസ് അഞ്ചുപേരും അനുക്രമം 'തത്തമ്മേ' എന്നു പറയുമ്പോൾ കുട്ടി 'പൂച്ച പൂച്ച' എന്നു പ്രതികരിക്കുന്നു. തുടർന്ന് ഐവരും ഒന്നിച്ച് മൂന്നുപ്രാവശ്യം ശക്തികൂട്ടി 'തത്തമ്മ' എന്നു വിളിപ്പിക്കുന്നു. മൂന്നാമത്തെ പ്രാവശ്യം 'സ്റ്റോപ്പിറ്റ്' എന്ന് ആഞ്ജാപിച്ച് കൂടുതകർത്ത് കുട്ടി പുറത്തു കടക്കുന്നു. കോറസ് കൂടിന്റെ ആകൃതി വിട്ട് നിരയാകുന്നു. അധ്യാപകനും രക്ഷാകർത്താവും രണ്ടറ്റത്തായി നിലകൊള്ളുന്നു. കുട്ടി 'ഗാർഡ് ഓഫ് ഓണർ' പരിശോധിക്കുന്ന രീതിയിൽ കോറസിനു മുൻപാകെ ഒരു പ്രാവശ്യം നടക്കുന്നു. തുടർന്ന് 'തത്തമ്മേ' എന്ന് ആജ്ഞാസ്വരത്തിൽ പറയുമ്പോൾ കോറസ് 'പൂച്ച പൂച്ച' എന്ന് ഉരുവിട്ട് വണങ്ങുന്നു.കുട്ടിയുടെ ആജ്ഞാനുസൃതമായി കോറസ് ഒരു മഞ്ചൽ ചമച്ച് കുട്ടിയെ അതിലേറ്റി വട്ടം ചുറ്റിയശേഷം വേദിയ്ക്കു മുൻപിലേക്ക് ഇറക്കിവിടുന്നു. അധ്യാപകൻ വഴികാട്ടിയായി നിൽക്കുന്നു. കോറസ് മടങ്ങിവന്ന തൊഴിലാളികളായി പല പ്രവൃത്തികളിലേർപ്പെടുന്നു. കുട്ടി ഒരു വലിയ ഉദ്യോഗസ്ഥന്റെ ഭാവത്തിൽ നിർദേശങ്ങൾ കൊടുത്തുകൊണ്ട് പി.എയോടൊപ്പം കയറി വരുന്നു. പെട്ടന്ന് ഒരു തൊഴിലാളിയുടെ കൈ അപകടത്തിൽപെട്ടു മുറിയുന്നു. മറ്റുള്ളവർ ഓടിക്കൂടുന്നു.]

കുട്ടി : എന്തടാ ഇവിടെ?

ഒരു തൊഴിലാളി : സാർ ഒരപകടത്തിൽപെട്ടു കൈമുറിഞ്ഞു രക്തം പോകുന്നു.

കുട്ടി : എന്തു കയ്യാണെടാ?! ജോലി ചെയ്യടാ റാസ്ക്കൽ (ചവിട്ടുന്നു) കള്ളപ്പണിയെടുക്കുന്നോ? നിന്റെയൊക്കെ യൂണിയനും, സമരവും നേതാവും, ഒന്നിനെയും ഞാൻ ഇവിടെ വച്ചോണ്ടിരിക്കില്ല ! നിന്റെയൊക്കെ ഭാവി എന്റെ പേനത്തുമ്പിലാണെടാ.....ഓർമ്മയിരിക്കട്ടെ. ഈ ജനങ്ങൾ എനിക്കു പുല്ലാണെടാ.....പുല്ല്. (ഭീഷണമായ രീതിയിൽ ഐ ആം ദി മൊണാർക്ക് ഓഫ് ആൾ ദാറ്റ് ഐ സർവ്വെ (ആവർത്തിച്ചു പറഞ്ഞുകൊണ്ട് പി.എ.യോടൊപ്പം സദസ്സിലേക്കിറങ്ങുന്നു. കോറസ് വരിയായി നിന്ന് വടി ചൂണ്ടി "പട്ടി......പേപ്പട്ടി..... സൂക്ഷിക്കുക" എന്നു മൂന്നു പ്രാവശ്യം പറയുന്നു. തുടർന്ന് വട്ടം ചുറ്റി വരിയായി നിന്ന് പാടുന്നു.)

എന്തതിശയമേ വിദ്യാഭ്യാസം
എത്ര മനോഹരമേ (2)
അതു കല്ലുംകരടും തിരിച്ചെടുത്തീടുന്ന
നല്ലൊരരിപ്പയല്ലോ (2)
എന്തതിശയമേ വിദ്യാഭ്യാസം
എത്രമനോഹരമേ.
[സദസ്സിനെ വണങ്ങി പിൻവാങ്ങുന്നു.]

**യന്ത്രം**

കഥാപാത്രങ്ങൾ:

1. സംശയാലു
2. അരാജകവാദി

3. സ്തുതിപാഠകൻ
4. വിദഗ്ധർ
5. മന്ത്രി
6. സംവിധായകൻ
7. രക്ഷകർത്താവ്
8. കുട്ടി
9. മൂന്നുകുട്ടികൾ

"നമ്മുടെ വിദ്യാഭ്യാസ സംവിധാനം ഒരു യന്ത്രത്തിനു സമ്മാണ്. കാലാകാലങ്ങളിൽ ഈ യന്ത്രത്തിൽ പല ഭാഗങ്ങൾ മാറ്റി ഫിറ്റു ചെയ്യാറുണ്ടെങ്കിലും സ്ഥായിയായ ഒരു മാറ്റവും ഈ യന്ത്രസംവിധാനത്തിനുണ്ടായിട്ടില്ല. ഇതിന്റെ ഉൽപന്നങ്ങൾ ഒന്നിനും പറ്റാത്തവയാണ്. ഈ യന്ത്രത്തിന്റെ പേരിൽ നടത്തുന്ന ധൂർത്ത്. ചില്ലായല്ല. ഈ യന്ത്രം ഈ നിലയിൽ അവശേഷിക്കുന്നതിന്റെ കാരണക്കാർ ആരാണെന്നും പരിഹാരമെന്തുന്നും ജനങ്ങൾ കണ്ടെത്തട്ടെ"

(സംവിധായകൻ സ്ക്രിപ്റ്റുമായി പ്രവേശിക്കുന്നു. നടൻമാരത്തിച്ചേരാത്തതിൽ അസ്വസ്ഥനാകുന്നു. നടൻമാർ ഓരോരുത്തരായ് വന്നുചേരുന്നു.
"ബസ് കിട്ടിയില്ല"
"ഇത്തിരി വൈകിപ്പോയി ക്ഷമിക്കണം"
"തിയതി മറന്നുപോയി ആശാനേ"
"നാടകം തുടങ്ങിയോ?"
ഇത്യാദി പ്രതികരണങ്ങളോടെയാണ് അവർ വരുന്നത്. ഒരാൾ വന്ന വഴിയെ കടന്നുപോകുന്നു. മറ്റുള്ളവർ വിളിച്ചുനിർത്തുന്നു.)

ഒരാൾ : എനിക്ക് അത്യാവശ്യമായി ഒരു സ്ഥലത്തുപോകണം.
സംവിധായകൻ : ചങ്ങാതീ.... നാടകം ഉടനെ തുടങ്ങണം.
ഒരാൾ : എന്തു നാടകം.
സംവിധായകൻ : യന്ത്രം.
ഒരാൾ : ഓ.... കുന്തം. (അവരോടൊപ്പം ചേരുന്നു)
സംവിധായകൻ : മോഹനൻ മാഷ് വന്നില്ലല്ലോ.
നടൻ 1 : മോഹനൻ മാഷ് അടുത്ത സീനിലല്ലേയുള്ളു. നമുക്ക് തുടങ്ങാം.
സംവിധായകൻ : അതു പറ്റില്ല. അയാളാണ് കുട്ടികളെ കൊണ്ടുവരാമെന്ന് ഏറ്റിട്ടുള്ളത്.
നടൻ 2 : കുട്ടികളൊ? അതെന്തിന്?
സംവിധായകൻ : ചങ്ങാതീ....നമ്മൽ യന്ത്രം എന്ന നാടകമല്ലേ നടത്താൻ പോകുന്നത്. (സ്ക്രിപ്റ്റ് നിവർത്തിക്കാണിച്ച്) ഇതാ....എഴുതിയിരിക്കുന്നു. "നാൽക്കവലയിൽ നിശ്ചലമായി കിടക്കുന്നന യന്ത്രം. ആകൃതിയും വലിപ്പവും എന്തുമാകാം." ഈ യന്ത്രമായി നിർത്താൻ പത്തുപതിനഞ്ചു കുട്ടികൾ വേണ്ടേ.
നടൻ 1 : പറഞ്ഞപോലെ ശരിയാണല്ലോ. നാമെന്തുചെയ്യാം. (എല്ലാവരും ആലോചിക്കുന്നു.)
നടൻ 3 : (സംവിധായകനോട്) നിങ്ങൾ സംവിധായകനല്ലെ. യന്ത്രമായി അങ്ങോട്ട് നിൽക്ക്.
സംവിധായകൻ : അത് ശരിയാവില്ല.
(മോഹനൻ മാഷ് കടന്നു വരുന്നു. എല്ലാവരും അങ്ങോട്ട് തിരിയുന്നു.)
സംവിധായകൻ : കുട്ടികളെവിടെ?
മാഷ് : കുട്ടികൾ വന്നില്ല. (എല്ലാവർക്കും നിരാശ) സ്കൂളിന്റെ അടുത്ത് ഇന്ന് ഒരു വലിയ കല്യാണമുണ്ട്. കുട്ടികളൊക്കെ അങ്ങോട്ടുപോയി.
നടൻമാർ : (പല പ്രതികരണം) ഇനി എന്തു ചെയ്യും.
സംവിധായകൻ : (ആലോചിച്ചിട്ട്) നമുക്കൊരു കാര്യം ചെയ്യാം. യന്ത്രം ഉണ്ടെന്ന് സങ്കൽപിക്കാം.
നടൻമാർ : ശരി....ശരി....കൊള്ളാം.
സംവിധായകൻ : ഇതാ ഇവിടെയാണ് യന്ത്രം. (രംഗമധ്യം ചൂണ്ടി വിശദമാക്കുന്നു. നടൻമാർ യന്ത്രത്തിന്റെ വലിപ്പം നടിച്ചുകൊണ്ട് ദൃഷ്ടി പായിക്കുകയും, യന്ത്രഭാഗങ്ങൾ പരിശോധുക്കുകയും ചെയ്യുന്നു.) മനസ്സിലായല്ലോ. ഇനി കഥാപാത്രങ്ങൾ ഏതെന്ന് എല്ലാവർക്കും ഓർമയുണ്ടോ?
ഒരാൾ : ഞാൻ സംശയാലുവിന്റെ വേഷം എടുത്തുകൊള്ളാം.
രണ്ടാമൻ : സ്തുതിപാഠകന്റെ റോൾ ഞാനാർക്കും വിട്ടുകൊടുക്കില്ല.

മൂന്നാമൻ : ഞാൻ ഏത് വേഷവും എടുത്തോളാം.

സംവിധായകൻ : എന്നാൽ ആ അരാജകന്റെ വേഷമായിക്കോട്ടെ. സാർ രക്ഷകർത്താവ്. താൻ കുട്ടി. നിങ്ങൾ എഞ്ചിനീയർ. ഇനി മന്ത്രിയായിട്ടൊരാളു വേണമല്ലോ?

നടൻ : അത് ഞാനായിക്കൊള്ളാം.

മറ്റൊരു നടൻ : ഓ....അത് പറ്റില്ല. മന്ത്രിക്ക് കുറച്ചു തടിയൊക്കെ വേണം.

സംവിധായകൻ : അതൊക്കെ മന്ത്രിയാകുമ്പം ശരിയായിക്കൊള്ളും. ശരി....ഇനി തുടങ്ങാം. (എല്ലാവരും പിരിഞ്ഞുപോകുന്നു) സംശയാലുവാണ് ആദ്യം വരേണ്ടത്. അറിയാമല്ലോ? റെഡി....ആക്ഷൻ.

(സംശയാലു പ്രവേശിക്കുന്നു)

സംശയാലു : (യന്ത്രം ചുറ്റി നടന്ന് പരിശോധിച്ചിട്ട്) ഇതെന്ത് യന്ത്രം....ഇതെന്ത് യന്ത്രം. ഇതെന്തൊരദ്‌ഭുത യന്ത്രം. (യന്ത്രം ചുറ്റിക്കാണുന്നു)

(അരാജകവാദി പെട്ടെന്ന് കടന്നുവന്ന് യന്ത്രത്തിൽ തട്ടി വീഴുന്നു. ശപിച്ച്....)

അരാജകവാദി : ഇതെന്തു നാശം....ഇതെന്തു നാശം.

(യന്തരം നിരീക്ഷിച്ച്)

നട്ടും ബോൾട്ടുമഴിഞ്ഞ്
ഗിയറും ബ്രേക്കുമയഞ്ഞ്
മഞ്ഞിൽ വെയിലിൽ മഴയിൽ
പൊടിയും കരടുമണിഞ്ഞ്
ആരോ വഴിയിലുപേക്ഷിച്ച കുന്തം— വഴിമുടക്കി.

(വേദന നടിക്കുന്നു)

സംശയാലു : ആകെ പൊടിപിടിച്ചിരിക്കുന്നല്ലോ. അടിത്തറയിൽ വിള്ളലുവീണിട്ടുണ്ട്.

അരാജകവാദി : അതൊന്നും നോക്കിയിട്ടു കാര്യമില്ല.

സംശയാലു : (നടന്ന് പരിശോധിച്ചിട്ട്) ഇതിലെന്തോ എഴുതിയിട്ടുണ്ട് കേട്ടോ.

അരാജകവാദി : അത് നോക്കാൻ പറ്റിയ വസ്തുവല്ല.

സംശയാലു : ഒന്ന് നോക്കിപ്പോയാലെന്താ?

അരാജകവാദി : വേറെ പണിയൊന്നുമില്ലെങ്കിൽ അതും നോക്കിക്കൊണ്ടു നിന്നോ.

സംശയാലു : (പൊടിതുടച്ച്) ദാ.... തെളിയുന്നുണ്ട്. (വീണ്ടും തുടച്ച് വായിക്കുന്നു) MADE IN ENGLAND-DESIGNER MECAULY.

അരാജ കവാദി : ഓ! സായിപ്പുണ്ടാക്കിയതുതന്നെ. പടിഞ്ഞാറുന്നുള്ള ഓരോ ഇറക്കുമതികൾ.

(സ്തുതിപാഠകൻ സ്തുതിച്ചുകൊണ്ട് കടന്നുവരുന്നു.)

സ്തുതിപാഠകൻ : (ഭയഭക്തിയോടെ വണങ്ങി)
ഇതാണുയന്ത്രം....ഇതാണുയന്ത്രം
ഇതാണ് നമ്മുടെ യന്ത്രം.
മാനവജീവിത ചൈതന്യത്തിൻ
മാതൃകയാണീയന്ത്രം.
(ചുറ്റിനടന്ന് യന്ത്രത്തെ വണങ്ങുന്നു.)
ഇതിന്റെ തേജസ്സാണല്ലോ
ഇരുളിൽ നമ്മെ നയിക്കുന്നു.
(ഇതാണു യന്ത്രം....)

സ്തുതിപാഠകൻ : (സംശയാലുവിനോട്) മനസ്സിലായില്ലേ?

സംശയാലു : അതെ....അതെ.

സ്തുതിപാഠകൻ : (അരാജകവാദിയോട്) മനസ്സിലായില്ലേ?

അരാജകവാദി : താൻ പോടോ.

സ്തുതിപാഠകൻ : (സംശയാലുവിനോട്) ഈ യ:ന്ത്രം മനുഷ്യ സംസ്കാരത്തിന്റെ സന്ദേശവാഹകനാണ്. ഭാവിയുടെ സൃഷ്ടാവാണ്. വർത്തമാനത്തിന്റെ സംവിധായകനാണ്.

സംശയാലു : ഓഹോ! അങ്ങനെയാണോ!

അരാജകവാദി : (പുച്ഛത്തിൽ ചിരിക്കുന്നു.)

സ്തുതിപാഠകൻ : എന്താടോ ചിരിക്കുന്നത്?

അരാജകവാദി : ഇരുമ്പനെ ബോധംവിട്ട് നമസ്കരിക്കുന്നവന്റെ തലയിൽ എന്തായിരിക്കുമെന്നോർമിച്ചു ചിരിച്ചതാണേ.

സംശയാലു : നിങ്ഹൾ തർക്കിക്കുകയൊന്നും വേണ്ട. ഈ യന്ത്രം കൊണ്ട് എന്തെങ്കിലുമൊരു പ്രയോ

ജനമുണ്ടാകും.
അരാജകവാദി : ഉണ്ട്. വല്ല ഇരുമ്പു കടക്കാരും പഴവിലയ്ക്ക് എടുത്തേക്കും.
സ്തുതിപാഠകൻ : താൻ അനാവശ്യം പറയരുത്. ഈ ദിവ്യ യന്ത്രത്തെ ആക്ഷേപിച്ചാൽ ഞാൻ ഒരു നിമിഷം അത് സഹിക്കില്ല.
അരാജകവാദി : താൻ സഹിക്കണ്ട....താൻ സഹിച്ചില്ലേൽ എനിക്കെന്താ. ഞാനിനിയൊരു നിമിഷം ഇത് സഹിക്കില്ല. ഞാനിത് തല്ലിപ്പൊളിക്കാൻ പോകുകയാണ്.
(തല്ലിപ്പൊളിക്കാൻ തുനിയുന്നു. മറ്റുള്ളവർ തടയുന്നു. ബഹളം)
സംശയാലു : തല്ലിപ്പൊളിച്ചാൽ എന്തുണ്ടാകും?
അരാജകവാദി : ഒരു ചുക്കും ഉണ്ടാകാൻ പോകുന്നില്ല.
സംശയാലു : അല്ല. ഇതങ്ങനെ പെരുവഴിയിൽക്കിടന്നാലും ബുദ്ധിമുട്ടല്ലേ?
സ്തുതിപാഠകൻ : (അകലേക്ക് ശ്രദ്ധിച്ചിട്ട്) ഹേ-ഹേ-മാറി നിൽക്ക്. ആ വരുന്നതാരെന്നറിയാമോ-- വിദഗ്ധർ.
(വിദഗ്ധർ ആരെയും ശ്രദ്ധിക്കാതെ കടന്നുവന്ന് യന്ത്രം പരിശോധിക്കുന്നു. സ്തുതിപാഠകൻ വിദഗ്ധനെ ഭയഭക്തിബഹുമാനങ്ങളോടെ പിന്തുടരുന്നു.)
സ്തുതിപാഠകൻ : സാറേ....സാറേ....സാർ. (പിന്നാലെ കൂടുന്നു. വിദഗ്ധൻ അവഗണിക്കുന്നു.)
സ്തുതിപാഠകൻ : സാറേ ഈ യന്ത്രം ഇവിടെ സ്ഥാപിച്ചിട്ട് എത്ര കാലമായിക്കാണും?
വിദഗ്ധർ : എനിക്കോർമയില്ല....ഞാൻ സർവീസിൽ കയറിയകാലം മുതൽക്ക് ഇതിവിടെയുണ്ട്....പല കട ലാസുകളും ദ്രവിച്ചുപോയിരിക്കുന്നു. ഫയലിൽ ഒന്നും കാണാനില്ല. (പരിശോധന തുടരുന്നു.)
സ്തുതിപാഠകൻ : അപ്പോൾ വളരെ പഴയ മോഡലായിരിക്കും. അല്ലേ സാർ?
വിദഗ്ധർ : അതെ.
സംശയാലു : ഈ പഴയ സാധനം റിപ്പേർ ചെയ്താൽ ശരിയാകുമോ?
വിദഗ്ധർ : ഞാൻ കാലാകാലം വിദേശ രാജ്യങ്ങളിൽപ്പോയി അവിടെ നിന്നും ഭാഗങ്ങൾ കൊണ്ടുവന്ന് ഇതിൽ സ്ഥാപിച്ചിട്ടുണ്ട്.
സംശയാലു : വിദേശത്തു നിന്ന് ഭാഗങ്ങൾ കൊണ്ടുവന്നാലിതിന് യോജിക്കുമോ സാർ.
അരാജകവാദി : വിദേശത്തുനിന്ന് ഭാഗങ്ങൾ കൊണ്ടുവന്നാൽപ്പോരാ. ഇതടിമുടി പൊളിച്ചുമാറ്റണം. (മ റ്റുള്ളവർ അതവഗണിക്കുന്നു.)
സ്തുതിപാഠകൻ : സാർ, ഈ യന്ത്രം നന്നാക്കാൻ എന്റെ ഭാഗത്തുനിന്നുള്ള എല്ലാ സഹായവും സാറി നുണ്ടാവും.
വിദഗ്ധർ : എങ്കിൽ, താനീ ഫയലൊന്നു പിടിക്കൂ. (ഫയൽ കൊടുക്കുന്നു.)
(വിദഗ്ധൻ കീശയിൽ നിന്ന് കുറെ ബോൾട്ടുകൾ എടുത്ത് സ്ഥാപിച്ചു തുടങ്ങുന്നു. സ്തുതിപാഠ കൻ സഹായിക്കുന്നു.)
വിദഗ്ധർ : ദാ— ഈ 2000–2500ന്റെ ബോൾട്ട് മുകളിൽ സ്ഥാപിക്കണമെന്ന് മന്ത്രി പ്രത്യേകം പറഞ്ഞിട്ടുള്ള താണ്. തന്റെ കൈയിൽ ചെറിയ ബോൾട്ട് വല്ലതുമുണ്ടെങ്കിൽ താഴെ സ്ഥാപിച്ചോളൂ.
സ്തുതിപാഠകൻ : എന്റെ കയ്യിൽ 340–535ന്റെ ഒന്നുരണ്ട് ബോൾട്ടുകളുണ്ട് സാർ.
(ഇരുവരും ബോൾട്ടുകൾ സ്ഥാപിക്കുന്നു. മറ്റാരെയും ശ്രദ്ധിക്കുന്നില്ല.)
സംശയാലു : (സംശയിച്ച് അടുത്തുചെന്ന്) സാർ, ഈ യന്ത്രം എന്തിനുവേണ്ടി ഉള്ളതാണ്?
വിദഗ്ധർ : (ശ്രദ്ധിക്കുന്നില്ല. ചോദ്യം ആവർത്തിക്കുമ്പോൾ) താൻ എവിടത്തുകാരനാണ്?
സംശയാലു : ഞാൻ ഇവിടത്തുകാരൻതന്നെ.
വിദഗ്ധർ : ഈ നാട്ടിലെ ഏതൊരു കൊച്ചു കുട്ടിക്കും ഈ യന്ത്രത്തെ പറ്റി അറിയാം.
സ്തുതിപാഠകൻ : ഹേ മിസ്റ്റർ, അപരിഷ്കൃതനും അജ്ഞാനയുമായ മനുഷ്യനെ ഉത്തമപൗരനാക്കി വാർത്തെടുക്കുന്ന യന്തരമാണിത്; അല്ലേ സാർ. അങ്ങനെ പറഞ്ഞാൽ പോരെ.
വിദഗ്ധർ : മതി.
സംശയാലു : ഇത്തരം യന്ത്രങ്ങൾ ഇനിയുമുണ്ടോ? മനുഷ്യർ ധാരാളമുണ്ടല്ലോ. അതുകൊണ്ട് ചോദിച്ചെ ന്നേയുള്ളു.
വിദഗ്ധർ : റിക്കാർഡു പ്രകാരം ലക്ഷക്കണക്കിന് കുട്ടികളെ വാർത്തെടുക്കാൻ ഈ ഒരെറ്റ യന്ത്രത്തിനു കഴിയും. ഇതിന്റെ നട്ടും ബോൾട്ടും എണ്ണി നോക്കിയാൽത്തന്നെ രണ്ടു ലക്ഷത്തിലധികം വരും.
സംശയാലു : നട്ടും ബോൾട്ടും മാത്രം രണ്ടുലക്ഷമോ?
അരാജകവാദി : പാഴ്ചെലവ്.
വിദഗ്ധർ : ഈ യന്ത്രം നടത്താൻ എൻജിനീയർമാരും മെക്കാനിക്കുകളുമായിത്തന്നെ പത്തഞ്ഞൂറുപേരു ണ്ട്. ഇതിനുവേണ്ടി പ്രതിവർഷം എത്ര രൂപയാണ് മുടക്കുന്നതെന്നറിയാമോ? ഇരുന്നൂറുകോടി.

അരാജകവാദി : Criminal waste-

വിദഗ്ധർ : ഹേ മിസ്റ്റർ, ഞാൻ ഇംഗ്ലണ്ടിലും അമേരിക്കയിലുംപോയി അവിടെയയുള്ള യന്ത്രങ്ങളുടെ മാതൃകയനുസരിച്ചാണ് ഈ യന്ത്രം പരിഷ്കരിച്ചത്. ഇപ്പോഴിതിന് പരിഷ്കൃത രാജ്യങ്ങളിലെ എതൊരു യന്ത്രത്തോടും കിടപിടിക്കാൻ കഴിയും.

സ്തുതിപാഠകൻ : സാർ, ഇതിന്റെ അടിത്തറയിൽ ധാരാളം വിള്ളലുകൾ ഉണ്ടല്ലോ.

വിദഗ്ധർ : താൻ ആ കടയിൽ നിന്ന് കുറച്ച് മെഴുകുവാങ്ങി ഉരുക്കി ഒഴിച്ച് വിടവുകൾ അടയ്ക്കൂ.

അരാജകവാദി : മെഴുകുതന്നെ വേണം. പറ്റിയ സാധനമാ.

വിദഗ്ധർ : മുകളിൽ വെള്ള പൂശിയേക്കൂ. ആരും അനറിയണ്ട. (സ്തുതിപാഠകൻ ജോലിചെയ്യുന്നു.)

സ്തുതിപാഠകൻ : സാർ, കുറെയൊക്കെ ശരിയായിട്ടുണ്ട്. വലിയ കുഴപ്പംകൂടാതെ ഇനി പ്രവർത്തിക്കും.

സംശയാലു : സാർ, ഇതിന്റെ പ്രവർത്തനം ഒന്ന് കാണിച്ചുതരാമോ?

വിദഗ്ധർ : ശരി. കാണിച്ചുതരാം. കുട്ടികൾ ശരിയായിട്ടുണ്ടോന്നു നോക്കൂ.

സ്തുതിപാഠകൻ : ശരിയായിട്ടുണ്ട് സാർ.

(വിദഗ്ധൻ സ്വിച്ച് ഓൺചെയ്യുന്നു. കുട്ടികൾ വരിയായിട്ടുവന്ന് യന്ത്രത്തിൽ പ്രവേശിച്ച് വട്ടം തിരിഞ്ഞ് പലയിടത്തേക്കായി പോകുന്നു. വീണ്ടും വരുന്നു. ആവർത്തിക്കുന്നു.)

സ്തുതിപാഠകൻ : (ഓടിവന്ന്) സാർ, അതാ മന്തരിവരുന്നു.

(സംവിധായകൻ പാഞ്ഞുവരുന്നു.)

സംവിധായകൻ : ഞാൻ എന്തൊരസംബന്ധമാണീ പറഞ്ഞത്? മന്ത്രി വരുമ്പോൾ സ്വീകരിക്കാൻ ഏർപ്പാടുകൾ ചെയ്തിട്ടുണ്ടോ? അലങ്കാരങ്ങളുണ്ടോ? താലപ്പൊലിയെന്തുന്ന ബാലികമാരുണ്ടോ? ഫോട്ടോഗ്രാഫറുണ്ടോ?

ഒരു നടൻ : അതു ശരി. അതൊന്നും ശരിയായിട്ടില്ലേ?

മറ്റൊരാൾ : മന്ത്രിയെന്തിനാ ഈ യന്ത്രം കാണാൻവരുന്നനത്. അയാൾക്കിതിനെക്കുറിച്ച് അറവുള്ളതല്ലേ.

സംവിധായകൻ : അതിനുള്ള വിവരമുണ്ടെങ്കിലയാൾ വിദ്യാഭ്യാസ മനത്രിയാകുമോ ഹേ! തൽക്കാലം ഫോട്ടോഗ്രാഫറായി ഞാൻ വരാം. (സ്തുതിപാഠകനോട്) താൻപോയി അലങ്കാരങ്ങളും മാലയും ബോക്കെയുമൊക്കെ ശരിയാക്ക്.

നടൻമാർ : ശരിശരി. ഞങ്ങൾ ചെയ്തോളാം. സാറുപോയാട്ടെ. (സംവിധായകൻ പോകുന്നു.)

ഒരാൾ : നമുക്ക് ആ അവസാനത്തെ സംഭാഷണം മുതൽ തുടങ്ങാം.

മറ്റൊരാൾ : ശരി.

(എല്ലാവരും പൂർവസ്ഥലങ്ങങ്ങളിൽപ്പോയി നിൽക്കുന്നു.)

സ്തുതിപാഠകൻ : (ഓടിവന്ന്) സാർ. അതാ മന്ത്രിവരുന്നുണ്ട്. മന്ത്രി. (സംശയാലുവിനോട്) എല്ലാവരും ഒന്നു മാറിനിൽക്കു. ഉം. മാറിനിൽക്കൂ. (സംശയാലു മാറി നിൽക്കുന്നു.)(അരാജകവാദിയെ സമീപിച്ചിട്ട്) മാറിനിൽക്കൂ. അതാ മന്ത്രി വരുന്നു.

അരാജകവാദി : അയാളാരാ ദൈവമോ? ഞാൻ ഒരിടത്തേക്കും മാറുന്നില്ല. ഇവിടെത്തന്നെ നിൽക്കും.

സ്തുതിപാഠകൻ : ഇവിടെ നിൽക്കരുത് മാറൂ.

അരാജകവാദി : ഞാൻ മാറുകില്ല. താൻ ടെന്ന് അയാടെ ചെരുപ്പുതുടച്ചുകൊട്.

സ്തുതിപാഠകൻ : (വിദഗ്ധനോട്) സാർ ഞാൻ എല്ലാവരെയും മാറ്റിനിർത്തി.

വിദഗ്ധർ : ആങ്! താനും മാറിനിൽക്ക്.

സ്തുതിപാഠകൻ : സാർ, സാർ. ഞാനദ്ദേഹത്തിന്റെ ആളാ.

വിദഗ്ധർ : അതൊക്കെപ്പിന്നെ. ഇപ്പോൾ മാറിനിൽക്കണം.

സ്തുതിപാഠകൻ : സാർ.

വിദഗ്ധർ : മാറി നിൽക്കെടോ.

സ്തുതിപാഠകൻ : ശരിയാ. നമ്മളൊക്കെ മാറി നിൽക്കണ്ടായോ? ങ്.... നമുക്കെല്ലാം അൽപം മാറി നിൽക്കാം കേട്ടോ.

(മന്ത്രി വരുന്നു. വിദഗ്ധൻ മാലയിട്ടു സ്വീകരിക്കുന്നു. ഫോട്ടോഗ്രാഫർക്കുവേണ്ടി ഇരുവരും പോസ് ചെയ്യുന്നു. അതിൽക്കടന്നു കൂടാൻ സ്തുതിപാഠകൻ ശ്രമിക്കുന്നു. ഫോട്ടോയ്ക്കുശേഷം മന്ത്രി യന്ത്രം ചുറ്റിനടന്നുകാണുന്നു. സ്തുതിപാഠകൻ സാഷ്ടാംഗപ്രണാമം ചെയ്യുന്നു. മന്ത്രി ശ്രദ്ധിക്കുന്നില്ല. വിദഗ്ധർ തട്ടിമാറ്റുന്നു.)

മന്ത്രി : ശരി. പ്രവർത്തനമൊക്കെയെങ്ങനുണ്ട്?

വിദഗ്ധർ : ഒക്കെ ഭംഗിയായി നടക്കുന്നുണ്ട് സാർ.

സ്തുതിപാഠകൻ : ഞങ്ങളെല്ലാം വേണ്ടപോലെ നോക്കുന്നുണ്ട് സാർ.

(വിദഗ്ധൻ രൂക്ഷമായി നോക്കുന്നു. സ്തുതിപാഠകൻ പരുങ്ങുന്നു.)

വിദഗ്ധർ : സാറിന്, പിന്നെ ഇതുമായി ബന്ധപ്പെടാൻ അവസരം കിട്ടിക്കാണുകയില്ലല്ലോ?

മന്ത്രി : അതെയതെ. ഞാൻ കൊടുത്തയച്ച Parts എല്ലാം മുകളിൽത്തന്നെ fit ചെയ്തില്ലേ?

വിദഗ്ധർ : ഉവ്വ് സാർ.

മന്ത്രി : എനിക്കിതിന്റെ പ്രവർത്തനം നേരിൽ കണ്ടാൽകൊള്ളാമെന്നുണ്ട്.

വിദഗ്ധർ : ആകാമല്ലോ. (കുട്ടികളൊക്കെ റഡിയാണല്ലോ? എന്നു വിളിച്ചുചോദിക്കുന്നു. വീണ്ടും യന്ത്രത്തിന്റെ പ്രവർത്തനം)

മന്ത്രി : ഞാൻ ആലോചിക്കുകയായിരുന്നു. ഇങ്ങനെ ലക്ഷക്കണക്കിന് കുട്ടികളെ പുറത്തുവിട്ടാൽ നാം അവർക്ക് എന്ത് തൊഴിലുകൊടുക്കും.

വിദഗ്ധർ : അത് പിന്നീടുള്ള കാര്യമല്ലേ? ഇപ്പോൾ.........

മനത്രി : അല്ല. അത് വലിയ തലവേദനയാണ്.

വിദഗ്ധർ : അതിന് പരിഹാരം ഇതിൽത്തന്നെയുണ്ടാക്കിയിട്ടുണ്ട് സാർ. (യന്ത്രത്തിന്റെ ഒരു ഭാഗം കാണിച്ച്) ഇതാ ഈ അരിപ്പകണ്ടോ? ഇതിൽ തടഞ്ഞു നിൽക്കാൻ കഴിയുന്നത് കേവലം നൂറിൽ എട്ടുപേർക്കുമാത്രമാണ്. ബാക്കിയുള്ളവരെല്ലാം കുത്തനേ നിലത്തേക്കുവീഴും. സാറിന്റെ തലവേദന തീർന്നില്ലേ? (മറ്റൊരു ഭാഗം കാണിച്ച്) ഇതാ ഈ പ്രത്യേക അറ കണ്ടില്ലേ സാർ. ഇത് എയർകണ്ടീഷൻഡ് ആണ്. Specially made for VIPs

മന്ത്രി : ഓ! IAS, IPS അല്ലേ?

വിദഗ്ധർ : അതെ. സാറിന്റെ കുട്ടികൾക്കും കൂടിയാണ് ഈ പ്രത്യേക അറ.

മന്ത്രി : വളരെ നല്ലത്. നിങ്ങൾക്കുടൻ ഒരു പ്രമോഷൻ പ്രതീക്ഷിക്കാം.

സ്തുതിപാഠകൻ : കാര്യങ്ങളൊക്കെ ഞങ്ങൾ വളരെ ഭംഗിയായി ചെയ്യുന്നുണ്ട്.

വിദഗ്ധർ : സാറിന് അരിപ്പയുടെ പ്രവർത്തനം കാണണ്ടേ?

മന്ത്രി : തീർച്ചയായും.

(വിദഗ്ധൻ ബെല്ലടിക്കുന്നു. കുട്ടികൾ വരുന്നു. ഉറക്കെ നിലവിളിച്ചുകൊണ്ട് യന്ത്രത്തിൽ നിന്നു പുറത്തേക്കുപോകുന്നു. "അയ്യോ എന്റെ കയ്യൊടിഞ്ഞേ", "അയ്യോ എന്റെ കാലൊടിഞ്ഞേ", തല പൊട്ടിയേ എന്നൊക്കെ നിലവിളികൾ നിലയ്ക്കാതെ ഉയരുന്നു.)

അരാജകവാദി : ഛീ! നിർത്തൂ! എന്തു ക്രൂരതയാണിത്?

(നിലവിളി പെട്ടെന്ന് നിലയ്ക്കുന്നു.)

വിദഗ്ധർ : ക്രൂരതയോ? ഇപ്പോൾ വീണില്ലെങ്കിൽ അവർ ജീവതത്തിൽ എപ്പോഴെങ്കിലും വീഴേണ്ടിവരും.

മന്ത്രി : ഇദ്ദേഹം പറഞ്ഞത് എത്രയോ ശരി. ഇങ്ങനെ വീണു വീണാണ് നടക്കാൻ പഠിക്കുന്നത്.

(രക്ഷകർത്താവ് കുട്ടിയുമായി കടന്നുവരുന്നു. കുട്ടിയുടെ കാലുകൾ നിലത്തുറയ്ക്കാത്തതും കൈകൾ വികൃതമായതും തല മുകളിലേക്കു മാത്രം ഉയർന്നിരിക്കുന്നതുമാണ്.)

രക്ഷകർത്താവ് : ഛീ, നിർത്തൂ. ഇതു കണ്ടോ? എന്റെ മകന്റെ രൂപമൊന്നു നോക്കൂ. നിങ്ങളുടെ യന്ത്രത്തിൽ നിന്ന് പുറത്തു വന്നവനാണിവൻ.

വിദഗ്ധർ : അരിപ്പയിൽ നിന്നു താഴെ വീണപ്പോൾ വല്ല അപകടവും പറ്റിയിരിക്കും. സാധാരണം.

രക്ഷകർത്താവ് : അങ്ങനെ വീണു കേടു പറ്റിയതല്ല. ഒരിടത്തും വീഴാതെ സുരക്ഷിതനായി പുറത്തു വന്നവനാണിവർ.

സംശയാലു : കാല് നിലത്തുറയ്ക്കുന്നില്ലല്ലോ? എപ്പോഴും മുകളിലേക്കുനോക്കി നിൽക്കുന്നല്ലോ. ജനിച്ചപ്പോൾത്തന്നെ ഇങ്ങനാരുന്നോ?

രക്ഷകർത്താവ് : അല്ല. ഈ യന്ത്രത്തിൽ നിന്ന് പുറത്തുവന്നതിനു ശേഷമാണിത്.

സംശയാലു : ഇതിന്റെ കാരണമെന്താണെന്നാ ഞാൻ ചിന്തിക്കുന്നത്.

മന്ത്രി : അതെ. അതാണ് ഞാനും ചിന്തിക്കുന്നത്.

അരാജകവാദി : നിങ്ങൾ ചിന്തിച്ചു നിന്നാൽ പോരാ. ഇതിന് മറുപടി പറയണം. ഇതിനുത്തരവാദി നിങ്ങളാണ്. നിങ്ങൾ മറുപടി പറഞ്ഞേ പറ്റൂ.

രക്ഷകർത്താവ് : ഇന്നിവൻ ഒരു രോഗിയാണ്. അച്ഛനുമമ്മയും പറയുന്ന ഭാഷ ഇന്നിവന് മനസ്സിലാകുന്നില്ല. ഇവന്റെ കൈകൾകൊണ്ട് യാതൊന്നും ചെയ്യാൻ ഇവനു കഴിയുന്നില്ല. ഇവന്റെ ചുറ്റുപാടുകളെപ്പറ്റി യാതൊന്നും ഇവനറിയില്ല.

വിദഗ്ധർ : ഇതൊരു രോഗമല്ല. വെറുമൊരു സ്വഭാവമാറ്റം മാത്രം. കുറച്ചുകാലം കഴിയുമ്പോൾ ഒക്കെ ശരിയാകും.

മന്ത്രി : അതെ കുറച്ചുകാലം കഴിയുമ്പോൾ ശരിയാകും.

രക്ഷകർത്താവ് : കുറച്ചുകാലം! നിങ്ങൾക്കിവനെയൊന്നു കൊന്നുതരാമോ?

അരാജകവാദി : ഇനിയിതു തുടരാൻ ഞങ്ങളനുവദിക്കുകയില്ല. ഒന്നുകിൽ ഈ യന്ത്രം നേരെയാക്കുക. അല്ലെങ്കിൽ....

സ്തുതിപാഠകൻ : അയ്യോ! മന്ത്രിയദ്ദേഹത്തോട് ഇങ്ങനെയൊന്നും സംസാരിക്കണ്ട. കുറച്ചൊരു ബഹുമാനത്തോടെ.

അരാജകവാദി : താനൊന്നു പോടോ. തന്നെപ്പോലുള്ള ചെരുപ്പു നക്കികളാണ് ഈ കുഴപ്പമൊക്കെയുണ്ടാക്കുന്നത്.

മന്ത്രി : അദ്ദേഹം പറയുന്നതിലും കാര്യമുണ്ട്. (പ്രസംഗം) ഈ യന്ത്രം ബ്രിട്ടീഷുകാരുണ്ടാക്കിയതാണെന്നും ഇത് നമുക്ക് പറ്റിയതല്ലെന്നും എനിക്ക് ശക്തമായ അഭിപ്രായമുണ്ട്. ഗുമസ്തൻമാരെ വാർത്തെടുക്കുന്ന മെക്കാളെ പ്രഭുവിന്റെ.......

അരാജകവാദി : നിർത്തെടാ തന്റെ പ്രസംഗം. കോടിക്കണക്കിന് യുവാക്കളെ ഒന്നിനും കൊള്ളരുതാത്തവരാക്കിത്തീർക്കുന്ന ഈ സംവിധാനം താൻ കൊണ്ടുനടക്കുന്നതെന്തിന്?

സ്തുതിപാഠകൻ : അതാ രോഗികളായ കുട്ടികളെയും കൊണ്ട് രക്ഷിതാക്കളുടെ ഒരു പട ഇങ്ങോട്ടു വരുന്നു.

മന്ത്രി : ശരിയാണ്. എന്നെ കാണ്നായിരിക്കും. ഞാനങ്ങോട്ടുചെല്ലാം. ഡ്രൈവറെവിടെ? (മന്ത്രി സ്തുതിപാഠകൻ ചൂണ്ടുന്നതിന്റെ എതിർ ദിശയിലേക്ക് പാഞ്ഞുപോകുന്നു. പുറകേ വിദഗ്ധനും.)

(സംവിധായകൻ കടന്നുവരുന്നു)

സംവിധായകൻ : (കോപത്തോടെ) താനെന്തു പണിയാടോ കാണിച്ചത്. അതിന് രക്ഷിതാക്കളും കുട്ടികളും അവിടെയുണ്ടോ?

ഒരു നടൻ : അത് ശരിയാണല്ലോ. പിന്നെയെന്തുചെയ്യും?

മറ്റൊരു നടൻ : ഛെ നാടകമാകെ നശിപ്പിച്ചു.

നടൻ 2 : ഇനി എന്തു ചെയ്യും?

നടൻ 3 : നാടകമെങ്ങനെയെങ്കിലും അവസാനിപ്പിക്കണ്ടെ?

സംവിധായകൻ : അതിനെന്താന്നൊരു വഴി?

നടൻ 1 : ആ സ്ക്രിപ്റ്റിലെന്താണെഴുതിയിരിക്കുന്നത് എന്ന് താനൊന്ന് വായിക്ക്.

(സംവിധായകൻ പരുങ്ങുന്നു.)

സംവിധായകൻ : സത്യം പറഞ്ഞാൽ ഞാനീ നാടകം പൂർത്തിയാക്കിയിട്ടില്ല.

(നടൻമാർ സംവിധായകനെ കുറ്റപ്പെടുത്തി ശകാരിക്കുന്നു.)

ഒരു നടൻ : നമുക്കിതെങ്ങനെയെങ്കിലും ഒന്നവസാനിപ്പിക്കണമല്ലോ.

മറ്റൊരാൾ : ഈ യന്ത്രമങ്ങ് തകർത്തിട്ടു പോയാലോ?

സംവിധായകൻ : യന്ത്രം മാത്രമായി തകർക്കുന്നതുകൊണ്ടെന്തു ഫലം.

നടൻ 3 : എന്നാലൊരു കാര്യം ചെയ്യാം. ഈ കുട്ടിയെ അങ്ങു തട്ടിയാലോ?

അരാജകവാദി : ഇവനെ തട്ടാനൊക്കില്ല. ഇവൻ നമ്മുടെ യുവതലമുറയുടെ പ്രതീകമാണ്.

നടൻ 4 : ഇതിനു പരിഹാരം നാം വട്ടംകൂടിനിന്നാലോചിച്ചാൽ കിട്ടുകയില്ല. ഇതെല്ലാം കണ്ടുകൊണ്ടിരുന്ന ജനങ്ങളുണ്ടല്ലോ അവരുടെ അഭിപ്രായംകൂടി അറിയാം. എന്നിട്ടെന്തെങ്കിലും ചെയ്യാം.

സംവിധായകൻ : കൊള്ളാം. അതാണ് ശരിയായ നടപടി.

(സംവിധായകനും നടൻമാരും ഒന്നു ചേർന്ന് സദസ്യരോട്)

ഇതെങ്ങനെ അവസാനിപ്പിക്കണം!

ഇതെങ്ങനെ അവസാനിപ്പിക്കണം!!

## സംഘഗാനം

ഒ.ടി ഹരിദാസ്

ഒരു കരമിരുകര മതിലൊരുതിരിനാളം
പുതിയയുഗപ്പിറവിയിലേക്കൊരു പുതുതിരിനാളവുമായി
ഒരു ചുവടുകൾ, മറുചുവടുകൾ ഒന്നൊന്നായ് ചേരുമ്പോൾ
തരളിതമൊരു രാഗമുണർന്നൊ..........വുകിടുമല്ലോ?
നവഗീതം പാടിയൊന്നുചേർന്നിടുമല്ലോ....
നമ്മൾ ചേർന്നിടുമല്ലോ...
അറിവുകളുടെ അമൃതകുംഭമുടലേറ്റിയ വിന്ധ്യതുംഗ
ഹിമവാനും സിന്ധുഗംഗാ സമതലങ്ങളും
ഉയിരേകി സംസ്കൃതിയുടെ ചിറകേറിയ ഭാവനകൾ

നരജൻമചരിത്രത്തെ ജ്വലിപ്പിക്കുമ്പോൾ
വിശ്വമാനവന്റെ നെഞ്ചിലഭിമാനം പൂത്തുനിന്ന
വിപ്ലവങ്ങൾ, വിഭ്രമങ്ങൾ, പടയോട്ടങ്ങള
അധികാര പ്രഭവമാർന്ന കുടിലതകൾ കിടിലമാർന്ന
ചരിതങ്ങളിൽ നിന്നിതാ പൊലിപ്പിക്കുന്നു
പുതിയ തിരിനാളങ്ങൾ
അറിവുകളുടെ തടവറകളിലഭയാർത്ഥിയായ് വന്നവർ
അഭിമാനികൾ.... ആശ്രിതരായ് കഴിയാനല്ലാ...
പരമോന്നത സ്വാതന്ത്ര്യം, പരനൻമ സ്വാശ്രയവും
തകിടം മറിയുന്നതു നോക്കിയിരിക്കാനല്ലോ
പൊരുതിക്കൊണ്ടോരോരോ ചുവടും വെച്ചേറേണ്ടതു
പരനൻമ- അതറിയുകയീ നമ്മുടെ നീതി.
നിലനിൽപ്പിനു പൊരുതേണ്ടതു നമ്മുടെ നീതി
പാൽപ്പായസമാക്കേണ്ടൊരു പഠനത്തെപ്പോലുമിന്നു
തലകീഴായ് നിർത്തുന്നതു നീതിയുക്തമോ?
വിലകൊടുത്തു വിദ്യവിറ്റു തലമുറയെച്ചെളിയിലാഴ്ത്തി
വിലയില്ലാക്കടലാസായ് മാറ്റുക വേണ്ട....
വിധികർത്താവാരെന്നു തിരിച്ചറിയൂ നാം.
തിരിനാളം നീട്ടിനിന്നു പൊരുതിയേറു നാം.

**ജനകീയ വിദ്യാഭ്യാസം**
**പുള്ളുവൻ പാട്ട്**
**-ഇയ്യങ്കോട് ശ്രീധരൻ**

പുള്ളോത്തി-
എന്നുടയ വല്ലഭനേ
എൻ പുമാനേ, പൂമകനേ
നിന്നുടയ പാട്ടു കേൾക്കാൻ
കൊതി തോന്നുന്നു.
നാട്ടുകാർക്ക് വീണമീട്ടി
പാട്ടുപാടി കൊടുക്കുമ്പോൾ
കൂട്ടുകാരിയ്ക്കൊരു പാട്ടു
കേൾക്കുവാൻ പൂതി.
പുള്ളോൻ- (മട്ടുമാറി)
പണ്ടു പണ്ടേ പാട്ടുപാടിത്തെണ്ടിടുന്നോർ നമ്മൾ
കണ്ട കാര്യം നാടുതോറും വീടു തോറും പാടും
സ്വന്തമായി നാട്-നമ്മൾക്കിത്രയും നാളായി
എന്തുകൊണ്ടു നമ്മൾ മരമണ്ടരായെന്നോതാം
(മട്ടുമാറി)
ഈ മഹാരാജ്യം തന്നിൽ
എത്രയോ കാലം മുന്നേ
ഈ മണ്ണിൻ മണമാർന്ന
സംസ്കാരം കിളുർത്തല്ലോ
സിന്ധു നദീ തട-
സംസ്കാരത്തിങ്കലന്നു
ബന്ധുര മായൊരു
ജീവിതം തളിർത്തല്ലോ
മേൽക്കോയ്മ കീഴ്ക്കോയ്മ
വേർതിരിവില്ലാതെ
മേൽക്കു മേലേവരും
മുന്നോട്ടു പോയേല്ലോ.

പേർഷ്യയിൽ നിന്നു മ—
ദ്ധ്യേഷ്യയിൽ നിന്നപ്പോൾ
ആർഷരായ് ഭാവിച്ചു
ആര്യന്മാർ വന്നല്ലോ
കാഴ്ചയിൽ മൊഞ്ചുള്ളോർ
കന്നാലി മേക്കുവോർ
കാട്ടാള വർഗ്ഗമായി
നമ്മളെ ക്കളിയാക്കി
ആദിമ വാസികൾ
നമ്മളെയവരന്ന്
ഭൂത ഗണങ്ങളായ്
ആസുര വർഗ്ഗമാക്കി
എത്ര നൂറ്റാണ്ടുകൾ
പോരാടി നമ്മളും
ശത്രു പക്ഷത്തിന്റെ
ശക്തി ക്ഷയിച്ചുപോയി
വർണ്ണങ്ങൾ വന്നുപോയ്
പിന്നീടു ജാതിയായ്
എണ്ണമേറും നമ്മൾ
നീച ജാതിക്കാരായി
കിളിമൊഴി പോലുള്ള
ചൊല്ലും ലിപികളും
കള കളം തുള്ളുന്ന
പാട്ടും കളികളും
തെളി നീരു പോലുള്ള
ഗ്രാമീണ ജീവിതം
ഒളി മങ്ങി നാടെങ്ങും
നാലു വർണ്ണങ്ങളായി
ഭൂമിയിൽ ദേവനാം
ബ്രാഹ്മണർ ചൊല്ലുന്ന
ദേവനാഗരി മാത്രം
നാടിന്റെ നാവായി

പുള്ളോത്തി— (മട്ടുമാറി)

നാട്ടു ഭാഷ ക്കൂട്ടങ്ങളെ
നാവടച്ചു കെട്ടിയിട്ട
കാട്ടു നീതി കേട്ടു കേട്ട്
കരളലിഞ്ഞു
പിന്നെയെന്തു
സംഭവിച്ചു
ഭാരതത്തിൽ
ഒന്നു നന്നായ് പാടുകെന്റെ
കൂട്ടുകാരാ നീ.

പുള്ളോൻ–

നാടു വെട്ടിപ്പിടിക്കുവാൻ
വന്നുവല്ലോ ഗസനിയും
ഗോറി, ഖിൽ ജി മാരും
പിന്നെ മുകിലന്മാരും
സംസ്കൃതത്തി നൂറ്റം പോയി
ശക്തിയല്ലോ ജയിക്കുന്നു
സർക്കാർ ഭാഷ പേർഷ്യനായി

ഉറുദുവായി
അദ്ധ്വാനത്താൽ പെറ്റ നാടു
തുടുപ്പിച്ച നാട്ടു മക്ക-
ളപ്പോഴേയ്ക്കു മന്ധകാര
പ്പരപ്പിലായി.
അക്ഷരങ്ങൾക്കന്യരായി
വിദ്യസമ്പത്തുള്ളവർക്കായി
വിത്തനാഥൻ സമൂഹത്തിൽ
നായകനായി
ജമിന്ദാരായി ജന്മികളായ്
നാടുവാഴി പ്രഭുക്കളായി
ജനങ്ങളോ പൂഴി മണ്ണിൽ
പുഴുക്കളായി.
പുള്ളോത്തി- (മട്ടുമാറി)
കാലങ്ങളേറെക്കഴിഞ്ഞു പോയിന്ത്യയിൽ
കാലമാടന്മാരാം വെള്ളക്കാർ വന്നെത്തി
ഡച്ചു പരന്ത്രീസും ഫ്രഞ്ചുമിംഗ്ലീഷും
തച്ചു പഠിപ്പിച്ച കാര്യങ്ങൾ ചൊല്ലുനീ
പുള്ളോൻ—
വ്യാപാരി സമൂഹമായിന്ത്യയിൽ വന്നെത്തി
കാപാലികന്മാരാ മീസ്റ്റിന്ത്യ കമ്പനിക്കാർ
നാട്ടരചന്മാരെപ്പാട്ടിലാക്കി, ഒടുവിലീ-
നാടുവാഴാൻ ബ്രിട്ടീഷ് സാമ്രാജ്യം നുഴഞ്ഞെത്തി
(മട്ടുമാറി)
രണ്ടു നൂറ്റാണ്ടോളമിന്ത്യ കൂരിരുട്ടിൽ
പതിച്ചല്ലോ
ദണ്ഡനങ്ങൾ മർദ്ദനങ്ങൾ
തുടർന്നുവല്ലോ,
ഭീഷണിയാൽ ഭരണത്തിൻ ഭാഷമാറി
യാംഗലമായ്
ചൂഷണത്താൽ ജനമാകെ
വലഞ്ഞുവല്ലോ
നാട്ടുഭാഷ ചൊല്ലുവതു നാണക്കേടായ്
കല്പനയായ്
നാടുനീളെ യാംഗലേയം കർശനമാക്കി
മുക്കാലും മുറിയുമായിംഗ്ലിഷും ചൊല്ലായി,
മെക്കാളെ വിദ്യാഭ്യാസം തല കീഴാക്കി
കോട്ടുസൂട്ടും നടപ്പാക്കി
കോപ്പിരാട്ടി വേഷമാക്കി
നാട്ടു മക്കളടിമത്തക്കുരുക്കിലായി
ഉന്നതന്മാർ കുരങ്ങന്മാരെന്ന പോലെ-
സായിപ്പിനെ
മുന്നിൽ നിന്നും പിന്നിൽ നിന്നും
കുമ്പിട്ടു പോന്നു.
പുള്ളോത്തി—
കേട്ടു കേട്ടു മടുത്തുപോയി-
കൂട്ടുകാരാ നിന്റെ പാട്ട്.
നാട്ടുകാരാം നമ്മൾ പിന്നെ
സംഘടിച്ചല്ലോ.
സ്വാതന്ത്ര്യ സമരത്താ-

ലിന്ത്യ പിന്നെ മോചിതമായി.
ആയതിൽ പ്പിന്നെ വിദ്യാ-
ഭ്യാസമെന്തായി?
പുള്ളോൻ—
വെള്ളക്കാരൊഴിഞ്ഞു പോയെങ്കിലും വിദ്യാഭ്യാസം
ഉള്ളടക്കം മാറിയില്ല പെൺ കൊടിയാളെ
മഴതോർന്നുവെന്നാലും മരം പെയ്യും-കാഴ്ചയല്ലോ
ജനായത്ത വാഴ്ചയിലും നമ്മൾ കാണുന്നു
മനുഷ്യനും മണ്ണുമായി ബന്ധമറ്റ-
വിദ്യാഭ്യാസം.
മയക്കുമരുന്നു പോലെ  പടരുന്നല്ലോ!
കൃഷീവലരായ ബഹുഭൂരിപക്ഷം വാഴുമിന്ത്യ
വിഷം ചീറ്റും വിദ്യയാലെ വിളർത്തുവല്ലോ.
കണ്ണടച്ചു നമ്മളിന്നും സായിപ്പിനെ
പൂജിക്കുന്നു.
അന്യമാണു, പെറ്റനാടിൻ
മൊഴികളിലൂടെ ജന-
കോടിനേടട്ടെ
ഭേദചിന്താഗതി നീങ്ങി
ഭാരതീയരൊരേയൊരു
മാതാവിന്റെ മക്കളെന്ന
ബോധമേകട്ടെ
ജനകീയ വിദ്യാഭ്യാസം
ജനകീയ വൽക്കരണം
അതുമാത്രമതു മാത്രം
മോചന മാർഗ്ഗം
രണ്ടു പേരും ചേർന്ന്—
ജനകീയ വിദ്യാഭ്യാസം ജനകീയ വൽക്കരണം
അതുമാത്ര മിനിയുള്ള മോചന മാർഗ്ഗം
രണ്ടും മൂന്നും തട്ടിലിന്ത്യൻ പൗരന്മാരെ
വാർത്തെടുക്കും
തണ്ടുംതപ്പി വിദ്യാഭ്യാസം തുലഞ്ഞുപോട്ടെ.
ജനകീയ വിദ്യാഭ്യാസ പരിപാടിയുണരട്ടെ
ജനായത്തം ജയിക്കു വാനൊരൊറ്റ മാർഗ്ഗം.

## ബലിക്കളത്തിലേക്ക്

വിളംബരം-
ഗർദ്ദഭപുരി വാഴും ജനകീയ ജനായത്ത ജനകീയ മന്ത്രി രാജമാന്യരാജശ്രീഗുഗർദ്ദഭ തിരുമനസ്സുകൊണ്ട് നാടിന്റെ പള്ളിക്കൂടഭരണക്രമങ്ങളിൽ ഈയിടെ കണ്ടുവരുന്ന മൂല്ല്യച്യുതിയിൽ മനംതകർന്ന് അതിൽവരുത്തേണ്ട മാറ്റങ്ങൾക്ക് കരടുരേഖ തയ്യാറാക്കുന്നതിനുവേണ്ടിയുള്ള ജനസമ്പർക്കത്തിന്റെ ഭാഗമായി ഇവിടെയും എത്തിച്ചേരുന്നതാണ്.
(അകലെ നിന്നും വാദ്യമേളങ്ങളോടെ മന്ത്രിയെ മൂന്ന് പേർ ആനയിച്ചുകൊണ്ടുവരുന്നു. കൂടെ സെക്രട്ടറിയുമുണ്ട് എല്ലാവരും വേദിയിൽ ഉപവിഷ്ടരാകുന്നു. ചടങ്ങ് ആരംഭിക്കുന്നു.)
ഒരാൾ- ഗർദ്ദഭപുരി വാഴും മഹാമന്ത്രി കുഗർദ്ദഭ തിരുമനസ്സിന്റെ ഭരണത്തിൽ കീഴിൽ സസുഖം വണരുുന്ന കൃമികീടങ്ങളെ, മാന്യമഹാ പ്രജകളെ ജനസമ്പർക്കയജ്ഞത്തിന്റെ ഭാഗമായി ഇവിടെ സംഘടിപ്പിക്കപ്പെട്ടിരിക്കുന്ന ഈ മഹായോഗം ആരംഭിക്കുകയായി. ആദ്യമായി ബഹു മന്ത്രിയുടെ ഞെട്ടൽ (മന്ത്രി ഞെട്ടുന്നു)
മന്ത്രി- നമ്മുടെ പുണ്യപുരാണ ഗർദ്ദർഭപുരിയിലെ വിദ്യാഭ്യാസമൊത്തക്കച്ചവടത്തിൽ നമ്മോട് സഹകരിക്കുന്ന,ഗർദ്ദഭപുരിയുടെ മന്ത്രിമാർ ആരെന്നു നിശ്ചയിക്കുന്ന അവരെ താങ്ങിനിർത്തുന്ന ബഹുമാന്യ

രായ കരിങ്കൽത്തൂണുകളെ, ഈ യോഗനടപടികൾ വീക്ഷിക്കാനെത്തിയ എന്റെ കണ്ണിലുണ്ണികളായ പ്രജകളെ, നിങ്ങൾക്ക് സ്വസ്തി. ഞാൻ ഇപ്പോൾ എന്താണിവിടെ ചെയ്തത്.? ഞെട്ടി. നമ്മുടെ നാട്ടിലെ വിദ്യാഭ്യാസ നിലവാരത്തിന്റെ തകർച്ചകണ്ട് ഞെട്ടി. (സോഡ) നമ്മുടെ രാജ്യത്തിന്റെ വിദ്യാഭ്യാസനിലവാരം ഉയർത്താൻവേണ്ടിയുള്ള ഈ ചർച്ച ഉദ്ഘാടനം ചെയ്യാൻ എന്നെത്തന്നെ തെരെഞ്ഞെടുത്തതിൽ ഞാൻ ആനന്ദപുളകിതനാണ്. സന്തോഷപൂർവ്വം ഈ ചർച്ച ഉദ്ഘാടനം ചെയ്തതായി ഞാൻ പ്രഖ്യാപിക്കുന്നു.
ഒന്നാമൻ- ജനങ്ങളെ, നമ്മുടെ വിദ്യാഭ്യാസനിലവാരം തകർന്നുകെണ്ടിരിക്കയാണെന്ന് കുമാരികുമാരന്മാരെ പണ്ടാരം വക പള്ളിക്കൂടങ്ങളിൽ പഠിപ്പിക്കുകയും പഠിപ്പിക്കാനയക്കുകയും ചെയ്യുന്ന ചില നിരക്ഷരകുക്ഷികൾക്ക് ആക്ഷേപമുണ്ട്. വാദത്തിന് വേണ്ടി ഞങ്ങളത് സമ്മതിക്കുന്നു. എന്നാൽ ഈ വിശുദ്ധമായ മഹാരാജ്യത്തിലെ വിദ്യാഭ്യാസലാഭക്കച്ചവടത്തിന്റെ മൂന്നിലൊന്നുഭാഗവും കയ്യാളുന്ന ഞങ്ങളുടെ വിഭാഗം ആവശ്യപ്പെടുന്നതെന്തെന്നാൽ ഇത്തരം അടിസ്ഥാനരഹിതമായ ആക്ഷേപങ്ങൾകൂടി ഇല്ലാതാക്കുവാൻ പണ്ടാരം വക എല്ലാ പള്ളിക്കൂടങ്ങളും ഞങ്ങളുടെ കൈകളിൽ ഏല്പിച്ചുതരുവാൻ ഞങ്ങൾ ബഹുമാനപ്പെട്ട മന്ത്രിയോട് അപേക്ഷിക്കുകയാണ്.
രണ്ടാമൻ- സുഹൃത്തുക്കളെ ഈ മകാരാജ്യത്തെ വിദ്യാഭ്യാസക്കച്ചോടരംഗത്ത് ഒട്ടും മോസമല്ലാത്ത ഞമ്മടെ കൂട്ടരെ ഒയ്വാക്കിക്കൊണ്ട് പണ്ടാരം ബക പള്ളിക്കൂടങ്ങൾ ഒരു കൂട്ടർക്കായിട്ട് മാത്രം തീരെയിക്കൊടുത്താല്....
മൂന്നാമൻ- ബഹുമാനപ്പെട്ട മന്ത്രിയെ ഞാനൊരു കാര്യം ഓർമ്മിപ്പിക്കുകയാണ്. മഹത്തായ ഈ രാജ്യത്തിനെ വിദ്യാഭ്യാസക്കച്ചോട രംഗത്ത് ഞങ്ങളുടെ വിഭാഗത്തെ അവഗണിച്ചാൽ ഒരൊറ്റമന്ത്രിയും അമ്മയെ കണ്ട് മരിച്ചിട്ടില്ല. ആയതിനാൽ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധ വർഷങ്ങൾക്ക് മുമ്പ് നടന്ന സംഭവത്തിലെക്ക് ഞാൻ ക്ഷണിക്കുന്നു.
മന്ത്രി- അയ്യോ പേടിപ്പിക്കല്ലെ.. നമുക്ക് എന്തുവേണമെങ്കിലും ചെയ്യാം. എന്താണ് നിങ്ങളുടെ ആവശ്യങ്ങൾ?
ഒന്നാമൻ- ഞങ്ങൾക്ക് മൂന്ന് ആയുർവ്വേദകോളെജ് വേണം.
രണ്ടാമൻ- ഞങ്ങളുടെ ആശുപത്രിക്ക് ഉപരിപഠനവിദ്യാഭ്യാസക്കച്ചവടം നടത്തുന്നതിന് ഒരു ലൈസൻസ് വേണം.
മൂന്നാമൻ- ഞമ്മക്ക് 15 പോളിടെക്നിക് വേണം. (മൂന്ന് പേരും ശണ്ഠകൂടുന്നു)
മന്ത്രി- പങ്കുവെക്കാം പങ്കുവെക്കാം. ബഹുമാനപ്പെട്ട ജനങ്ങളെ ഞങ്ങളുടെ ഈ വിദ്യാഭ്യാസ ചർച്ച പരിപൂർണവിജയമായിരുന്നു എന്ന് നിങ്ങളെ അറിയിക്കട്ടെ. കൂടുതൽ വിവരങ്ങൾ വഴിയെ തെര്യപ്പെടുത്തുന്നതാണ്.
ഒരാൾ- പരിപാടിയിലെ അടുത്ത ഇനം വിദ്യാഭ്യാസ ചർച്ച.
മന്ത്രി- ആദ്യം പാഠപുസ്തകങ്ങളെപ്പറ്റിത്തന്നെയാകട്ടെ. (പുസ്തകങ്ങൾ മൂന്ന് പേർക്കും കൊടുക്കുന്നു)
രണ്ടാമൻ-ഹാ പുശ്പമേ ഇതെന്തു കത.
മന്ത്രി- ഹാ പുഷ്പമെ ഏതെങ്കിലും രാജ്യത്ത് ഹാ എന്ന പ്രയോഗം നിലവിലുണ്ടോ? ഹേ രാമ, ഹേ കോമ ഇങ്ങനെയല്ലെ പതിവ്. ഇത് നമ്മുടെ വിദ്യാർത്ഥികളുടെ പെരുമാറ്റച്ചട്ടങ്ങളെ കരുതിക്കൂട്ടി വികലമാക്കാനുള്ള ഏതോ കുബുദ്ധികളുടെ കുത്സിതശ്രമമാണെന്ന് ഞാനറിയുന്നു. ഏത് കോന്തനാണിതെഴുതിയത്?
രണ്ടാമൻ-മകാ കവി കരാമരാശാൻ.
മന്ത്രി- ഓ നമ്മുടെ വള്ളത്തോൾ കുരാമനാശാൻ. ആശാനിപ്പോൾ ഏതു പള്ളിക്കൂടത്തിലാ. ഉടനെ തന്നെ ഹാ പുഷ്പമേ എന്നത് ഹേ പുഷ്പമേ എന്നാക്കിത്തിരുത്തുവാൻ കല്പന.
ഒന്നാമൻ- കുഞ്ഞിയമ്മക്കഞ്ചുമക്കാളാണെ. ങേ, കുഞ്ഞിയമ്മക്ക് അഞ്ച് മക്കളോ?
സെക്രട്ടറി- കുഞ്ഞിയമ്മക്ക് മക്കൾ ഒന്നു കുറച്ചുകൊടുക്കാൻ
മന്ത്രി- നമ്മുടെ ഈ പുണ്യപുരാണ ഗർദ്ദഭപുരിയിൽ കുഞ്ഞിയമ്മക്ക് അഞ്ചുമക്കളോ? നാം രണ്ട് നമുക്ക് രണ്ട് എന്ന് ഉദ്ഘോഷിക്കുന്ന ഈ മഹാരാജ്യത്തിൽ കുഞ്ഞിയമ്മക്ക് അഞ്ചുമക്കളോ? ഛായ്... കുഞ്ഞിയമ്മക്ക് മക്കൾ വേണ്ട....
സെക്രട്ടറി- വിവാദമാക്കണ്ട. ഒന്നിരുന്നോട്ടെ..
മന്ത്രി- ശരിയാ വിവാദമാക്കണ്ട സഭ പതിക്കും. കുഞ്ഞിയമ്മക്ക് ഒന്നു മക്കളാണെ.
സെക്രട്ടറി- വ്യാകരണത്തെറ്റ്. ഒന്ന് മക്കളാണെ എന്ന് ഒരു പ്രയോഗമില്ല.
മന്ത്രി- എന്നാൽ ഈ പാഠം വേണ്ട.
രണ്ടാമൻ- എന്തായിത്.? കുരങ്ങിൽ നിന്നുമാണ് മനുഷ്യൻ ഉണ്ടായതെന്നോ?
മന്ത്രി- അത് തന്നെയാണ് ഞാനും ആലോചിക്കുന്നത്. നമ്മളെല്ലാം കുരങ്ങന്മാരിൽ നിന്നുണ്ടായതെ

ങ്കിൽ എന്തുകൊണ്ട് ഇന്നത്തെ കുരങ്ങന്മാരിൽ നിന്നും മനുഷ്യന്മാരുണ്ടാകുന്നില്ല. അതുകൊണ്ട് ഈ പാഠവും മാറ്റാൻ കല്പന.
മൂന്നുപേരും- എന്തിനൊന്നാക്കുന്നു. നമുക്ക് ലാഭകരമായ രീതിയിൽ പാഠപുസ്തകങ്ങളൊക്കെ മാറ്റാം.
മന്ത്രി- മാറ്റാം. ഒന്നാം ക്ലാസ്സിൽ ചുരുങ്ങിയത്....
മൂന്ന് പേരും- അഞ്ചുപുസ്തകങ്ങളെങ്കലും വേണം.
മന്ത്രി- രണ്ടാം ക്ലാസ്സിൽ
മൂന്ന് പേരും- അതിന്റെ രണ്ടിരട്ടി
മന്ത്രി-മൂന്നാം ക്ലാസ്സിൽ
മൂന്ന് പേരും- മൂന്നിരട്ടി
മന്ത്രി- നാലിൽ
മൂന്ന് പേരും -നാലിരട്ടി
മന്ത്രി- അഞ്ചിൽ
മൂന്ന് പേരും- അഞ്ചിരട്ടി, ആറിൽ ആറിരട്ടി, ഏഴിൽ ഏഴിരട്ടി, എട്ടിൽ എട്ടിരട്ടി, ഒൻപതിൽ ഒൻപതിരട്ടി പത്തിൽ പത്തിരട്ടി. (ഫോട്ടോ ആക്ഷൻ)
(രംഗം രണ്ട്)
കമന്ററി-
വിശദമായ വിദ്യാഭ്യാസ ചർച്ചകൾക്കുശേഷം ഗർദ്ദഭപുരിയിൽ നടക്കുന്ന ആദ്യത്തെ പൊതു പരീക്ഷ ഏതാനും നിമിഷങ്ങൾക്കുശേഷം ആരംഭിക്കുകയാണ്. ഇതിൽ പങ്കെടുക്കുന്ന മത്സരാർത്ഥികളെ നിങ്ങൾക്ക് പരിചയപ്പെടുത്താം. ഇതാ ആദ്യമായി സ്റ്റേഡിയത്തിലെത്തിയിരിക്കുന്നത് ഗർദ്ദഭപുരിയിലെ കുബേരന്റെ പുത്രൻ മാരാരശ്രി രാജമാന്യ രാജശ്രി ആനന്ദരാജൻ ആണ്. മറ്റൊന്ന് ഇടത്തട്ടുകാരനും പണ്ടാരം വക പള്ളിക്കൂടത്തിലെ എഴുത്താശാന്റെ മകനുമായ സോമശേഖരൻ. അവസാനമായി അരപ്പട്ടിണിക്കാരനും കൂലിവേലക്കാരനുമായ ചാത്തന്റെ മകൻ കരുണനും. ഇതാ എത്തിയിരിക്കുന്നു. ഇതാ ഒന്നാം മണി മുഴങ്ങിക്കഴിഞ്ഞു. റഫറിമാർ നീങ്ങിക്കൊണ്ടിരിക്കുന്നു.. (കമന്ററി തുടരുന്നു. ഒന്നാം സ്ഥാനത്തെത്തിയ ആനന്ദരാജനും പിന്നീട് സോമശേഖരനും സ്ഥലം വിടുന്നു. സ്റ്റേഡിയത്തിൽ കരുണൻ വീണുകിടക്കുന്നു. റഫറിമാർ പോകുന്നു. ചോദ്യക്കടലാസ്സും ഉത്തരക്കടലാസ്സും ചാക്കുകളാണ്.
അല്പം കഴിഞ്ഞ് ഭാഗ്യക്കുറി പരസ്യം (വരുവിൻ ആകാശത്തിന്റെ അനന്തതയിൽ സൂര്യൻ പ്രകാശധോരണി പൊഴിച്ചുകൊണ്ടുനില്ക്കെ നാളെ നടക്കുന്ന കോളേജ് അധ്യാപകരുടെ ഇന്റർവ്യൂവിൽ പങ്കെടുത്ത് നിങ്ങളുടെ ഭാവി സുരക്ഷിതമാക്കുക. നിങ്ങൾക്ക് നഷ്ടപ്പെടാനുള്ളത് തുഛമായ സംഖ്യയാണ്. എന്നാൽ കിട്ടുന്നതോ ലക്ഷങ്ങളുടെ സ്ത്രീധനമാണ്. അറച്ചുനിൽക്കാതെ മടിച്ചുനിൽക്കാതെ കടന്നുവരു ഇന്റർവ്യൂവിൽ പങ്കെടുക്കു. നാളെ നാളെ...
(രംഗം മൂന്ന്)
മൂന്ന് പേരും- പ്യൂൺ, പേരുകൾ വിളിക്കൂ.
പ്യൂൺ. കെ ആനന്ദരാജ്
(ആനന്ദരാജ് കടന്നുവരുന്നു. കമന്ററിയിൽ ശ്രദ്ധ)
മൂന്ന് പേരും- വാട്ടീസ് ദിസ്.? ദിസീസ് നോട്ട് എ മാർക്കറ്റ്. ദിസീസ് ഏനോഫീസ്.
ഒന്നാമൻ- എന്താണ് ഹേ മിസ്റ്റർ. ഒരു മാനേഴ്സില്ലാതെ
രണ്ടാമൻ- നിങ്ങൾ ഒരു കോളേജ് അധ്യാപകന്റെ ഇന്റർവ്യൂവിനാണ് വന്നതെന്ന് ഓർമ്മവേണം.
മൂന്നാമൻ- നിങ്ങളേപ്പോലുള്ള ഒരുവന്റെ കയ്യിൽ എങ്ങിനെയാണ് മിസ്റ്റർ ഒരു ക്ലാസ്സിന്റെ ചുമതല ഏൽപ്പിക്കുക.
ആനന്ദരാജ്- നിങ്ങളെന്തിനാ ഇങ്ങനെ ചൂടാവുന്നത്. ഞാനൊരു ക്രിക്കറ്റ്കളി ഭ്രാന്തനാണ്. നൗ ദിസ് സ്കോർ ബോർഡ് ഷോസ് ടു ടന്റി ഫോർ നൈൻ വിക്കറ്റ്സ്
മൂന്ന് പേരും- യു ഗെറ്റ് ഔട്ട്.
ആനന്ദരാജൻ- ഹേ മിസ്റ്റർ. ഞാൻ ഒരു ഇന്റർവ്യൂവിന് വന്നതാണെന്നും അതിന് ചില മാനേഴ്സ് പാലിക്കേണ്ടതുണ്ടെന്നും എനിക്കറിയാം. പിന്നെ നിങ്ങൾ വിചാരിക്കുന്നതുപോലെ തെണ്ടിത്തിരിഞ്ഞ് നടക്കുന്നവനല്ല ഞാൻ. നിങ്ങൾക്കിഷ്ടമില്ലെങ്കിൽ ഞാൻ പോയേക്കാം. നിങ്ങൾക്കെന്നെ മനസ്സിലായില്ലെന്ന് തോന്നുന്നു. ഞാനാണ് ഗർദ്ദഭപുരിയിലെ കുബേരന്റെ പുത്രൻ ആനന്ദരാജൻ (മൂന്ന് പേരും ആനന്ദരാജനെ ചുറ്റുന്നു)
ഒന്നാമൻ- അഛനോട് ഇതൊന്നും പറയരുതേ.
രണ്ടാമൻ- ഒന്നു ഫോൺ ചെയ്താൽ പോരായിരുന്നോ. ഒരു തെറ്റിധാരണ ഒഴിവാക്കാമായിരുന്നു
മൂന്നാമൻ- പുതിയ ആയുർവ്വേദ കോളേജ് അനുവദിക്കാൻ പോണെന്നു കേട്ടു എന്റെ കാര്യം മന്ത്രിയോട്

പറയാൻ അഛനോട് പറയണേ.
ആനന്ദരാജൻ- എന്നാണ് നിയമനം?
അടുത്ത പതിനാറിന് ആനന്ദരാജൻ ഇങ്ങോട്ട് പോന്നോളു. നിയമനം ഉടൻ കയ്യിൽ
ആനന്ദരാജൻ- ഇപ്പോൾ എത്തിനിൽക്കുന്നു ലേലത്തുക എത്രയാണ്.
രണ്ടാമൻ-അതിപ്പോൾ എത്രയായാലും ആനന്ദരാജനോട് അതു വാങ്ങുന്നത് ശരിയല്ലല്ലോ.
ഒന്നാമൻ-അല്ലെങ്കിലും ആനന്ദരാജന് ഒരു ജോലിയുടെ ആവശ്യമില്ലല്ലോ.
ആനന്ദരാജൻ- നോ നോ അത് ഒരു കച്ചവട സ്ഥാപനമാണ്. ഇറ്റീസ് എ ബിസിനസ്സ് ബിസിനസ്സ് ഈസ് ആൾവേസ് ബിസിനസ്. നിങ്ങൾക്ക് നഷ്ടം വരാത്ത ഒരു തുക അഛനോട് ഫോൺ ചെയ്ത് പറഞ്ഞോളു. കിട്ടും. ശരി പോട്ടേ. പോകുന്നു (മൂന്ന് പേരും അകമ്പടിപോയശേഷം തിരിച്ചുവരുന്നു)
മൂന്ന് പേരും -നെക്സ്റ്റ്
പ്യൂൺ- സോമശേഖരൻ
സോമശേഖരൻ-മെ ഐ കമിൻ സർ
മൂന്ന് പേരും- യെസ്
സോമശേഖരൻ- (കടന്നുവന്ന്) ഗുഡ് മോണിംങ് സർ
ഒന്നാമൻ- കാര്യം തുറന്നുപറയാമല്ലോ. ഞങ്ങളെപ്പോലുള്ളവർ ഇത്തരം വിദ്യാഭ്യാസ കച്ചവട സ്ഥാപനങ്ങൾ നടത്തുന്നത് ലാഭം കിട്ടുന്നതിനുവേണ്ടിയാണ്.
രണ്ടാമൻ- നിങ്ങളെപ്പോലുള്ളവരെ നിയമിച്ചു കിട്ടുന്ന തുകയാണ് ഞങ്ങളുടെ
മൂന്ന് പേരും- ഏക വരുമാനം.
രണ്ടാമൻ- അതുകൊണ്ട് ഒരു ലക്ഷം രൂപയാണ് ഇപ്പോൾ എത്തിനിൽക്കുന്ന ലേലത്തുക.
മൂന്ന് പേരും -തുകയുമായി വന്നാൽ നിയമനം
സോമശേഖരൻ- അതല്പം കൂടുതലല്ലേ സർ?
മൂന്ന് പേരും- കൂടുതലോ?
സോമശേഖരൻ- ഇക്കാലത്ത് ഒരു ജോലി ലഭിക്കണമെങ്കിൽ രൂപ കൊടുക്കണമെന്ന് എനിക്കറിയാം. അതുകൊണ്ട് ഞാൻ അമ്പതിനായിരം രൂപ കൊണ്ടുവന്നിട്ടുണ്ട് സർ
മൂന്ന് പേരും- ഒരു ലക്ഷം
സോമശേഖരൻ- ഞങ്ങൾക്കാകെ പത്തുസെന്റ് പുരയിടമേ ഉള്ളൂ. അത് വിറ്റാൽ... ഞാൻ 75000 രൂപ തരാം സാർ.
മൂന്ന് പേരും- ഒരു ലക്ഷം
സോമശേഖരൻ- പെങ്ങളുടെ കല്ല്യാണത്തിന് അല്പം സ്വർണം കരുതിയിട്ടുണ്ട്. സർ 85000 രൂപ തരാം. സർ
മൂന്ന് പേരും - ഒരു ലക്ഷം
സോമശേഖരൻ- പതിനഞ്ചായിരം രൂപയുടെ കുറവല്ലേ ഉള്ളൂ. ഈ ജോലി എനിക്കു തരു സർ.
മൂന്ന് പേരും - ഒരു ലക്ഷം
സോമശേഖരൻ- അഛന്റെ പെൻഷൻ കമ്യൂട്ട് ചെയ്താൽ.... ശരി സാർസ ഞാൻ ഒരു ലക്ഷം രൂപ തരാം. ഈ പോസ്റ്റ് എനിക്ക് തരണം സർ.
മൂന്ന് പേരും - അങ്ങനെ വഴിക്ക് വാ . 16-ാം തിയതിക്കുള്ളിൽ തുകയുമായി വന്നാൽ നിയമനം.
(സോമശേഖരൻ പോകുന്നു)
നെക്സ്റ്റ്
പ്യൂൺ- ചാത്തൻ മകൻ കരുണൻ
കരുണൻ കടന്നു വരുന്നു
കരുണൻ- മെ ഐ ഗെറ്റിൻ സർ, ഗുഡ് മോണിംഗ് സർ എനിക്ക് എം.എ ക്ക് ഫസ്റ്റ് ക്ലാസ്സുണ്ട്. അഛനും അമ്മയും വളരെ കഷ്ടപ്പെട്ടാണ് എന്നെ പഠിപ്പിച്ചത്. ഈ ജോലി എനിക്ക് കിട്ടിയാൽ എന്റെ മൂന്ന് സഹോദരിമാരെ കെട്ടിച്ചയക്കാന് കഴിയും.. ഈ ജോലി എനിക്കു തരണം സർ.
മൂന്ന് പേരും - വെറുതെ ജോലി തരാൻ ഇതൊരു ധർമ്മസ്ഥാപനമല്ല.
കരുണൻ- എന്നെ പ്പോലെ ഒരു പാവപ്പെട്ടവനോട് കൈക്കൂലി ചോദിക്കരുത് സർ. ഇത്രയും വലിയ ഒരു തുക ഞങ്ങൾക്ക് സ്വപ്നം കാണാൻ കൂടി വയ്യ.
മൂന്ന് പേരും - ഒരു ലക്ഷം രൂപയാണ് ലേലത്തുക. തുകയുമായി വന്നാൽ നിയമനം
കരുണൻ -എനിക്ക് ഈ ജോലി തരണം സർ, പ്ലീസ് (കാലുകളിൽ വീഴുന്നു)
മൂന്ന് പേരും -തനിക്ക് ജോലിതരില്ലെന്ന് ആരെങ്കിലും പറഞ്ഞോ? അതിന് ചില നടപടി ക്രമങ്ങളൊക്കെയില്ലേ?

ഇന്റർവ്യൂ. പ്യൂൺ ഇന്റർവ്യൂ.
(ഇന്റർവ്യൂ- കണ്ണുമൂടി കെട്ടിയ നിലയിൽ കരുണൻ)
ഒന്നാമൻ- മോനെ കുട്ടപ്പാ ഇങ്ങുവാ. മോന് ജോലി വേണ്ടേ. ചാടിക്കോ.
രണ്ടാമൻ- മോനേ ഇങ്ങോട്ട് വാ ജോലി അതാ മോളിലുണ്ട്. ചാടിക്കോ
മൂന്നാമൻ- ചാട് ചാട് പെങ്ങന്മാരെ കെട്ടിക്കണ്ടേ?
(കരുണൻ ചാടിക്കൊണ്ടിരിക്കുന്നു തളർന്ന് വേദിയിൽ വീഴുന്നു)
മൂന്ന് പേരും- ഫലം പതിനാറിന് പ്രഖ്യാപിക്കും(പോകുന്നു)
കരുണൻ-അഛൻ വാങ്ങിത്തന്ന പുത്തനുടുപ്പണിഞ്ഞ് ആദ്യമായി പള്ളിക്കൂടത്തിലേക്ക് പോയത് ഞാനോർക്കുന്നു. പരീക്ഷയുടെ കഠിനയാതനകളും അവ നേടിത്തന്ന ബിരുദപത്രങ്ങളും എന്റെ കഴുത്തിൽ വന്നു വീഴുന്ന കുരുതി മാലകളാണെന്ന് എനിക്കറിയില്ലായിരുന്നു.. സേവനത്തിന്റെ മഹാമന്ത്രങ്ങൾ പാടുന്ന രാജ്യപാലകർ എന്നെ നയിച്ചിരുന്നത് നിധികാക്കുന്ന ഭൂതങ്ങൾക്കുള്ള ബലിക്കളത്തിലേക്കായിരുന്നുവെന്ന് എനിക്കറിയില്ലായിരുന്നു. എന്റെ അമ്മയഛന്മാരെ എന്റെ കൂടപ്പിറപ്പുകളെ നമ്മൾ നയിക്കപ്പെടുന്നത് ബലിക്കളത്തിലേക്കാണ്. സമ്പന്നവർഗ്ഗത്തിന്റെ നിധി കാക്കുന്ന ഭൂതങ്ങൾക്കുള്ള ബലിക്കളത്തിലേക്കാണ്
(കോറസ് ആവർത്തിക്കുന്നു)

## അലമാരയിലെ സ്വപ്നങ്ങൾ
## ഹരിദാസ് കരിവെള്ളൂർ

(ഒരു സ്ക്കൂൾ ലൈബ്രറി. അലമാറയിൽ അടച്ചുവച്ച പുസ്തകങ്ങൾ.പുസ്തകവേഷമണിഞ്ഞ മൂന്ന് അഭിനേതാക്കൾ നിശ്ചലരായി നിൽക്കണം. ഷെൽഫിൽ അടുക്കിയ രീതിയിൽ. ഒരു സംഗീതത്തിന്റെ നേർത്ത പശ്ചാത്തലത്തിൽ മൂന്ന് കുട്ട്ികൾ ഓടിവരുന്നു. വന്നപാടെ അവർ ചെറുതായി ചുമയ്ക്കുന്നു. ചിലർ തുമ്മുന്നു.)
കുട്ടി1- (ബോർഡ് വായിച്ച്)സ്ക്കൂൾ...ലൈബ്രറി (ഈ സമയത്ത് കുട്ടി തുമ്മുന്നു. കുട്ടി111. കുട്ടി1 എന്നിവർ ചേർന്ന് ഷെൽഫ് കുലുക്കുവാൻ ശ്രമിക്കുന്നു.)
പുസ്തകങ്ങൾ(ശബ്ദം)- കൂട്ടുകാരേ....അങ്ങനെ കുലുക്കല്ലേ....ഞങ്ങള് വീഴും.
എല്ലാവരും-ഹായ്...എന്തു രസം....പുസ്തകങ്ങൾ....
കുട്ടി11- എന്തു രസമായിരിക്കും വായിക്കാൻ
കുട്ടി111- കഥയും പാട്ടും ഒക്കെയുണ്ടാകുംല്ലേ....
കുട്ടി1- ഉണ്ടാവും.....കഴിഞ്ഞയാഴ്ച എന്റെ ഒരു കൂട്ടുകാരൻ വന്നിരുന്നു. അവന്റെ കയ്യില് നല്ലൊരു കഥാപുസ്തകം ഉണ്ടായിരുന്നു. അവന്റെ സ്ക്കൂളിലെ മാഷ് വായിക്കാൻ കൊടുത്തതാ.....
കുട്ടി11- എന്നിട്ട് നിനക്ക് വായിക്കാൻ തന്നിരുന്നോ?
കുട്ടി1- എവിടെ! അവൻ വായനയോട് വായന തന്നെ.എത്ര ചോദിച്ചിട്ടും എനിക്കു തന്നില്ല. (മെല്ലെ നടന്ന്) അവന്റെ മാഷ് എന്ത് നല്ല മാഷ് അല്ലെ?...എപ്പോഴും പുസ്തകം കൊടുക്കും. (മറ്റു കുട്ടികൾ അതു ശരി എന്ന അർത്ഥത്തിൽ തലയാട്ടുന്നു.)
കുട്ടി111- എന്റെ സുജാതചേച്ചീടെ കയ്യിലുണ്ടല്ലോ ഒത്തിരി പുസ്തകങ്ങൾ. ചോദിച്ചാ.... (അഭിനയിച്ച്) ഇങ്ങനെ കണ്ണുരുട്ടി പേടിപ്പിക്കും. കുട്ടികൾക്കെന്തിനാ പുസ്തകം. പോയി ഹോംവർക്ക് ചെയ്യൂന്ന് പറയും മൂപ്പത്തി.
കുട്ടി11- ബോയ്സ് ഹൈസ്ക്കൂളിലെ സുജിത്ത് ഒരു പുസ്തകം കൊണ്ടുപോയി വീട്ടില് വായിക്കാനിരുന്നു. അവന്റെ സുഹൃത്ത് കൊടുത്തതാ....അവന്റെ ഡാഡി അത് കണ്ടുപിടിച്ചു. കഥ വായിക്കുകയാണോ തന്റെ ജോലി എന്നുംപറഞ്ഞ് തലയ്ക്കൊരു കിഴുക്ക്. പിന്നെയാ രസം. മൂപ്പര് ഒരിടത്തിരുന്ന് കഥ വായനയും തുടങ്ങി.
എല്ലാവരും- ആര്?
കുട്ടി1- സുജിത്തിന്റെ ഡാഡി....അല്ലാതാരാ?(കുട്ടികൾ ചിരിക്കുന്നു) പിന്നെ ഷെൽഫിലെ പുസ്തകങ്ങളിലേക്ക് കണ്ണോടിക്കുന്നു. അവരുടെ ഉള്ളിൽ നിരാശയും ദു:ഖവും നേരിയ തോതിൽ നിറയുന്നു)
കുട്ടികൾ- പക്ഷേ.... നമുക്ക് പുസ്തകം തരുന്നില്ലല്ലോ.....മാഷ്....(പുറത്തുനിന്ന് അനൗൺസ്മെന്റ് ഉയരുന്നു. കുട്ടികൾ ശ്രദ്ധിക്കുന്നു)
അനൗൺസ്മെന്റ്- പ്രിയമുള്ള വിദ്യാർത്ഥികളെ നമ്മുടെ ബഹുമാനപ്പെട്ട പി.ടി.എ നമ്മുടെ സ്ക്കൂളിലേക്ക് പുസ്തകങ്ങൾ സൂക്ഷിക്കാനായി പുതിയൊരു അലമാര സംഭാവന ചെയ്തിരിക്കുന്ന വിവരം സസന്തോഷം അറിയിക്കുകയാണ്.(കുട്ടികൾ ശ്രദ്ധിച്ച് കേൾക്കുന്നു)പ്രത്യേകരീതിയിൽ ചുവടുവെച്ച് രണ്ടുപേർ അലമാരയുമായി വരുന്നു. (കാർട്ടൂൺ ചിത്രങ്ങളെ അനുസ്മരിപ്പിക്കുന്ന രീതിയിലുള്ള ചലനങ്ങൾ.) പഴയ അലമാര തുറന്ന് പുസ്തകങ്ങളെടുത്ത് പൊടിതട്ടുന്നു. പുതിയ അലമാരയിലേക്ക്

പുസ്തകങ്ങളെ മാറ്റുന്നു. ഇവയെല്ലാം വേഗത്തിൽ ചെയ്യണം. ഇവരുടെ ശ്രദ്ധയിൽ നിന്ന് മാറി കവിത പുറത്തേക്ക് നടക്കുന്നു. പശ്ചാത്തലത്തിൽ ഒരു കവിതയുടെ ഏതാനും ഈരടികൾ......പെട്ടെന്ന് സംഘാടകർ ശ്രദ്ധിച്ച് കവിതയുടെ കഴുത്തിന് പിടിക്കുന്നു. കവിതാലാപനം നിലയ്ക്കുന്നു. പുസ്തകങ്ങളെ അലമാരയിൽ അടച്ചുപൂട്ടി ചടുലതയോടെ പുറത്തേക്ക് പോകുന്നു. അധ്യാപകൻ വടിയുമായി വരുന്നു.

അധ്യാപകൻ- കുട്ടികളെ....കൈയ്യടിക്കൂ...നമ്മുടെ പുതിയ അലമാരയുടെ ഉദ്ഘാടനം കഴിഞ്ഞിരിക്കുന്നു.

കുട്ടി11- സാർ....എല്ലാ ഉദ്ഘാടനവും തുറന്നുകൊണ്ടല്ലെ....സാർഅലമാര തുറന്ന് ഒരു പുസ്തകം തരൂ സാർ.

മാഷ്- എല്ലാ ഉദ്ഘാടനവും തുറന്നുകൊണ്ടാണെങ്കിൽ ഈ അലമാര ഉദ്ഘാടനം ....അത് അടച്ചുകൊണ്ടാണെന്ന് മനസ്സിലായില്ലേ.

കുട്ടി1- സാർ...എനിക്കൊരു പുസ്തകം വേണം. വീട്ടിലിരുന്ന് കഥയും കവിതയുമൊക്കെ വായിക്കാൻ.

കുട്ടി11- എനിക്കും വേണം...സർ ഒരു പുസ്തകം. (മാഷ് എന്താണ് കാരണം പറയേണ്ടതെന്നറിയാതെ ആലോചിക്കുന്നു. .....ഒടുവിൽ കാരണം കണ്ടെത്തിയതുപോലെ സന്തുഷ്ടനായി.)

മാഷ്- കഥയും കവിതയും വായിച്ചു നടന്നാൽ പരീക്ഷയിൽ തോൽക്കും. പിന്നെ നിങ്ങളുടെ രക്ഷിതാക്കള് വന്ന് എന്നോടാ ചോദിക്കുക. എങ്ങനെയാ പരീക്ഷയിൽ തോറ്റതെന്ന്. കഥ വായിച്ചിട്ടാണെന്നു പറഞ്ഞാൽ അവരെന്നെ വെറുതെവിടുമോ? പിന്നെന്തിനാണ് പുതിയ അലമാര സംഭാവന ചെയ്തതെന്ന് അവർ എന്നോട് തിരിച്ചു ചോദിക്കില്ലെ കുട്ടികളെ...?

കുട്ടികൾ- എനിക്കൊരു പുസ്തകം. എനിക്കും പുസ്തകം....

മാഷ്- (ചിരിച്ച്) അത്...കുട്ടികളേ.... ഈ പുസ്തകങ്ങളൊക്കെ രേഖപ്പെടുത്തിവെയ്ക്കുവാൻ ഒരു പുസ്തകമുണ്ട്. അതിൻരെ പേരാണ് സ്റ്റോക്ക് റജിസ്റ്റർ. എന്ത് റജിസ്റ്റർ?.... പറയൂ.

കുട്ടികൾ- സ്റ്റോക്ക് റജിസ്റ്റർ.

മാഷ്- അതെ....അത് ഇതുവരെയും എത്തിയിട്ടില്ല.

കുട്ടി1- അത് എപ്പോഴെത്തും മാഷേ...?

മാഷ്- അതിപ്പോ എനിക്കെങ്ങന്യാ പറയാനാവ്വാ....എത്തിയാൽ എത്തി.

കുട്ടികൾ- കഴിഞ്ഞയാഴ്ച മാഷ് പറഞ്ഞത് െന്താ?

മാഷ്- (ആലോചിച്ച്) ങാ...പിടികിട്ടി. പുസ്തകം പൊതിയാനുള്ള കടലാസ് എത്തിയിട്ടില്ലാന്ന്.

കുട്ടികൾ- അതിനും മുമ്പത്തെയാഴ്ച മാഷ് പറഞ്ഞതെന്താ?

മാഷ്-(ആലോചിച്ച്) ങാ...അന്ന് നമ്പറിടേണ്ട മഷിയുണ്ടല്ലോ....അതില്ലായിരുന്നു

കുട്ടികൾ- ഇതാ...ഞങ്ങളുടെ സ്നേഹസമ്പന്നനായ അധ്യാപകൻ. ....നമ്പറിടേണ്ട മഷിയും പൊതിയാനുള്ള കടലാസും രേഖപ്പെടുത്തേണ്ട റജിസ്റ്ററും കാരണങ്ങളാക്കി പുസ്തകങ്ങളെ ഞങ്ങളിൽ നിന്നു മറച്ചു പിടിക്കുന്നു.

(അധ്യാപകൻ ഞെട്ടുന്നു)

അധ്യാപകൻ- പോ...പോ...പോയി ക്ലാസ്സിലിരിക്ക്...സ്വാതന്ത്ര്യം തരുമ്പോ വഷളാവ്വാ....അല്ലേ... പുസ്തകം പോലും പുസ്തകം...പോയി പഠിക്കാനുലളത് പഠിക്ക്. ഒന്നൂല്ലെഹ്കില് അക്ഷരശുദ്ധിക്കു വേണ്ടി കിളിരൂരുരുളി വാലുരുളീ എന്ന് ഉരുവിട്. (മാഷ് പോകുന്നു) കുട്ടികൾ കിളിരൂരുരുളി വാലുരുളീ...എന്ന് ചൊല്ലുന്നു. സംഘമായി ചുവട് വെയ്ക്കുന്നു.) അതിനുശേഷം....

കുട്ടി1- ഇനി....നമ്മളെന്താ ...ചെയ്യാ.... ഇഷ്ടംപോലെ സമയംണ്ടല്ലോ.

കുട്ടി11- ഞാനൊരു കളി പറയാം.

കുട്ടി111- ങാ....പറ...

കുട്ടി11- പേര് പ്ലെയിൻ ഹൈജാക്കിംഗ്...അതായത് വിമാനറാഞ്ചൽ.ടീവീല് കണ്ടതാ. ഇതൊരു വിമാനം ആണെന്ന് വിചാരിക്കുക.(വിമാനത്തിന്റെ ശബ്ദം) നമ്മൾ വിമാനത്തിനകത്താണ്. ...(കുട്ടി 1നോട്) നീ പൈലറ്റ്...(കുട്ടി പൈലറ്റായി അഭിനയിക്കുന്നു) (കുട്ടി 111നോട്) നീ അസിസ്റ്റന്റ്....(കുട്ടി111 അസിസ്റ്റന്റാകുന്നു. ഞാൻ ടെറ്റസ്റ്റ്. ഞാൻ തോക്കുമായി വരും.... (തോക്കുമായി വരുന്നു) ഹാൻ്റ്സ് അപ്പ്... (കുട്ടി 1 ഉം 11ഉം കൈകൾ ഉയർത്തുന്നു. കുട്ടി കൈതാഴ്ത്തി കീശയിൽ നിന്ന് തോക്കെടുക്കുന്നു. വെടിവെയ്ക്കുവാൻ ശ്രമിക്കുന്നു)

കുട്ടി11- ഫയർ... (പൊടുന്നനേ ശ് ....എന്ന ശബ്ദം. കുട്ടികൾ ഞെട്ടുന്നു)

കുട്ടി1- (കളി മറന്ന്) വിമാനത്തിന്റെ കാറ്റ് പോകുന്ന ശബ്ദമാണോ കേട്ടത്.

കുട്ടി11- ഏയ്....ഹാന്റ്സ് അപ്പ്(വീണ്ടും ശബ്ദം. കുട്ടികൾ നോക്കുമ്പോൾ പുസ്തകങ്ങൾ.

പുസ്തകങ്ങൾ- അരുത് കുട്ടികളെ....ആ കളി കളിക്കരുത്.

കുട്ടികൽ- ദേ....പുസ്തകങ്ങൾ...(സന്തോഷത്തോടെ) പുസ്തകങ്ങൾപാടുന്നു...(പുസ്തകങ്ങൾ മന്ദം മന്ദം അലമാരയിൽ നിന്ന് ഇറങ്ങിവരുന്നു.....ഒരു ഗാനത്തിന്റെ ഈണം....)
ഗാനം- മാനസച്ചെപ്പ് തുറന്നു ഞങ്ങൾ.
കാതലാം കാര്യങ്ങളോതാലോ
കാരിയ മുത്തുകള കോർത്തു ഞങ്ങൾ
കാരണമാലകൾ കെട്ടാലോ....
(പുസ്തകങ്ങളെ സ്പർശിക്കുവാൻ ഉത്സാഹം കാണിക്കുന്ന കുട്ടികൾ)
പുസ്തകം1- കൂട്ടുകാരേ...ഞാൻ കഥയാണ്. ഞാൻ നിങ്ങൾക്ക് നല്ല കഥ പറഞ്ഞുതരാം.....പഞ്ചതന്ത്രം കഥകൾ.....ഈസോപ്പ് കഥകൾ...നർമ്മകഥകൾ....ഭാരതകഥകൾ... അങ്ങനെ എത്രയെത്ര കഥകൾ...വരൂ....
കുട്ടി1- (സ്വപ്നത്തിലെന്നോണം നടന്ന്) വേണം....ഞങ്ങൾക്ക് കഥ കേൾക്കണം.
കുട്ടി11- ഭാവനയിലൂടെ പറക്കണം.
കുട്ടി111- നിലാവിൽ കുളിക്കണം.... ഉദ്യാനത്തിലൂടെ നടക്കണം.
പുസ്തകം11- കൂട്ടുകാരേ, ഞാനാണ് കവിത. ഞാൻ നല്ല കവിത ചൊല്ലാം. ആ പ്രപഞ്ചത്തെ തന്നെ മഞ്ഞുതുള്ളിയിലാവാഹിച്ച കവിത....കവിതകൾ പാടിനടക്കേണ്ടേ....നിങ്ങൾക്ക്.
കുട്ടികൾ- വേണം....നല്ലൊരു കവിത ചൊല്ലാൻ
നല്ലൊരു പാട്ടു കേൾക്കാൻ
ഞങ്ങൾക്കെന്തിഷ്ടമാണെന്നോ?
പുസ്തകം111- ആദ്യം ഒരു കഥയാവട്ടെ എന്താ?
കുട്ടി1- ങാ
പുസ്തകം1- കൂട്ടുകാരേ...നേരത്തെ അരുതെന്നു പറഞ്ഞ ആ കളി ഇനി കളിക്കാ?
കുട്ടി1- എന്താ കളിച്ചാൽ? ടീവീലും സിനിമേലും ഉണ്ടല്ലോ?
പുസ്തകം- അത്തരം കളികൾ കളിച്ച് ദുരന്തത്തിലെത്തിയ കുറേ കുട്ടികളുടെ കഥ പറഞ്ഞുതരാം. ഒരിടത്തത് ...കുറേ കുട്ടികൾ കളിച്ച്...ചിരിച്ച...്രസിച്ച്..... ജീവിച്ചിരുന്നു. ആ കഥ കേൾക്കൂ... എന്നിട്ട് നിങ്ങൾക്ക് തീരുമാനിക്കാം.
കുട്ടികൾ- വേഗം....വേഗം... ഞങ്ങൾക്ക് ആ കഥ പറഞ്ഞുതാ.
(കുട്ടികൾ കഥയ്ക്കരികെ ശ്രദ്ധയോടെ ഇരിക്കുന്നു.
പുസ്തകം- നിങ്ങളുടെ പ്രായത്തിലുള്ള കുറേ കുട്ടികൾ....ഒരിടത്ത്....അതാ....അവരതാ....എത്തിക്കഴിഞ്ഞു(കുട്ടികളുടെ കൂട്ടച്ചിരി)....പശ്ചാത്തലത്തിൽ ഒരു ഗാനം.
ഗാനം- തുമ്പിക്കൊരു തംബുരു നൽകി
തുള്ളാനൊരു തുമ്പയുമേകി
മറയാത്തൊരു മഴവിൽചോട്ടിൽ
പറയാത്തൊരു പാട്ടുംപാടി
മലരായൊരു മനസ്സിനുള്ളിൽ
മധുരാഗം തേടിവരുന്നേ
(കുട്ടികൾ കളിച്ച് രസിച്ച് സ്റ്റേജിലേയ്ക്ക് വരുന്നു. അവർ പാടുന്നുണ്ട്. ചിലർ ആടുന്നുണ്ട്. മൂന്ന് ആൺകുട്ടികൾ. ഒരു പെൺകുട്ടി-ജോൺ, സബീന,രഘു, സുനിൽ...എന്നിവർ. പാട്ടിന്റെ അവസാനം....)
ജോൺ- ഈ പാട്ടൊക്കെ പഴഞ്ചനാ
സബീന- പിന്നെ ഏതു പാട്ടാ ജോണേ പുതിയത്.
ജോൺ- (ഉറക്കെ) ഐ വിൽ കില് യു
കുട്ടികൾ- ങേ....
ജോൺ- ഐ വിൽ കിൽ യു
ഐ വിൽ കില് യു
ഐ വിൽ കില് യു റാസ്കൽ....(കുട്ടികൾ പാടുന്നു)
സുനിൽ- ജോണിന്റെ അപ്പൻ പോലീസല്ല്യോ....അപ്പൻ പാടുന്ന പാട്ടായിരിക്കും അല്ലേ.
രഘു- പാട്ടു മാത്രമല്ല. ജോണിന് അപ്പന്റെ വക തൊഴിയും കിട്ടാറുണ്ട്. അല്ലേ...
ജോൺ- എടാ രഘൂ... വലുതായാല് ഞാൻ പപ്പയേക്കാൾ വലിയ എസ്.ഐ ആകും. എന്നിട്ട്...
(ഓർമ്മയിൽ ബാന്റ് വാദ്യം)
(ജോൺ പോലീസ് മാർച്ച് പാസ്റ്റ് നയിക്കുന്നു. കുട്ടികൾ മാർച്ച് പാസ്റ്റിൽ പങ്കെടുക്കുന്നു)
ജോൺ- സ്റ്റോപ്പ്. ഇനി നമുക്ക് കളിക്കാം.

സുനിൽ- (കുട്ടികൾ തുള്ളിച്ചാടുന്നു) ഒരു നാടകമായാലോ....?
ജോൺ- ഞാൻ പോലീസ്.....സബീനാ.... നീ എന്റെ കെട്ട്യോളായി അഭിനയിക്ക്. (ജോൺ മീശ പിരിക്കുന്നു)
സബീന- എനിക്കു വയ്യ.
ജോൺ- (മീശ ചുരുട്ടി) കൊല്ലും ഞാൻ.
സബീന- ഓ...പിന്നെ
രഘു- സബീനാ...അടങ്ങിയിരിക്ക്...നമുക്കെന്തെങ്കിലും കളിക്കാം.
ജോൺ- (ഒന്നമർത്തി മൂളി) ഞാൻ പോലീസാ...എന്നോട് കളിക്കരുത്.ഞാൻ തോക്കെടുത്ത് വെടിവെയ്ക്കാൻ കളിക്കുമ്പോൾ നിങ്ങളെല്ലാവരും കൈയ്യുയർത്തണം.ഓ...കെ)
സബീന- ഞാൻ കയ്യുയർത്തില്ല.
ജോൺ- എടീ...തോക്കിന്റെ മുന്നിൽ നിന്റെ അഹങ്കാരം വേണ്ട കേട്ടോ....
സുനിൽ- ഞൻ കള്ളനാകും. അല്ലെങ്കിൽ കള്ളക്കടത്ത്.... പോലീസിന്റെ തോക്ക് ഞൻ തട്ടിയെറിയും.
ജോൺ- ഓഹോ...അത്രയ്ക്കായോ...? എങ്കിൽ സ്റ്റണ്ട് കളിക്കാം.(കുട്ടികൾ സ്റ്റണ്ട് കളിക്കുന്നു. പെട്ടെന്ന് രഘു)
രഘു- ജോണേ തോക്കെടുക്കൂ... (ജോൺ തോക്കെടുക്കുന്നു)
ജോൺ- ഫയർ.... (വെടിവെയ്ക്കുന്നു. മറ്റുള്ളവർക്ക് വെടികൊള്ളുന്നു. ആംഗ്യങ്ങൾ മാത്രം.ഒരു നിമിഷം ദൃശ്യം നിശ്ചലം. അനന്തരം കുട്ടികൾ ഉറക്കെ ചിരിച്ചുകൊണ്ട് തുള്ളിച്ചാടുന്നു.)
കുട്ടികൾ- ഇനിയോ?
സബീന- നമുക്ക് ഈ കളിയെല്ലാം മതിയാക്കാം. എന്നിട്ട് ഒളിച്ചുകളി കളിക്കാം.
രഘു- അതു വേണ്ട. ക്രിക്കറ്റ്
സുനിൽ- ഫുട്ബോൾ
ജോൺ- ദ ഹാഗിംഗ്... ഒരു പുതിയ കളിയാ....(കുഴപ്പം ഉണ്ടാക്കുന്നു)
സുനിൽ- എന്നാല് നമുക്കിടാം.... ഏതു കളിയാണെന്ന് നറുക്കിട്ട് തീരുമാനിക്കാം.
(ഓരോരുത്തരും കീശയിൽ നിന്നും കടലാസ്സും പേനയും എടുത്ത് എഴുതുന്നതായി ഭാവിക്കുന്നു. നറുക്കുണ്ടാക്കുന്നു. സബീന നറുക്കെടുക്കുന്നു)
സബീന- (നമുക്ക് വായിച്ച്) ...ദ... ഹാഗിംഗ്
ജോൺ- തുള്ളിച്ചാടി. ഞാ....ഹാഗിംഗ്....തൂക്കിക്കൊല്ലൽ...വളരെ പുതിയ കളി....(കുട്ടികൾ കയ്യടിക്കുന്നു)
രഘു- അതെന്തു കളിയാ ജോണേ....?
ജോൺ- ഞാനിന്നലെ ഒരു സിനിമ കണ്ടു. അതില് കണ്ട കളിയാ.
സുനിൽ- അതെങ്ങിന്യാ കളിക്കാ... (ജോൺ ഗൗരവത്തിൽ കൈകൊണ്ട് കോടതിയുടെ മേശ സൃഷ്ടിക്കുന്നു.പിന്നെ ചുറ്റിക കൊണ്ട് ഓർഡർ, ഓർഡർ എന്ന് പറഞ്ഞ് മേശമേൽ അടിക്കുന്നു. കുട്ടികൾ ഒതുങ്ങി നിൽക്കുന്നു)
ജോൺ- ഞാൻ ന്യായാധിപൻ...ഞാൻ പറയുമ്പോൾ രഘു തൂക്കുകയറുമായി വരുക.
രഘു- എവിടുന്നാ ജോണേ കയർ കിട്ടുക?
സുനിൽ- ശ്...യുവർ ഓണർ എന്ന് സംബോധന ചെയ്യുക.
രഘു- യുവർ ഓണർ എവിടുന്നാ കയർ കിട്ടുക
ജോൺ- അന്വേഷിക്കുക
സുനിൽ- കുന്നിയൂർ കൃഷ്ണൻകുട്ടി മകൻ രഘു കയറുമായി വരിക.
സുനിൽ- യുവർ ഓണർ...ആരെയാണ് തൂക്കിക്കൊല്ലേണ്ടത്.
(മൂന്നു പ്രാവശ്യം)
ജോൺ- (സബീനയേയും സുനിലിനേയും നോക്കി)നിങ്ങൾ ഇരുവരും ഒന്നുമുതൽ പത്തുവരെയെണ്ണുക. പത്താമത്തെയാൾ തൂക്കിക്കൊല്ലപ്പെടും. സ്റ്റാർട്ട്.
(സുനിലും സബീനയും പത്തുവരെയെണ്ണുന്നു. പത്താമത്തെയാൾ സബീനയാണ്)
സബീന- വേണ്ട...വേണ്ട ഇത് കള്ളക്കളിയാ. ആദ്യമേ എണ്ണണം.
ജോൺ- സബീനയെ തൂക്കിലിട്ടു.
സബീന- (വേദനയോടെ) വേണ്ട... എന്നെ കൊല്ലണ്ട....ഞാൻ പോയാ എന്റുമ്മയ്ക്കാരുമില്ല.
രഘു- (അടുത്തുചെന്ന് ചിരിച്ച്) ഒരു കളിയല്ലേ സബീനാ...സമ്മതിക്ക്
(അവളേയും കൂട്ടി തൂക്കുമരത്തിനടുത്തേക്കു പോകുമ്പോൾ ആകാംക്ഷയുടെ സംഗീതം.)
ജോൺ- നിൽക്കൂ. സബീനയുടെ അവസാനത്തെ ആഗ്രഹം എന്താണ്?

സബീന– പറയട്ടെ
ജോൺ– പറയൂ...ആഗ്രഹം സാധിച്ചു തരുന്നതാണ്.
സബീന– നിന്റെ കവിളിലൊന്ന് പൊട്ടിക്കണം.
(സബീന ജോണിനെ ്ടിക്കുന്നു)
ജോമ്– (ദേഷ്യത്തോടെ) ആരാച്ചാർ....സബീനയുടെ കഴുത്തിൽ കുരുക്കുന്നു...(ആകാംക്ഷയുംെട സംഗീതം മുറുകുന്നു. റഘു സബീനയേയും കൂട്ടി തൂക്കുമരത്തിനടുത്തേക്ക് നീങ്ങുന്നു.ദൃശ്യം നിശ്ചല മാകുന്നു. പശ്ചാത്തലത്തിൽ അരുത് കുട്ടികളെ ആ കളി കളിക്കരുത്. പുസ്തകങ്ങളുടെ ശബ്ദം.)
(ദൃശ്യം മാറുന്നു. വീണ്ടും സ്ക്കൂൾ ലൈബ്രറി....ലൈബ്രറിയിൽ കുട്ടികൾ...കുട്ടികൾ അത്ഭു തസ്തബ്ധരായി താഴെ നിൽക്കുന്നു.)
കുട്ടികൾ– ങേ...പുസ്തകങ്ങൾ അലമാരയിൽ
കുട്ടി1– അപ്പോ നമ്മളോട് കഥ പറഞ്ഞത്.
കുട്ടി111– കഥയിൽ നമ്മൾ കണ്ടതൊക്കെ സ്വപ്നമാണോ?
കുട്ടി1– ദാ മാഷ്...(മാഷ് വരുന്നു)
മാഷാ– എന്താ, എല്ലാവരും മിഴിച്ചുനിൽക്കുന്നത്.
കുട്ടികൾ– മാഷേ....മാഷേ....ഞങ്ങളൊരു സ്വപ്നം കണ്ടു.
മാഷാ– എന്ത് സ്വപ്നാ കുട്ടികളേ
കുട്ടി1– ഈ ലൈബ്രറീന്ന് പുസ്തകങ്ങൾ ഇറങ്ങിവന്നു
കുട്ടി11– കഥയും കവിതയും ഒക്കെ വന്നു.
കുട്ടി1– കഥാപുസ്തകം ഒരു കഥ പറഞ്ഞുതന്നു
കുട്ടി111– തോക്കുകൊണ്ടും ബോംബുകൊണ്ടും കളിച്ചു കളിച്ചു ഒടുവിൽ മരണക്കളി കളിച്ച കുട്ടിക ളുടെ കഥയാ മാഷേ...
മാഷ്– എടാ....പഠിക്കാനുള്ളപ്പോൾ എന്തിനാ ഇങ്ങൊക്കെ വന്നത്? സ്വപ്നം കാണാനോ?
കുട്ടി– മാഷേ... നശിച്ച കളികളിലേർപ്പെടാതെ നല്ല കഥപുസ്തകം വായിക്കാനാ കഥ ഞങ്ങളോട് പറ ഞ്ഞത്. അതോണ്ട്...മാഷേ ഒരു പുസ്തകം.
മാഷ്– പുസ്തകം പറയാ....നല്ല കാര്യായി.
(പൊടുന്നനെ പുസ്തകങ്ങൾ തിരിയുന്നു)
പശ്ചാത്തലത്തിൽ – പ്രിയമുള്ള അധ്യാപകരേ...രക്ഷിതാക്കളേ... ഞങ്ങൾ പുസ്തകങ്ങൾ പറയുന്നു. തോക്കും ബോംബും ചുഴറ്റി ജീവിതം തന്നെ പന്താടുന്ന ഈ സമൂഹത്തെത്തന്നെ മാറ്റിത്തീർക്കാൻ ഞങ്ങളെയൊന്ന് തുറന്നുവിടൂ. ഞങ്ങളുടെ താളുകളിലെ നിർമ്മലമായ മനുഷ്യസ്നേഹം ഉൾക്കൊ ള്ളാൻ ഈ കുട്ടികളെ ഒന്നനുവദിക്കൂ.
ഇവർ പഠിക്കട്ടെ. ഇവർ വായിച്ചു രസിക്കട്ടെ. ഇവർ നന്മയുടെ പൂക്കളായി വിടരട്ടെ.
കുട്ടികൾ– (ആഹ്ലാദം) മാഷേ... അതാ പുസ്തകങ്ങൾമറയുന്നു. ഒരു പുസ്തകം തരൂ മാഷേ...(മാഷ് ഒരു നിമിഷം ചിന്തയിൽ.പിന്നെ പുസ്തക അലമാര തുറക്കുന്നു. പുസ്തകങ്ങൾ ആഹ്ലാദസംഗീത ത്തോടെ കുട്ടികളുടെ കൈകളിലേക്ക്...കുട്ടികളും പുസ്തകങ്ങളും നൃത്തമാടുമ്പോൾ ചാരിതാർത്ഥ്യ ത്തോടെ നോക്കിനിൽക്കുന്ന അധ്യാപകർ.